

# ഇതാ ഞാൻ അവിടത്തെ ദാസൻ

ഫാ.തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

ഒരു ബേസ് റൗമ പ്രസിദ്ധീകരണം
ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ്



# ഇതാ ഞാൻ
# അവിടത്തെ ദാസൻ

ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ ജീവിതയാത്ര

ഒരു പഠനം

**ഒന്നാം ഭാഗം**

**ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.**

CHAVARA
CENTRAL SECRETARIAT
CHAVARA HILLS KAKKANAD KERALA

ഒരു ബേസ്റൗമ പ്രസിദ്ധീകരണം

# ഇതാ ഞാൻ
# അവിടത്തെ ദാസൻ

ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

ഒരു ബേസ്റൗമ പ്രസിദ്ധീകരണം

Malayalam
**ITHA NJAN AVIDATHE DAASAN**
(Study on the early life of
Blessed Chavara)

By
Fr. Thomas Panthaplackal C.M.I.

With an introduction by
Dr. K.S. Radhakrishnan

And a foreward by
Rev. Jose Panthaplamthottiyil C.M.I.

Edited by
John Paul

©
Rights Reserved

Cover Design
Gayathry Ashok

Pre Press and Layout
Anoop Antony

First Published
April 2012

Printed at
Anaswara Printers, Kochi

Published By
Fr. Roby Kannanchira C.M.I.
for
**Beth Rauma**
representing
Chavara Central Secretariat
on behalf of
C.M.I., C.M.C. Congregations
from Chavara Hills, Kakkanad,
Cochin 682030

Distributed by
Chavara Central Secretariat, P.B. No. 3105
Chavara Hills, Kakkanadu, Cochin 682 030
Ph: 0484 4070012, Fax: 0484 4070015
E-mail: bethrauma@gmail.com
chavara.secretariat@cmi.in

Price: ₹. 110/-

# ഉള്ളടക്കം

*പ്രസാധകക്കുറിപ്പ്*
ഏറ്റുപറയുന്ന സാക്ഷ്യം
*ഫാ. റോബി കണ്ണഞ്ചിറ സി.എം.ഐ.*

*എഡിറ്ററുടെ കുറിപ്പുകൾ*
ചരിത്രം തെളിക്കുന്ന വഴിയേ....
*ജോൺ പോൾ*

പരിചായകം
സമഗ്രമായ ചരിത്രദർശനം
*ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ സി.എം.ഐ.*
പ്രിയോർ ജനറൽ

*അവതാരിക*
അറിയപ്പെടുന്നതും അറിയപ്പെടേണ്ടതും
*ഡോ. കെ.എസ്. രാധാകൃഷ്ണൻ*

**ഇതാ ഞാൻ അവിടത്തെ ദാസൻ**

*ഒന്ന്*
ഇതായിരുന്നു; ഇങ്ങിനെയായിരുന്നു ഈ കേരളം!

*രണ്ട്*
ബാല്യകൗമാരക്കാഴ്ചകൾ

*മൂന്ന്*
പൗരോഹിത്യ ചോദന

*നാല്*
സന്യാസവഴികൾ തെളിയുന്നു

*അഞ്ച്*
കൂട്ടായ്മയിൽ നിന്നും പിറവി

*ആറ്*
അക്ഷരശുശ്രൂഷാവഴിയേ...

പിന്നുര
*തുടർച്ചകൾക്കൊരു പ്രവേശികയായി മാത്രം*
ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

അനുബന്ധം ഒന്ന്
*ചാവറ കുര്യാക്കോസ് ഏലിയാസ് - ജീവിതരേഖ*

അനുബന്ധം രണ്ട്
*തോമസ് പന്തപ്ലാക്കൽ - ജീവിതരേഖ*

അനുബന്ധം മൂന്ന്
*ബേസ്റൗമ*

പ്രസാധകക്കുറിപ്പ്

# ഏറ്റുപറയുന്ന സാക്ഷ്യം

ഫാ. റോബി കണ്ണഞ്ചിറ C.M.I.

**പ**തിറ്റാണ്ടുകളായി ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ ജീവിതദർശനങ്ങളെക്കുറിച്ചു നിരന്തരമായി പഠനപര്യവേഷണങ്ങൾ നടത്തി വരുന്ന ശ്രേഷ്ഠ പുരോഹിതനാണ് *തോമസ് പന്തപ്ലാക്കലച്ചൻ. ബേസ്റൗമ* പ്രകാശനധാരയുടെ മുഖ്യ ഊർജ്ജസ്രോതസ്സുകളിൽ ഒരാൾ കൂടിയാണ് ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ് ഡയറക്ടറായ അദ്ദേഹം. ചാവറ പിതാവിനെക്കുറിച്ച് അദ്ദേഹം വിഭാവനം ചെയ്യുന്ന ഗ്രന്ഥപരമ്പരയിലെ ഒന്നാമത്തെ ഗ്രന്ഥമാണ് *ഇതാ ഞാൻ അവിടത്തെ ദാസൻ.*

ഏറെ പ്രയോജനകരമായ ഒരുപാടു പാർശ്വവിവരങ്ങൾ ശേഖരിച്ച് അവയുടെകൂടി പരിവൃത്തത്തിലാണ് ചരിത്രാതീതകാലംതൊട്ടുള്ള വിശ്വാസധാരയുടെ പ്രയാണപാത സ്വതഃസിദ്ധമായ ശൈലിയിൽ ഗ്രന്ഥകാരൻ അടയാളപ്പെടുത്തിയിട്ടുള്ളത്. കേരള സമൂഹത്തിന്റെ ഉത്ഭവപരിണാമങ്ങളുടെ പൊതുപശ്ചാത്തലത്തിൽ ഇന്നാട്ടിലെ ക്രൈസ്തവതയുടെ ഉദയവും വളർച്ചയും, നേരിടേണ്ടി വന്ന സന്ധികളും അവയിലൂടെയുള്ള ഗമനപാതയും അദ്ദേഹം അതിവിശദമായും സൂക്ഷ്മമായും വരച്ചുകാണിക്കുന്നു. ആ പശ്ചാത്തല തുടർച്ചയിലാണ് ചാവറപിതാവിന്റെ ജനനവും ബാല്യകൗമാരങ്ങളും വൈദികനിയോഗത്തിനായുള്ള സമർപ്പണവും സന്യാസവ്രത സ്വീകരണവും അതിനനുബന്ധമായുള്ള ചുറ്റുവൃത്തങ്ങളുടെ സമഗ്രമായ ചിത്രത്തോടൊപ്പം പരാമർശിക്കുന്നത്. ചാവറയച്ചനെപ്പോലുള്ള ഒരു വ്യക്തിയുടെ ജീവിതരേഖയ്ക്കു തികച്ചും അർത്ഥവത്തായ മുന്നുരയായിരിക്കുന്നു ഗ്രന്ഥപരമ്പരയിലെ ഒന്നാം ഭാഗമായ ഈ പുസ്തകം. ഇത്തരത്തിലൊരു സമീപനവും പ്രതിപാദനവും ഒരുപക്ഷേ ആദ്യമാകാം.

സമൂഹത്തെക്കുറിച്ചു പറയുമ്പോൾ അതിലെ പ്രധാന ഫോക്കസ് ഒരു വ്യക്തിയെക്കുറിച്ചാവുക; അതേസമയം വ്യക്തിയെക്കുറിച്ചുള്ള പ്രതിപാദനം സമൂഹത്തിന്റെ സമഗ്രമായ ഒരു പശ്ചാത്തല ചിത്രം

പകർന്നു തരുംവിധം വിശദാംശങ്ങൾ ഉൾച്ചേർത്തുകൊണ്ടുമാവുക എന്ന എഴുത്തുരീതിയാണ് ഗ്രന്ഥകാരൻ അവലംബിച്ചിട്ടുള്ളത്. വായനക്കാർക്കു അതേറെ വിജ്ഞാനപ്രദവും ആസ്വാദ്യതരവും ആയി അനുഭവപ്പെടുമെന്നാണ് ഞങ്ങളുടെ വിശ്വാസം. ഗ്രന്ഥപരമ്പരയിലെ തുടർഭാഗങ്ങൾ കൂടി ഈ വർഷം തന്നെ പ്രസിദ്ധപ്പെടുത്താനാകുമെന്നാണ് പ്രതീക്ഷ.

ചാവറ കൂട്ടായ്മയുടെ ഏറ്റവും അടുത്ത സുഹൃത്തും മാർഗ്ഗദർശിയുമാണ് കാലടി ശ്രീശങ്കര സംസ്കൃത സർവ്വകലാശാലയുടെ മുൻ വൈസ് ചാൻസലറും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചെയർമാനും പ്രഗത്ഭ വാഗ്മിയും സാമൂഹ്യശാസ്ത്ര വിചാരകനുമായ *ഡോ. കെ.എസ്സ്. രാധാകൃഷ്ണൻ.* പ്രൗഢമായ ഒരവതാരികയിലൂടെ അദ്ദേഹം ഈ ഗ്രന്ഥത്തെ അനുഗ്രഹിച്ചിരിക്കുന്നു. അദ്ദേഹത്തിന് *ബേസ്റൗമ*യുടെ പ്രത്യേക നന്ദി.

പ്രകാശനധാരയുടെ അനുഗ്രഹ പിൻബലമായി വർത്തിക്കുന്ന സി. എം.ഐ. സഭയുടെ പ്രയാർ ജനറൽ *റവ. ഡോ. ജോസ് പന്തപ്ലാംതൊട്ടിയിൽ, വികാരി ജനറൽ ഫാ. റവ. ഡോ. ജോർജ്ജ് താഞ്ചൻ,* സി.എം.സി. സഭയുടെ സുപ്പീരിയർ ജനറൽ *റവ. ഡോ. സിസ്റ്റർ സാങ്റ്റ,* സി.എം.സി. ജനറൽ കൗൺസിൽ അംഗമായ റവ. സിസ്റ്റർ ലിയോനില, എഡിറ്റിംഗ് നിർവ്വഹിച്ച *ജോൺ പോൾ,* മുഖചിത്രരചന നിർവ്വഹിച്ച *ഗായത്രി അശോക്,* പ്രീ പ്രിന്റ് ലേ-ഔട്ട് നിർവ്വഹിച്ച *അനൂപ് ആന്റണി,* മുദ്രണം ഭംഗിയായി നിർവ്വഹിച്ച *അനശ്വര പ്രിന്റേഴ്സ്* എന്നിവരോടും സംശോധനാനന്തം പ്രസാധനാംഗീകാരം നൽകിയ ചാവറ സെൻട്രൽ സെക്രട്ടറിയേറ്റിനോടുമുള്ള നന്ദിയും ഇവിടെ രേഖപ്പെടുത്തുന്നു.

സ്വന്തം ജീവിതംകൊണ്ടു ചാവറ പിതാവ് ഏറ്റുപറഞ്ഞ സാക്ഷ്യമാണ് *ഇതാ ഞാൻ അവിടത്തെ ദാസൻ* എന്നത്. ആ യുഗപുരുഷന്റെ കാൽപ്പാടുകളെ പിൻതുടർന്നുകൊണ്ട് പിൻതലമുറകളും അതേറ്റു പറയുന്നു. വരുംതലമുറകൾ അതേറ്റു പറയുവാനായി ഒരുങ്ങുന്നു.

കാലത്തെ വിസ്മയിപ്പിക്കുന്ന തേജഃസ്വിയുടെ അനുഗ്രഹപ്രസരണത്തിന്റെ ആദ്യപാദങ്ങളിലേയ്ക്കു വായനക്കാർക്കു ഹൃദ്യമായ സ്വാഗതം.

■

## എഡിറ്ററുടെ കുറിപ്പുകൾ

# ചരിത്രം തെളിക്കുന്ന വഴിയേ....

### ജോൺ പോൾ

**ചാ**വറ കുര്യാക്കോസ് ഏലിയാസ് പിതാവിനെക്കുറിച്ച് അറിയുക നമ്മുടെ സമൂഹത്തെ അറിയുന്നതിനു സമമാണെന്നു വിശ്വസിക്കുകയും ആ വിശ്വാസത്തെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് ചാവറ സംസ്കൃതിയെ സമഗ്രമായി സമൂഹമദ്ധ്യത്തിൽ അവതരിപ്പിക്കുവാനായി സ്വന്തം സത്ത സമർപ്പിക്കുകയും ചെയ്യുന്ന താപസഗവേഷകനാണ് ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ. ചാവറ പിതാവിന്റെ ജീവിത ദർശനങ്ങളെക്കുറിച്ചു പലപ്പോഴായി എഴുതിയ കുറിപ്പുകളെ ക്രോഡീകരിച്ചുകൊണ്ടു ആ ധന്യാത്മാവിന്റെ ജീവിതത്തിലൂടെയുള്ള പുനർഃയാത്രയുടെയും ആ ജീവിതദർശനങ്ങളുടെ പുനർഃവിശകലനത്തിന്റെയും ഫലം നൽകുന്ന ബൃഹത്തായ ഒരു ഗ്രന്ഥരചനയുടെ പണിപ്പുരയിലാണ് അദ്ദേഹം. അതതേവിധം ഒന്നായി പ്രസിദ്ധപ്പെടുത്തുവാനാണ് ആദ്യം ബേസ്റൗമ വിഭാവനം ചെയ്തത്. പിന്നീടതു ഭാഗങ്ങളായി ഒരു പരമ്പരയുടെ രൂപത്തിൽ ആദ്യം പ്രസിദ്ധപ്പെടുത്തുകയും അതിന്റെ തുടർച്ചയിൽ ഒറ്റ ഗ്രന്ഥമായി പുറകെ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നതായിരിക്കും സ്വീകാര്യതയ്ക്കും വായനാസൗകര്യത്തിനും നന്നെന്നു തീരുമാനിക്കുകയായിരുന്നു. പരമ്പരയിലെ ഒന്നാം ഭാഗമാണ് ഈ ഗ്രന്ഥം.

ചാവറ പിതാവിന്റെ ജനനം മുതൽ സന്യാസസഭാസ്ഥാപനം വരെയുള്ള കാലഘട്ടമാണ് ജീവചരിത്രരേഖ എന്ന നിലയിൽ ഈ ഗ്രന്ഥത്തിലുൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അതിനു പ്രാരംഭമായും, അതോടൊപ്പവും, വിശദമായ പാർശ്വ പശ്ചാത്തല പരിവൃത്തങ്ങളെക്കൂടി സമഗ്രമായി പരാമർശിച്ചുകൊണ്ടുള്ള ഒരാഖ്യാനരീതിയാണു ഗ്രന്ഥകാരൻ അവലംബിച്ചിട്ടുള്ളത്. വിഷയതലത്തിൽ കേന്ദ്രബിന്ദുവിലുള്ള ഏകാഗ്രതയ്ക്കൊപ്പം ഊന്നൽ പരിവൃത്തത്തിനും അവയുടെ വിശദാംശങ്ങളിലൂടെ പ്രാപ്യമാക്കുന്ന സമഗ്രതയ്ക്കുമാണ് നൽകിക്കാണുന്നത്. അതിനാൽ സഭാത്മകതലത്തിലും മതാത്മകവിചാര

ധാരയിലും പ്രസക്തമായിരിക്കേ തന്നെ ചരിത്രതല്പരരായ വായന ക്കാരുടെ പൊതുസമൂഹത്തിനും ഏറെ വിജ്ഞാനപ്രദവും അതിനാൽ ആകർഷകവുമായി അനുഭവപ്പെടുന്നുണ്ട് ഈ രചനാരീതി.

1805ൽ ജനിച്ച ചാവറ പിതാവിനെക്കുറിച്ചു പറയും മുൻപേ കേര ളോൽപ്പത്തിയെക്കുറിച്ചും ഇന്ത്യയിലെയും കേരളത്തിലെയും ക്രൈസ്തവതയുടെ ആദ്യപാദങ്ങളെക്കുറിച്ചും കഥാപുരുഷൻ പിറന്ന കുട്ടനാടിന്റെ ചരിത്രഭൂമികയെക്കുറിച്ചും ഗ്രന്ഥകാരൻ സവിസ്തരം പ്രതിപാദിക്കുന്നു; കുടുംബ പശ്ചാത്തലത്തെ സമൂഹധാരകളുടെ ഇഴ തിരിച്ചുള്ള സൂക്ഷ്മവിശകലനത്തിന്റെ പാർശ്വചിത്രത്തോടൊപ്പം അവ തരിപ്പിക്കുന്നു. ചാവറപിതാവിന്റെ രചനകളെ ഗ്രന്ഥകാരൻ സമീപി ക്കുന്നതും ഇതേ ചരിത്രാവലോകന വാഞ്ഛയോടെയാണ്. വൈദിക വഴിയിലൂടെയും സന്യാസവഴിയിലൂടെയുമുള്ള ചാവറ പിതാവിന്റെ തുടർഃയാത്രകളെ കേരളത്തിന്റെ പ്രത്യേകമായ, ഇന്ത്യയുടെ പൊതു വായ, ലോകത്തിന്റെ വിശാലമായ, ചരിത്ര സംസ്കൃതിയുടെ തെളി വാർന്ന പശ്ചാത്തലഭൂമികയിൽ അദ്ദേഹം വിദഗ്ദ്ധമായി അടയാളപ്പെ ടുത്തിയിരിക്കുന്നു.

ചാവറ പിതാവിന്റെ ജീവിതകഥ പലരും പലവിധത്തിലും എഴു തിക്കണ്ടിട്ടുണ്ട്. അതിൽനിന്നെല്ലാം മേൽ വിധം വ്യത്യസ്തവും കൂടു തൽ പ്രയോജനകരവുമായി ഭവിച്ചിരിക്കുന്നു ഈ രചന. പിന്നാമ്പുറ ങ്ങളെക്കുറിച്ചുള്ള തിരിച്ചറിവിന്റെ ഊർജ്ജപിൻബലത്തോടെയാണ് ഗ്രന്ഥകാരൻ ഓരോ പർവ്വവും ഇതൾ തിരിച്ചിരിക്കുന്നത്. പത്തൊൻ പതാം നൂറ്റാണ്ടിലെ കേരള സമൂഹത്തിന്റെ നെഞ്ചകത്തു നിന്നു കൊണ്ടുള്ള ഈ വിശകലനം ഇരുപതാം നൂറ്റാണ്ടും പിന്നിട്ട് ഇന്നിൽ വന്നുനിൽക്കുകയും നാളെകളെ പ്രകാശദീപ്തമാക്കുവാനിരിക്കുകയും ചെയ്യുന്ന ചാവറ സംസ്കൃതിയുടെ പ്രസരണ പ്രസക്തിയേയും പ്രാപ്തിയേയും സമുഹമനസ്സിൽ അപഗ്രഥനാനന്തര വ്യക്തതയോടെ അടയാളപ്പെടുത്തുന്നു.

കാലത്തിനു മുൻപേ സഞ്ചരിച്ച യുഗപ്രഭാവവാനെ കൂടുതൽ തിരി ച്ചറിയുന്നതിനു ഈ രചനാശ്രമം ഉപകരിക്കുമെന്നു തീർച്ചയാണ്. അന്ധമായ ആരാധനയായല്ല; സമർപ്പിതമായ പ്രാർത്ഥനയായാണ് ഗ്രന്ഥകാരന്റെ അക്ഷരധ്യാനം. ചരിത്രപർവ്വത്തിൽ ഇങ്ങിനെയുമാകാം എഴുത്തുവഴിയെന്ന് ഈ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. ■

പരിചായകം

# സമഗ്രമായ ചരിത്രദർശനം

## ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ സി.എം.ഐ.

പ്രിയോർ ജനറൽ

ഒരു നാടിന്റെ ചരിത്രം പറയണമെങ്കിൽ ആ നാട്ടിൽ വസിക്കുന്ന മനുഷ്യരുടെ ചരിത്രം പറയണം; നാട്ടിൽ നടക്കുന്ന ഒരു സംഭവത്തെ വിവരിക്കണമെങ്കിൽ ആ സംഭവത്തിൽപെട്ട ആളുകളുടെ അനുഭവങ്ങൾ വിവരിക്കണം; വ്യക്തിയുടെ ചരിത്രം വിവരിക്കണമെങ്കിൽ വ്യക്തികൾ ഉൾക്കൊള്ളുന്ന സമൂഹത്തിലെയും നാട്ടിലെയും വിശേഷങ്ങൾ അതിൽ ഉൾപ്പെട്ടിരിക്കണം. ചരിത്രമാകണമെങ്കിൽ അതിൽ മനുഷ്യരും ഉൾപ്പെട്ടേ മതിയാകൂ. *History* എന്ന ഇംഗ്ലീഷ് പദത്തെ വിഭജിച്ച് *His story* എന്നു പരാവർത്തനം ചെയ്യുന്നത് അതുകൊണ്ടാണല്ലോ.

വ്യക്തിയോടു ചേർന്നുനിൽക്കുന്ന സ്ഥലകാല പശ്ചാത്തലവും ആ പശ്ചാത്തലത്തിൽ നിന്നുള്ള ആ നാടിന്റെ പ്രത്യേകതകളും ചരിത്രത്തിൽ ഉൾപ്പെട്ടിരിക്കണം. ഭൂമിശാസ്ത്രം, കാലാവസ്ഥ, സംസ്കാരം, ആചാരനുഷ്ഠാനരീതികൾ, കല, മതം, ഭാഷ, സാമ്പത്തികസ്ഥിതി, ഉപജീവനമാർഗങ്ങൾ, രാഷ്ട്രീയാവസ്ഥ, ഭരണസംവിധാനം, വിദ്യാഭ്യാസ നിലവാരം, സാഹിത്യവിചാരം, ആരോഗ്യ സംരക്ഷണവഴികൾ എന്നിങ്ങനെ നിരവധി കാര്യങ്ങൾ അതിൽ പരാമർശിക്കപ്പെടേണ്ടതായിട്ടുണ്ട്. വ്യക്തിയുടെ ജീവിതത്തോട് ഇവയൊക്കെ സന്ദർഭാനുസാരിയായും അവസരോചിതമായും കൂട്ടിചേർക്കുമ്പോഴാണ് ആ വ്യക്തിയുടെ ചരിത്രവും അതുപോലെ ആ വ്യക്തിയിലൂടെ ആ നാടിന്റെ ചരിത്രവും പൂർണ്ണമാവുക. വ്യക്തികളുടെ ചരിത്രം കൂട്ടിവായിക്കുമ്പോഴാണ് നാടിന്റെ ചരിത്രം ഉണ്ടാകുന്നതും. ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചത് ഒരു വ്യക്തിയെ വസ്തുനിഷ്ഠമായി മനസ്സിലാക്കണമെങ്കിൽ ഒരുപാടു കാര്യങ്ങൾ അതിൽചേർന്നേ പറ്റു എന്നു പുനഃരോർക്കുവാൻ വേണ്ടിയാണ്.

*സി.എം.ഐ., സി.എം.സി.* സഭകളുടെ സ്ഥാപകരിൽ പ്രമുഖനും മത സാമൂഹിക പരിഷ്ക്കർത്താവും നവോത്ഥാന നായകനുമായ

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ 19-ാം നൂറ്റാണ്ടിലെ കേരളത്തിന്റെ ഒരു ചരിത്ര പുരുഷനാണ്. അദ്ദേഹം കേരളത്തിന്റെ പൊതുസമൂഹ സൃഷ്ടിക്കു നിദാനമായ നിരവധി കർമ്മപദ്ധതികളുമായി കടന്നുവരുന്നതിനുമുമ്പുള്ള ഒരു കാലമുണ്ടായിരുന്നു ഇവിടെ. ആ ജീവിതത്തോടു ചേർത്തു നോക്കുമ്പോൾ അത് 1805നും 1829നും ഇടയ്ക്കുള്ള കാലമാണ്. 1805ൽ ജനിച്ച ചാവറ കുര്യാക്കോസ് 1929ൽ വൈദികപട്ടം സ്വീകരിക്കുന്നതുവരെയുള്ള കാലം അതിപ്രധാനമാണ്. അദ്ദേഹം കടന്നുവന്ന വഴികളും അതിനിടയിൽ വിശ്വാസ നിവർത്തനത്തിന്റെ ഭാഗമായി ഭാരതത്തിലെ ആദ്യ എതദ്ദേശ്ശീയ സന്യാസസഭയായ സി.എം.ഐ. സഭക്ക് രൂപം കൊടുക്കുവാൻ ദൈവം അദ്ദേഹത്തെ നിയോഗിച്ചതും വിശദമായി പരാമർശിക്കുന്ന കൂട്ടത്തിൽ ആ വഴിയിൽ നിറഞ്ഞുനിന്ന വ്യക്തികൾ ആരൊക്കെയാണെന്നതിന്റെ വ്യക്തതയാർന്ന ചിത്രം നൽകുവാനും തോമസ് പന്തപ്ലാക്കലച്ചൻ ഈ ഗ്രന്ഥത്തിൽ ശ്രദ്ധിച്ചിരിക്കുന്നു. ചാവറപിതാവിന്റെ കർമ്മനിരതമായ ജീവിതത്തെ അവതരിപ്പിക്കുന്നതിനു മുന്നോടിയായി *ഇതാ ഞാൻ, അവിടത്തെ ദാസൻ* എന്ന സംജ്ഞയോടെ അദ്ദേഹത്തിന്റെ പൗരോഹിത്യം വരെയുള്ള ചരിത്രമാണ് തോമസച്ചൻ ഇവിടെ സന്ദർഭ പ്രസക്തമായി അവതരിപ്പിക്കുന്നത്.

ആറ് അദ്ധ്യായങ്ങളിലൂടെ ചരിത്രാഖ്യാനം നിവർത്തിച്ചിരിക്കുന്ന ഈ ഗ്രന്ഥത്തിൽ ഒരു വ്യക്തിയുടെ ജീവിതത്തിലെ സംഭവങ്ങൾ കോർത്തിണക്കുക മാത്രമല്ല തോമസച്ചൻ ചെയ്തിരിക്കുന്നത്; മറിച്ച്, ചരിത്രാന്വേഷികളുടെ ശ്രദ്ധയെ ക്ഷണിക്കുംവിധം കേരള ചരിത്രത്തിന്റെ, പ്രത്യേകിച്ചും 18-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലെ കേരള പശ്ചാത്തലത്തിന്റെ മിഴിവുറ്റ സൂചനകൾ നൽകിക്കൊണ്ട് ചരിത്രാന്വേഷികൾക്കും വിദ്യാർത്ഥികൾക്കും വഴി തെളിക്കുക കൂടി ചെയ്യുന്നു. ചരിത്രകാരന്മാരിലും നാടിന്റെ പൈതൃകധാരയെ സ്നേഹിക്കുന്നവരിലും ഒരുപോലെ കൗതുകം ഉണർത്തിക്കൊണ്ട് തുടർ അന്വേഷണത്തിനു പ്രേരണ നൽകുംവിധത്തിലായിരിക്കുന്നു ഗ്രന്ഥരചന.

ഗ്രന്ഥത്തിലെ ആറാം അദ്ധ്യായത്തിൽ ചാവറപിതാവിനാൽ വിരചിതമായ കൃതികളെക്കുറിച്ച് സാമാന്യം വിശദമായ പഠനവും നൽകുന്നുണ്ട്. ചാവറകൃതികളെ കൂടുതൽ പഠിക്കുവാൻ ആവേശം ജനിപ്പിക്കുന്ന പ്രവേശികയായി വർത്തിച്ചുകൊണ്ട് ഗ്രന്ഥപരമ്പരയിൽ തുടർന്നവതരിപ്പിക്കാനിരിക്കുന്ന ചാവറപിതാവിന്റെ ജീവചരിത്രത്തിന്റെ തുടർഭാഗങ്ങളെ പ്രതീക്ഷയോടെ ഉറ്റുനോക്കുവാനും ഏറ്റുവാങ്ങുവാനുമുള്ള ആഭിമുഖ്യം പകരുന്ന വിധം ചാവറ പിതാവിന്റെ വ്യക്തിത്വത്തിലേക്കു ആഴത്തിൽ കടക്കുവാൻ ഉതകുന്ന

ധാരാളം സൂക്ഷ്മാനുഭവങ്ങൾ തോമസച്ചന്റെ രചനാരീതിയിൽ സവിശേഷമായി ഉൾച്ചേർന്നിരിക്കുന്നു.

*സി.എം.ഐ.* സഭയുടെ ഔദ്യോഗികരേഖകളുടെ സൂക്ഷിപ്പുകാരനും, ചാവറപിതാവിനെക്കുറിച്ച് ബദ്ധിത ജീവിതതപസ്യയായി പര്യവേഷണങ്ങൾ നടത്തുകയും പഠനഗ്രന്ഥങ്ങൾ രചിക്കുകയും എഡിറ്റ് ചെയ്യുകയും ചെയ്തുവരുന്ന പണ്ഡിതനുമായ തോമസച്ചന്റെ ആഗോള സഭയ്ക്കുള്ള വലിയൊരു സംഭാവനയാണ് *ഇതാ ഞാൻ അവിടത്തെ ദാസൻ* എന്ന *ചാവറ ഗ്രന്ഥപരമ്പര*യിലെ ഒന്നാം ഭാഗമായ ഈ ഗ്രന്ഥം എന്നതിൽ സംശയമില്ല. *ബേസ്റൗമ* പ്രസിദ്ധീകരണ ശൃംഖലയിലെ മൂന്നാം പുസ്തകമായ ഈ ഗ്രന്ഥം അനുവാചകരിൽ ചരിത്രാന്വേഷണത്വരയും ചാവറപിതാവിനോടുള്ള ആദരപൂർണ്ണമായ അടുപ്പവും വർദ്ധിപ്പിക്കും. തോമസ് പന്തപ്ലാക്കലച്ചന് പ്രത്യേക അഭിനന്ദനങ്ങളും അഭിവാദനങ്ങളും.

■

അവതാരിക

# അറിയപ്പെടുന്നതും അറിയപ്പെടേണ്ടതും

ഡോ. കെ.എസ്. രാധാകൃഷ്ണൻ

മനുഷ്യനായി മാറുന്നതിനു വേണ്ടി മലയാളി തെരഞ്ഞെടുത്തു നടന്നു വന്ന വഴികളിൽ വെളിച്ചം വിതറി മുന്നേ നടന്നവരിൽ പ്രമുഖനാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. കേരളത്തിൽ ഒരു പൊതുസമൂഹം പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ദശകം വരെ ഉണ്ടായിരുന്നില്ല. ജാതിമത സമൂഹങ്ങളായി മലയാളികൾ കൂടിക്കലരാതെ മാറി നിന്നിരുന്നു. മലയാളികൾ വെറും ഒരു ആൾക്കൂട്ടം മാത്രമായിരുന്നു. മലയാളി മനുഷ്യനായി മാറിയ ഒരു ചെറിയ കാലയളവിനെയാണ് *കേരളീയ നവോത്ഥാനകാലം* എന്നു വിശേഷിപ്പിക്കുന്നത്. മലയാളിയെ ഒരു പൊതുസമൂഹമാക്കി മാറ്റാനായി നടത്തിയ ആദ്യ പരിശ്രമം ചാവറയച്ചന്റേതായിരുന്നു.

മലയാളിയെ മനുഷ്യരാക്കാൻ വേണ്ടി പരിശ്രമിച്ചവരിൽ ബ്രഹ്മാനന്ദസ്വാമി ശിവയോഗി, ചട്ടമ്പിസ്വാമികൾ, ശ്രീനാരായണ ഗുരുദേവൻ, വാഗ്ഭടാനന്ദൻ എന്നീ ഹൈന്ദവ സന്യാസിമാരുടെ സംഭാവനകൾ മികവോടെ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. കുമാരനാശാൻ, ഡോ. പല്പു, സഹോദരൻ അയ്യപ്പൻ, പണ്ഡിറ്റ് കെ.പി. കറുപ്പൻ, മന്നത്ത് പദ്മനാഭൻ, വി.ടി. ഭട്ടതിരിപ്പാട്, അയ്യൻകാളി, കെ. കേളപ്പൻ എന്നു തുടങ്ങിയ സാമുദായിക പരിഷ്ക്കർത്താക്കളുടെ സംഭാവനകളും ചരിത്രത്തിൽ ഇടം നേടിയിട്ടുണ്ട്. എസ്.എൻ.ഡി.പി., എൻ.എസ്.എസ്., സാധു ജനപരിപാലന യോഗം, അരയവംശോദ്ധാരണി സഭകൾ, യോഗക്ഷേമസഭ എന്നു തുടങ്ങിയ സമുദായ സംഘടനകളുടെയും ഇന്ത്യൻ നാഷണൽ കോൺഗ്രസ് മുതൽ യുക്തിവാദ പ്രസ്ഥാനം വരെയുള്ള സാമൂഹിക രാഷ്ട്രീയ സംഘടനകളുടേയും പ്രവർത്തനങ്ങളും ചരിത്രസംഭവങ്ങളായിതന്നെ വിലയിരുത്തപ്പെട്ടിട്ടുണ്ട്.

എന്നാൽ വൈകുണ്ഡസ്വാമികൾ, പൊയ്കയിൽ യോഹന്നാൻ, കുമാരഗുരുദേവൻ, തൈക്കാട്ട് അയ്യാവ് എന്നിവർ നൽകിയ സംഭാവനകളെ വേണ്ടത്ര മികവോടെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല

എന്നതും വസ്തുതയാണ്. ക്രൈസ്തവ സഭകളുടേയും ക്രൈസ്തവ മിഷനറിമാരുടേയും സംഭാവനകൾ പരാമർശിക്കപ്പെടാറുണ്ട് എങ്കിലും അക്കൂട്ടത്തിലെങ്ങും കേരളത്തിലെ സാമൂഹിക ചരിത്ര വിശകലനത്തിൽ വേണ്ടത്ര അംഗീകാരം കിട്ടാതെ പോയ മഹൽവ്യക്തിയാണ് ചാവറയച്ചൻ. മലയാളികളെ ഒരു പൊതുസമൂഹമാക്കി മാറ്റിയതിന്റെ മഹത്വം ആർക്കെങ്കിലും നൽകാമെങ്കിൽ അതിനു സർവ്വഥാ യോഗ്യൻ ചാവറയച്ചൻ തന്നെയാണ്. പക്ഷേ, ആ രീതിയിൽ അദ്ദേഹത്തെ ചരിത്രകാരന്മാർ വിലയിരുത്തിയിട്ടില്ല എന്നതും ഒരു വസ്തുതയാണ്.

പള്ളികളോടൊപ്പം പള്ളിക്കൂടങ്ങളും സ്ഥാപിക്കണമെന്നും ആ പള്ളിക്കൂടങ്ങളുടെ വാതിലുകൾ ജാതിമത പരിഗണനകൾക്കതീതമായി തുറന്നുകൊടുക്കണമെന്നും 1864ൽ ചാവറയച്ചൻ നടത്തിയ പ്രഖ്യാപനമാണ് കേരളത്തിലെ പൊതുസമൂഹ നിർമ്മിതിയുടെ തുടക്കം. കാരണം, ജാതിമതസമൂഹങ്ങളായി തരംതിരിക്കപ്പെട്ടിരുന്ന കേരളീയരെ ഒരു പൊതുസമൂഹമാക്കി മാറ്റിയത് പള്ളിക്കൂടങ്ങളാണ്. മാധവനും മുഹമ്മദും മത്തായിയും ചാത്തനും ജാതിമതസ്പർദ്ധകൾക്കതീതമായി ഒരുമിച്ചു ചേർന്നത് പള്ളിക്കൂടങ്ങളിലാണ്. വിദ്യാലയങ്ങൾ ജാതിമത വിഭാഗങ്ങളുടെ പേരിൽ വിഘടിച്ചുനിന്നിരുന്ന കാലത്താണ് നാനാജാതിമതസ്ഥർക്കും ഒത്തുകൂടാനുള്ള പൊതുവേദിയാകണം പള്ളിക്കൂടം എന്ന ആശയം പ്രാവർത്തികമാക്കാൻ ചാവറയച്ചൻ തീരുമാനിച്ചത്. ഈ തീരുമാനം നടപ്പിലായി നാൽപത്തിയാറ് കൊല്ലത്തിനുശേഷം ഐതിഹാസികവും ത്യാഗസുരഭിലവുമായ സമരത്തിലൂടെയാണ് അയ്യൻകാളി സർക്കാർ വിദ്യാലയങ്ങളുടെ വാതിലുകൾ ദളിതർക്കായി തുറപ്പിച്ചത് എന്നും ഓർക്കണം. എന്നിട്ടും ചാവറയച്ചന്റെ പുരോഗമനപരവും വിപ്ലവകരവുമായ ഈ ചരിത്ര പ്രഖ്യാപനം കേരളീയ നവോത്ഥാന ചരിത്രത്തിൽ ഇടംകിട്ടാതെ പോയി എന്നതും ഓർക്കാവുന്നതാണ്.

ക്രൈസ്തവസഭയെ വിശേഷിച്ചും കത്തോലിക്കാസഭയെ ഭാരതീയ ആത്മീയപരിസരവുമായി ബന്ധിപ്പിക്കുകയും ഭാരതീയമായ സന്ന്യഃസ്ഥസഭ കത്തോലിക്കാസഭയിൽ രൂപീകരിക്കുകയും ചെയ്ത ആദ്യ ആത്മീയാചാര്യൻ എന്ന പരിഗണന അദ്ദേഹത്തിനു ചരിത്രത്തിൽ ലഭിച്ചു എന്നതു നേരാണ്. ആദ്യത്തെ ഖണ്ഡകാവ്യരചനയും ആദ്യത്തെ നാടക രചനയും നടത്തിയ എഴുത്തുകാരൻ എന്ന പരിഗണന സാഹിത്യ ചരിത്രത്തിൽ അദ്ദേഹത്തിനു ലഭിച്ചിട്ടില്ല എന്നതും അതുപോലെ നേരാണ്. സ്ത്രൈണ ആത്മീയതയ്ക്കും സ്ത്രീശാക്തീകരണത്തിനും അദ്ദേഹം നൽകിയ മികവുറ്റ സംഭാവനയും വേണ്ടത്ര വിലയിരുത്തപ്പെട്ടിട്ടില്ല.

ഇങ്ങനെ ചാവറയച്ചന്റെ അറിയപ്പെടുന്നതും അറിയപ്പെടേണ്ടതുമായ കർമ്മവൈവിധ്യങ്ങളെ സമഗ്രമായി പ്രതിപാദിക്കുവാനുള്ള ശ്രമമാണ് *ഇതാ ഞാൻ അവിടത്തെ ദാസൻ* എന്ന ഗ്രന്ഥത്തിലൂടെ തോമസ് പന്തപ്ലാക്കലച്ചൻ നടത്തുന്നത്. പുസ്തകത്തിന്റെ പേര് സൂചിപ്പിക്കുന്നതുപോലെ വിനയാന്വിതനും സമർപ്പിതചേതസ്ക്കനുമായ ഒരു ശിഷ്യന്റ ആത്മാന്വേഷണത്തിന്റെ ഭാഗമായിട്ടുകൂടിയാണ് ഈ രചന നടത്താൻ അദ്ദേഹം തുനിഞ്ഞത്. വാക്കുകളെ പൂക്കളാക്കി ഗുരുപാദങ്ങളിൽ അർപ്പിച്ച് ധന്യനാവുക എന്ന ദൗത്യമാണ് അദ്ദേഹം നിർവ്വഹിക്കുന്നത്. ഈ യത്നത്തിന് അദ്ദേഹത്തെ പ്രചോദിപ്പിച്ചത് ചാവറ പിതാവിനോടുള്ള കറയറ്റ ആത്മീയ വിധേയത്വവുമാണ്. ഇത്തരമൊരു പുസ്തകരചനയ്ക്ക് ഇതിൽ കവിഞ്ഞ ഒരു ന്യായീകരണം ആവശ്യവുമില്ല.

ചാവറ പിതാവിന്റെ ആദ്ധ്യാത്മിക ദൗത്യത്തേയും കർമ്മമണ്ഡലങ്ങളെയും കുറേക്കൂടി അടുത്തറിയാൻ ഈ പുസ്തകം സഹായിക്കും എന്ന് ഇതു വായിച്ചപ്പോൾ എനിക്കു ബോദ്ധ്യമായി. ചാവറ പിതാവിനെക്കുറിച്ച് പല തലങ്ങളിൽ നിന്നുള്ള ഗ്രന്ഥങ്ങൾ ഇനിയും ആവശ്യമുണ്ട്. ആ വഴിക്കുള്ള പ്രചോദനം നൽകാനും ഈ കൃതിക്ക് കഴിയും എന്ന കാര്യത്തിൽ സംശയമില്ല. ചെറുതും വലുതുമായ കാര്യങ്ങളെ ചെറുവാക്യങ്ങളിലൂടെ പറഞ്ഞു തരുന്ന ഈ പുസ്തകത്തിലെ ആവിഷ്കാരരീതി പ്രശംസനീയം.

കൂടുതൽ ശ്രദ്ധിക്കപ്പെടട്ടെ എന്ന പ്രാർത്ഥനയോടെ ഞാനീ കൃതി സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

■

ഒന്ന്

# ഇതായിരുന്നു; ഇങ്ങിനെയായിരുന്നു ഈ കേരളം!

മനുഷ്യജീവിതമെന്നു പറയുന്നത് നിരവധി കെട്ടുപാടുകളോടു ചേർന്നു നിവർത്തിതമാകുന്ന ഒരു പ്രതിഭാസമാണ്. ബന്ധങ്ങൾക്ക് അവയുടെ സ്ഥായീസ്ഥിതത്തിനൊത്താണ് ഇഴയടുപ്പവും പ്രാധാന്യവും കൈവരുന്നത്. എങ്കിലും സാമാന്യവൽക്കരിച്ചു കൊണ്ടുള്ള വിശകലനത്തിൽ ബന്ധങ്ങളെ മൂന്നു തലത്തിൽ അവയുടെ മുൻഗണനാക്രമത്തിൽ അടയാളപ്പെടുത്താമെന്നു തോന്നുന്നു. പ്രപഞ്ചനിയന്താവും സൃഷ്ടാവുമായ സർവ്വേശ്വരനുമായുള്ള ബന്ധം തന്നെ അതിൽ മുഖ്യം. സൃഷ്ടി സ്രഷ്ടാവിൽ നിന്നു ജനിക്കുന്നു എന്നതുകൊണ്ട് അതപ്രകാരമാകാതെ വയ്യ. ആ പാരസ്പര്യം തന്നെയാണ് ജീവധാരയുടെ അടിസ്ഥാന സ്രോതസ്സും. തൊട്ടു പുറകെ വരുന്നത് ജന്മം നൽകിയ മാതാവിനോടും പിതാവിനോടും ഒപ്പം രക്തബന്ധുക്കളോടുമുള്ള, ബന്ധമാണ്. അവരോട് ഇടപഴകിക്കൊണ്ടാണു പിറന്നു വീഴുന്ന നിമിഷം തൊട്ടുള്ള മനുഷ്യന്റെ ചര്യകളത്രയും. ഇണങ്ങിയും ഇടഞ്ഞും ഇഴചേർന്നുള്ള ഈ ബന്ധത്തിന്റെ നിവർത്തനങ്ങളിലൂടെയാണ് ജീവിതപ്രവാഹത്തിന്റെ നൈരന്തര്യവും. മൂന്നാമത്തേതാകട്ടെ ആദ്യത്തേതിനും രണ്ടാമത്തേതിനുമിടയിലുള്ള പ്രത്യക്ഷഘടകമായി വർത്തിക്കുന്നതാണ്. കൂടുംബവും ചുറ്റുപാടും ചേർന്നുരുവാകുന്ന സമുച്ചയമാണ് സമൂഹം. മകനോ മകളോ ആയി പിറക്കുന്ന നിമിഷം തൊട്ട് വീട്ടിലെ അംഗമായി ഭവിക്കുന്നതോടെ അവൻ/അവൾ സമൂഹത്തിലെ കൂടി അംഗമാവുകയാണ്. സ്വഭവനത്തിന്റെ ചുമരുകൾക്കപ്പുറത്തുള്ള മനുഷ്യജീവിതത്തിലേയ്ക്ക്, ചുറ്റുപാടുകളിലേയ്ക്ക്, അവന്റെ/അവളുടെ ഇടപഴകലുകൾ വ്യാപിക്കുമ്പോൾ അവൻ/അവൾ സമൂഹത്തിന്റെ ഭാഗമാകുന്നു. സമൂഹത്തോട്, നാടിനോട്, മനുഷ്യനുണ്ടാകുന്ന ബന്ധം പിന്നീടു പ്രപഞ്ചത്തോടു തന്നെയുള്ള ബന്ധമായി വ്യാപിക്കാതെ വയ്യ. സ്വാഭാവികമായും അതു

പ്രപഞ്ച സൃഷ്ടിയോടും സ്രഷ്ടാവിനോടും ചേർന്നു ഭവിക്കാതെയും വയ്യ. വ്യക്തി എന്ന നിലയിലാണ് ഈ ബന്ധങ്ങൾ മൂന്നും. അതുകൊണ്ട് ആ അർത്ഥത്തിൽ ഇവ മൂന്നും തികച്ചും വ്യക്തിപരമായ ബന്ധങ്ങൾ കൂടിയാണ്. ഓരോ വ്യക്തിയിലും ഓരോ അളവിലും അനുപാതത്തിലുമാണ് ഇവ ഇട ചേരുന്നത്. അതനുസരിച്ച് അവരുടെ പ്രതിഭവങ്ങളിലും വ്യത്യാസങ്ങൾ അനി വാര്യമാണ്. എന്നിരിക്കിലും ഇവയെക്കുറിച്ചുള്ള അനുസ്മരണത്തിന്റെ നിമിഷങ്ങളിൽ മനുഷ്യൻ, അവനവന്റേതായ അനുപാതത്തിലാണെങ്കിലും, അവയിൽ അഭിരമിക്കുന്നുണ്ട്; അവയിൽ ഊറ്റംകൊള്ളുന്നുണ്ട്; അവയെക്കു റിച്ചുള്ള ഓർമ്മയും ചിന്തയും അവനെ വികാരതരളിതനാക്കുന്നുമുണ്ട്.

ഇത്രയുമൊരു പ്രാരംഭ ചിന്ത.

ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിനെക്കുറിച്ചുള്ള അവലോകന ചർച്ചയിലേയ്ക്കു കടക്കുമ്പോൾ ആദ്യം മനസ്സിൽ ഉയരുന്ന ചിന്ത അദ്ദേഹം എവ്വിധമുള്ള ഒരു മനുഷ്യനായിരുന്നു എന്നതാണ്. നാടിനും നാട്ടുകാർക്കും വേണ്ടി ജീവിതവും സത്തയും പരമേശ്വരനായ ദൈവത്തിനുവേണ്ടി സമ്പൂർണ്ണമായി സമർപ്പിച്ച ഒരു വ്യക്തിയെ വിലയിരുത്തുമ്പോൾ സ്വാഭാവി കമായും അദ്ദേഹം പിറന്ന നാടിനെക്കുറിച്ചുള്ള ഒരു ചിത്രത്തിൽ നിന്നുതന്നെ തുടങ്ങേണ്ടതുണ്ട്.

കേരളക്കരയുടെ പുത്രനായാണല്ലോ ചാവറ പിതാവു പിറന്നത്. കേരളം എന്നു പറയുമ്പോൾ അതേറെ പ്രത്യേകതകളുള്ള ഒരു ഭൂവിടമാണ്. വ്യതി രിക്തങ്ങളാണ്, ജനപഥങ്ങൾ; വിഭിന്നങ്ങളാണു സംസ്ക്കാരത്തിന്റെ ധാര കൾ; വേറിട്ടു നിൽക്കുന്നവയാണു മതവിശ്വാസവഴികൾ... നാനാത്വത്തിന്റെ വൈവിധ്യംകൊണ്ട് ലോകസംസ്കൃതീചരിതത്തിന്റെ ഭൂപടത്തിൽ എന്നും ഈ കൊച്ചു പ്രവിശ്യയ്ക്ക് അതിന്റേതായ പ്രത്യേകതകളും തനിമകളും ഉണ്ടായിരുന്നു.

## തുടക്കങ്ങളുടെയും തുടക്കം

തുടക്കങ്ങളുടെയും തുടക്കത്തിൽ നിന്നു തന്നെയാവട്ടെ *ദൈവത്തിന്റെ നാട്* എന്നു മാലോകർ പേരിട്ടു വിശേഷിപ്പിക്കുന്ന നമ്മുടെ നാടിനെക്കുറി ച്ചുള്ള പരിവൃത്ത വിചാരം.

ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ തെക്കേ അറ്റത്ത് അറബിക്കടലിന്റെയും പശ്ചിമ പർവ്വതനിരകളുടെയും ഇടയിലായി കാസർഗോഡുമുതൽ പാറശ്ശാല വരെ തെക്കുവടക്കായി നീണ്ടുകിടക്കുന്ന 38863 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണമുള്ള ഭൂവിഭാഗമാണ് ഇന്നത്തെ കേരളം.

ബി.സി. 5000ത്തിനും 3000ത്തിനുമിടയ്ക്ക് കാലപ്പഴക്കം ഉണ്ട് കേരളത്തിന് എന്നാണു കല്പിതസൂചന. ദശാവതാരമൂർത്തികളിൽ ആറാമനായ പരശു

രാമൻ ഗോകർണ്ണത്തു(മംഗലാപുരം)നിന്ന് കന്യാകുമാരിയെ ലക്ഷ്യം വച്ചു അറബിക്കടലിനുമീതെകൂടി മഴു എറിഞ്ഞു എന്നും മഴുപോയ വഴിയ്ക്കു വലതുവശം കടൽ കരയായി ഉയർന്നു എന്നും അങ്ങിനെ ഉയർന്നുവന്ന ഭാഗ മാണ്, അള(ആഴി)ത്തിൽ നിന്നു വന്ന കേരളം എന്നുമാണ് ഒരു ഐതിഹ്യം. ഇതത്രയും കെട്ടുകഥയും അതിനാൽ അസംബന്ധവുമാണെന്നാണു ഡോ. എം.ജി.എസ്സ്. നാരായണനെപ്പോലുള്ള ചരിത്രകാരന്മാരുടെ പക്ഷം.

മൂവായിരം മുതൽ എണ്ണായിരത്തി എണ്ണൂറ്റി നാല്പത്തിഒന്നു അടിവരെ സമുദ്രനിരപ്പിൽ നിന്നുയർന്നു നിൽക്കുന്ന സഹ്യപർവ്വതനിരകൾ കേരളത്തെ ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വേർതിരിക്കുന്നു. ഈ പർവ്വത നിരകളിൽ സ്ഥിതിചെയ്യുന്ന മൂന്ന് തീർത്ഥാടന-ആരാധനാകേന്ദ്രങ്ങളാണ് ഹൈന്ദവരുടെ ശബരിമലയും തിരുനെല്ലിയും ക്രൈസ്തവരുടെ മലയാറ്റൂരും. വയനാടൻ ചുരവും പാലക്കാടൻ ചുരവും കർണ്ണാടകത്തോടും തമിഴ്നാടി നോടും ആ വഴി മറ്റു സംസ്ഥാനങ്ങളോടും കേരളത്തെ ബന്ധിപ്പിക്കുന്നു. കേരളത്തെ ഇന്ത്യയുടെ മറ്റു ഭൂവിഭാഗങ്ങളിൽനിന്നു വേർതിരിച്ചു കാലാവ സ്ഥയിലും, സംസ്ക്കാരത്തിലും, ജീവിതശൈലിയിലും, ജനപ്രകൃതത്തിലും ഒരുപോലെ തനിമ നിലനിറുത്തുവാൻ കാരണമായി നിൽക്കുന്നത് കേരള ത്തിന്റെ പ്രധാന അതിർത്തിയായ പശ്ചിമപർവ്വതനിരകളാണ്. മുഴുവൻ നീള ത്തിൽ നീണ്ടു കിടക്കുന്ന പർവ്വതനിരകൾ ഉൾക്കൊള്ളുന്ന *മലനാടും* കടൽത്തീരപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന *തീരനാടും* ഇവയ്ക്കിടയിലുള്ള *ഇട നാടും* ചേരുന്നതാണ് കേരളം.

ഇന്ത്യയിലെ ഗ്രീക്ക് അമ്പാസിഡർ ആയിരുന്ന മെഗസ്തനീസ് അന്നത്തെ ഭാരതത്തെക്കുറിച്ച് എഴുതിയ കുറിപ്പുകളിൽ കേരളത്തെ പറ്റിയും പറഞ്ഞി ട്ടുണ്ട്. പ്ലിനിയും (എ.ഡി. ഒന്നാം ശതകം), *ചെങ്കടലിലൂടെയുള്ള ഭൂപര്യടനം* (Periplus of the Erythran Sea) എന്ന ഗ്രന്ഥത്തിന്റെ അജ്ഞാതനായ കർത്താവും (എ.ഡി. ഒന്നാം ശതകം) ടോളമിയും (എ.ഡി. രണ്ടാംശതകം) പ്രാചീനകേരളത്തിന്റെ രൂപരേഖ കണ്ടുപിടിക്കാൻ സഹായിച്ച ഭൂമിശാസ്ത്ര ജ്ഞന്മാരാണ്.[1]

ചരിത്രത്തിൽ 2200 വർഷം മുമ്പു മുതലെങ്കിലും അറിയപ്പെടുന്ന കേരള നാമം എങ്ങിനെ ഉണ്ടായി എന്നതിനേക്കുറിച്ചും പല കഥകളാണുള്ളത്. കേരളത്തെ മുഴുവൻ ഹരിതമാക്കിമാറ്റിക്കൊണ്ടു നിറഞ്ഞു നിൽക്കുന്ന കേര(തെങ്ങു)വൃക്ഷങ്ങളാണ് നാടിനെ കേരളമാക്കി മാറ്റിയത് എന്നു ചിലർ പറയുമ്പോൾ, ചേരരാജാക്കന്മാർ ഭരിച്ചിരുന്ന നാടിനെ *ചേരളം* എന്നു വിളിച്ചു എന്നും പിന്നീടതു കേരളമായി മാറിയെന്നും ശക്തമായ വാദ മുഖങ്ങൾ വേറെയും ഉണ്ട്. വാക്കിന്റെ അർത്ഥം വേർതിരിച്ചിട്ടാണ്, വേറൊരു കൂട്ടർ ഈ പേരിലെത്തുന്നത് ചേർ = ചെളി (ചതുപ്പ്) + അളം = നിലം =

ചേർനിലങ്ങൾ ഉള്ള നാട് ചേരളം, അതു സാവധാനം കേരളമായി മാറിയതാണ് എന്നാണ് അവരുടെ വാദം. പരശുരാമനെ കേന്ദ്രീകരിച്ചുള്ള ഐതിഹ്യത്തിന് പ്രാധാന്യം നൽകിയാലുമില്ലെങ്കിലും കേരളത്തിന്റെ അധികഭാഗവും ഒരു കാലത്ത് കടലായിരുന്നു എന്നതിന് സാക്ഷ്യസൂചനകൾ പല ഭൂവിഭാഗങ്ങളിലും കാണുന്നുണ്ട്. അപ്പോൾ *ചേർ* അഥവാ *ചേർന്ന* എന്നതിന് *കൂടി ചേർന്നത്* എന്നുമർത്ഥം വരുമ്പോൾ *കൂടി ചേർന്ന ഭൂവിഭാഗ*ത്തിന് *ചേരളം* എന്നു പേരു വരികയും ക്രമേണ സംസ്കൃതത്തിന്റെ പ്രേരണയാൽ ചേരളം കേരളമായി മാറുകയുമാണുണ്ടായത് എന്ന അഭിപ്രായത്തിനാണ് ഇന്ന് കൂടുതൽ പ്രാമാണ്യം ഉള്ളത് എന്നു പറയാം.

*മലബാർ* എന്ന പേരിലും കേരളം അറിയപ്പെട്ടിരുന്നു. കോസ്മസ് ഇൻഡിക്കോ പ്ലൂസ്തസ്സിന്റെ (എ.ഡി. 6-ാം ശതകം) കാലം തൊട്ടേ അറബി നാവികർ കേരളത്തെ *മലെ* എന്നു വിളിച്ചിരുന്നു. പ്രാചീന തമിഴിലും മലയാളത്തിലും കേരളത്തെ *മലനാട്* എന്നു വിളിച്ചിരുന്നു. അതേ അർത്ഥത്തിലുള്ള *മലവാരം* എന്നതിന്റെ രൂപാന്തരം ആയിരിക്കാം *മലബാർ*[2] എന്നും ചരിത്രകാരന്മാർ നിരീക്ഷിക്കുന്നു.

## നാടിന്റെ മക്കളും വന്നു ചേർന്നവരും

ഭൂപ്രദേശത്തിന്റെ പ്രത്യേകതകൾക്കനുസരിച്ച് കേരളത്തെ മലനാട്, ഇടനാട്, തീരനാട് എന്നിങ്ങനെ മൂന്നായി തിരിക്കാം എന്നു കണ്ടുവല്ലോ. മലനാടൻവാസികളും ഇടനാട്ടിലെ കർഷകവിഭാഗവും കടൽത്തീരവാസികളായ മുക്കുവരും ചേരുന്ന ശിലായുഗനിവാസികളാണ് യഥാർത്ഥത്തിൽ ഈ *നാടിന്റെ മക്കൾ* എന്നു സത്യം സത്യമായി വിളിക്കാവുന്നവർ. ദക്ഷിണേന്ത്യൻ ദ്രാവിഡവിഭാഗത്തിൽ പെടുന്നവർ തന്നെയാണ് ഇവിടെയുണ്ടായിരുന്ന നായർ സമൂഹം. വിന്ധ്യാപർവ്വതത്തിന്റെ വടക്കുനിന്ന് ബി.സി. ഒന്നാം നൂറ്റാണ്ടിലുണ്ടായ ആര്യന്മാരുടെ പ്രവേശത്തോടെയാണ് ഇവരും കേരളത്തിന്റെ ഭാഗമായിത്തീർന്നത്. തീരദേശങ്ങളിൽ കണ്ടിരുന്ന ഈഴവർ ശ്രീലങ്കയിൽ നിന്നുള്ളവരായിരിക്കണം. കേരളത്തെ തെങ്ങിന്റെ നാടാക്കിയതും ശ്രീലങ്കൻ കുടിയേറ്റത്തിന്റെ സ്വാധീനത്തിൽ നിന്നായിരിക്കാം.

ക്രിസ്തീയയുഗത്തിന്റെ ആരംഭത്തിനു തൊട്ടുമുമ്പായിരിക്കാം വടക്കേ ഇന്ത്യയിൽ ബുദ്ധമതസ്ഥർക്ക് അസ്വീകാര്യരായി തുടങ്ങിയ ആര്യവിഭാഗത്തിൽപ്പെടുന്ന നമ്പൂതിരി ബ്രാഹ്മണരുടെ കേരളപ്രവേശത്തിന് തുടക്കമിട്ടത്. ഇങ്ങനെ കേരളനാടിന്റെ ആദ്യ മക്കളോട് നായന്മാരും ഈഴവരും ബ്രാഹ്മണരും കൂടെ ചേർന്നു രൂപപ്പെട്ടതാവണം കേരളത്തിന്റെ ആദ്യകാല ജനത.

ഇവരെ കൂടാതെ, സ്പെയിനിൽനിന്നും മെസൊപ്പൊട്ടോമിയായിൽ നിന്നും എത്തിയ ചെമ്പിച്ച രോമവും വെള്ള നിറവുമുള്ളവരായ ചെറിയൊരു ഗണം

യഹൂദവംശജരും പേർഷ്യ, മെസൊപ്പൊട്ടോമിയ പ്രദേശങ്ങളിൽ നിന്നെത്തിയ കുറെ ക്രിസ്ത്യാനികളും (ക്നായി തൊമ്മന്റെ പിൻഗാമികൾ), അറേബിയായിൽ നിന്നു കുടിയേറിയ ഒരു വിഭാഗം മുസ്ലീങ്ങളും കേരളജനതയുടെ ഭാഗമായി. ഇവരെ കൂടാതെ യൂറോപ്യൻ കോളനികളുടെ ആവിർഭാവത്തോടെ ചെറിയൊരു വിഭാഗം ആംഗ്ലോ ഇന്ത്യാക്കാരും പറങ്കികളും കേരളത്തിൽ ലയിച്ചുചേർന്നിട്ടുണ്ട്.[3] മറുനാടൻ രക്തത്തിന്റെ അംശംകൂടി ജനതയുടെ ധമനികളിൽ ഇടകലർന്നുവെന്നു വ്യംഗ്യം; ആദ്യം സമീപസ്ഥലങ്ങളിൽനിന്ന്; പിന്നീട് വിദൂരങ്ങളിൽ നിന്നുവരെ. .

## കേരളത്തിലെ മതങ്ങൾ

അതിപ്രാചീനകാലം മുതൽ തന്നെ ഭാരതത്തിലെ എല്ലാ മതങ്ങളുടെയും തത്വചിന്തകളുടെയും സംഗമസ്ഥലമായിരുന്നു കേരളം. ദ്രാവിഡസംസ്ക്കാരത്തിൽ നിന്നുരിത്തിരിഞ്ഞ മതാചാരങ്ങളായിരുന്നു ആദ്യം ഇവിടെ ഉണ്ടായിരുന്നത്. പ്രകൃതിയിലെ നദികളെയും വൃക്ഷങ്ങളെയും മലകളെയും അതീതശക്തികളായി കണ്ട് നടത്തിയിരുന്ന ആരാധനാരീതികളോടൊപ്പം കുലദൈവങ്ങളെയും അന്നുള്ളവർ ഇവിടെ ആരാധിച്ചിരുന്നു. പൂർവ്വികരോടുള്ള വണക്കം കേരളീയരുടെ പ്രത്യേകതയായിരുന്നു. ആൽമരങ്ങളെ ദേവന്മാരുടെ ആവാസസ്ഥലമായി കരുതി ഭക്തിപൂർവ്വം പൂജിച്ചിരുന്നു.

കേരളജനതയെ പൊതുവായി ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ എന്നിങ്ങനെ തിരിക്കാമെങ്കിലും ജൈനമതത്തിന്റെയും ബുദ്ധമതത്തിന്റെയും യഹൂദമതത്തിന്റെയും ശാഖാധാരകളുടെ വേരുകൾ ഈ മണ്ണിൽ കണ്ടെത്താനാകുമെന്നു മുൻപേ സൂചിപ്പിച്ചുവല്ലോ.

ഹിന്ദുമതം എന്നത് ഒരു കർമ്മവഴിയാണെങ്കിലും അതിൽ ബഹുദൈവങ്ങളുടെയും ജാതിവർണ്ണ വർഗ്ഗ വ്യത്യാസങ്ങളുടെയും അനേകം വിഭാഗങ്ങളെ കണ്ടെത്താനാകും. നമ്പൂതിരിമാരും നായന്മാരും ഈഴവരും ഇവരിലെ നിരവധി അവാന്തരവിഭാഗങ്ങളും അവർക്കുപുറമെ പുലയരും പറയരും കുറിച്യരും എന്നിങ്ങനെ വീണ്ടും അനവധി അനവധി അവർണ്ണ തിരിവുകളും ചേർന്ന ഒരു സമൂഹസമുച്ചത്തെ പൊതുവെ ഹിന്ദുക്കൾ എന്നു പറയുമെങ്കിലും വിശ്വാസത്തിലും ആരാധനാരീതികളിലും സിദ്ധാന്തങ്ങളിലും വ്യത്യാസങ്ങൾ പ്രകടമാണ്. ആരാധനാമൂർത്തികളായ പല ദൈവങ്ങളും പരസ്പരം എതിരാളികളായി വരെ കണക്കാക്കപ്പെടാറും ഉണ്ട്. സങ്കീർണ്ണമാംവിധം ഈ തലത്തിൽ വൈവിധ്യമാർന്ന ഹിന്ദുമതവിശ്വാസികളാണ് കേരളജനതയിൽ മുഖ്യപക്ഷം. സെൻസസ് കണക്കുകളെടുക്കുമ്പോൾ ക്രൈസ്തവരേയും മുഹമ്മദീയരേയും ഇതരമതസ്ഥരേയും അപ്രകാരം അടയാളപ്പെടുത്തിയ ശേഷം ബാക്കിയുള്ള ഭൂരിപക്ഷത്തെ ഹിന്ദുക്കൾ എന്ന് അടയാളപ്പെടുത്തുകയായിരുന്നു എന്നും അങ്ങിനെയാണു ഹൈന്ദവതയ്ക്കു ഒരു മതപദവി

കൈവന്നതെന്നുമുള്ള രസകരമായ ഒരു നിരീക്ഷണം അടുത്തയിടയ്ക്കു ഡോ. എം.ജി.എസ്സ്. നാരായണൻ നടത്തിക്കാണുകയുണ്ടായി.

ചന്ദ്രഗുപ്തമൗര്യന്റെയും അശോകന്റെയും ഭരണകാലമായ ബി.സി. മൂന്നാം നൂറ്റാണ്ടുമുതലെങ്കിലും കേരളത്തിൽ ജൈനമതസ്ഥരുടെയും ബുദ്ധമതസ്ഥരുടെയും സാന്നിധ്യം കണ്ടെത്താനാകും. ജൈനബുദ്ധവിഹാരങ്ങൾ കേരളവാസ്തുശില്പത്തിന്റെ ആദ്യ മാതൃകകളാണ്. ഹൈന്ദവ അമ്പലങ്ങളിലെ വിഗ്രഹങ്ങളുടെയും പ്രദക്ഷിണങ്ങളുടെയും തുടക്കം ബുദ്ധമതത്തിന്റെ പൈതൃകധാരയിൽനിന്നാണെന്നു കാണേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസത്തിലും വൈദ്യശാസ്ത്രത്തിലും ബുദ്ധമതത്തിന്റെ പങ്ക് വലുതാണ്. ഹൈന്ദവ നവോത്ഥാനത്തിന്റെ ഭാഗമായി എട്ടാം നൂറ്റാണ്ടുമുതൽ ജൈനമതവും ബുദ്ധമതവും കേരളത്തിൽ നാമമാത്രമായി.[4]

കേരളത്തിൽ കണ്ടുവരുന്ന യഹൂദരെ വെളുത്ത യൂദരെന്നും കറുത്ത യൂദരെന്നും രണ്ടായിതിരിക്കാറുണ്ട്. ബൈബിളിൽ കാണുന്ന ബാബിലോണിയൻ അടിമത്തകാലത്ത് ചിതറിക്കപ്പെട്ടവരായി വെളുത്ത യൂദരെ കണക്കാക്കുന്നു. കറുത്തവരാകട്ടെ കേരള ജനതയിൽ നിന്ന് ഒരു കാലത്ത് യഹൂദരായിതീർന്നവരുടെ തുടർച്ചയാണ്.

കൊടുങ്ങല്ലൂരും പറവൂരും പാലയൂരും കൊല്ലത്തും മുട്ടത്തും ചെന്നോത്തും ഒരു കാലത്ത് യഹൂദകോളനികൾ ഉണ്ടായിരുന്നെന്നും, ഈ കോളനികളിലോ അതിനോടു ചേർന്നുള്ള സ്ഥലങ്ങളിലോ ആണ് തോമാശ്ലീഹാ സ്ഥാപിച്ച ഏഴുപള്ളികൾ സ്ഥിതിചെയ്യുന്നതെന്നും ചരിത്രം സാക്ഷിക്കുന്നു.[5] 1949ൽ ഇസ്രയേൽ രാജ്യം രൂപവൽക്കരിക്കപ്പെട്ടപ്പോൾ കേരളത്തിലെ 85% യഹൂദരും ഇസ്രായേലിലേക്ക് മടങ്ങിപോകയാണ് ചെയ്തത്.

കേരളത്തിലെ മുസ്ലീങ്ങൾ രണ്ടു വിഭാഗത്തിൽ പെടുന്നു. ഏഴാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ കച്ചവടത്തിനായി ഇവിടെ എത്തിയ അറബികളുടെ പിൻതുടർച്ചയാണ് ആദ്യ കൂട്ടർ. യുദ്ധങ്ങളുടെ ഭാഗമായി അഫ്ഗാനിസ്ഥാനിൽ നിന്നു വടക്കേ ഇന്ത്യയിലെത്തിയ മുസ്ലീമുകൾക്കും മുൻപേയുള്ളവരാണിവർ. രണ്ടാമത്തേത്, 18-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ മൈസൂറിലെ ഹൈദരാലിയും ടിപ്പുസുൽത്താനും കേരളത്തിൽ നടത്തിയ യുദ്ധങ്ങളുടെ ഭാഗമായി മതം മാറ്റപ്പെട്ട ഹൈന്ദവരോ, ഹൈന്ദവാചാരങ്ങളിലെ അധഃകൃതാവസ്ഥയിൽനിന്നു മോചനം നേടാൻ ഇസ്ലാം സമുദായത്തിലേക്കു ചേർന്നവരോ ആയ ആളുകളാണ്. ഇവരാണ് വടക്കൻ കേരളത്തിലെ, മലബാറിലെ, പകുതിയോളം അടുത്തുവരുന്ന ജനസംഖ്യ.[6]

കേരളത്തിലെ ക്രൈസ്തവ സഭകളെക്കുറിച്ചുള്ള വിശദമായ വിലയിരുത്തൽ ചാവറയച്ചനെ കേന്ദ്രീകരിച്ചാവശ്യമായതിനാൽ അവിടെ പരാമർശിക്കേണ്ടതായുള്ളതുകൊണ്ട് ഇവിടെ കൂടുതലായി പ്രതിപാദിക്കുന്നില്ല. എ.ഡി.

ഒന്നാം നൂറ്റാണ്ടുമുതൽ ക്രിസ്തുമതം കേരളത്തിൽ വേരൂന്നിയിരുന്നു. ക്രിസ്തുമതം ഒരു വൈദേശിക മതമാണെങ്കിലും അത് ഇവിടെ പ്രത്യക്ഷപ്പെട്ട കാലം മുതൽ ഒരു ഏതദ്ദേശീയമതം പോലെതന്നെ മാനിക്കപ്പെടുകയും അഭംഗുരമായ വികാസം നേടുകയും ചെയ്തു എന്ന് കേരളത്തിന്റെ ചരിത്രകാരനായ എ. ശ്രീധരമേനോൻ സാക്ഷ്യപ്പെടുത്തുന്നുണ്ട്.[7]

നാട്ടുകാരും വിദേശികളും ഉൾക്കൊള്ളുന്ന കേരള സമൂഹത്തെ കലയിലും സാഹിത്യത്തിലും മതത്തിലും സംസ്ക്കാരത്തിലും രാഷ്ട്രീയത്തിലുമെല്ലാം മറ്റ് ഇന്ത്യൻ സമൂഹത്തിൽ നിന്നു വേർതിരിച്ചു നിർത്തുവാൻ ഇടയാക്കിയ ഘടകങ്ങൾ ധാരാളമുണ്ട്.

കടലുമായുള്ള സാമീപ്യം മറ്റു നാടുകളുമായുള്ള വ്യാപാരബന്ധത്തിനു വഴിതെളിച്ചു. ഫിനിഷ്യയും റോമും ജറുസലമും ഈജിപ്തും ചൈനയും ശ്രീലങ്കയും അറബിനാടുകളും എന്നിങ്ങനെ അനേകം നാടുകളുമായി ബി.സി. കാലം മുതൽക്കേ ഈ കരയ്ക്കു വാണിജ്യബന്ധമുണ്ടായിരുന്നു എന്നതിന് തെളിവുകൾ കണ്ടെത്താനാകും. യവനരും ചൈനാക്കാരും അറബികളും യൂറോപ്പുകാരുമായ സഞ്ചാരികളായ ടോളമി, കോസ്മോസ് ഇൻഡിക്കോ പ്രിസ്തൂസ്, വാങ്തായ്യാൽ, സുലൈമാൻ, മാർക്കോപ്പോളോ എന്നിവരുടെ കേരളത്തെക്കുറിച്ചുള്ള പരാമർശങ്ങളിൽ ഈ വക സൂചനകൾ ഉണ്ട്.[8]

ഈ സങ്കലന സാദ്ധ്യതകളെല്ലാം കേരളത്തെ തനിമയുള്ളതാക്കിമാറ്റി. ക്രിസ്ത്യാനികളും മുസൽമാന്മാരും കടത്തിക്കൊണ്ടുവന്ന ഏകദൈവവിശ്വാസം, സ്വാമി വിവേകാനന്ദന്റെ ദാർശനിക ചിന്തകൾക്കും ശ്രീനാരായണ ഗുരുവിന്റെ *ഒരു ജാതി, ഒരു മതം, ഒരു ദൈവം* എന്ന സങ്കല്പത്തിനും വഴിയെ ആക്കം കൂട്ടിയിരിക്കണം.

ചൈനക്കാരുമായുള്ള ബന്ധം തീരദേശത്തുള്ള മുക്കുവരെ മത്സ്യബന്ധനത്തിൽ കൂടുതൽ വിദഗ്ദ്ധരാക്കി എന്നു മാത്രമല്ല ചീനവല കേരളത്തിന്റെ ഭാഗമായിത്തീരുകയും ചെയ്തുവല്ലോ. കേരളത്തിലെ കുരുമുളകും ചന്ദനവും പോലുള്ള വ്യഞ്ജനവസ്തുക്കളും ആനക്കൊമ്പ് മുതലായവയും മറുനാടുകളിലേക്ക് ഒഴുകിയപ്പോൾ തെങ്ങും റബ്ബറും മരച്ചീനിയും കശുവണ്ടിയുമെല്ലാം ഇവിടെ എത്തി. കേരളത്തിന്റെ കലകളും സാഹിത്യവും വാസ്തുശില്പങ്ങളും വിവിധ സംസ്ക്കാരങ്ങളിൽ നിന്നു മെനഞ്ഞെടുത്തതായി. ഹിന്ദു അമ്പലങ്ങളോടു ചേർന്ന് ക്രിസ്ത്യൻ ദേവാലയങ്ങളും യഹൂദരുടെ സിനഗോഗുകളും മുസ്ലീമുകളുടെ മോസ്ക്കുകളും അടുത്തടുത്തു വളർന്നുവന്നു. കേരളജനതയുടെ ഈ ഒരുമിച്ചുള്ള വളർച്ചയും സഹകരണവും ഇന്ത്യയെ എല്ലാ മതങ്ങൾക്കും ഒരുമിച്ചു വളരാൻ സഹായകമായ ഒരു മതേതര രാഷ്ട്രമാക്കാൻ പ്രേരകതലത്തിൽ സഹായിച്ചിരിക്കണം. വ്യത്യസ്ത വിശ്വാസസിദ്ധാന്തങ്ങളും ദൈവങ്ങളുമുള്ള ഒരു ജനത്തിന് തന്റെ നാടിനെ

*ദൈവത്തിന്റെ നാടായി*ക്കാണണമെങ്കിൽ എല്ലാ ദൈവങ്ങൾക്കും ഒരുമിച്ചു വസിക്കാൻ ഇടം കിട്ടണമല്ലോ.

കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ ഉയർന്നുനിൽക്കുന്ന മലകൾ കേരളത്തിന്റെ കാലാവസ്ഥയിലും നിർണ്ണായക വ്യത്യാസം വരുത്തി. കേരളത്തിനപ്പുറമുള്ള ഭൂവിടം ചുട്ടുപഴുത്തു നിൽക്കുമ്പോൾ ഇവിടെ മഴക്കാലമാണ്. പർവ്വതനിരകളിൽനിന്നും പൊട്ടിയിറങ്ങുന്ന നീരുറവകൾ അറബിക്കടലിനെ ലക്ഷ്യം വെച്ച് തോടുകളും പുഴകളുമായി ഒഴുകുമ്പോൾ അത് കേരളത്തിൽ പന്ത്രണ്ടു മാസവും ജീവജലത്തിന്റെ സ്രോതസ്സായി മാറുന്നു. വർഷം മുഴുവൻ പച്ച വിരിച്ചു നിൽക്കുന്ന ഭൂപ്രദേശങ്ങൾ കേരളം വിട്ടാൽ അധികം കാണുകയില്ല.

## ക്രൈസ്തവത ഇവിടെ വേരുകൾ തേടിയത്...

ലോകക്രൈസ്തവ ചരിത്രമെന്നു പറയുന്നത് നിരന്തരമായി അതിജീവിച്ചുപോന്ന മതപീഡനങ്ങളുടെ ചരിത്രവും കൂടിയാണ്. എല്ലാ രാജ്യങ്ങളിലും തന്നെ സഭ വളർന്നുവന്നത് മതമർദ്ദനങ്ങൾക്ക് വിധേയമായിക്കൊണ്ടാണ്. എന്നാൽ ഇരുപതു നൂറ്റാണ്ടു തന്നെ പഴക്കമുള്ള ഭാരതസഭയെ, പ്രത്യേകിച്ചും കേരളസഭയെ ഇതിനൊരപവാദമായി വേണം കാണുവാൻ. ചരിത്രപരമായി തെളിവുകൾ തരാൻ പറ്റുന്ന മതപീഡനങ്ങളൊന്നും ഇവിടെ ഉണ്ടായിട്ടില്ല. വിശുദ്ധ തോമാസ്ശ്ലീഹായുടെ രക്തസാക്ഷ്യവും ചുരുക്കം ചില ക്രൈസ്തവമതാനുയായികളുടെ മരണവും ചൂണ്ടിക്കാട്ടാമെങ്കിലും അവയൊന്നും ഒരു സംഘടിത മതമർദ്ദനത്തിന്റെ ഭാഗമായിരുന്നില്ല; ഒറ്റപ്പെട്ട സംഭവങ്ങൾ മാത്രമായിരുന്നു. ഹൈദരലിയുടെയും ടിപ്പുസുൽത്താന്റെയും പടയോട്ടത്തിൽ മലബാർ പ്രദേശത്ത് ഹിന്ദുക്കളിൽ ഒരു വിഭാഗത്തിനു നേരിടേണ്ടി വന്നവിധമുള്ള മതമാറ്റ ഭീഷണി രണ്ടു കാരണങ്ങളാൽ ക്രൈസ്തവർക്കുണ്ടായില്ല. ഭാരതപ്പുഴയുടെ വടക്കോട്ട് അധികം ക്രൈസ്തവർ അന്നു താമസിച്ചിരുന്നില്ല; അഥവാ ചുരുക്കം ചിലർ ഉണ്ടായിരുന്നെങ്കിൽ തന്നെ അവർ സാഹചര്യത്തിനൊത്ത് തെക്കോട്ടു നീങ്ങുകയും ചെയ്തുവല്ലോ.[9] അതൊരു കാരണം. രണ്ടാമതായി ടിപ്പുവിന്റെ ആലുവാവരെയുള്ള കടന്നാക്രമണത്തിൽ ചില ക്രിസ്ത്യൻ പള്ളികളെ തകർക്കാൻ ശ്രമിക്കയും ക്രിസ്ത്യാനികളെ മതം മാറ്റാൻ തുനിയുകയും ചെയ്തെങ്കിലും അവ ഒറ്റപ്പെട്ട സംഭവങ്ങളായേ കാണാനാവൂ. ദീർഘനാളത്തെ പ്രതിസന്ധി സൃഷ്ടിച്ച അനുഭവങ്ങളൊന്നും അക്കാലത്തുണ്ടായിട്ടില്ല. ടിപ്പുവിന് കേരളത്തിൽ തുടർച്ചയായി അങ്ങിനെയൊരു ആധിപത്യം സ്ഥാപിക്കുവാനും കഴിഞ്ഞില്ലല്ലോ.

രാഷ്ട്രപതിയും വിഖ്യാത തത്വശാസ്ത്രജ്ഞനുമായിരുന്ന ഡോ. എസ്. രാധാകൃഷ്ണൻ ഇന്ത്യയിലെ ക്രിസ്തീയ സമൂഹത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്:

*ഭാരതത്തിലെ ക്രിസ്ത്യാനികളുടെ അവകാശം എന്നത് പിടിച്ചടക്കി ഉണ്ടാക്കിയതല്ല മറിച്ച് അവരുടെ ജന്മാവകാശമായി ലഭിച്ചതാണ്.*[10]

കേരളസഭയിലെ ചരിത്രകാരന്മാരുടെ പിതാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഡോക്ടർ പ്ലാസിഡ് പൊടിപാറ സി.എം.ഐ. കേരള സുറിയാനി കത്തോലിക്കരെക്കുറിച്ച് ഇപ്രകാരം പറയുന്നു:

*കേരളത്തിലെ മാർത്തോമാ ക്രിസ്ത്യാനികൾ സംസ്ക്കാരത്തിൽ ഇന്ത്യാക്കാരും (ഹിന്ദുവും) മതപരമായി ക്രിസ്ത്യാനിയും ദൈവാരാധനയിൽ പൗരസ്ത്യരും ആണ്. അവരുടെ ആരാധനാക്രമത്തിൽ സുറിയാനി ഭാഷ ഉപയോഗിക്കുന്നതുകൊണ്ട് അവരെ സുറിയാനിക്കാർ എന്നു വിളിക്കുന്നു.*[11]

കേരളസഭയുടെ തുടക്കത്തെക്കുറിച്ച് ചില വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടെങ്കിലും കൂടുതലായി അംഗീകരിക്കപ്പെട്ടിരിക്കുന്നത് വിശുദ്ധ തോമാസ്ശ്ലീഹായിലൂടെയുള്ള അപ്പസ്തോലിക പാരമ്പര്യമാണ്. ജനങ്ങളിലൂടെ കൈമാറിവന്നിരിക്കുന്ന വിശ്വാസപാരമ്പര്യവും *തോമസ് അപ്പസ്തോലന്റെ നടപടികൾ* എന്ന അപ്പോക്രിഫൽ പുതിയ നിയമഗ്രന്ഥവുമാണ്, ഇതിന് ഉപോദ്ബലകമാകുന്നത്.

*നിലവിലുള്ള പാരമ്പര്യപ്രകാരം കടൽമാർഗ്ഗം ഇന്ത്യയിലെത്തിയ തോമാസ് ശ്ലീഹാ എ.ഡി. 52ൽ കേരളത്തിലെ കൊടുങ്ങല്ലൂരിൽ വന്നിറങ്ങി.*[16] *പല ഉന്നതകുലജാതരായ ഹിന്ദുക്കൾക്കും അദ്ദേഹം കൊടുങ്ങല്ലൂരും പാലയൂരും കൊല്ലത്തും സ്നാനം നൽകിയശേഷം ഇന്ത്യയുടെ പൂർവ്വതീരം കടന്ന് ചൈനയിലെത്തിയെന്നും തിരിച്ച് വീണ്ടും ഇന്ത്യയിലെത്തിയ അദ്ദേഹം മലബാറിലെ ക്രിസ്തീയ സമൂഹത്തിന് രൂപം കൊടുത്തു എന്നും അവരുടെയിടയിലെ ചില പ്രധാനകുടുംബങ്ങളിൽ നിന്ന് വൈദികരെയും മെത്രാന്മാരെയും തിരഞ്ഞെടുത്തു എന്നുമാണ്; ഇവിടെ പല സ്ഥലങ്ങളിലും ക്രിസ്തീയ സമൂഹങ്ങൾക്ക് അടിസ്ഥാനമിട്ടശേഷം മദ്രാസ്സിലെ ചിന്നമലയിലോ അതിനടുത്തോ ആയി രക്തസാക്ഷി മകുടം ചൂടി എന്നും, അദ്ദേഹത്തിന്റെ ഭൗതികശരീരം മൈലാപ്പൂർ പട്ടണത്തിലുണ്ടായിരുന്ന പൂജ്യസ്ഥലത്ത് അടക്കം ചെയ്യപ്പെട്ടു എന്നുമാണ്.*[12]

സഭാപിതാക്കന്മാരായ വിശുദ്ധ ഗ്രിഗറി നസിയാൻസനും അമ്പ്രോസും ജറോമും താർസൂസിലെ ഗ്രിഗറിയും സെവില്ലയിലെ ഇസിദോറുമൊക്കെ മേൽപറഞ്ഞ പാരമ്പര്യത്തെ മുറുകെ പിടിക്കുന്നവരാണ്.[13]

*ക്രിസ്ത്യാനികൾക്കെതിരെയുള്ള ബ്രാഹ്മണപാരമ്പര്യത്തെക്കുറിച്ച് 'കേരളോൽപ്പത്തി'യിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: വേദഗ്രന്ഥങ്ങൾക്കെതിരായുള്ള ഏതോ ഒരു 'തോമൻ' മലബാറിലേയ്ക്കു വന്നു എന്നും നാട്ടിലെ പ്രബലരായ പല കുടുംബക്കാരെയും ബാണപ്പെരുമാൾ എന്ന രാജാവിനെത്തന്നെയും മാനസാന്തരപ്പെടുത്തി എന്നുമാണ്.*[14]

ടോളമി കഴിഞ്ഞാൽ കേരളത്തെക്കുറിച്ചെഴുതിയ പ്രാമാണികനായ ലേഖകനാണ് ബൈസന്റയിൻ പുരോഹിതനായ കോസ്മോസ് ഇൻഡിക്കോപ്രിസ്തുസ്. അദ്ദേഹത്തിന്റെ *ഭാരതീയ ക്രിസ്തുമതവിവരണങ്ങൾ (Topographia Indica Christiana)* എന്ന ഗ്രന്ഥം കൊല്ലത്തെ കുറിച്ചുള്ള ഏറ്റം പഴക്കം ചെന്ന പരാമർശവും കേരളത്തിലെ ക്രിസ്തുമതത്തെക്കുറിച്ചുള്ള അസന്ദിഗ്ദ്ധമായ ആദ്യത്തെ തെളിവുകളും ഉൾക്കൊള്ളുന്നു എന്ന് കേരള ചരിത്രകാരനായ എ. ശ്രീധരമേനോൻ പറയുന്നു.[15]

ഇന്ത്യയിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ പേർഷ്യൻ സഭകളുമായി വിശുദ്ധ തോമാസ്ശ്ലീഹായിലൂടെ പ്രത്യേകവിധം ബന്ധിതരാണ്. വിശുദ്ധ തോമാസ്ശ്ലീഹായെ കേന്ദ്രീകരിച്ചാണ് ഇവയെല്ലാം നിലകൊള്ളുന്നത്. *അദ്ദായി* എന്ന തോമാസ്ശ്ലീഹായുടെ ശിഷ്യനാൽ സ്ഥാപിതമായതാണ് *എദേസ്സാ*യിലെ സഭ. ഇവർക്ക് വിശുദ്ധനോടുള്ള പ്രത്യേക ബന്ധമായിരുന്നിരിക്കണം മദ്രാസ്-മൈലാപ്പൂരിലടക്കപ്പെട്ട അദ്ദേഹത്തിന്റെ ഭൗതികശരീരത്തിന്റെ അവശിഷ്ടം എദേസ്സായിലേയ്ക്ക് എടുത്തു കൊണ്ടുപോകാനുള്ള കാരണം.[16]

അദ്ദായിയുടെ ശിഷ്യനായ *മാറി*യാൽ സ്ഥാപിതമായ സഭയാണ് കൽദായ സഭയുടെ ആസ്ഥാനമായ *സെലൂസിയ സ്റ്റെസിഫോൺ*. ഇറാനിലുള്ള പേർഷ്യൻസഭയും വിശുദ്ധ തോമാസ്ശ്ലീഹായിലൂടെയുള്ള ഒരു അപ്പസ്തോലികപാരമ്പര്യമാണ് പ്രഘോഷിക്കുന്നത്. തോമാസ്ശ്ലീഹായുടെ പൈതൃകം അവകാശപ്പെടുന്ന ഈ നാലുസഭകളും അവരുടെ ആരാധനാക്രമത്തിൽ ഉപയോഗിച്ചിരുന്നത് സുറിയാനി ഭാഷയുമാണ്. ഇവയെല്ലാം ഇവരെ തമ്മിൽ വൈകാരികമായി അടുപ്പിക്കുവാൻ കാരണമായി.[17]

പേർഷ്യൻ സഭയും ഇൻഡ്യൻ സഭയും അടുത്തുവരാനായി ഉണ്ടായ രണ്ടു കാര്യങ്ങളിൽ ഒന്ന്, കൽദായ ക്രിസ്ത്യാനികളിൽ കുറേപ്പേർ ക്നായി ത്തൊമ്മൻ എന്ന് കച്ചവടക്കാരന്റെ നേതൃത്വത്തിൽ എ.ഡി. 345-ൽ കേരളത്തിലേയ്ക്കെത്തിയവരാണെന്നതാണ്. ഇവരുടെ ആഗമനകാലത്തെക്കുറിച്ച് പണ്ഡിതന്മാരുടെയിടയിൽ വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നുമുണ്ട്. 8-ാം നൂറ്റാണ്ടിലൊ 9-ാം നൂറ്റാണ്ടിലൊ ആയി മാർ സാപോർ, മാർ പെറോസ് എന്നിവരുടെ നേതൃത്വത്തിൽ പേർഷ്യൻ സഭയിൽ നിന്ന് മറ്റൊരു സംഘം കൂടി ഇവിടെ കുടിയേറി എന്നു ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തുന്നതാണ് രണ്ടാമത്തേത്.[18]

## പുറമെ നിന്നുള്ള ഇടപെടലുകൾ

എന്തായാലും ഈ ബന്ധങ്ങളിൽ പൊതുവെ ചില അനുകൂലഭാവങ്ങൾ ഉണ്ടായിരുന്നെങ്കിലും കേരളസഭയെ സംബന്ധിച്ചിടത്തോളം അറിഞ്ഞോ അറിയാതെയോ ഏറ്റെടുക്കേണ്ടിവന്ന ഒരടിമത്തംകൂടി ഇതിലൂടെ

അന്തർലീനമായി നിർഭാഗ്യവശാൽ കടന്നുവന്നു. സഭാപരമായ ഭരണ ഉത്തരവാദിത്വം മുഴുവൻ 16-ാം നൂറ്റാണ്ടുവരെ പേർഷ്യൻ സഭയുടെ കൈകളിലമർന്നതാവാം അതിനു കാരണം. ഭരണകാര്യങ്ങളിൽ സഹായിക്കുവാനായി നാട്ടുകാരനായ ഒരാർച്ച്ഡീക്കനെ ലഭിച്ചിരുന്നതുകൊണ്ടും ആരാധനക്രമഭാഷ സുറിയാനിതന്നെ ആയിരുന്നതുകൊണ്ടും തുടക്കത്തിൽ നല്ല സ്നേഹഭാവവും, അറബികളിൽ നിന്നുള്ള സംരക്ഷണവും ഇവരിലൂടെ ലഭിച്ചിരുന്നതുകൊണ്ടും ആ വഴി അറിയാതെയറിയാതെ ലീനമായ അടിമത്തത്തിന്റെ രൂക്ഷത അത്രശക്തമായി അന്ന് അനുഭവപ്പെട്ടിരുന്നില്ല എന്നതാവണം വസ്തുത.

മതപീഡനങ്ങൾ ഏൽക്കാതെയും രാജാവിന്റെ ആജ്ഞയാൽ നിർബന്ധിതമതാനുയായികളാകാതെയും തന്നെ ദൈവം മനുഷ്യഹൃദയങ്ങളിൽ വിതച്ച വിശ്വാസതീക്ഷ്ണതയാൽ ക്രിസ്തീയ ജീവിതത്തെ അഭംഗുരം നിലനിർത്തുവാൻവേണ്ട നേതൃത്വമെടുക്കുവാൻ ഇവിടെ വിശ്വാസികൾക്കു കഴിവില്ലാതിരുന്നതുകൊണ്ടാണോ നാലാം നൂറ്റാണ്ടുമുതൽ 16-ാം നൂറ്റാണ്ടുവരെ പേർഷ്യൻസഭയുടെ നേതൃത്വം കേരളസഭ അംഗീകരിക്കേണ്ടിവന്നത്? അല്ല തന്നെ. പകരം ഭാരതത്തിന്റെ ആധ്യാത്മികപൈതൃകത്തെ അതിന്റെ തനിമയിൽ ഉൾക്കൊണ്ടുകൊണ്ട് ഭാരതജനതയോടൊത്ത് സത്യാന്വേഷികളായിത്തീരാനും, സത്യത്തെ കാണിച്ചുകൊടുക്കാനും ഇവിടത്തെ വിശ്വാസധാരയ്ക്കു സാധിച്ചിരുന്നെങ്കിൽ അതിൻപ്രകാരം സഭാനേതൃത്വം നമ്മിലധിഷ്ഠിതമായിരുന്നെങ്കിൽ, ഭാരതത്തിലെ ക്രൈസ്തവസഭ ഇവിടുത്തെ പൊതുജനതയ്ക്ക് ഒരിക്കലും പുറത്തുനിന്ന് കയറിക്കൂടിയ ഒരു വിശ്വാസിസമൂഹമോ സഭയോ ആയി അനുഭവപ്പെടില്ലായിരുന്നു.

*"അസതോമാ സത്ഗമയാ*
*തമസോമാ ജ്യോതിർഗമയാ*
*മൃത്യോർമാ അമൃതം ഗമയാ"*[19]

*അസത്യത്തിൽനിന്ന് സത്യത്തിലേക്കും ഇരുളിൽനിന്ന് പ്രകാശത്തിലേക്കും മരണത്തിൽനിന്ന് മരണമില്ലായ്മയിലേക്കും നയിച്ചാലും*, എന്ന് വേദകാലം മുതൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഒരു ജനതയുടെ ദൈവാന്വേഷണത്തിലുള്ള നമ്മുടെ സഹപങ്കാളിത്തം അംഗീകരിക്കുവാനും ഇതരവിഭാഗത്തിന് അത്രയും എളുപ്പമാകുമായിരുന്നു. ഇത്തരത്തിൽ ചിന്തിക്കുമ്പോൾ, ഭാരതത്തിലെ ക്രൈസ്തവർക്ക് ഭാരതീയ സംസ്ക്കാരവുമായി അവ്വിധം ഇഴുകിച്ചേരുവാൻ സാധിക്കാതെ പോയത്, ഈ നാടിന്റെ സംസ്ക്കാരം എന്തെന്നറിയാൻ പാടില്ലാത്ത വേറൊരു സംസ്ക്കാരനേതൃത്വം എന്നും നമ്മുടെ മേൽ ഉണ്ടായിരുന്നു എന്നതുകൊണ്ടാണ് എന്നതിൽ സംശയിക്കാനില്ല. ഇതുകൊണ്ടുതന്നെയാണ് ഭാരതത്തിലെ സ്വന്തജനങ്ങൾ തന്നെ

ഭാരതസഭയിലെ അംഗങ്ങളെ അവർ അവരുടെ ഭാഗമായിരുന്നിട്ടും മറുനാട്ടുകാരായി മാത്രം കാണുന്ന സാഹചര്യമുണ്ടായതും.

കേരളസഭയുടെ ഈ അടിമത്ത അവസ്ഥയെ അരക്കിട്ടുറപ്പിക്കുവാൻ പോന്നതായിരുന്നു 16-ാം നൂറ്റാണ്ടുമുതൽ 19-ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടം വരെയുണ്ടായ ലാറ്റിൻ മേൽക്കോയ്മത്തം. ആഗോള കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ മാർപാപ്പമാരെ യഥാർത്ഥ വിവരങ്ങളുടെ അറിവിലേയ്ക്കു എത്തിപ്പെടുവാൻ അനുവദിക്കാതെ ഇരുട്ടിൽ നിർത്തിക്കൊണ്ടും വിശുദ്ധ നേതൃത്വത്തെ അകാരണമായി ആ അവ്യക്തതകളിലൂടെ സ്ഥാപിച്ചു കൊണ്ടുമുള്ള ഇവിടുത്തെ അധികാരികളുടെ സ്വാർത്ഥ താൽപര്യങ്ങളുടെ അടിച്ചേൽപ്പിക്കലുകളുടെ കഥയാണ് ഈ നൂറ്റാണ്ടുകളിലൂടെ നിർഭാഗ്യവശാൽ നിവർത്തിയ്ക്കപ്പെട്ടത്.

യൂറോപ്പിലെ കത്തോലിക്കാസഭയാണ് യഥാർത്ഥ സഭയെന്ന് തെറ്റിദ്ധരിച്ചിരുന്നവർക്ക്, സഭയിൽ അപ്പസ്തോലിക പാരമ്പര്യമുള്ള മറ്റു പല റീത്തുകൾ ഉണ്ടെന്നും, സ്ഥലസാഹചര്യങ്ങളിലെ സംസ്ക്കാരങ്ങളോടു ചെർന്നാണ് സഭ വളരുന്നത് എന്നുമുള്ള തിരിച്ചറിവ് ഇല്ലാതെ പോയപ്പോൾ ഭാരത സംസ്ക്കാരത്തോട് കുറെയെങ്കിലും പൊരുത്തമുണ്ടായിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനി സമൂഹം ഹിന്ദുമതവിശ്വാസത്തിൽനിന്നും ആചാരങ്ങളിൽനിന്നും വിട്ടുമാറാത്ത സങ്കരമതമാണ് എന്നു അവർ ധരിച്ചുപോയി. അതിന്റെ ഫലമായിട്ടായിരുന്നു മാമ്മോദീസ സ്വീകരിച്ച് യഥാർത്ഥ ക്രിസ്തീയജീവതം നയിച്ചിരുന്ന അനേകർക്ക് വീണ്ടും മാമ്മാദീസ നൽകി അവരുടെമേൽ ലത്തീൻസഭയുടെ ആചാരാനുഷ്ഠാനങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചത്.

1599-ലെ ഉദയംപേരൂർ സൂനഹദോസ്സിന്റെ ഉദ്ദേശ്യവും മറ്റൊന്നായിരുന്നില്ല.[20] അതിനാലാണല്ലോ, അന്നുവരെ ഉണ്ടായിരുന്ന ആചാരാനുഷ്ഠാനങ്ങളുടെ രേഖകൾ ശേഖരിച്ച് ചുട്ടുകളഞ്ഞത്. സത്യവിശ്വാസം കാത്തുസൂക്ഷിക്കുക എന്ന ഉദ്ദേശശുദ്ധിയോടെയാവാം ഒരുപക്ഷേ ഇപ്രകാരം ചെയ്തതെങ്കിലും അപ്പസ്തോലികപാരമ്പര്യമുള്ള ഒരു വ്യക്തിസഭയുടെ മേലുള്ള കടന്നാക്രമണമായിരുന്നു ഇത് എന്നു ചൂണ്ടിക്കാട്ടാതെ വയ്യ. ഇതിന്റെ അനിവാര്യമായ പരിണിത ഫലമായിരുന്നു മറുനാടൻ മെത്രാന്മാരോടുള്ള എതിർപ്പും 1653-ലെ *കൂനൻ കുരിശു സത്യവും,*[21] ഏകസഭയിൽ അതിന്റെ തുടർച്ചയായുണ്ടായ പിളർപ്പും തുടർന്നിങ്ങോട്ട് വ്യത്യസ്ത വിശ്വാസസംഹിതകളോടെ വ്യത്യസ്ത സഭാസമൂഹങ്ങൾ രൂപംകൊള്ളാനിടയായതും ആ സ്ഥിതി ഇന്നും തുടരുന്നതും.

1599 മുതൽ 1896 വരെയുള്ള കാലഘട്ടത്തിൽ കൽദായ സഭയിൽ നിന്നു വിടുതലാക്കി *'പദ്രുവാദോ'*, *'പ്രോപ്പഗാന്ത'* സംവിധാനങ്ങളുടെ കീഴിൽ

യുറോപ്പിൽ നിന്നുള്ള മെത്രാന്മാരാണ് കേരളസഭയുടെ ഭരണം നടത്തി വന്നത്.

15-ാം നൂറ്റാണ്ട് അവസാനത്തിൽ അന്നത്തെ രണ്ടു വൻ നാവികശക്തി കളായിരുന്ന പോർച്ചുഗൽ, സ്പെയിൻ രാജ്യങ്ങൾക്ക് മാർപ്പാപ്പാ ചില അധി കാരങ്ങൾ നൽകിയിരുന്നു. അതിൻപ്രകാരം പുതുതായി കടന്നുചെന്ന ഏഷ്യ, ആഫ്രിക്ക, അമേരിക്ക എന്നിവിടങ്ങളിലെ പ്രേഷിത പ്രവർത്തനങ്ങൾക്കുള്ള സഹകരണം മാർപ്പാപ്പ ഇവരിൽ നിന്നും ആവശ്യപ്പെട്ടു. കിഴക്കൻ പ്രദേശ ങ്ങൾ പോർച്ചുഗലിനും പടിഞ്ഞാറൻ പ്രദേശങ്ങൾ സ്പെയിനിനും ഏല്പിച്ചു.

നിക്കോളാസ് അഞ്ചാമൻ മാർപ്പാപ്പ 1455 ജനുവരി 7-ന് *'റൊമാനൂസ് പൊന്തിഫെക്സ്'* എന്ന രേഖവഴി, പോർച്ചുഗൽ കണ്ടെത്തുന്ന നാടുകളിൽ സുവിശേഷ പ്രഘോഷണത്തിന് സംവിധാനം ചെയ്യുവാൻ പോർച്ചുഗൽ രാജാവിനെ ചുമതലപ്പെടുത്തി. ഇതാണ് *'പദ്രോവാദോ'* സംവിധാനം. ഇതിൻപ്രകാരം കേപ്പ് ഓഫ് ഗുഡ് ഹോപ്പു മുതൽ ഇൻഡ്യവരെയുള്ള പ്രദേ ശങ്ങളിലേയ്ക്ക് അപ്പസ്തോലിക കമ്മീഷണറെ നാമനിർദ്ദേശം ചെയ്യുവാ നുള്ള അധികാരം പോർച്ചുഗൽ രാജാവിനു കിട്ടി. ഇൻഡ്യയിൽ ഉള്ളവയും ഉണ്ടാകാനുള്ളതുമായ ആരാധനാലയങ്ങളുടെ ചുമതല പോർച്ചുഗൽ വികാ രിയുടെ കീഴിലാക്കി; സഭയുടെയും സ്വത്തിന്റെയും സംരക്ഷണം പോർച്ചു ഗൽ രാജാവിലും നിക്ഷിപ്തമായി. 1600 ഓഗസ്റ്റ് 4-ന് ഈ ചുമതല രേഖാ പരമായി മാർപ്പാപ്പ രാജാവിനെ ഏല്പിച്ചു.

റോമിലുള്ള *'പ്രൊപ്പഗാന്ത ഫീദെ'* തിരുസംഘത്തിന്റെ കീഴിൽ ആയിരി ക്കാൻ വിസമ്മതിച്ച നസ്രാണികൾക്കുവേണ്ടി 1659-ൽ സ്ഥാപിച്ചതാണ് മല ബാറിലെ അപ്പസ്തോലിക വികാരിയേറ്റ്. കർമ്മലീത്ത മെത്രാനായിരുന്ന സെബാസ്ത്യാനിയുടെ നേതൃത്വത്തിലുള്ള വികാരിയേറ്റിലേയ്ക്ക് 1653-ലെ കൂനൻ കുരിശു സത്യത്തിലൂടെ അകന്നുപോയ അനേകർ തിരിച്ചെത്തി. പോർച്ചുഗീസുകാരുടെമേൽ ഡച്ചുകാരുടെ നിയന്ത്രണം വന്നപ്പോൾ സെബാ സ്ത്യാനിമെത്രാന് വേഗം മടങ്ങിപ്പോകേണ്ടിവന്നു. പകരം പറമ്പിൽ ചാണ്ടി കത്തനാരെ മെത്രാനായി അവരോധിക്കുകയും ചെയ്തു. എങ്കിലും ഭിന്നിച്ചു നിന്നവർ അങ്ങിനെ തുടർന്നപ്പോൾ കേരളകത്തോലിക്കാസഭ രണ്ടായി പിളർന്നു. 1687-ൽ ചാണ്ടിമെത്രാന്റെ മരണത്തോടെ കേരളസഭയുടെ ഭരണം പൂർണ്ണ മായും *പ്രൊപ്പഗാന്ത, പദ്രോവാദോ* ക്രമീകരണങ്ങൾക്കധീനമായി. ഇവി ടെയും ഇവരുടെ അധികാര വടംവലികളുടെയിടയിൽ കഴിയേണ്ടിവന്ന കേര ളകത്തോലിക്കാസഭ വലിയ ഭീഷണിയെ അഭിമുഖീകരിക്കുകയായിരുന്നു.

ഒരു വശത്ത് നാട്ടുമെത്രാനുവേണ്ടിയുള്ള തീവ്രമായ ആഗ്രഹവും അതിനുവേണ്ടിയുള്ള പരിശ്രമവും; മറുവശത്ത് ലത്തീൻ മേൽക്കോയ്മത്വവും പേർഷ്യൻസഭയുമായി വീണ്ടും ബന്ധിപ്പിക്കാതിരിക്കാനുള്ള തീവ്രശ്രമവും.

ഇതിനോടൊപ്പം എങ്ങിനെയെങ്കിലും സഭാഭരണത്തിൽ കയറിപ്പറ്റാനുള്ള പേർഷ്യൻ സഭയുടെ പരിശ്രമങ്ങളും കൂടിയായപ്പോൾ ഈ ബന്ധങ്ങളും ബന്ധനങ്ങളും കേരളകത്തോലിക്കാസഭയെ പല പ്രവാശ്യം *ശീശ്മ*യുടെ വക്കിലും *ശീശ്മ*യിലും എത്തിച്ചു. ഇത്തരം പ്രവണതകളും സാഹചര്യങ്ങളും കേരളകത്തോലിക്കാസഭയെ 19-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധംവരെ നിരന്തരം പീഡനവേദിയാക്കി മാറ്റി എന്നുവേണം പറയുവാൻ. ദൈവാരൂപിയാൽ തെളിയ്ക്കപ്പെടാത്ത കിടമത്സരങ്ങൾക്കിടയിൽ സഭ ഇരുപതിലേറെ ക്രിസ്തീയ വിഭാഗങ്ങളായി വിഭജിക്കപ്പെട്ടു എന്നതായിരുന്നു ഇതിന്റെ ആത്യന്തികമായ ഫലം. ഭാരതത്തിൽ ജനിച്ചു വളർന്നുവന്ന ഒരു സഭയുടെ അഖിലഭാരത വളർച്ചയ്ക്കു തടസ്സമായി നിന്നതും, കേരളത്തിൽ തന്നെ ഭാരതപ്പുഴയ്ക്കും പമ്പാനദിക്കും ഇടയിലായി മാർത്തോമ്മാക്രിസ്താനികളെ ഒതുക്കി നിർത്തിയതും സഭയ്ക്കു പുറമെ നിന്നുള്ള ശക്തികളായിരുന്നില്ല, മറ്റു മതസ്തരുമായിരുന്നില്ല എന്നതാണു നിർഭാഗ്യം. എല്ലാം ഉള്ളിൽനിന്നുതന്നെ ഭവിക്കുകയായിരുന്നു എന്നതാണതിലെ വൈപരീത്യവും.[22]

ചില കാര്യങ്ങൾക്കൂടി ഈ കൂട്ടത്തിൽ അനുസ്മരിക്കേണ്ടതുണ്ട്. നൂറ്റാണ്ടുകളിലെ കേരളകത്തോലിക്കാ സഭാചരിത്രത്തിൽ ഒരു വ്യക്തിയിൽനിന്നുപോലും തിരുഃസഭ പഠിപ്പിക്കുന്ന വിശ്വാസസത്യങ്ങൾക്കെതിരായി എന്തെങ്കിലും സിദ്ധാന്തങ്ങളോ വാദമുഖങ്ങളോ ഉണ്ടായിട്ടില്ല എന്നതാണതിൽ മുഖ്യം. എന്നാൽ ഇതേ കാര്യത്തിൽ തിരുഃസഭാമാതാവിന് യൂറോപ്യൻ സഭകളിൽ നിന്നു തന്നെ എത്ര പ്രാവശ്യം മുറിവേൽക്കേണ്ടതായി വന്നു എന്നു പരിശോധിച്ചു നോക്കേണ്ടതുണ്ട്. ആ മുറിവുകൾ ഉണക്കുവാൻ വേണ്ടി എത്രയോ സുനഹദോസ്സുകൾ തന്നെ കൂടേണ്ടിവന്നിട്ടുണ്ട് എന്നതും സഭാചരിത്രത്തിന്റെ ഭാഗമായി നിലകൊള്ളുന്നു. യൂറോപ്പിന്റെ അധീശത്തം ഇവിടെ ഉണ്ടാകുന്നതുവരെ രാഷ്ട്രീയരംഗത്തും സാമുദായികരംഗത്തും സഭയ്ക്ക് വലിയ സ്ഥാനം ഉണ്ടായിരുന്നു എന്നതു പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതുമാണ്.

മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് ഇവിടത്തെ സാമുദായികജീവിതത്തിലും രാഷ്ട്രീയരംഗത്തും ഉണ്ടായിരുന്ന സ്ഥാനത്തെക്കുറിച്ചും അതിൽ അവർ ദീക്ഷിച്ചിരുന്ന സത്യസന്ധതയെക്കുറിച്ചും കൂടി ചില വിവരങ്ങൾ പരാമർശിക്കാമെന്നു കരുതുന്നു. മാർപ്പാപ്പയുടെ പ്രതിനിധി ആയിരുന്ന ജോൺ ഡി മരിഞ്ഞോളി എന്ന മെത്രാൻ ചൈനയിൽ നിന്ന് 1348-ൽ കൊല്ലത്തു വന്നിറങ്ങിയപ്പോൾ കണ്ട കാഴ്ചകളെക്കുറിച്ചും ഇവിടുത്തെ ക്രിസ്ത്യാനികളെക്കുറിച്ചും പറഞ്ഞിരിക്കുന്നതു നോക്കുക:

*കുരുമുളകിന്റെ ഉടമസ്ഥന്മാർ മുഹമ്മദീയരല്ല, മാർത്തോമ്മാ ക്രിസ്ത്യാനികളാണ്. സാമാനങ്ങൾ തൂക്കുന്ന പബ്ലിക് ആഫീസിലെ അധിപന്മാരാണ്*

*ഈ ക്രിസ്ത്യാനികൾ. അവരിൽ നിന്ന് മാർപ്പാപ്പായുടെ പ്രതിനിധി എന്നുള്ള നിലയിൽ എന്റെ ചിലവിലേയ്ക്ക് പ്രതിമാസം 100 പൊൻപണം വീതം എനിക്കു കിട്ടിയിരുന്നു. ഇതുകൂടാതേയും ഞാൻ സ്ഥലം വിട്ടപ്പോൾ 1000 പണവും അവരിൽനിന്ന് എനിക്കു ലഭിച്ചു.*[23]

*The Land of Perumals* എന്ന ഗ്രന്ഥത്തിൽ ഫ്രാൻസിസ് ഡെയ് രേഖപ്പെടുത്തിയിരിക്കുന്നതിങ്ങനെയാണ്:

*സുറിയാനി ക്രിസ്ത്യാനികൾ വളരെയധികം വിലമതിക്കപ്പെട്ടിരുന്നു. ഒരു നാട്ടുരാജാവിന്റെ രാജ്യത്ത് എത്രയധികം നാട്ടുക്രിസ്ത്യാനികൾ ഉണ്ടായിരുന്നുവോ അത്രയധികം ചുറ്റുമുള്ള രാജാക്കന്മാർ ആ രാജാവിനെ ഭയപ്പെട്ടിരുന്നു. അവർ അത്രയ്ക്ക് വിശ്വസ്തരായിരുന്നു. പുരുഷന്മാർ ആയുധധാരികളായിട്ടാണ് വെളിയിൽ സഞ്ചരിച്ചുവന്നത്. എട്ടു വയസ്സു മുതൽ ഇരുപത്തിയഞ്ചു വയസ്സുവരെ ഈ അഭ്യസനം ലഭിച്ചിരുന്നതിനാൽ ആയുധപ്രയോഗത്തിൽ അവർ സുരക്ഷിതരായിരുന്നു.*[24]

ബരേത്തോ എന്ന മിഷനറി മാർത്തോമ്മാ ക്രിസ്ത്യാനികളെക്കുറിച്ച് സാക്ഷ്യപ്പെടുത്തിയിരിക്കുന്നതിപ്രകാരമാണ്:

*പുറംജാതിക്കാരായ രാജാക്കന്മാർ തങ്ങളുടെ രാജ്യത്തു നിവസിക്കുന്നവരായ ഈ ക്രിസ്ത്യാനികളെ വളരെ മേന്മയായി കരുതിപ്പോരുന്നു. അവർ അന്യരാജ്യങ്ങളുമായുള്ള കച്ചവടം, നാട്ടിൽ സൈന്യസേവനം മുതലായ ഉൽകൃഷ്ടജീവിതവൃത്തികളിൽ ഏർപ്പെട്ടിരുന്നു.*[25]

ആദ്യനൂറ്റാണ്ടു മുതലുള്ള വസ്തുനിഷ്ടവും എഴുതപ്പെട്ടതുമായ ചരിത്രരേഖകൾ കൈവശമില്ലാത്തിടത്തോളം കാലം ഇന്നു പല കാര്യങ്ങളേയും വിലയിരുത്തേണ്ടിവരുമ്പോൾ പരിമിതികൾ ധാരാളമായി ഉണ്ട്. ആർക്കും ആർക്കും ആധികാരികമായി പലതിനെക്കുറിച്ചും തറപ്പിച്ചു പറയുവാനും തെറ്റുകളും ശരികളും വേർതിരിക്കുവാനും എളുപ്പമല്ല. അതുകൊണ്ട് സ്വീകരിക്കാവുന്ന നല്ല നിലപാട്, കഴിഞ്ഞകാല ചരിത്രത്തിന്റെ പക്ഷം ചേർന്നുള്ള പുനർവായനയിലൂടെ വരാനിരിക്കുന്ന തലമുറകളെ വാശിയും വൈരാഗ്യവുമുള്ളവരായി മാറ്റാൻ ശ്രമിക്കുന്നതിനു പകരം എല്ലാം ദൈവപരിപാലനയിലൂടെ കടന്നുവന്ന നിമിത്തങ്ങളായി കാണുകയും ആ രീതിയിൽ എല്ലാം നന്മയ്ക്കായി ക്രമീകരിക്കുന്ന നല്ല ദൈവത്തിന്റെ പദ്ധതികളായി സ്വീകരിക്കുകയും ചെയ്യുക തന്നെയാണ്.

പേർഷ്യൻസഭയുമായുള്ള കേരളസഭയുടെ ബന്ധം അപ്പസ്തോലിക പാരമ്പര്യത്തെ ഇടമുറിയാതെ കൊണ്ടുപോരുവാൻ സഹായകമായി എന്നതു പ്രധാനമാണ്. തിരുഃസഭയിൽ വിവിധ റീത്തുകളിൽ വ്യക്തിസഭകൾ പലതുണ്ടെന്നും അവയ്ക്കു അവയുടേതായ ബന്ധങ്ങളും തനിമകളും ഉണ്ടെന്നും മനസ്സിലാക്കുവാൻ ഈ ബന്ധങ്ങൾ ഉപകരിച്ചിട്ടുണ്ട്. മാത്രമല്ല, നാട്ടുകാരുടെ

ഇടയിലുണ്ടായിരുന്ന ജാതിവ്യത്യാസങ്ങൾക്കിടയിൽ ക്രിസ്തീയസമൂഹത്തെ ഉയർത്തി നിർത്തുവാനും ഈ ബന്ധങ്ങൾ സഹായിച്ചു. തൊട്ടുകൂടായ്കയും ജ്യോതിഷത്തിലും മന്ത്രവാദത്തിലുമുള്ള വിശ്വാസവുമടക്കമുള്ള ചില ഹൈന്ദവാചാരങ്ങൾ ക്രിസ്ത്യാനികളിൽ നിന്നു മാറ്റിക്കളയുവാൻ 1599-ലെ ഉദയംപേരൂർ സൂനഹദോസിനു കഴിഞ്ഞിട്ടുണ്ട് എന്നതും വിസ്മരിച്ചുകൂടല്ലോ.

യൂറോപ്യൻ മിഷനറിമാരുടെ പ്രവർത്തനങ്ങൾ സഭയെ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും തന്നെ എത്തിക്കുവാനും അതിനെ വളർത്തുവാനും പലവിധത്തിൽ സഹായിച്ചിട്ടുണ്ട്. തങ്ങളുടേതായ സ്വാർത്ഥതകളും മേൽക്കോയ്മത്തവും നിലനിർത്താൻ അവർ ശ്രമിച്ചിട്ടുണ്ടെങ്കിൽ തന്നെയും അക്കൂട്ടത്തിൽ ഇതരരാജ്യങ്ങളിലുള്ള തിരുഃസഭയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിക്കുവാൻ യൂറോപ്യൻ മിഷനറിമാർക്ക് കഴിഞ്ഞിട്ടുണ്ട് എന്നതു നാമാദരപൂർവ്വം അംഗീകരിച്ചേ മതിയാകൂ.

ചാവറപിതാവിനു ജന്മം നൽകിയ കേരളക്കരയുടെ ഉത്ഭവപശ്ചാത്തല കല്പനകളിലൂടെയും സമൂഹശ്രേണിയിൽ ക്രൈസ്തവതയുടെ കടന്നുവരവിന്റെയും തുടർന്നുള്ള പരിണാമദശകളുടേയും കഥകളിലൂടെയും ഒരോട്ട പ്രദക്ഷിണം നടത്തുകയായിരുന്നു നാം. ഈ തിരിച്ചറിവോടെ വേണം ഈ നാടിന്റെ തനിമയിലെ, ഇവിടത്തെ സാമൂഹ്യ പരിവൃത്തത്തിലെ, സങ്കീർണ്ണമായ വ്യതിരിക്തതകളുടെ ഭൂമികയെ നാം സമീപിക്കുവാൻ. അപ്പോൾ മാത്രമേ ചാവറപിതാവു ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ പ്രത്യേകതകളെക്കുറിച്ചുള്ള ഒരു യഥാർത്ഥ ചിത്രത്തിലെത്തിപ്പെടുവാനും ആ ചിത്രത്തോട് ചേർന്നുനിന്നുകൊണ്ടു ആ ജീവിതത്തെയും ദർശനത്തെയും അവ അർഹിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്ന ഗൗരവത്തോടെ നമുക്കുൾകൊള്ളുവാനും വിലയിരുത്തുവാനും കഴിയുകയുള്ളു.

## രാഷ്ട്രീയ സാമ്പത്തിക സാമൂഹിക പരിഃസ്ഥിതികൾ

പോർച്ചുഗീസുകാർ കച്ചവട മനഃസ്ഥിതിയോടെ ഇൻഡ്യയിലേക്ക് കടന്നു വന്നു. അവരെ തുടർന്ന് ഡച്ചുകാരും ഫ്രാൻസുകാരും ബ്രിട്ടീഷുകാരുമെല്ലാം ഇതേ ലക്ഷ്യത്തോടെ ഇവിടെ എത്തി. ഇവരുടെ രാഷ്ട്രീയാധിനിവേശത്തിനുവേണ്ടിയുള്ള മൽപ്പിടുത്തത്തിൽ കേരളം യുദ്ധഭൂമിയായി മാറി. നാട്ടുരാജാക്കന്മാരും നിലനില്പിനുവേണ്ടി പക്ഷംചേർന്ന് മത്സരിച്ചു. കൈയ്യൂക്കുള്ളവൻ കാര്യക്കാരനായി മാറി. പടിപടിയായി 19-ാം നൂറ്റാണ്ടായപ്പോഴേക്ക് ഇൻഡ്യ പൊതുവേ ബ്രിട്ടീഷ് ആധിപത്യത്തിലൊതുങ്ങി.

പതിനെട്ടാം നൂറ്റാണ്ട് അവസാനിക്കുന്നത് രാഷ്ട്രീയാസ്വാസ്ഥ്യങ്ങളുടെയും അശാന്തിയുടെയും കലങ്ങിമറിഞ്ഞ പ്രക്ഷുബ്ധമായ ഒരു അന്തരീക്ഷ

ത്തിലാണ്. ടിപ്പുസുൽത്താന്റെ മൈസൂറിൽ നിന്നുള്ള അക്രമങ്ങളായിരുന്നു കേരളത്തിലെ സ്ഥിതിവിശേഷത്തിനു പിന്നിലെ ഒരു കാരണം. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ വേലുത്തമ്പിദളവായുടെ നേതൃത്വത്തിൽ ബ്രിട്ടീഷ് അധീശശക്തികളെ വെല്ലുവിളിച്ചുകൊണ്ടുള്ള പോരാട്ടവും ഇവിടെ ഉണ്ടായി. 1809-ൽ പക്ഷേ, ഈ കലാപം അടിച്ച മർത്തപ്പെട്ടു. ദുർബ്ബലനായ ബാലരാമവർമ്മയായിരുന്നു (1798-1810) ഈ കാല ഘട്ടത്തിലെ തിരുവിതാംകൂർ രാജാവ്. തുടർന്ന് റാണി ഗൗരി ലക്ഷ്മീഭായി (1810-1815), പാർവ്വതീഭായി (1815-1829), സ്വാതിതിരുന്നാൾ (1829-1847), ഉത്രാടം തിരുന്നാൾ മാർത്താണ്ഡവർമ്മ (1847-1860), ആയില്യംതിരുന്നാൾ രാമവർമ്മ (1860-1880) എന്നിവർ തിരുവിതാംകൂറിലെ ഭരണാധികാരികളായി.

പിടിച്ചടക്കലുകളുടെ കർമ്മഭൂമിയാകേണ്ടിവന്ന കേരളം 19-ാം നൂറ്റാണ്ടായപ്പോഴേക്കും സാമ്പത്തികമായും വളരെയധികം അധഃപതിച്ചു. കാർഷിക രംഗത്തു വന്ന പ്രതിസന്ധികളായിരുന്നു ഇതിനു പ്രധാനമായുണ്ടായ കാരണം. കാർഷികരംഗം തകരുംതോറും വാണിജ്യരംഗവും തകർന്നു കൊണ്ടിരുന്നു.

ബ്രിട്ടീഷ് റസിഡന്റായിരുന്ന കേണൽ മൺറോയുടെ കാലത്ത് പല സാമൂഹിക പരിഷ്ക്കാരങ്ങൾക്കും ശ്രമിച്ചു. പാശ്ചാത്യ വിദ്യാഭ്യാസത്തിന് തുടക്കമിട്ടത് ഈ കാലത്താണ്. *ലണ്ടൻ മിഷൻ സൊസൈറ്റി, ചർച്ച് മിഷൻ സൊസൈറ്റി* എന്നീ പ്രൊട്ടസ്റ്റന്റു സംഘടനകൾ ആലപ്പുഴയിലും കോട്ടയത്തും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചു. 19-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിവരെ കേരളകത്തോലിക്കാസഭ പക്ഷേ, ഈ രംഗത്ത് ഏതാണ്ട് നിഷ്ക്രിയമായിരുന്നു.[26]

കേരളസമൂഹത്തെ ജാതിവ്യവസ്ഥകൾ ഏതാണ്ടു കർശനമായിത്തന്നെ വരിഞ്ഞുമുറിക്കിയിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. സവർണ്ണർക്ക് (*ബ്രാഹ്മണർ, ക്ഷത്രിയർ, നായർ* തുടങ്ങിയവർ) സമൂഹത്തിൽ അമിതപ്രാധാന്യം നൽകിയിരുന്നു. അവർണ്ണർക്ക് ക്ഷേത്രത്തിൽ പ്രവേശിക്കുവാൻപോലും പാടില്ലായിരുന്നു. അവർക്ക് സർക്കാർവക പൊതുസ്ക്കൂളുകളിൽ പോലും പ്രവേശനം ലഭിച്ചിരുന്നില്ല. തൊട്ടുകൂടായ്മ, തീണ്ടികൂടായ്മ, കണ്ടുകൂടായ്മ തുടങ്ങിയ സാമൂഹ്യാചാരങ്ങൾ ഹൈന്ദവരുടെയിടയിൽ പ്രബലമായിരുന്നു. ഈ സാഹചര്യങ്ങൾ താഴ്ന്നജാതിയിൽപ്പെട്ടവർ പലരും ക്രിസ്തുമതത്തിലേയ്ക്കാകർഷിക്കപ്പെടുന്നതിനും കാരണമായിട്ടുണ്ട്.

സാമൂഹ്യതലങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിരളമായിരുന്നു. ആകെ പ്രാപ്യമായിരുന്നത് ആശാൻ കളരികൾ മാത്രം; അല്ലാതെ അറിവ് വർദ്ധിപ്പിക്കുവാനും പ്രചരിപ്പിക്കുവാനുമുള്ള സമ്പർക്ക മാദ്ധ്യമങ്ങൾ... പത്രമാസികകളോ, പുസ്തകങ്ങളോ, അവ മുദ്രണം ചെയ്യാനുള്ള

സംവിധാനങ്ങളോ കേരളത്തിൽ വളരെ പരിമിതമായിരുന്നു; ഇല്ലായിരുന്നു എന്നുതന്നെ പറയാം. ഉണ്ടായിരുന്നവ തന്നെ മേൽ സൂചിപ്പിച്ച പ്രൊട്ടസ്റ്റന്റ് ധാരയിൽ അവരുടേതായ ലക്ഷ്യങ്ങൾക്കു മാത്രമായി പരിമിതപ്പെട്ടു പ്രവർത്തിച്ചിരുന്നവയുമായിരുന്നു. സാമ്പത്തികമായി ഞെരുങ്ങുന്നവർക്ക് ചികിത്സാ സൗകര്യങ്ങളോ, അനാഥരായവരെ സംരക്ഷിക്കാനുള്ള അഗതി മന്ദിരങ്ങളോ മരണാസന്നരായവരെ സംരക്ഷിക്കാൻ പറ്റുന്ന സന്നദ്ധ സംഘടനകളോ ഒന്നും ഇവിടെ ഉണ്ടായിരുന്നില്ല.[27]

സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകുക എന്നത് ചിന്തനീയംപോലുമല്ലാ യിരുന്നു. ഉന്നതകുലർക്ക് ചിലർക്കെങ്കിലും ആശാൻ കളരിയിലെത്താനുള്ള ഭാഗ്യം ലഭിച്ചു. സ്ത്രീകൾക്ക് വീട്ടിലൊതുങ്ങുന്ന ജോലികൾമാത്രം അനുവ ദനീയം; ആ പരിധി വിട്ട് സാമൂഹ്യവശത്തേക്കു കടക്കുവാൻ അവർക്ക വകാശമില്ലായിരുന്നു; അവസരവും സ്വാതന്ത്ര്യവുമില്ലായിരുന്നു. പിതൃ സ്വത്തും, പിതൃഭരണവും, പൊതു കീഴ്‌വഴക്കവും നിയമവുമായിരുന്നു. മാതാ വിന് കുഞ്ഞുങ്ങളെ വളർത്തുന്നതിനപ്പുറത്ത്, വീട്ടിലെ ഭരണകാര്യങ്ങളിൽ കൂടുതലൊന്നും ഇടപെടാനനുവാദമില്ലായിരുന്നു. പെൺമക്കൾക്ക് പിതൃസ്വ ത്തിൽ അവകാശമില്ലായിരുന്നു. നായർ സമൂഹത്തിൽ മരുമക്കത്തായം നില നിന്നിരുന്നു. സ്ത്രീകൾക്ക് വീട്ടിൽ സ്ഥാനമുണ്ടെങ്കിലും സമൂഹത്തിലേ യ്ക്കവർ ഇറങ്ങാറില്ലായിരുന്നു. ഹൈന്ദവസ്ത്രീകൾക്ക് അമ്പലത്തിൽ പോകാനോ, ക്രൈസ്തവ സ്ത്രീകൾക്ക് പള്ളിയിലെ തിരുഃകർമ്മങ്ങൾ വിട്ട് മറ്റാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനോ പൊതുവെ അനുവാദവും അംഗീ കാരവുമില്ലായിരുന്നു. കുടുംബത്തിലേയ്ക്കു വരുമാനമുണ്ടാക്കാവുന്ന യാതൊരു തൊഴിലുകളിലും ഉയർന്ന ജാതിയിൽപ്പെട്ട സ്ത്രീകൾ ഏർപ്പെട്ടി രുന്നില്ല. ഹരിജനങ്ങളിൽപ്പെട്ടവർ എന്തെങ്കിലും താഴ്ന്നതരം കൂലിവേലക ളിൽ ഏർപ്പെട്ടിരുന്നതുമാത്രമാണ് ഒരപവാദം. അവിടെയും കടുത്ത പുരുഷ മേൽക്കോയ്മയും അതിന്റേതായ അവമതിയും അവർക്കു നേരിടേണ്ടതായു വന്നിരുന്നു. 19-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിവരെയുള്ള കേരളസ്ത്രീകളുടെ അവസ്ഥയായിരുന്നു ഇത്.

19-ാം നൂറ്റാണ്ടായപ്പോഴേയ്ക്കും കേരളസഭ വൈദേശികസഭകളുടെ സ്വാധീനശക്തികൾക്കു വിധേയമാവുകയും തൽഫലമായി അഞ്ചു പ്രധാന ശാഖകളായി പിരിയുകയും ചെയ്തു. *റോമൻ കത്തോലിക്കാസഭ*, *യാക്കോ ബായ സുറിയാനി സഭ*, തൃശൂർ കേന്ദ്രീകരിച്ചുള്ള *നെസ്തോറിയൻ സ* പ്രൊട്ടസ്റ്റന്റു വിഭാഗമായ *ചർച്ച് ഓഫ് സൗത്ത് ഇൻഡ്യ* (സി.എസ്സ്.ഐ യാക്കോബായസഭയിൽനിന്നു രൂപപ്പെട്ട *മാർത്തോമ്മാസഭ* ഇവയാണ് പ്രസ്തുത അഞ്ചുസഭകൾ. ഇവ കൂടാതെ പല ചെറുസഭകളും ദൗത്യന ...ങ്ങളായി സഭാവിഭാഗങ്ങളുടെ എണ്ണം പെരുകിക്കൊണ്ടുമിരുന്നു.

സഭയുടെ ആരാധനാക്രമത്തിലാകട്ടെ ഏകീകരണമോ, പാരമ്പര്യങ്ങൾക്കനുസരിച്ചുള്ള നടപടിക്രമങ്ങളോ ഒന്നും നിയതമായി ഇല്ലായിരുന്നു. 1653-ലെ കൂനൻ കുരിശു സത്യത്തിനു മുമ്പ് കേരളത്തിൽ അവിടെയുമിവിടെയും രൂപം കൊണ്ടുവന്ന ക്രൈസ്തവ സന്യാസജീവിതവും പാടെ ഇല്ലെന്നായി തുടങ്ങിയിരുന്നു. മൽപ്പാന്മാരുടെ വ്യക്തിപരമായ ചുമതലയിലും ചിട്ടയിലുമായി മാത്രമാണ് വൈദികപരിശീലനംപോലും നൽകപ്പെട്ടിരുന്നത്. വ്യവസ്ഥാപിത ചിട്ടകളോടെയുള്ള സെമിനാരികൾ ഉണ്ടായിരുന്നില്ല. വിദേശ സന്യാസിനി സഭകൾക്കു ഇന്ത്യയിൽ കേന്ദ്രങ്ങൾ ഉണ്ടായിരുന്നുവെങ്കിലും തദ്ദേശീയ സന്യാസിനീ സമൂഹം എന്ന ഒരു സങ്കൽപം തന്നെ ഉടലെടുത്തിരുന്നില്ല. വൈദികർക്കോ ജനങ്ങൾക്കോ ആത്മീയോൽക്കർഷം പകരാൻ സഹായിക്കുന്ന ധ്യാനപരിപാടികളോ ഞായറാഴ്ച പ്രസംഗങ്ങളോ നടപ്പിലില്ലായിരുന്നു.

19-ാം നൂറ്റാണ്ടിലെ രാഷ്ട്രീയവും, സാമൂഹ്യവും, മതപരവുമായ അവസ്ഥാവിശേഷങ്ങൾ പരിശോധിച്ചാൽ എല്ലാ മേഖലകളിലും സമാനമായ ധാരാളം പരിമിതികൾ കണ്ടെത്താനാകും. കീഴ്വഴക്കങ്ങൾ പൊളിച്ചെഴുതുന്നതിനു നേതൃത്വംകൊടുക്കാനും ആരും മുന്നോട്ടില്ലായിരുന്നു. സഭാതലത്തിൽ 16-ാം നൂറ്റാണ്ടുമുതൽ കടന്നുകൂടിയ ശീശ്മകൾക്കെതിരായും, സ്വയംഭരണാവകാശം സമ്പാദിക്കുന്നതിനുവേണ്ടിയും ആർച്ചുഡീക്കന്മാരും, പറമ്പിൽ ചാണ്ടി മെത്രാൻ, കരിയാറ്റി ജോസഫ് കത്തനാർ, പാറേമ്മാക്കൽ ഗോവർണ്ണദോർ തുടങ്ങിയവരുമെല്ലാം വലിയ ത്യാഗത്തോടെ പ്രവർത്തിച്ചിട്ടുണ്ട്. എങ്കിലും ഇവർക്കാർക്കും തന്നെ സമുദായോദ്ധാരണത്തെയോ, ആത്മീയ പുരോഗതിയേയോ ലക്ഷ്യം വെച്ചുകൊണ്ട് പദ്ധതികൾ ദീർഘവീക്ഷണത്തോടെ ആവിഷ്ക്കരിച്ചു നടപ്പിൽ വരുത്തുവാൻ ഒരുപക്ഷേ സാഹചര്യങ്ങൾ കൊണ്ടാവാം സാധിച്ചില്ല. പൊതുസമൂഹസൃഷ്ടി എന്ന ഒരു ലക്ഷ്യം അവരുടെ ശ്രദ്ധയിൽ പെട്ടതായോ അതിനുവേണ്ടി ഏകോപിതമായ ശ്രമങ്ങൾ നടന്നതായോ ചൂണ്ടിക്കാട്ടാനാകുന്നുമില്ല.

ആത്മീയ നവോത്ഥാനത്തിന്, സാമൂഹ്യനവോത്ഥാനത്തിനു, നേതൃത്വം കൊടുക്കണമെങ്കിൽ വിശ്വദർശികളായ ആത്മീയാചാര്യന്മാർ അവതരിക്കണം. അവർക്കു മാത്രമേ അതു സാധിക്കയുള്ളു. കേരളത്തിന്റെ സാമൂഹ്യവും സാംസ്കാരികവും മതപരവുമായ മേഖലകളിൽ ഒരു നവോത്ഥാന യജ്ഞത്തിന് മാർഗദർശിയായിത്തീരുവാൻ ദൈവത്താൽ അയയ്ക്കപ്പെട്ട ഒരു പ്രവാചകൻ എന്ന നിലയിൽ ചാവറ പിതാവിനെ ചരിത്രം പ്രതിഷ്ഠിക്കുന്നതു ഈ പരിമിതികളുടെ തുടർച്ചയായുള്ള സന്ധിയിൽ അദ്ദേഹം ഏറ്റെടുത്ത നിയോഗങ്ങളുടെയും നിവർത്തിച്ച വിപ്ലവകരങ്ങളായ സാമൂഹ്യ പരിഷ്ക്കാരങ്ങളുടെയും പേരിലാണ്.

■

## പരാമർശ സൂചിക


1. ശ്രീധരമേനോൻ എ. • *കേരളചരിത്രം* (പ്രിന്റേഴ്സ് ആൻഡ് പബ്ലിഷേഴ്സ്, ചെന്നൈ, 2001). 30
2. ശ്രീധരമേനോൻ എ. • *കേരളചരിത്രം*. 1-16
3. George Woodcock • *Kerala*, London, 1976. 26-68
4. Zachner R.C. • *Hinduism*, Oxford University Press, 1983. 1ff
5. Thomas Puthiakunnel • *Jewish Colonies of India paved the way for St. Thomas in the Christian Encyclopaedia of India*, 1973, Vol.2. 27
6. Woodcock • *Kerala*. 33
7. ശ്രീധരമേനോൻ എ. • *കേരളചരിത്രം*. 131
8. ശ്രീധരമേനോൻ എ. • *കേരളചരിത്രം*. 18-41; 72-83.
9. Henry Austin • *Heritage from Thomas* in St. Thomas Centenary Souvenier, Ernakulam 1977. 142
10. Devaraja N.K. • *Hinduism and Christianity*, Bombay 1969. back cover
11. Placid Podipara • *"Hindu in Culture, Christian in Religion and Oriental in worship" in St. Thomas Christian Encyclopaedia*: George Menacherry, Vol. 1/0, 1973. 107
12. Mundadan Am • *Origins of Christianity in India, Alleppey* 1972. 18
13. Perumalil A.C. • *The Apostle in India*, Patna, 1971. 49-81
14. Woodcock • *Kerala*. 110, 111
15. ശ്രീധരമേനോൻ എ. • *കേരളചരിത്രം*. 31
16. കൊടുങ്ങല്ലൂരിനു *മുസിരിസ്* എന്നായിരുന്നു പൂർവനാമം. *മാല്യങ്കരയിൽ* വന്നിറങ്ങിയവരുടെ വിശ്വാസ പിൻതുടർച്ചക്കാർ എന്ന നിലയിലാണു *മല*ങ്കരക്കാർ, *മലങ്കര* എന്നീ വിശേഷണങ്ങളുണ്ടായതത്രെ • *എഡിറ്റർ*.
17. Xavier Koodapuzha • *The Indian Church of the Thomas Christians in Christianity orient*, Vol. 1. No. 1. Kottayam. 23
18. Mundadan • *Origins of Christianity in India*, in *Christianity in India* Alleppy. 27
19. Brhadaranyaka Upanishad II. 3:28
20. ആർച്ച്ബിഷപ്പ് മെനേസിസിസന്റെ ഏറെനാളത്തെ ആലോചനയുടെയു ആസൂത്രണത്തിന്റെയും ഫലമായി രൂപം ചേർന്ന ഈ സൂനഹദോസ് 159 ജൂൺ 20-ാം തീയതി ഉദയംപേരൂരിൽ ആരംഭിച്ചു. നൂറ്റാണ്ടുകളായി കേര

സഭയും പേർഷ്യൻ സഭയും തമ്മിൽ പുലർത്തിപ്പോന്നിരുന്ന ബന്ധം ഒറ്റയടിക്ക് നിർത്തലാക്കി. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആരാധനാ ക്രമത്തിലും ആചാര്യമര്യാദകളിലും സാരമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തു. Joans Thaliath • *The Synod of Diamper.*

21. മാർപ്പാപ്പാ നിയോഗിച്ചയച്ചതെന്ന് തെറ്റിദ്ധരിപ്പിച്ച് ഇൻഡ്യയുടെയും ചൈനയുടെയും പാത്രിയർക്കീസായ ഇഗ്നാത്യോസ് എന്ന് സ്വയം വിശേഷിപ്പിച്ച് ബാഗ്ദാദിൽനിന്ന് 1652-ൽ ഇവിടെ എത്തിയ അഹത്തുള്ള എന്ന പാത്രിയാർക്കീസിനെ ജനം ആവേശപൂർവ്വം സ്വീകരിക്കാനൊരുങ്ങി. എന്നാൽ ജനങ്ങളെ ഇതിൽ നിന്നു തടയുകയും അദ്ദേഹത്തെ ഗോവയിലേയ്ക്ക് നാടുകടത്തുകയും ചെയ്ത ഈശോസഭാവൈദികർക്കെതിരായി മാർത്തോമ്മാ ക്രിസ്ത്യാനികളും വൈദികരും മട്ടാഞ്ചേരിയിലെ വിശുദ്ധ മാതാവിന്റെ പള്ളിയിൽ ഒന്നിച്ചുകൂടി. ആർച്ചു ഡീക്കനും വൈദികരും അൾത്താരയിലെ വേദപുസ്തകം തൊട്ട് *മേലിൽ ഈശോ സഭാ പാതിരിമാരുടെ കീഴിലിരിക്കയില്ല* എന്നു ശപഥം ചെയ്തു. ജനങ്ങൾ മുറ്റത്തുള്ള കുരിശിൽ ആലാത്തുകെട്ടി അതിൽ തൊട്ടുകൊണ്ട് ശപഥം ഏറ്റുചൊല്ലി. ഇതാണ് 1653 ജനുവരി 3-ലെ '*കൂനൻ കുരിശുസത്യം*'. സുറിയാനിസഭയുടെ പിളർപ്പിന്റെയും, 1653 മെയ് 22-ാം തീയതി ആലങ്ങാട്ടു പള്ളിയിൽ വെച്ച് 12 വൈദികർ ചേർന്ന് ആർച്ച് ഡീക്കനെ മെത്രാനാക്കി അഭിഷേകിച്ചതിന്റെയും തുടക്കസംഭവം ഇതായിരുന്നു. Jacob Kollaparampil • *The St. Thomas Christian's Revolution in 1653.*

22. George Koilparampil • *Caste in the Catholic Community in Kerala, 1982.* 88-90

23. *തിരുവിതാംകൂർ സ്റ്റെയിറ്റ് മാനുവൽ* Vol. II. 145

24. Francis Dai, *Land of Perumals.* 219

25. *Barreto Relatione Della Missioni*, *വാഴ്ത്തപ്പെട്ട ദിവ്യ ശ്രീ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ* • ഫാ. വലേരിയൻ സി.ഡി., മാന്നാനം, 1939. 5

26. ശ്രീധരമേനോൻ എ. • *കാലത്തിനു മുമ്പേ നടന്ന നവോത്ഥാന നായകൻ, ചാവറയച്ചൻ, (ed)* • ദീപിക, 2004. 17, 18

27. ശ്രീധരമേനോൻ എ. • *ചാവറയച്ചൻ.* 17-20

രണ്ട്

# ബാല്യകൗമാരക്കാഴ്ചകൾ

മനുഷ്യരെ കേന്ദ്രീകരിച്ചാണ് ലോകത്തിന്റെ ചരിത്രം രൂപംകൊള്ളുന്നത്. മനുഷ്യന്റെ ജനനംകൊണ്ട് ഒരു നാട് അനുഗൃഹീതമാകയും അറിയപ്പെടുകയും ചെയ്യാറുണ്ട്. മഹാത്മാഗാന്ധിയുടെ ജനനംകൊണ്ട് ഗുജറാത്തിലെ പോർബന്തർ ലോകഭൂപടത്തിൽ അറിയപ്പെടുന്ന സ്ഥലമായിത്തീർന്നു. അസീസ്സിയിലെ വിശുദ്ധ ഫ്രാൻസീസിനെ അറിയാത്തവർ ചുരുക്കമാണ്. അദ്ദേഹത്തിന്റെ ജന്മംമൂലമാണ് അസീസ്സി പട്ടണം ഇന്ന് ഇത്രയധികം അറിയപ്പെടുന്നത്. കുടമാളൂർ ഗ്രാമം തീർത്ഥാടകരെ ആകർഷിക്കുവാനിടയായത് അൽഫോൻസാമ്മയുടെ ജന്മംകൊണ്ട് അനുഗൃഹീതമായ ഭവനം അവിടെ ഉള്ളതുകൊണ്ടാണ്.

കടലും കായലും, തോടുകളും പുഴകളും കൊണ്ട് ഇടപാകി അതിനിടയിലുള്ള പച്ചപ്പട്ടുവിരിച്ച നെൽപ്പാടങ്ങൾക്കും കായലോരങ്ങൾക്കും വരമ്പുവേലികൾ നിർമ്മിച്ച കേരതരുക്കൾ തലയാട്ടി ആഗതരെ സ്വാഗതം ചെയ്യുന്നതുകൊണ്ടോ ഇവയെല്ലാം കണ്ണിനും മനസ്സിനും സൗകുമാര്യസൗഭാഗ്യം പകരുന്നതുകൊണ്ടോ  മാത്രമല്ല കുട്ടനാട് ഇന്ന് കൂടുതൽ ആകർഷിക്കപ്പെടുന്നത്. കുട്ടനാടിന്റെയും തിരുഃസഭയുടെയും സുകൃതഭാഗ്യമായ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ജന്മംകൊണ്ട് പവിത്രമായ വീട് കൈനകരിയിൽ സ്ഥിതമായിരിക്കുന്നതുകൊണ്ടുകൂടിയുമാണ്. വള്ളത്തിലൂടെയും ബോട്ടിലൂടെയും കുട്ടനാടിലൂടെ ഒഴുകാൻ തീർത്ഥാടകരുണ്ടായതും ടൂറിസ്റ്റുകൾക്കുപോലും മനസ്സിനും ആത്മാവിനും കുളിർമ പകരുന്ന ആശ്വാസകേന്ദ്രമായി കൈനകരി മാറിയതും അദ്ദേഹത്തിന്റെ ജന്മഗൃഹം അവിടെയുള്ളതുകൊണ്ടാണ്.

## കുട്ടനാടിനുമുണ്ടൊരു കഥ

ചരിത്രം ഉറങ്ങിക്കിടക്കുന്നതും കവികളെയും കലാകാരന്മാരെയും ഒരുപോലെ ആകർഷിക്കുന്നതും രാജാക്കന്മാർക്കും സന്യാസികൾക്കും ഒരു

പോലെ സ്വീകാര്യമായിത്തീർന്നതുമായ കുട്ടനാട് ഐതിഹ്യകല്പനകളിലെ വൈവിധ്യമാർന്ന ചിത്രങ്ങളിലും മിഴിവാർന്നു തെളിയുന്ന ഏകത്വത്താലും ശ്രദ്ധേയമാണ്.

മഹാഭാരതത്തിലെ *ഖാണ്ഡവദഹനം* കഥയുമായി കുട്ടനാടിനെ ബന്ധപ്പെടുത്തി പരാമർശിക്കാറുണ്ട്. ഒരുകാലത്ത് വൻകാടായിരുന്ന ഇവിടം, *ഖാണ്ഡവവനം*, അഗ്നിക്കിരയായത്രെ. അങ്ങിനെ *ചുട്ടനാട്* കാലക്രമത്തിൽ *കുട്ടനാടായി*. കുറെ കാലത്തിനുള്ളിൽ ഈ പ്രദേശം പടിഞ്ഞാറൻ കടൽ വെള്ളത്താൽ മൂടപ്പെടുകയും ചെയ്തു. ഈ ഐതിഹ്യത്തിനാണ് ഇന്ന് പ്രാമുഖ്യം. ചങ്ങനാശ്ശേരിവരെയുള്ള പ്രദേശം ഒരുകാലത്ത് വെള്ളത്തിനടിയിലായിരുന്നു എന്നും പറയപ്പെടുന്നുണ്ടല്ലോ.

ഇവിടങ്ങളിൽ പലയിടങ്ങളിൽ നിന്നും മണ്ണിനടിയിൽനിന്നു ദ്രവിച്ച തടിക്കഷണങ്ങൾ കണ്ടുകിട്ടുന്നതുകൊണ്ടും *കരി* ചേർന്നുള്ള സ്ഥലപ്പേരുകൾ ഈ നാട്ടിൽ ധാരാളം ഉള്ളതുകൊണ്ടും കുട്ടനാടൻ പ്രദേശങ്ങൾ കരിയുള്ള ചതുപ്പുപ്രദേശങ്ങളായിരുന്നു എന്നതിൽ സംശയിക്കാനില്ല. *കൈനകരി, ചേന്നങ്കരി, മിത്രക്കരി, രാമങ്കരി, മേനോൻകരി...* എന്നിങ്ങനെ പന്ത്രണ്ടിലേറെ സ്ഥലങ്ങൾ *കരി* എന്ന വാക്കുചേർന്ന സ്ഥലങ്ങളാണ്.

ശ്രീബുദ്ധനെ കേന്ദ്രീകരിച്ചും കുട്ടനാട്ടിൽ ഒരൈതിഹ്യം പ്രാബല്യത്തിലുണ്ട്. സംഘകാല സാഹിത്യകൃതികളിൽനിന്നാണ് കുട്ടനാടിനെക്കുറിച്ചും ഇവിടുത്തെ ചേര രാജാക്കന്മാരുടെ ഭരണത്തെക്കുറിച്ചും നാം അറിയുന്നത്. *ചേര, ചോള, പാണ്ഡ്യ* രാജാക്കന്മാർ ബുദ്ധമതക്കാരുമായി ബന്ധമുള്ളവരായിരുന്നു. *ഭരണിക്കാവ്, മാവേലിക്കര, കരുമാടി* എന്നീ പ്രദേശങ്ങളിൽനിന്നു കണ്ടുകിട്ടിയിട്ടുള്ള ബുദ്ധപ്രതിമകൾ തെളിയിക്കുന്നത് ഇവിടങ്ങളിൽ ബുദ്ധവിഹാരങ്ങൾ ഉണ്ടായിരുന്നു എന്നാണല്ലോ. *അമ്പലപ്പുഴയ്ക്കും തൃക്കുന്നപ്പുഴയ്ക്കുമിടയിലുള്ള* ബുദ്ധമതകേന്ദ്രമായിരുന്നു *ശ്രീമൂലവാസം*. ശ്രീബുദ്ധനെ കുട്ടനെന്നും വിളിക്കുമായിരുന്നു. *കുട്ടന്റെ നാടാണ് കുട്ടനാടായി* മാറിയത്.

പിന്നീട് ഹിന്ദുമതപ്രഭാവകാലമായിരുന്നു കുട്ടനാട്ടിൽ. ഇന്നുള്ള വേമ്പനാട്ടുകായലിനോടുചേർന്നു കിടന്നിരുന്ന നാടായിരുന്നു *വെമ്പലനാട്*. ഇത് പിന്നീട് *തെക്കൻകൂറും വടക്കൻകൂറു*മായി പിരിഞ്ഞു. ഇതിനോടു ചേർന്നു കിടന്നിരുന്ന *പ്രാക്കാട്ടുരാജ്യം* വളർന്ന് *ചെമ്പകശ്ശേരി*യായി മാറി. *വെമ്പലനാട്* വേമ്പനാട്ടുകായലുമായി.

12-ാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിൽ കുട്ടനാട്ടിലെ അധികപ്രദേശങ്ങളും ചതുപ്പുനിലങ്ങളായിരുന്നു. കായലുകളും പുഴകളും തോടുകളും തലങ്ങും വിലങ്ങും കള്ളികൾ തിരിച്ച ഇടയിലൂടെ കുറെ കരഭൂമികൾ മാത്രം. ഒരുകാലത്ത് ജലനിബിഡമായിരുന്ന ഈ പ്രദേശം ഇന്നു കാണുന്നവിധം കൂടുതൽ കരഭൂമിയായി മാറിയത് മനുഷ്യരുടെ കഠിനാദ്ധ്വാനത്തിന്റെ ഫലമായാണ്. അവർ തറകൾ കെട്ടിപൊക്കി. *മുണ്ടടിത്തറ, പൊട്ടന്തറ, പഴയതറ,*

*കൊച്ചുതറ, നാരകത്തറ, പുത്തൻതറ...* എന്നിങ്ങനെ കരഭാഗം പലതായി. അവിടങ്ങളിൽ മനുഷ്യവാസവും ഉണ്ടായി. അവർണ്ണരാണ് ഈ യജ്ഞം ആരംഭിച്ചത്. *പുലയ, പറയ* ജാതികളാണ് യഥാർത്ഥത്തിൽ കുട്ടനാടിലെ മണ്ണിന്റെ, കായൽ നികത്തിയ മണ്ണിന്റെയും, മക്കൾ. ഇവരെ കുട്ടനാടിന്റെ *കറുത്തദൈവങ്ങളെന്നു* ബഹുമാനപൂർവ്വം വിളിക്കണം. ഇവരാണ് *കിഴക്കിന്റെ വെനീസ്* സൃഷ്ടിച്ചത്. ഇവരാണ് കേരളത്തിന്റെ നെല്ലറയുടെ ശില്പികളും.

ആലപ്പുഴ മുതൽ കൊച്ചിവരെ 84 കിലോമീറ്റർ നീളവും 204 സ്ക്വയർ കി.മീറ്റർ വിസ്താരവുമുള്ള വേമ്പനാട്ടുകായലിന് ഏറ്റം വീതികൂടിയ ഭാഗത്ത് 15 കിലോമീറ്ററും ശരാശരി 3.2 കിലോമീറ്ററും വീതിയുണ്ട്. 59.57 സ്ക്വയർ കിലോമീറ്റർ ഉണ്ട് കായംകുളം കായൽ. കുട്ടനാടിന്റെ ഹൃദയധമനിയായ പമ്പയാർ 196 കി.മീറ്റർ നീളമുള്ള കേരളത്തിലെ മൂന്നാമത്തെ വലിയ നദിയും പുണ്യനദിയുമാണ്. രാമായണപ്രസിദ്ധമായ നദിയാണിത്. പാപങ്ങളെ നശിപ്പിച്ച് പലായനം ചെയ്യിക്കുന്നതിലൂടെയാണ് *പമ്പ* എന്ന പേരുണ്ടായത് എന്നൊരു ചൊല്ലും നാട്ടിലുണ്ട്. കേരളത്തിലെ പ്രസിദ്ധ ഹൈന്ദവ തീർത്ഥാടന കേന്ദ്രമായ *ശബരിമല*യിലേയ്ക്കു കയറുന്നത് പമ്പാനദി കടന്നുവേണം. *പമ്പാനദി*യും, *അച്ചൻകോവിലാറും*, *മീനച്ചിലാറും* മറ്റനവധി തോടുകളുമായി *ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം* ജില്ലകളിലെ *ചേർത്തല, അമ്പലപ്പുഴ, കുട്ടനാട്, കാർത്തികപ്പള്ളി, തിരുവല്ല, ചെങ്ങന്നൂർ* എന്നീ ഏഴു താലൂക്കുകളിൽ നിറഞ്ഞുനിൽക്കുന്ന ഭൂപ്രദേശമാണ് കുട്ടനാട്[1]. കുട്ടനാടിനെ കൂടുതൽ ആകർഷകമാക്കുന്നത് വെള്ളംതന്നെ. വള്ളത്തിലൂടെ, ബോട്ടിലൂടെയുള്ള യാത്ര എന്നും ഉന്മേഷം പകരുന്ന ഒരു കൗതുകാനുഭവമാണ്. എറണാകുളം, ആലപ്പുഴ, കോട്ടയം, ചങ്ങനാശ്ശേരി, കൊല്ലം എന്നീ വ്യവസായ-സാംസ്കാരിക കേന്ദ്രങ്ങളെയെല്ലാം ജലധാര കൂട്ടിയോജിപ്പിക്കുന്നു.

## പകലോമറ്റം കുടുംബം കടന്നുവന്ന വഴികൾ

മനുഷ്യരുടെ ഇടയിലെ ദൈവത്തിന്റെ ഇടപെടലിന് ഒരു ചരിത്രമുണ്ട്. ദൈവത്തിൽ നിന്നകന്നുപോയ മനുഷ്യരെ തേടിയിറങ്ങിയ ദൈവത്തെ മനുഷ്യനായി അവതരിച്ച യേശുക്രിസ്തുവിലൂടെ മനുഷ്യർ കണ്ടെത്തി. ദൈവത്തിലേയ്ക്കും സഹജീവികളിലേയ്ക്കുമുള്ള വഴി ദൈവം വീണ്ടും തുറന്നിട്ടു. മനുഷ്യപ്രകൃതിയിൽ കടന്നുകൂടിയിരിക്കുന്ന വൈകല്യം സ്നേഹരാഹിത്യത്തിലൂടെ വീണ്ടും വഴിയടയ്ക്കുവാൻ നിമിത്തമാകുന്നു. ഇവിടെ ദൈവം മനുഷ്യരെത്തന്നെ ഉപകരണമാക്കുന്നു. മനുഷ്യരെ തിരുത്തുവാനും സഹായിക്കുവാനും മനുഷ്യർക്കിടയിൽനിന്നും പുണ്യാത്മാക്കളെ നിയോഗിക്കുന്നു. 19-ാം നൂറ്റാണ്ടിലെ കേരളകത്തോലിക്കാസഭയുടെ നവോത്ഥാന നായകനായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവ്. അദ്ദേഹത്തിന്റെ ജനനംകൊണ്ടും ജീവിതംകൊണ്ടും

കേരളത്തെ ദൈവത്തിന്റെ നാടിനോടു കൂടുതലടുപ്പിക്കുവാൻ ദൈവം നിശ്ച യിച്ചിരുന്നിരിക്കണം.

ഒരു വിശുദ്ധന്റെ അവതാരം എന്നത് കേവലം പ്രത്യക്ഷമായ ഒരു കുടുംബത്തിൽനിന്നും, മാതാപിതാക്കളിൽനിന്നുമുള്ള സാധാരണ പിറവി യല്ല. പതിറ്റാണ്ടുകളായുള്ള, നൂറ്റാണ്ടുകളായുള്ള ഒരു ജനതയുടെ, സമൂഹ ത്തിന്റെ സമർപ്പിതമായ പ്രാർത്ഥനയുടെയും പ്രതീക്ഷയുടെയും ധ്യാനഫല മായാണ് അവതാരപിറവി എന്നു വിശ്രുതനായ ഒരു സാഹിത്യകാരൻ പറ ഞ്ഞത് ഈ സന്ദർഭത്തിൽ സ്മരണീയമാണ്.[2] ദൈവം അയക്കുന്ന മനുഷ്യനെ സ്വീകരിക്കുവാൻ ഒരു വീടിനെയും ഒരു നാടിനെയും ഒരുക്കും; അതിന്റെ തുടർച്ചയിൽ സമൂഹത്തെയും. അവരുടെ പ്രാർത്ഥനകളുടെയും പ്രത്യാശ യുടെ ജപഫലമായാണ് യുഗപുരുഷന്റെ അവതാരം. ഇപ്രകാരം കുട്ടനാടി നെയും അതിലെ കൈനകരിയേും ദൈവം ഒരുക്കി. അതിനായുള്ള ആ നാടി ന്റെയും നാട്ടുകാരുടെയും കാത്തിരിപ്പിലെ ധ്യാനജപങ്ങൾ ആ ഒരുക്കത്തിൽ ഇഴചേർന്നിരുന്നു.

ഏതാണ്ടു മുന്നൂറു വർഷം മുമ്പ് കൈനകരി ഒരു ചതുപ്പുപ്രദേശമായി രുന്നു; മുതലകളുടെയും ചീങ്കണ്ണികളുടെയും ആവാസകേന്ദ്രവും. ആറ്റുതീ രത്തുനിന്നും ഉയർന്നുനിൽക്കുന്ന ഫലഭൂയിഷ്ഠമായ തുണ്ടുഭൂമികളിൽ ചെമ്പകശ്ശേരി രാജാവിന്റെ കുടുംബത്തിൽപെട്ട ചിലരാണ് താമസിച്ചിരുന്നത്. അവരുടെ വീടുകളെ മഠങ്ങൾ എന്നും കൂട്ടിവിളിച്ചിരുന്നു. ഇവരോടൊപ്പം കുറെ നായർ കുടുംബങ്ങളും, ആശ്രിതരായ ഈഴവരും പുലയരും ഇവിടെ ജീവിച്ചിരുന്നു. ഇവരുടെ കഠിനാദ്ധ്വാനഫലമായി കായലുകൾ കരയായി മാറി. അങ്ങിനെ *കൈയ്യിനാൽ കരയുണ്ടായി*, കൈനകരി.

കൃഷിയിടങ്ങളും ആളുകളും വർദ്ധിച്ചു. തെങ്ങും നെല്ലും വിളവേകി. തീണ്ടലും തൊടീലുമുള്ള കാലം; തേങ്ങ ആട്ടി എണ്ണ കിട്ടണമെങ്കിൽ ആല പ്പുഴ തത്തംപള്ളിയിൽ പോകണം.

നാട്ടിൽ പരക്കെ ഒരു വിശ്വാസമുണ്ട്; താഴ്ന്ന ജാതിക്കാർ തൊട്ട് അശുദ്ധ മായ വസ്തുക്കൾ നസ്രാണി ക്രിസ്ത്യാനികൾ തൊട്ടാൽ ശുദ്ധമാകുമത്രേ. നസ്രാണികൾ പൊതുവെ ശക്തരുമാണല്ലോ. ഈ കാരണങ്ങളാൽ രാജ കൊട്ടാരങ്ങളോടും വലിയ ബ്രാഹ്മണകുടുംബങ്ങളോടും ചേർന്ന് ക്രിസ്ത്യാ നികളെ ആശ്രിതരായി നിർത്തുന്ന പതിവുണ്ടായിരുന്നു. കൈനകരിയിൽ താമസമാക്കിയ മുക്കാട്ടുമഠത്തിനും ക്രിസ്ത്യാനിയുടെ സാന്നിദ്ധ്യം ആവ ശ്യമായി. കുറവിലങ്ങാട്ടുനിന്നും *പകലോമറ്റ*ത്തിൽപെട്ട ഒരു കുടുംബം ഇവ രുടെ ആശ്രിതരായി കൈനകരിയിൽ വന്നു താമസമാക്കി. ഈ കുടുംബം പിന്നീടു *മുക്കാട്* എന്നപേരിൽതന്നെ അറിയപ്പെട്ടു.[3]

പകലോമറ്റം കുടുംബത്തിന്റെ തുടക്കം പാലയൂർദേശത്താണ്. ക്രിസ്തു വിന്റെ പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരുവനായിരുന്ന വിശുദ്ധ തോമാസ്

ശ്ലീഹായുടെ കേരളത്തിലെ മിഷനറി പ്രവർത്തനം പ്രധാനമായും *കൊടുങ്ങല്ലൂർ, പാലയൂർ, കൊല്ലം, കോട്ടക്കാവ്, കോക്കമംഗലം, നിലയ്ക്കൽ (ചായൽ) നിരണം, തിരുവാങ്കോട്* എന്നീ സ്ഥലങ്ങളെ കേന്ദ്രീകരിച്ചായിരുന്നു. പാലയൂരിൽ തോമാസ്ശ്ലീഹാ സ്നാനം നൽകിയ ആദ്യകുടുംബങ്ങളിൽ പെടുന്ന നാലു കുടംബങ്ങളാണ് *കള്ളി, കാളിയൻകാവ്, ശങ്കരപുരി, പകലോമറ്റം* എന്നിവ. ഈ കുടുംബങ്ങളിൽ നിന്നാണ് 16-ാം നൂറ്റാണ്ടുവരെ മെത്രാന്മാരേയും വൈദികരേയും തിരഞ്ഞെടുത്തിരുന്നത് എന്നൊരു പാരമ്പര്യവും നിലനിൽക്കുന്നു.

ലേവി ഗോത്രത്തിൽനിന്ന് മോശയേയും അഹറോനെയും തുടർന്നു ഇസ്രായേലിന്റെ പുരോഹിതരേയും തിരഞ്ഞെടുത്തിരുന്നതുപോലെ കേരള സഭയുടെ പാരമ്പര്യത്തിലും പകലോമറ്റം കുടംബങ്ങളിൽ നിന്നായിരുന്നു ആർച്ചുഡീക്കന്മാരെ തിരഞ്ഞെടുത്തിരുന്നത്. പോർട്ടുഗീസുകാരുടെയും അവർ വഴി *പദ്രുവാദോ* സംവിധാനത്തിന്റെയും കടന്നുവരവോടെ കണ്ണിമുറിഞ്ഞുപോയ ഈ പാരമ്പര്യത്തിൽ 19-ാം നൂറ്റാണ്ടിൽ ചാവറയച്ചന്റെ ആവിർഭാവത്തോടെയാണ് പകലോമറ്റം കുടുംബത്തിൽ നിന്ന് മറ്റൊരാൾ ആ വൈദികസരണിയിൽ ഉണ്ടായത്. ആർച്ചുഡീക്കന്റെ സ്ഥാനത്തിനു തുല്യമായ വികാരി ജനറാൾ സ്ഥാനത്തേക്ക് അദ്ദേഹത്തെ പിന്നീട് ഉയർത്തുകയുമുണ്ടായല്ലോ. പിന്നീടങ്ങോട്ട് മാനുഷിക പദ്ധതി എന്നതിലുപരിയായി, ദൈവീക പരിപാലനത്തിലൂടെ പകലോമറ്റം കുടുംബപാരമ്പര്യത്തിൽ നിന്നു തന്നെയുള്ള സ്വജാതിമെത്രാന്മാരായ ലൂയിസ് പഴേപറമ്പിലും, തോമസ് കുര്യാളശ്ശേരിയും ജെയിംസ് കാളാശ്ശേരിയും കുട്ടനാട്ടിൽനിന്നുതന്നെ ഉണ്ടായി. കുടുംബത്തെ കേന്ദ്രീകരിച്ച് സഭയിൽ അധികാരസ്ഥാനങ്ങൾ ഏല്പിക്കുക എന്ന ക്രമം ഇന്നു തിരുഃസഭയിൽ നടപ്പിലില്ല.

പാലയൂരിൽ തോമസ് അപ്പസ്തോലൻ സ്നാനം നൽകിയ കുടംബങ്ങളിൽ ഒന്നാണ് പകലോമറ്റം എന്നു പറഞ്ഞുവല്ലോ. പകലോമറ്റം കുടുംബത്തിൽ നിന്ന് ചിലർ കുറവിലങ്ങാട്ടേയ്ക്ക് കുടിയേറിപാർത്തു. ഇന്നും കുറവിലങ്ങാട്ട് പ്രദേശത്ത് ഈ വീട്ടുപേരിലുള്ള പല കുടുംബങ്ങൾ ഉണ്ട്. ആദ്യ നൂറ്റാണ്ടുമുതൽ തന്നെ ക്രിസ്തീയ പരമ്പര്യമുള്ള ഒരു പ്രദേശമാണ് കുറവിലങ്ങാട് എന്ന് കേരളസഭാചരിത്രകാരന്മാരും സൂചിപ്പിക്കുന്നുണ്ട്.

ചുരുങ്ങിയത് മുന്നൂറു വർഷങ്ങൾക്കു മുമ്പായിരിക്കാം ഇവിടെ നിന്നും പകലോമറ്റത്തെ ഒരു കുടുംബം കൈനകരിയിലേക്ക് താമസം മാറ്റിയതും തുടർന്ന് *മുക്കാട്* എന്ന വീട്ടുപേരിൽ അറിയപ്പെട്ടതും. കാലാന്തരത്തിൽ ഈ കുടുംബത്തിൽ നിന്നും രണ്ട് അംഗങ്ങൾ കൈനകരിയിലുള്ള മറ്റു രണ്ടു കരകളിലേയ്ക്ക് മാറിത്താമസിച്ചു. പിന്നീട് അവർ *മീനപ്പള്ളി, കാളാശ്ശേരി* എന്നീ വീട്ടുപേരുകളാൽ അറിയപ്പെട്ടു. മീനപ്പള്ളിയുടെ തായ്‌വഴിയിൽ പിന്നീടുണ്ടായ നാലുകുടുംബങ്ങളാണ് *മാമ്പ്ര, ചാവറ, കളിപ്പറമ്പ്, വള്ളോൻതറ* എന്നറിയപ്പെട്ടതത്രെ. പാലയൂർ പകലോമറ്റം കുടുംബത്തിന്റെ തുടർച്ചയാണ്

ചാവറകുടുംബം എന്നതിൽ ചാവറയച്ചന്റെ ജീവചരിത്രകാരന്മാരെല്ലാവരും ഏകാഭിപ്രായക്കാരാണ്.[4]

## വേരുകൾ കഥ പറയുമ്പോൾ

ആലപ്പുഴനിന്ന് ചങ്ങനാശ്ശേരി റൂട്ടിൽ മുക്കാൽ മണിക്കൂർ ബോട്ടിൽ യാത്ര ചെയ്താൽ കൈനകരി *ചാവറഭവൻ* കടവിലിറങ്ങാം. ഇവിടെനിന്ന് ഇരുവശങ്ങളിലും നിരയായി നിൽക്കുന്ന തെങ്ങുകളുടെ അകമ്പടി സ്വീകരിച്ചുകൊണ്ട് കിഴക്കോട്ട് ഒരു പത്തടിപ്പാത നീണ്ടുപോകുന്നു. ഏതാണ്ട് മുന്നൂറു മീറ്റർ എത്തുമ്പോൾ ഒരു പള്ളിയുടെ മുറ്റത്തെത്തിയ പ്രതീതിയാണ്. കവാടത്തിലൂടെ ഉള്ളിലേയ്ക്കെത്തിനോക്കുമ്പോൾ കാണുന്ന കാഴ്ച അത്ഭുതകരം തന്നെ. പള്ളി എന്നുതോന്നിക്കുന്ന വാർക്കകെട്ടിടത്തിനുള്ളിൽ 250 വർഷത്തോളം പഴക്കം തോന്നിക്കുന്ന ഒരോലമേഞ്ഞവീട്. നിലവറയും ഇളം തിണ്ണയും, കിഴക്കോട്ടും വടക്കോട്ടും നീണ്ടുനിൽക്കുന്ന മുറികളും ഉള്ള ഒരു കൊച്ചുവീട് തിരുശേഷിപ്പുപോലെ സൂക്ഷിച്ചിരിക്കുന്നു. കുറെഭാഗം പൊളിച്ചു മാറ്റി അടവാക്കിയതിന്റെ അടയാളമായി സിമന്റു തേച്ച ചെറിയൊരുഭിത്തി. ഈ വീടിന്റെ മറ്റു ഭിത്തികൾ കൊത്തുപണികൾ ചെയ്ത പലകകൊണ്ടുള്ളതാണ്. കെട്ടിടത്തിന്റെ നടുവിലൂടെയുള്ള ഭിത്തി ഈ വീടിനേയും ദിവ്യസക്രാരി ഉൾക്കൊള്ളുന്ന ചാപ്പലിനെയും തമ്മിൽ വേർതിരിച്ചിരിക്കുന്നു. വീടിന്റെ കിഴക്കുവശത്തേയ്ക്കുള്ള മുറിയിലാണ് ചാവറയച്ചൻ ജനിച്ചത്. ആ മുറി ചെറിയൊരു പ്രാർത്ഥനാലയമായി സൂക്ഷിച്ചിരിക്കുന്നു. അതിലുള്ള അൾത്താരയിലെ വിശിഷ്ട പേടകത്തിൽ അദ്ദേഹം ജീവിതകാലത്ത് തന്റെ മാറോട് ചേർത്ത് സന്യാസവസ്ത്രത്തിൽ ഉപയോഗിച്ചിരുന്നതും കല്ലറയിൽ അടക്കം ചെയ്തപ്പോൾ മൃതദേഹത്തോടു ചേർത്തുവച്ചിരുന്നതുമായ ചെറിയ മരക്കുരിശിലെ കർത്താവിന്റെ രൂപവും തന്റെ ഭൗതികശരീരത്തിന്റെ ചെറിയൊരംശവും തിരുശേഷിപ്പായി സൂക്ഷിച്ചിരിക്കുന്നു.

ചാവറത്തറവാട് ഇത്തരമൊരു പ്രാർത്ഥനാലയമായി മാറിയതും അദ്ദേഹത്തിന്റെ അത്ഭുതകരമായ ഒരിടപെടലിലൂടെയാണെന്ന് സ്വന്തം വീട്ടുകാരും നാട്ടുകാരും സാക്ഷ്യപ്പെടുത്തുന്നു.

സ്വർഗ്ഗത്തിലിരിക്കുന്ന ചാവറയച്ചന് ഭൂമിയിലെ തന്റെ വീട് എല്ലാവരുടെയും പൊതുഭവനവും പ്രാർത്ഥനാലയവുമായി മാറണമെന്ന വലിയ ആഗ്രഹം ഉണ്ടായിരുന്നിരിക്കണം. മൂന്നു പതിറ്റാണ്ടുകൾക്കുമുമ്പ് തറവാട്ടിലെ തന്റെ നാലാം തലമുറയിൽപെട്ട അനന്തരവനായ അപ്പച്ചന് ചാവറയച്ചൻ ഒരു ദർശനത്തിലൂടെ പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തോടു തന്റെ ആഗ്രഹം ഇപ്രകാരം വെളിപ്പെടുത്തി പോലും:

*ഈ വീട് എന്റേതാണ്. ഇത് എനിക്കു വിട്ടുതരണം. ഇവിടെ ധാരാളം ആളുകൾക്ക് വന്നു പ്രാർത്ഥിക്കുവാനുള്ള സ്ഥലമാണ്. അതുകൊണ്ട് നീ ഇവിടെനിന്നും മാറിപ്പോകണം.*

ഈ വാർത്ത നാട്ടുകാരുടെ ചെവികളിലുമെത്തി. ചാവറത്തറവാട്ടിലെ ജീവനക്കാരായിരുന്നു ഗോപാലനും മകൻ തങ്കപ്പനും. ചാവറ വീട്ടുകാരിൽ നിന്നു പറഞ്ഞു കേട്ട കാര്യങ്ങൾ തങ്കപ്പൻ ഇന്നെന്നതുപോലെ ഓർക്കുന്നു. മരിച്ചുപോയ ഗോപാലനും മകൻ തങ്കപ്പനും അപ്പച്ചന്റെ അപ്പൻ ഔസേപ്പച്ചന്റെ കാലംമുതൽ ഈ വീട്ടിലെ ജീവനക്കാരായിരുന്നു.[4]

ചാവറയച്ചന്റെ ഇംഗിതം മനസ്സിലാക്കിയ വീട്ടുകാർ അപ്പച്ചന്റെ സഹോദരനും സി.എം.ഐ. സഭാംഗവുമായ ലഡിസ്ലാവൂസച്ചനോടാലോചിച്ചശേഷം സി.എം.ഐ. സഭാധികാരികളെ സമീപിക്കുകയും തുടർന്നുണ്ടായ ആലോചനകളുടെ ഫലമായി 1979-ൽ ഈ വീടും സ്ഥലവും സി.എം.ഐ. സഭ ഏറ്റെടുക്കുകയും ചെയ്തു. 1984-ൽ ഇന്നു കാണുന്ന രീതിയിൽ വീടും പരിസരങ്ങളും സുരക്ഷിതമാക്കി, ഒരു പ്രാർത്ഥനാലയമാക്കി മാറ്റി. 1986 ഫെബ്രുവരി 14-ന് ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ മാർ ജോസഫ് പവ്വത്തിൽ ചാവറയച്ചന്റെ തിരുഃശേഷിപ്പ് ഇവിടെ സ്ഥാപിച്ചു. സഭാസ്ഥാപകനായ ചാവറയച്ചൻ ജനിച്ചു വളർന്നവീട് സി.എം.ഐ., സി.എം.സി. സഭകളുടെ തറവാടായി ഇന്ന് മാറിയിരിക്കുന്നു.[5]

പകലോമറ്റം കുടുംബതായ്‌വഴിയിൽ *ചാവറ* എന്ന വീട്ടുപേര് എങ്ങിനെയുണ്ടായി എന്നതിന്റെ പുറകിലുമുണ്ട് കൗതുകകരങ്ങളായ ചില സൂചനകൾ. കൈനകരിയിൽ പമ്പമീനച്ചിലാറിന്റെ പടിഞ്ഞാറേ കരയിൽ താമസിച്ചിരുന്ന *മീനപ്പള്ളി* കുടുംബത്തിലെ ഒരു മകൻ, കുര്യാക്കോസ്, ഭാര്യ മറിയത്തോടൊപ്പം ആറിന്റെ മറുകരയിലേക്കു മാറി താമസിച്ചു. ഇവർ താമസിച്ച വീടിന്റെ പടിഞ്ഞാറുവശത്ത് തെക്കും വടക്കുമായി *തെക്കേചാവറ, വടക്കേചാവറ* എന്ന പേരിൽ രണ്ടു ഹൈന്ദവകുടുംബങ്ങൾ താമസിച്ചിരുന്നു. ഇന്നും ചാവറ എന്ന പേരിൽ തന്നെ പല ഹൈന്ദവ കുടുംബങ്ങളും അവിടെയുണ്ട്. ഈ വീടുകളുടെ കിഴക്കുവശത്തായി താമസമുറപ്പിച്ച മീനപ്പള്ളി കുടുംബാംഗം *കിഴക്കേചാവറ* എന്നപേരിൽ അറിയപ്പെട്ടുതുടങ്ങി. അങ്ങിനെ *പകലോമറ്റം* കുടുംബം തലമുറകൾ മറിഞ്ഞ് *മീനപ്പള്ളി*യും പിന്നീട് ചാവറയുമായിത്തീർന്നു. ചാവറയച്ചൻ എന്ന പേരിൽ ഇന്നു ലോകമെങ്ങും അറിയപ്പെടുന്ന വാഴ്ത്തപ്പെട്ട കുര്യാക്കോസ് ഏലിയാസച്ചന്റെ മാതാപിതാക്കളായിരുന്നു ഈ കുര്യാക്കോസും മറിയവും. ചാവറ തറവാട്ടിൽ നിന്ന് അതിന്റെ കിഴക്കുവശങ്ങളിലേക്ക് മക്കൾ മാറി താമസിച്ചപ്പോൾ *കിഴക്കേ ചാവറ* വീണ്ടും *പടിഞ്ഞാറെ ചാവറ*യായി മാറി.[6]

*അമ്മേ, മാതാവേ* എന്നോ എന്റെ *മാതാവേ* എന്നോ കേരളത്തിലെ കത്തോലിക്കർ വിളിച്ചാൽ അതു മറ്റാരെക്കുറിച്ചുമാകില്ല; പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചുതന്നെ. അത്രമാത്രം പരിശുദ്ധ അമ്മ കേരളീയരുമായി ഒന്നായിത്തീർന്നിരിക്കുന്നു. ഭാരത അപ്പസ്തോലനായ തോമാസ്ശ്ലീഹായിലൂടെ പങ്കുവയ്ക്കപ്പെട്ടു കിട്ടിയ മരിയഭക്തി കേരളക്രൈസ്തവരെ മാത്രമല്ല, നാനാജാതി മതസ്തരേയും ഒന്നിപ്പിക്കുന്ന ഒരു നാമമാണ്.

ലൂക്കാസ്ശ്ലീഹാ വരച്ചത് എന്നു കരുതപ്പെടുന്നതും തോമാസ്ശ്ലീഹാ സ്വന്തമായി ഉപയോഗിച്ചിരുന്നത് എന്നു പാരമ്പര്യത്തിലൂടെ വിശ്വസിക്കപ്പെടുന്നതുമായ ഉണ്ണിയീശോയെ കൈയ്യിലേന്തിയ പരിശുദ്ധ അമ്മയുടെ ഛായാപടം അപ്പസ്തോലന്റെ മരണത്താൽ പവിത്രമാക്കപ്പെട്ട ചെന്നൈയിലെ സെന്റ് തോമസ് മൗണ്ടിലെ ദേവാലയത്തിൽ ഇന്നും സൂക്ഷിക്കപ്പെടുന്നു. മലയാറ്റൂർ മലമുകളിലെത്തിയ തോമാസ്ശ്ലീഹാക്ക് പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ടുകൊണ്ട് കേരളത്തിൽ സുവിശേഷം പ്രസംഗിക്കണമെന്ന് കല്പന കൊടുത്തു എന്നത് പരമ്പരാഗതമായി കൈമാറുന്ന ഒരു വിശ്വാസദാർഢ്യമാണ്.

അന്നുമുതൽ ഇന്നുവരെയുള്ള കേരള മാർത്തോമ്മാക്രിസ്ത്യാനികളുടെ ചരിത്രം പരിശോധിച്ചാൽ അവരുടെ പള്ളികൾക്കു കൊടുത്തിരിക്കുന്ന പേരുകൾ അധികവും പരിശുദ്ധ അമ്മയെ കേന്ദ്രീകരിച്ചിട്ടുള്ളതാണെന്നു കാണാം. മാതാവിന്റെ നാമത്തിൽ ആചരിക്കപ്പെടുന്ന 32-ഓളം തിരുനാളുകളിൽ ഒന്നെങ്കിലും ആഘോഷമായി കൊണ്ടാടാത്ത ദേവലയങ്ങൾ കേരളത്തിലില്ല. മേരി എന്ന നാമം സ്വീകരിച്ച ഒരു വ്യക്തിയെങ്കിലും ഇല്ലാത്ത ക്രൈസ്തവകുടുംബങ്ങൾ കേരളത്തിലുണ്ടാവില്ല.

*അവളുടെ ജനനംമുതൽതന്നെ ദൈവം അവളെ സാത്താന്റെ പിടിയിൽനിന്ന് രക്ഷിച്ചു* എന്നത്രെ പരിശുദ്ധ ഖുറാൻ പരിശുദ്ധ അമ്മയെക്കുറിച്ച് പറയുന്നത്. കേരളത്തിലെ മുസ്ലീം കുടുംബങ്ങളിലും പെൺകുട്ടികൾക്ക് മറിയം എന്ന പേരിടുക സർവ്വസാധാരണമാണ്. മാതാവിന്റെ നാമത്തിലുള്ള ദേവാലയങ്ങളോട് മുസ്ലീം സഹോദരങ്ങൾക്ക് പ്രത്യേകം ആദരവും ഉണ്ട്. പരിശുദ്ധമാതാവിന്റെ തിരുനാളാഘോഷങ്ങളിൽ നാനാജാതി മതസ്തർ ദേവാലയാങ്കണത്തിൽ വന്നുചേരുക കേരളത്തിൽ മാത്രം കാണാനാവുന്ന പ്രത്യേകതയാണ്.

9-ാം നൂറ്റാണ്ടുമുതൽ ഇവിടെ പ്രചാരത്തിലുള്ള ഒരു നൊയമ്പാചരണമാണ് പരിശുദ്ധ അമ്മയുടെ ജനനത്തിരുന്നാളിന് എട്ടു ദിവസംമുമ്പു ആരംഭിക്കുന്നത്. സ്ത്രീജനങ്ങളുടെ ഒരു പ്രത്യേക ആചരണമാണിത്. പ്രധാനമായും മാതാവിന്റെ നാമത്തിലുള്ള *കുറവിലങ്ങാട്, കുടവെച്ചൂർ, പുളിങ്കുന്ന്, ചങ്ങനാശ്ശേരി, ചിറ്റാട്ടൂർ* തുടങ്ങിയ പല പഴയ കത്തോലിക്കാ പള്ളികളിലും ഇന്നും ഈ നൊയമ്പാചരണം തുടരുന്നുണ്ട്.

കേരളത്തിൽ ഡൊമീനിക്കൻ സഭക്കാരുടെ വരവോടെയാണ് *ജപമാല ഭക്തിക്ക്* പ്രചാരം ഉണ്ടായത്. 1577-ൽ 13-ാം ഗ്രിഗോറിയോസ് മാർപ്പാപ്പ 50,000 ജപമാലകൾ ആശീർവ്വദിച്ചു കേരളത്തിലേക്കയച്ചതായി ചരിത്രസാക്ഷ്യമുണ്ട്. സന്ധ്യാസമയത്തെ കുടുംബ പ്രാർത്ഥനകൾ കേരളീയർ ജപമാലയെ കേന്ദ്രീകരിച്ചാണ് നടത്തുക. സുറിയാനി ക്രിസ്ത്യാനികളുടെ വിവാഹാവസരത്തിൽ വധുവിന്റെ വീട്ടുകാർ പണ്ടു പിതൃസ്വത്തായി നൽകിയിരുന്നത് സ്വർണ്ണനിർമ്മിതമായ ജപമാല ആയിരുന്നു.

കർമ്മലീത്താ മിഷനറിമാരുടെ ആഗമനം *ഉത്തരീയഭക്തിയെ* ശതഗുണീഭവിപ്പിച്ചു. ജോസഫ് ഏലിയാസ് ഒ.സി.ഡി.യിലൂടെ 1634-ൽ കുറവിലങ്ങാട്ടു പള്ളിയിൽ ഉത്തരീയ സഖ്യം സ്ഥാപിച്ചതായി ചരിത്രത്തിൽ കാണുന്നു.

അമലോത്ഭവകർമ്മലീത്താസഭയുടെ സ്ഥാപനത്തോടെ *ഉത്തരീയ ഭക്തിയും മെയ്മാസ ഭക്തിയും ഒക്ടോബർ ഭക്തിയും* കേരളകത്തോലിക്കരെ തിരിച്ചറിയാനുള്ള അടയാളങ്ങളായി മാറി. 13-ാം ലിയോ മാർപ്പാപ്പ കേരളീയരുടെ മരിയഭക്തിയെക്കുറിച്ച് കേട്ടിട്ട് അത്ഭുതപരതന്ത്രനായ വിവരം പഴേപറമ്പിൽ ലൂയിസ് മെത്രാന്റെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

11-ാം പീയൂസ് മാർപ്പാപ്പ കേരളസുറിയാനി ഹയറാർക്കിയെ പുനഃസ്ഥാപിച്ചുകൊണ്ട്, കണ്ടത്തിൽ മാർ അഗസ്തിനോസിനെ മെത്രാപ്പോലീത്തൻ പദവിയിലേക്കുയർത്തിയപ്പോൾ പ്രസിദ്ധപ്പെടുത്തിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു:

*മലങ്കര സുറിയാനിക്കാർക്ക് ഈ വൈദിക മേലദ്ധ്യക്ഷ ഭരണക്രമം ഏർപ്പെടുത്തുന്നതിനു തന്നെ പ്രേരിപ്പിച്ച കാരണങ്ങളിൽ മുഖ്യമായത് എത്രയും ഭാഗ്യപ്പെട്ട കന്യാമറിയത്തോട് അവർക്കുള്ള അന്യാദൃശ്യ ഭക്തിയാണ്.*[7]

## സഹദായുടെ പിൻമുറയിൽ

കേരള ക്രിസ്ത്യാനികൾക്കിടയിൽ *കുര്യാക്കോസ്* എന്ന നാമവും സർവ്വസാധാരണമായി കാണുന്നു. ഇതിനുള്ള അടിസ്ഥാനകാരണങ്ങളെക്കുറിച്ച് വ്യക്തമായ അറിവുകൾ നമുക്കില്ല. രക്തസാക്ഷിയായിത്തീർന്ന വിശുദ്ധ തോമാസ്ശ്ലീഹായുടെ ആത്മീയമക്കളായ കേരള സഭാംഗങ്ങളുടെ ജീവിതത്തിൽ രക്തസാക്ഷികളായ വിശുദ്ധർ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. സുറിയാനി കാനോനിക നമസ്കാരത്തിലെ പ്രാർത്ഥനകളിൽ രക്തസാക്ഷിയായ തോമാസ്ശ്ലീഹായോടു ചേർത്ത് മറ്റു രക്തസാക്ഷികളുടെ പേരുകളും ചേർത്തിരുന്നതായി കാണാം. പൗരസ്ത്യ രക്തസാക്ഷികളിൽ പെടുന്ന കുര്യാക്കോസിന്റെ പേരും ഇതിൽ പെടുന്നു. നൂറ്റാണ്ടുകളായി രക്തസാക്ഷികളായ വിശുദ്ധ *സെബാസ്ത്യനോസും ഗീവർഗ്ഗീസും* സഭാജീവിതത്തിന്റെ ഭാഗങ്ങളാണ്. ഇവരുടെ നാമത്തിൽ അനേകം ദേവാലയങ്ങൾ കേരളത്തിലുണ്ട്. ഈ രണ്ടു വിശുദ്ധരുടെയും തിരുനാളുകൾ ആചരിക്കാത്ത ഒരു കത്തോലിക്കാ ദേവാലയംപോലും കേരളത്തിൽ കാണുകയില്ല. കുടുംബങ്ങളിൽ പരമ്പരാഗതമായി സ്വീകരിച്ചു വരുന്ന നാമങ്ങളാണല്ലോ സെബാസ്റ്റ്യനും വറുഗീസും.

ഡയോക്ലിഷൻ ചക്രവർത്തിയുടെ മതപീഢനകാലത്ത് ഇക്കോണിയായിലെ രാജകുടുംബത്തിൽ പെട്ട ജൂലിറ്റാ എന്ന സ്ത്രീ തന്റെ അഞ്ചു വയസ്സിൽ താഴെയുള്ള കുഞ്ഞിനെയും രണ്ടു തോഴിമാരെയും കൂട്ടി മതപീഢനത്തെ ഭയന്ന് സെലൂസിയായിലും പിന്നീട് സിലിസിയായിലെ

താർസൂസിലും ചെന്നു പാർത്തു. ക്രിസ്തുവിൽ ആഴമായ വിശ്വാസമുണ്ടായിരുന്ന ജൂലിറ്റ ദൈവമായ കർത്താവിന്റെ സ്നേഹത്തെയും പീഢാസഹനത്തെയും കുരിശു മരണത്തെയുംകുറിച്ച് മകൻ കുര്യാക്കോസിനെ പറഞ്ഞു പഠിപ്പിച്ചിരുന്നു. അലക്സാണ്ടർ എന്ന ഗവർണ്ണറുടെ മുമ്പിൽ കൊണ്ടുവന്നു നിറുത്തപ്പെട്ട ജൂലിറ്റ അദ്ദേഹം ചോദിച്ച ചോദ്യങ്ങൾക്കെല്ലാം *ഞാനൊരു ക്രിസ്ത്യാനിയാണ്* എന്ന ഒറ്റ മറുപടി മാത്രമാണ് നൽകിയത്. ക്രുദ്ധനായ ഗവർണ്ണർ അവളുടെ കയ്യിലിരുന്ന കുഞ്ഞിനെ പിടിച്ചെടുത്തു. അകലെ നിൽക്കുന്ന അമ്മ വീണ്ടും *ഞാനൊരു ക്രിസ്ത്യാനിയാണ്* എന്നുതന്നെ പറയുന്നതു കേട്ടു ശിശുവും അതുതന്നെ ആവർത്തിച്ചു. കോപാധീനനായ ഗവർണ്ണർ അവന്റെ പാദങ്ങളിൽ തൂക്കിപ്പിടിച്ച് നിലത്തടിച്ച് തലയും ഉടലും ചിതറിപ്പിച്ചു. മകന്റെ രക്തസാക്ഷിത്വത്തിൽ ദൈവത്തിനു നന്ദി പറഞ്ഞുനിന്ന അമ്മയേയും ശിരച്ഛേദം ചെയ്യുവാൻ ഗവർണ്ണർ കല്പിച്ചു. തദനന്തരം വലിച്ചെറിയപ്പെട്ട ശരീരങ്ങൾ ഒളിവിൽ കഴിഞ്ഞിരുന്ന തോഴിമാർ എടുത്തു മറവു ചെയ്തു. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ കാലത്ത് ഇവരെ മറവു ചെയ്തിരുന്ന സ്ഥലം കണ്ടെത്തി സംരക്ഷിച്ചു എന്നാണ് ചരിത്രം.[8] എ.ഡി. 304-ലാണ് ഇവരുടെ രക്തസാക്ഷ്യം എന്നാണ് കരുതപ്പെടുന്നത്. കുര്യാക്കോസിന്റെ തിരുനാൾ ജൂൺ 16-നാണ് സഭയിൽ ആചരിക്കുന്നത്. പൗരസ്ത്യ സഭ അനുസ്മരിക്കുന്ന രക്തസാക്ഷികളുടെ പട്ടികയിൽ കുര്യാക്കോസിന് വലിയ സ്ഥാനം ഉണ്ട്.

ഈ പാരമ്പര്യങ്ങളുടെ പശ്ചാത്തലത്തിലായിരിക്കണം കേരളസഭയിലും കുര്യാക്കോസിന് പ്രാധാന്യമുണ്ടായത്. ഇൻഡ്യയിലെ ആദ്യത്തെ വാഴ്ത്തപ്പെട്ടവന്റെ നാമമായി കുര്യാക്കോസ്, ചാവറയച്ചനിലൂടെ ഇപ്പോൾ ഇതാ വീണ്ടും കൂടുതൽ അറിയപ്പെടാൻ അവസരമായിരിക്കയാണ്.

ചാവറയച്ചന്റെ അമ്മ മറിയത്തിന്റെ വീട് പുരാതനകുടുംബങ്ങളിൽ ഒന്നായ തോട്ടയ്ക്കാട് *ചോതിരക്കുന്നേൽ* ആണ്. സീറോ മലബാർ, യാക്കോബായ, മാർത്തോമ്മ സുറിയാനി സഭാവിഭാഗങ്ങളിലെല്ലാമായി പടർന്നു പന്തലിച്ചിട്ടുള്ള ഒരു മഹാകുടുംബമാണത്. *പാലാ, കാഞ്ഞിരപ്പിള്ളി, മുത്തോലി, ഹൈറേഞ്ചു* പ്രദേശങ്ങൾക്കു പുറമെ കുട്ടനാട്ടിലും വിപുലമായ ബന്ധുബലമുണ്ട് ഈ കുടുംബത്തിന്. ചോതിരിക്കുന്നേൽ കുടുംബത്തിന്റെ മറ്റു മൂന്നു പ്രധാനശാഖകളാണ് *വാടയിൽ, പൊയിലിൽ തെക്കേടം, മാളേമ്പുരയ്ക്കൽ* എന്നിവ. ഈ നാലുശാഖകളിൽ നിന്നുള്ള 25 ഉപശാഖകളിലായി വ്യത്യസ്ത വീട്ടുപേരുള്ള അനേകം കുടുംബങ്ങൾ ഉണ്ട്. മറിയത്തിന്റെ ഒരു സഹോദരനായ ഇടിക്കുളത്തരകന്റെ മകൻ ഇല്ലിപ്പറമ്പിൽ കുഞ്ഞുതൊമ്മിയുടെ പൗത്രനാണ് ഷെവലിയാർ ഐ.സി. ചാക്കോ; മാർ ലൂയിസ് പഴേപറമ്പിൽ ദൗഹിത്രനും. ഇടിക്കുളത്തരകന്റെ സഹധർമ്മിണി ത്രേസ്യാ ചമ്പക്കുളം പോരൂക്കര കുടുംബാംഗവും സി.എം.ഐ. സഭാസ്ഥാപകരിൽ ഒരാളായ തോമാസ്

മല്പാനും, രണ്ടാം ജനറലായിരുന്ന കുര്യാക്കോസ് ഏലിശയും ഇവരുടെ മക്കളുമാണ്. മറിയത്തിന്റെ മറ്റൊരു സഹോദരൻ വെളിയനാട് താമസിച്ചിരുന്ന തോപ്പിൽ കുര്യനാണ്. അദ്ദേഹത്തിന്റെ മകനാണ് ചാവറയച്ചനോടൊപ്പം വ്രതം സ്വീകരിച്ച തോപ്പിൽ ഗീവറുഗീസച്ചൻ. ചോതിരിക്കുന്നേൽ ഇട്ടിക്കുരുവിള അന്ന ദമ്പതികളുടെ പത്തുമക്കളിൽ അഞ്ചാമത്തെ സന്താനമാണ് മറിയം. മറിയത്തെ വിവാഹം കഴിച്ച കുര്യാക്കോസ് ഏതാണ്ട് 220 വർഷം മുമ്പായിരിക്കണം കിഴക്കേ ചാവറയിലേക്ക് താമസം മാറ്റിയത്. ഇവരുടെ ദാമ്പത്യവല്ലരിയിൽ വിരിഞ്ഞ ആറ് മക്കളിൽ ഇളയവനായി ചാവറയച്ചൻ 1805 ഫെബ്രുവരി 10-ാം തീയതിയാണ് ജനിച്ചത്.[9]

സുറിയാനി പാരമ്പര്യമനുസരിച്ച് രണ്ടിൽ കൂടുതൽ മക്കൾ ജനിച്ചാൽ മൂന്നാമത്തെ ആൾക്ക് സ്വന്തം പിതാവിന്റെയോ മാതാവിന്റെയോ പേരാണ് ലഭിക്കുക. പെൺമക്കൾക്കുശേഷം രണ്ടാമത്തെ ആൺകുഞ്ഞായി ജനിച്ച ചാവറയച്ചന് അപ്പന്റെ പേരുതന്നെ ലഭിച്ചു. ജനിച്ചതിന്റെ എട്ടാം ദിവസം ചേന്നംകരി ഇടവകപള്ളിയിൽവച്ച് ചാവറയച്ചന് കുര്യാക്കോസ് എന്ന പിതാവിന്റെ പേരുതന്നെ മാമ്മോദീസായിൽ നൽകി.

കുര്യാക്കോസ് എന്ന സുറിയാനി വാക്കിന്റെ അർത്ഥം *'ഞാൻ കർത്താവിന്റേതാണ്'* എന്നാണ്. ഈ പേരുതന്നെ *കർത്താവാണ് തന്റെ സ്നേഹവും ഭാഗ്യവും എന്ന്; അവിടുന്നല്ലാതെ മറ്റൊരുജീവിതം തനിക്കില്ലെന്നും; തന്റെ ശ്വാസവും ഭക്ഷണവും പാനീയവും എല്ലാം അവിടുന്നുതന്നെയാണെന്നും; അവിടുന്നല്ലാതെ വേറൊരാശ്വാസവഴി തനിക്കില്ലെന്നും* നിരന്തരം ചാവറയച്ചനെ ഓർമ്മിപ്പിച്ചിരിക്കണം.

ചാവറയച്ചന്റെ മൂത്ത സഹോദരനെക്കുറിച്ച് നമുക്ക് ലഭിച്ചിരിക്കുന്ന അറിവും വളരെ പരിമിതമാണ്. മൂത്ത ഒരു സഹോദരനും നാലു സഹോദരിമാരുമാണുണ്ടായിരുന്നത്. സഹോദരന്റെ പേര് ജോസഫ് എന്നായിരുന്നു. വിവാഹിതനായ അദ്ദേഹത്തിന് ഒരു മകളുമുണ്ടായിരുന്നു. സഹോദരിമാരുടെ പേരുകൾ അറിവില്ല. ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുവാനുള്ള നടപടിയുടെ ഭാഗമായി ഹിസ്റ്റോറിക്കൽ കമ്മീഷൻ നടത്തിയ തെളിവെടുപ്പിലൂടെയാണ് സഹോദരിമാരെക്കുറിച്ചുള്ള ചില അറിവുകളെങ്കിലും ലഭിച്ചിട്ടുള്ളത്. അതിൻപ്രകാരം മൂത്തമകളെ എടത്വായിൽ *വല്ലേലിലേക്കും* രണ്ടാമത്തവളെ ചമ്പക്കുളത്തുള്ള *ചിറ്റാലിൽ കവലയ്ക്കലേക്കും*, മൂന്നാമത്തവളെ *മുഹമ്മയിലേക്കും* നാലാമത്തവളെ *ആലപ്പുഴ*യിലേക്കും വിവാഹം കഴിച്ചയച്ചു എന്നുമാത്രമേ അറിവുള്ളൂ. ജോസഫ് മരിച്ചപ്പോൾ വീട്ടിലെ കാര്യങ്ങളന്വേഷിക്കുവാൻ കുറേക്കാലത്തേക്ക് മൂത്തസഹോദരിയുടെ കുടുംബം ചാവറകുടുംബത്തിൽ വന്ന് താമസിച്ചിരുന്നതായും അറിയുന്നു.

ചാവറയച്ചന്റെ ജനനംകൊണ്ട് ചാവറകുടുംബവും കൈനകരി ഗ്രാമവും ധന്യമാവുകയും ലോകശ്രദ്ധയെ ആകർഷിക്കുകയും ചെയ്യുന്നു എങ്കിൽ,

അദ്ദേഹം സ്നാനമേറ്റതും പ്രഥമബലി അർപ്പിച്ചതുമായ ചേന്നങ്കരി ഇടവക ദേവാലയവും ആ പേരിനാൽ തന്നെ ഇന്നു പ്രസിദ്ധമായിരിക്കുന്നു.

വിശുദ്ധ തോമാസ്ശ്ലീഹായാൽ സ്ഥാപിതമായ ഏഴരപള്ളികളിൽ ഒന്നാണ് *നിരണം*. നിരണം ആസ്ഥാനമായി വളർന്നുവന്ന ക്രിസ്തീയ സമൂഹം കാലക്രമേണ കുട്ടനാടിന്റെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിച്ചതോടെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുവാനും ആത്മീയാവശ്യങ്ങൾക്കും അകലങ്ങളിൽനിന്ന് നിരണംപള്ളിയിലെത്തിപ്പെടുക പ്രയാസമായി. അഞ്ചാം നൂറ്റാണ്ടിൽ ചെമ്പുകശ്ശേരി രാജാവിന്റെ ആസ്ഥാനമായിരുന്നു കല്ലൂക്കാട്. അവിടെ ഒരു പള്ളി പണിയുന്നതിന് അദ്ദേഹം അനുവദിക്കുകയും അതിനാവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുകയും ചെയ്തു.

ഇടവകജനങ്ങളുടെ എണ്ണം പിന്നേയും മറ്റു പ്രദേശങ്ങളിലേക്ക് വ്യാപിച്ചപ്പോൾ 1802-ൽ ചേന്നങ്കരിയിലും ഒരു പള്ളി സ്ഥാപിക്കപ്പെട്ടു. യൗസേപ്പു പിതാവിന്റെ നാമത്തിലുള്ള ഈ പള്ളി നാലുപ്രാവശ്യം പുതുക്കിപ്പണിതു. 1996-ലാണ് ഇപ്പോഴുള്ള പള്ളി പണിതത്.

കല്ലൂർക്കാട് പള്ളിയിൽനിന്നും വേർതിരിഞ്ഞ് പുതുതായി ഉണ്ടായ ചേന്നങ്കരി ഇടവകപ്പള്ളിയിൽ സ്നാനമേറ്റ ആദ്യസന്താനങ്ങളിലൊരാളാണ് ചാവറയച്ചൻ. 1805 ഫെബ്രുവരി 10-ാം തീയതി ജനിച്ച ഇദ്ദേഹം എട്ടാം ദിനം, ഫെബ്രുവരി 18-ന് സ്നാനം സ്വീകരിച്ചു. തന്റെ ഇടവകപള്ളിയുമായി അദ്ദേഹത്തിന് അഭേദ്യമായ ഒരാത്മീയ ബന്ധമുണ്ട്. 1829 നവംബർ 30-ന് ഇവിടെയാണ് അദ്ദേഹം ആദ്യബലി അർപ്പിച്ചത്.

*ഇടവകയിൽ ദർശനസമൂഹം സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി 1835-ൽ അപേക്ഷിച്ചു. ചാവറയച്ചന്റെ അപേക്ഷപ്രകാരം അഭിവന്ദ്യ മെത്രാപ്പോലീത്താ അന്ന് തിരുഃസിംഹാസനത്തിൽ വാണിരുന്ന 16-ാം ഗ്രിഗോറിയോസ് മാർപ്പാപ്പക്ക് അപേക്ഷ അയച്ചു. അതനുസരിച്ച് ഇന്ത്യയിലാദ്യമായി ചേന്നങ്കരി പള്ളിയിൽ മാർ യൗസേഫ് പിതാവിന്റെ കൊമ്പരിയ (ദർശന സമൂഹം) സ്ഥാപിക്കുന്നതിനായി തിരുഃസിംഹാസനത്തിൽ നിന്ന് അനുമതി ലഭിച്ചു. 1802-ൽ പള്ളി പണിയാൻ താൻ അനുമതി നൽകിയപ്പോൾ കൊടുത്തിരുന്ന വാഗ്ദാനമനുസരിച്ച് അഭിവന്ദ്യ സെന്റ് മേരീസ് ജീസസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ഫ്രാൻസിൽ നിന്ന് വിശുദ്ധ യൗസേഫ്പിതാവിന്റെ രൂപം ചേന്നങ്കരി പള്ളിക്കുവേണ്ടി വരുത്തിയിരുന്നു. എന്നാൽ അപ്രതീക്ഷിതമായ ചില സംഭവങ്ങൾ മൂലം അഭിവന്ദ്യ തിരുമേനിക്ക് റോമിലേക്ക് മടങ്ങേണ്ടി വന്നതിനാൽ അദ്ദേഹത്തിന് ഈ രൂപം ചേന്നങ്കരിക്കാരെ ഏൽപ്പിക്കാൻ കഴിഞ്ഞില്ല. വിശുദ്ധന്റെ രൂപം അരമനയിൽ സൂക്ഷിക്കുകയായിരുന്നു. ദൈവവെളിപാട് എന്നവണ്ണം വിശുദ്ധന്റെ രൂപത്തിന് പിന്നിൽ 'ചേന്നങ്കരി പള്ളിക്ക് സംഭാവന' എന്ന് ആലേഖനം ചെയ്തിരുന്ന ലേബൽ അഭിവന്ദ്യ ശൗര്യാർ തിരുമേനി കാണുകയും അദ്ദേഹം ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെ*

*വിളിച്ചുവരുത്തുകയും ദർശനസമൂഹം സ്ഥാപിക്കുന്നതിനുള്ള കല്പനയും വിശുദ്ധ യൗസേഫ്പിതാവിന്റെ രൂപവും ഏൽപ്പിക്കുകയും ചെയ്തു. ആണ്ടുതോറും സെപ്തംബർ മാസത്തിൽ കുരിശിന്റെ തിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച ദർശനത്തിരുനാൾ ആഘോഷമായി നടത്തുവാൻ കല്പനയും ലഭിച്ചതനുസരിച്ച് 1836-ൽ മാന്നാനം കൊവേന്തയുടെ നേതൃത്വത്തിൽ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ ചേന്നങ്കരി പള്ളിയിൽ എത്തി ദർശന സമൂഹവും മദ്ധ്യസ്ഥരൂപവും സ്ഥാപിച്ചു. പിന്നീട് തന്റെ മരണം വരെ എല്ലാ വർഷവും തിരുനാളിന്റെ തലേദിവസമായ ശനിയാഴ്ച ചേന്നങ്കരി പള്ളിയിലെ രൂപം വാഴ്ത്തൽ കർമ്മം ചാവറയച്ചൻ നിർവ്വഹിച്ചിരുന്നു.*[10]

## ഇന്നലെകളിലെ കുര്യാക്കോസ്

ഏതൊരു വ്യക്തിയുടെയും മനസ്സിൽ ആഴമായി ആദ്യം പതിയുന്ന ചിത്രം മാതാപിതാക്കളുടേതായിരിക്കും; പ്രത്യേകിച്ച് അമ്മയുടേത്. അമ്മ ദൈവത്തിന്റെ പ്രതീകമാണ്. അമ്മയിൽ പിതാവും മാതാവും നിർ:ലീനമാണ്. അമ്മ സ്നേഹമാണ്; ത്യാഗമാണ്; സമർപ്പണമാണ്. ഒരു നല്ല അമ്മയെക്കുറിച്ചുള്ള മധുരസ്മരണകളാണ് ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും തിളക്കമാർന്ന വശം. അമ്മയുടെ രക്തത്തിലൂടെ സ്വീകരിച്ചതും, അമ്മയിൽനിന്നു കണ്ടും കേട്ടും നുകർന്ന് അനുഭവിച്ചതുമാണ് വ്യക്തിത്വത്തിന്റെ കാതലായ വശവും.

മനസ്സിൽ കൂടുതൽ പതിഞ്ഞ കാര്യങ്ങൾ സ്മരണയിലും കൂടുതൽ നിലനിൽക്കുന്നു. മുലപ്പാൽ കുടിക്കുന്ന പ്രായം മുതൽ പത്തുവയസ്സുവരെ സംഭവിച്ച പല കാര്യങ്ങളും ചിത്രത്തിലെന്നവണ്ണം 65-ാം വയസ്സിലും അദ്ദേഹം ഓർത്തിരുന്നു. *ആത്മാനുതാപം* എന്ന അദ്ദേഹത്തിന്റെ കൃതിയിലെ ആദ്യ രണ്ടു ഖണ്ഡങ്ങളിൽ തന്റെ കുട്ടിക്കാലത്തെ ചരിത്രം അദ്ദേഹം വിരചിച്ചു.[11] ഇതുപോലെ കുട്ടിക്കാലത്തെ സ്വന്തം ചരിത്രം ഓർമ്മയിൽ നിന്ന് തികഞ്ഞ കൃത്യതയോടെ എഴുതിയ മറ്റൊരു വ്യക്തി *വിശുദ്ധ കൊച്ചുത്രേസ്യ* ആണ്.

ചാവറയച്ചൻ കുട്ടിക്കാലത്തു തന്നോടൊപ്പം ഉണ്ടായിരുന്ന സ്വന്തക്കാർ ആരും ജീവിച്ചിരിപ്പില്ലാത്ത ഒരുകാലത്ത്, അതും ജനിച്ചിട്ട് അറുപതു വയസ്സിനുശേഷമാണ്, *ആത്മാനുതാപം* എഴുതുന്നത്.[12]

അദ്ദേഹത്തിന് പന്ത്രണ്ടോ പതിമൂന്നോ വയസ്സുള്ളപ്പോൾ സെമിനാരിയിലേയ്ക്കുപോയി. കുട്ടിക്കാലത്ത് വീട്ടിൽവച്ചു നടന്ന പല സംഭവങ്ങളും അമ്മ വഴി അദ്ദേഹം അറിഞ്ഞതായിരിക്കാനാണു സാദ്ധ്യത; ചെറുപ്പത്തിലെ മറ്റിതര സംഭവങ്ങൾ പലതും, പ്രത്യേകിച്ച് കളരി പഠനകാലത്തെക്കുറിച്ച് വിവരിയ്ക്കുന്നതും മറ്റും, ഓർമ്മയിൽ നിന്നെന്നതിലുപരി ദൈവാരൂപിയിൽ നിന്നുള്ള തിരിച്ചറിവിലായിരിക്കാം പ്രജ്ഞയിൽ തെളിഞ്ഞത്. എന്തായാലും ഒരു നല്ല അമ്മയുടെ ഗുണവിശേഷങ്ങളെ ലോകത്തിനു കാണിച്ചുതരുവാൻ

ദൈവം ചാവറയച്ചനെ ഉപകരണമാക്കി എന്നതാണു നാമിവിടെ അറിഞ്ഞെടുക്കുന്നത്. സ്വന്തം അമ്മ ജീവിതത്തിൽ അത്ര മാത്രം പ്രചോദനമായിരുന്നു അദ്ദേഹത്തിന്. അമ്മയെക്കുറിച്ചും അദ്ദേഹത്തിന്റെ ബാല്യകാലത്തെക്കുറിച്ചുമുള്ള സൂചനകൾ മുഴുവനും അദ്ദേഹം രചിച്ച സ്വയംകൃത ചരിത്രത്തിൽ നിന്നുമാണ് നമുക്ക് ലഭിക്കുന്നത്.

ചാവറയച്ചൻ തന്റെ അസ്തിത്വത്തെക്കുറിച്ചുള്ള ചിന്ത ആരംഭിക്കുന്നതു തന്നെ ദൈവത്തിന്റെ അനന്തമായ കരുണയിലേയ്ക്ക് വിരൽ ചൂണ്ടിക്കൊണ്ടാണ്:

*ആദിനായകനായ സർവ്വേശ്വരൻ*
*ആദത്തിൻ സുതനായിച്ചമച്ചെന്നെയും*
*ആയതിനെന്തുകാരണം ദൈവമേ!*
*ആദ്യഹീനനാം നിന്റെ ദയതന്നെ (1:1:4)*[13]

മറ്റെന്തെങ്കിലും ജീവികൾക്കുപകരം മനുഷ്യനായി ദൈവത്തിന്റെ രൂപത്തിലും ഛായയിലും തന്നെ സൃഷ്ടിച്ചതും ദൈവത്തിന്റെ കാരുണ്യം തന്നെ എന്നദ്ദേഹം ഏറ്റുപറയുന്നു:

*ഇഹലോകത്തിൽ കാണും മൃഗത്തെപ്പോ-*
*ലിക്കുമിയായെന്നെയും ചെയ്തെങ്കിൽ,*
*ഇതെന്തിനെന്ന് നിന്നോടുണർത്തിപ്പാൻ*
*ഇഹലോക പരലോകെയാരുള്ളു!*
*ഈ മഹാവലിപ്പത്തിന്റെ ചിത്തംപോൽ*
*ഈ മഹാപാപിയായൊരടിയനെ,*
*ഈ മഹത്വത്തിൻ ഛായയിൽ ചെയ്തതും*
*ഈശനായ നിൻകൃപയതിൻമൂലം (1:5:12)*

അതുപോലെ, ജനനത്തിന്റെ ആദ്യനിമിഷം മുതൽ അമ്മ തന്നെ ഉറക്കിക്കിടത്തിയിട്ട് ഇടയ്ക്കൊക്കെ അകലേയ്ക്ക് മാറുമ്പോൾ ഉറങ്ങാതെ കാത്തുനിൽക്കുവാനും, എപ്പോഴും തന്നോടുകൂടി ഉണ്ടായിരിക്കുവാനും തന്നെ എപ്പോഴും കാത്തുസൂക്ഷിക്കുവാനും വേണ്ടി കാവൽ മാലാഖയെ ഏല്പിച്ചു തന്നതും ദൈവകരുണതന്നെ എന്നദ്ദേഹം അനുസ്മരിക്കുന്നു. (1: 21-32).[16] ദൈവത്തിൽ നിന്ന് തന്റെ ചിന്തകളെ ഈ ലോകത്തിൽ കാണപ്പെട്ട ദൈവമായ അമ്മയിലേയ്ക്കദ്ദേഹം തിരിക്കുന്നു.

അദ്ദേഹത്തിന്റെ മനസ്സിൽ ഒരിക്കലും പച്ചപ്പുകെടാതെ തെളിഞ്ഞു നിൽക്കുന്ന ഒരോർമ്മ അമ്മ വെച്ചൂർ പള്ളിയിൽ കൊണ്ടുപോയി ദൈവമാതാവിനുതന്നെ അടിമവെച്ചതിനെക്കുറിച്ചാണ്. സുപ്രസിദ്ധമായ വൈക്കത്തപ്പന്റെ ക്ഷേത്രംകൊണ്ടും, മഹാത്മാഗാന്ധി സമരം ചെയ്തു നേടിയ ക്ഷേത്രപ്രവേശനവിളംബരം കൊണ്ടും പ്രസിദ്ധമായ വൈക്കം പട്ടണത്തിൽനിന്നും

വേമ്പനാട്ടുകായലിന്റെ കിഴക്കേ തീരംവഴി പത്തു കിലോമീറ്റർ തെക്കോട്ടു ചെന്നാൽ കാണുന്ന ഒരുൾനാടൻ ഗ്രാമമാണ് *കുടവെച്ചൂർ.*

പണ്ട് കുട്ടനാടിന്റെ തെക്കുവടക്കേ ഭാഗങ്ങൾ ഉൾപ്പെട്ട പ്രദേശം *വെൺപൊലിനാട്* എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. ഈ പേരിൽനിന്നായിരിക്കാം അവിടുണ്ടായിരുന്ന കായലിന് *വേമ്പനാട്ട് കായൽ* എന്നു പേരുകിട്ടിയത് എന്നും ഒരു ഭാഷ്യമുണ്ട്. ഒരുകാലത്ത് അറബിക്കടലിന്റെ ഭാഗമോ വേമ്പനാട്ടുകായലിന്റെ ഭാഗമോ ആയി വെള്ളത്തിനടിയിൽപെട്ടിരുന്ന സ്ഥലങ്ങളാണ് ഈ പ്രദേശങ്ങളും കടുത്തുരുത്തിവരെയുള്ള ഭാഗങ്ങളും; കടലിൽ പൊന്തിനിന്നിരുന്ന പ്രദേശം *കടൽതുരുത്ത്,* അത് പിന്നീട് *കടുത്തുരുത്തി* ആയി മാറിയതുപോലെ, കായലോ, കടലോ ആയി കിടന്നിരുന്നശേഷം *കടൽകൂട്ടി വെച്ചത് കൂടെവെച്ച ഊരും* പിന്നീട് *കുടവെച്ചൂരും* ആയി മാറിയതാകാം എന്ന ചരിത്രകാരനിഗമനങ്ങളെ, ആ പ്രദേശങ്ങളിലെ കരിനിലങ്ങൾ വസ്തുതയായി ഉറപ്പിക്കുകയും ചെയ്യുന്നു. കുടവെച്ചൂർ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന പരിശുദ്ധ കന്യകാമറിയത്തിന്റെ ചിത്രവുമായും ഈ പേരിന് ബന്ധമുള്ളതായും കഥകളുണ്ട്. അന്നത്തെ സുറിയാനി കത്തോലിക്കരുടെ ഭരണാധികാരിയായിരുന്ന *ജാതിക്കു കർത്തവ്യൻ* (ആർച്ചുഡീക്കൻ) പല പള്ളികളിലേക്കുവേണ്ടി പരിശുദ്ധ മാതാവിന്റെ ഏഴു ഛായാചിത്രങ്ങൾ ലഭിക്കുവാൻ പോർട്ടുഗീസുകാരോട് ആവശ്യപ്പെട്ടതിൻ പ്രകാരമോ അവർ സമ്മാനമായി സ്വയമേ നൽകിയതോ ആയ ഏഴു ചിത്രങ്ങൾ സംബന്ധിച്ചുള്ളതാണ് അത്. പോർട്ടുഗലിൽ നിന്നും ഇൻഡ്യക്കു പുറപ്പെടേണ്ട കപ്പൽ പുറപ്പെടേണ്ട സമയമായിട്ടും ഏഴാമത്തെ ചിത്രം വരച്ചു പൂർത്തിയായിരുന്നില്ല. എങ്കിലും അപൂർണ്ണമായ അതും കൂടി മറ്റു ചിത്രങ്ങളോടൊപ്പം അവർ കൊടുത്തയച്ചു. ഇവിടെ എത്തിയപ്പോൾ ഏഴു ചിത്രങ്ങളും ഒരേപോലെ പൂർണ്ണചിത്രങ്ങളായി മാറി ഭവിച്ചിരുന്നു എന്നും അപ്രകാരം അത്ഭുതകരമായി പൂർത്തീകരിക്കപ്പെട്ട ചിത്രമാണ് കുടവെച്ചൂർ പള്ളിക്ക് ലഭിച്ചതെന്നുമാണ് കഥ. ഇങ്ങനെ *കൂടെവെച്ച പടം ലഭിച്ച പള്ളിയും ഊരും കുടവെച്ചൂർ* എന്നറിയപ്പെട്ടുവത്രെ.[14]

കുടവെച്ചൂർ പള്ളിയിലെ നാളാഗമപ്രകാരം 1463-ലാണ് ഈ പള്ളി പരിശുദ്ധമാതാവിന്റെ നാമത്തിൽ സ്ഥാപിതമായത്. 1599-ലെ ഉദയംപേരൂർ സുനഹദോസിനു മുമ്പായിരുന്നിരിക്കണം പരിശുദ്ധമാതാവിന്റെ ചിത്രം ഈ പള്ളിക്ക് ലഭിച്ചത്. കാരണം, അതിനുശേഷമുള്ള സുറിയാനി കത്തോലിക്കരുടെ പോർട്ടുഗീസുകാരുമായുള്ള അടുപ്പം അത്ര ഹൃദ്യമല്ലായിരുന്നു എന്നതും ചരിത്രപരമായ വസ്തുതയാണ്.

## അമ്മ മറിയം പുണ്യവതി

പണ്ടുമുതൽക്കേ വെച്ചൂർ പള്ളിയിലെ മാതാവിന്, *വെച്ചൂർമുത്തിക്ക്*[15] കുട്ടികളെ അടിമവെയ്ക്കുക എന്നൊരു പതിവുണ്ട്. അതിൻപ്രകാരം മാതാ

പിതാക്കൾ കുട്ടികളെ ദേവാലയത്തിൽ കൊണ്ടുവന്ന് മാതാവിന് അടിമസ മർപ്പണം നടത്തുന്നു. മാതാവിൻ അടിമയായി കുഞ്ഞിന്റെ സംരക്ഷണം പരി ശുദ്ധമാതാവിനെ ഏല്പ്പിക്കുന്നു എന്നാണ് ഈ ചടങ്ങിൽ ലീനമായ വിശ്വാ സം. തുടർന്നു കുഞ്ഞിനുള്ള ഒരു വില എന്ന വിധം നേർച്ചകാഴ്ച സമർപ്പ ണമായി നൽകികൊണ്ട് കുട്ടിയെ തിരികെ വാങ്ങുന്നു; അടിമവയ്ക്കുന്ന കുട്ടിയ്ക്കു മാതാവിന്റെ കരുതൽ ഉടനീളം രക്ഷയാകുന്നു... ഇതാണ് അടിമ വയ്ക്കലിന്റെ പൊരുൾ.

കൈനകരിക്കാർക്ക് അന്ന് അടുത്തെങ്ങും മാതാവിന്റെ നാമത്തിലുള്ള പള്ളിയോ മാതാവിനടിമവെക്കാനുള്ള സൗകര്യമോ വേറെ ഇല്ലായിരുന്നു. പരിശുദ്ധ അമ്മയുടെ അതീവ ഭക്തരായിരുന്നു ചാവറയച്ചന്റെ മാതാപിതാ ക്കൾ. ആറുമാസം പ്രായമെത്തിയ കുര്യാക്കോസുമായി 1805-ലെ സെപ്തം ബർ എട്ടാം തീയതി, മാതാവിന്റെ ജനനത്തിരുനാളിൽ അമ്മയും അപ്പനും വെച്ചൂർ പള്ളിയിലെത്തി. തുടർന്നുള്ള വിവരണം ചാവറയച്ചനിൽനിന്നുതന്നെ നമുക്കു ശ്രവിക്കാം:

*കരുണാനാഥൻ പരൻ കരുതിയടിയനെ*
*പരമനാഥാ തന്റെ അടിമയാക്കി മുന്നം*
*ശിശുവാമടിയനെ യമൃതാൽ വളർത്തുമ്പോൾ*
*ശയനിപ്പിച്ചു ദൈവജനനി തന്റെ പാദേ-*
*'ശുദ്ധമാതാവെ,' ദൈവജനനീ, കന്നിയമ്മേ,*
*അശുദ്ധമാമോദര ഫലമാമിതിനെ നീ,*
*നിന്നുടെ ദാസനായി കൈക്കൊണ്ടു രക്ഷിപ്പാനായ്*
*ഇന്നു ഞാൻ നിന്റെ തൃപ്പാദത്തിങ്കൽ കാഴ്ചവെച്ചേ*
*എന്നവളുണർത്തിച്ചു, ദാസനാമടിയനെ*
*യന്നു മാതാവിൻ മുമ്പിൽ കിടത്തി പ്രാർത്ഥിച്ചപ്പോൾ*
*ദേവാലയ ശ്രേഷ്ഠനാം ഗുരുവോ, പൂവും നീരും*
*ദൈവമാതാവിൻ നാമാൽ കൊടുത്തു മാതൃകൈയിൽ,*
*പിടിച്ചു മമ ചെറുകരത്തിലതുനേരം*
*കൊടുത്തുചെല്ലി 'മാതൃദാസനാമിവനേ നീ*
*സൂക്ഷിച്ചു വളർത്തുക പാലിച്ചു ഭരിയ്ക്ക നീ*
*സാക്ഷാൽ നിൻ സുതനല്ല മാതാവിൻ ദാസൻ ദൃഢം.'* (11.1-16)[16]

അന്നു പുരോഹിതൻ കുര്യാക്കോസിന്റെ കുഞ്ഞിക്കൈകളിൽ പിടിച്ചു കൊണ്ടു പ്രവചിച്ചിരിക്കുമോ ഭാവിയിലിവൻ *അമലോത്ഭവമാതാവിന്റെ ദാസൻ* എന്ന പേരു സ്വീകരിച്ചുകൊണ്ട് ഒരു സന്യാസഭക്ക് രൂപം നൽകുമെന്നും, കുടുംബബന്ധങ്ങളിൽ നിന്നും വിട്ട് എന്നും പരിശുദ്ധ അമ്മയുടെ ദാസനായി

തീരും എന്നും! എന്തായാലും, തന്റെ അൻപതാം വയസ്സിൽ 1855-ൽ ഇപ്രകാരം തന്നെ സംഭവിക്കയും ചെയ്തു!

മരണംവരെ എല്ലാ വർഷവും സെപ്തംബർ എട്ടാം തീയതി അമ്മ വെച്ചൂർപള്ളിയിൽ പോയി നേർച്ച പുതുക്കുകയും അടിമപ്പണം അടയ്ക്കുകയും ചെയ്തുവന്നിരുന്നു. മാത്രമല്ല, ഇടയ്ക്കിടക്ക് *മാതാവിന്റെ ദാസനാണ്* താൻ എന്ന കാര്യവും പ്രിയപുത്രനെ ഓർമ്മിപ്പിച്ചുകൊണ്ടുമിരുന്നു.

*കൊടുക്കും ദാസ്യപ്പണം മടിയ്ക്കാതെക്കാലവും-*
*മൊടുക്കിയവളുടെ മരണകാലംവരെ*
*"നിന്നുടെ നാഥാ മാതാവവൾക്കു ദാസൻ നീയെ-*
*യെന്നിതു മനസ്സതിലെപ്പോഴും സ്മരിക്കണം"* (11:21-24)[17]

മാതാപിതാക്കൾക്കളുടെ ജീവിതമാതൃകയാണ് മക്കൾക്കു കൊടുക്കുവാൻ കഴിയുന്ന ഏറ്റവും വലിയ സമ്പത്ത് എന്നതിനുത്തമ മാതൃകയാണ് ചാവറയച്ചന്റെ അമ്മ. രാപ്പകൽ വ്യത്യാസമില്ലാതെ മണിക്കൂറുകൾ പ്രാർത്ഥനയിൽ ചിലവഴിക്കാനും, പ്രാർത്ഥനയുടെ ഉന്നതശ്രേണികളിലേക്കുയരുവാനും സാധിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞതിന്റെ പ്രചോദന പ്രഭവം സ്നേഹവതിയായ ആ അമ്മ തന്നെ. അമ്മയിൽ നിന്നാണ് താൻ ദൈവത്തെ ആദ്യമായി അറിഞ്ഞതെന്ന് ചാവറയച്ചൻ സമ്മതിക്കുന്നു:

*പൈതൽ കാലത്തിൽ തീറ്റി വളർത്തുവാൻ*
*അയ്യം കൂടാതെ തന്നു മാതാവിനെ*
*അന്നവൾക്കു നീ നൽകിയ സ്നേഹത്താൽ*
*അമൃതപാനം തന്നു വളർത്തുമ്പോൾ,*
*അതിനോടു കലർത്തി ജപങ്ങളും*
*അപ്പോൾത്തന്നെ ഗ്രഹിപ്പിച്ചുതന്നവൾ*
*ദൃഢം വന്നപ്പോൾ ജപങ്ങളൊക്കെയും*
*ദൃഢതയോടെ പഠിപ്പിച്ചു നിശ്ചയം*
*അന്നവളുടെ കാൽക്കലിരുന്നു ഞാൻ*
*മന്ദമന്ദമറിഞ്ഞു ദൈവത്തെയും.* (1:46-54)[18]

രാത്രിയാമങ്ങളിൽ എഴുന്നേറ്റ് മുട്ടിൽനിന്നു പ്രാർത്ഥിക്കുന്ന അമ്മ ഉറക്കമുണർന്ന തന്നെയും പങ്കുചേർത്ത് ചൊല്ലിയിരുന്ന പ്രാർത്ഥനകളും, തിരുക്കുടുംബത്തോടുണ്ടായിരിക്കേണ്ട നിത്യഭക്തിയെക്കുറിച്ചു ഓതിക്കൊടുത്ത നൽമൊഴികളും തന്റെ മരണനേരത്തുപോലും നന്ദിയോടെ ഓർക്കുവാൻ മാത്രം ആഴമേറിയതായിരുന്നു. അമ്മയോടൊത്തുണ്ടായിരുന്ന അനുഭവങ്ങൾ അദ്ദേഹം അയവിറക്കിയിരിക്കുന്നു:

*എന്നവൾ രാത്രി പാതിരാനേരത്തും*
*മന്ദം നീക്കിയുണർന്നെഴുന്നേറ്റിട്ട്,*
*മുട്ടുകുത്തി നമസ്കാരം ചെയ്യുമ്പോൾ*
*ഒട്ടുനേരം ഞാൻ മുട്ടിന്മേൽ ചാഞ്ഞിടും*
*രാ ജപം ദേവമാതാവിൻ പ്രാർത്ഥന*
*രാജ രാജനാമീശോ തൻ നാമങ്ങൾ*
*'പരം ജ്യോതിയേ യീശോയേ രക്ഷിയ്ക്ക*
*പാരിതിന്റെ പുഷ്പമേ ജയാജയം'*
*എന്നിവണ്ണമോരോരോ ജപങ്ങളെ*
*നന്ദിയോടുച്ചരിക്കുന്ന നേരത്ത്*
*മന്ദമായതു കേട്ടിരുന്നുംകൊണ്ടാ-*
*സുന്ദരിയുടെ പാദേയുറങ്ങി ഞാൻ*
*അക്കാലം നാവിളക്കുവാൻ നേരത്തു*
*പൊക്കിക്കാട്ടിപ്പറയിക്കും ദൈവത്തിൻ*
*ശുദ്ധനാമമാമീശോമറിയവും*
*ശുദ്ധനായ മാർ യൗസേഫിൻ നാമവും*
*പിതാവു പുത്രൻ റൂഹാദക്കുദശാ*
*പിതാവിൻ സുതനാരവതാരവും*
*കന്നി തന്നുടെ ശുദ്ധോദരത്തിലായ്*
*മന്നിൽ വന്നു പിറന്നു മനുവായി*
*പന്തിയോസിന്റെ നാൾകളിൽ കഷ്ടപ്പെ-*
*ട്ടന്തരിച്ചു കഴിഞ്ഞുയർത്തുന്നതും,*
*ഓരോരോ ദിനേ ചൊല്ലി പഠിപ്പിച്ചു* (1:55-57)[19]

വിശ്വാസത്തെക്കുറിച്ചും വിശുദ്ധിയെക്കുറിച്ചും കാരുണ്യവാനായ ദൈവത്തിന് നിരന്തരം നന്ദിപറയേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും മാതാപിതാക്കളിൽ നിന്നാണ് ആദ്യമായി ഹൃദിസ്ഥമാക്കേണ്ടത് എന്നു സ്വാനുഭവം മുൻനിറുത്തി അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു.

ക്രിസ്ത്യാനിയായി ദൈവവിശ്വാസമുള്ള മാതാപിതാക്കളിലൂടെ ജനിക്കുവാൻ ഇടയായതിൽ, അംഗവൈകല്യം കൂടാതെ ജനിക്കുവാൻ ഇടയായതിൽ, അമ്മയുടെ ഉദരത്തിൽവെച്ചുതന്നെ മരിക്കാൻ ഇടയാകാഞ്ഞതിൽ, രോഗത്താലും ദാരിദ്ര്യത്താലും ക്ലേശിക്കാതെ തന്നെ കാത്തുസൂക്ഷിച്ചതിൽ... എല്ലാം അദ്ദേഹം ദൈവത്തെ സ്തുതിക്കുന്നു. താൻ ഒരു വലിയ ധനിക കുടുംബത്തിൽ ജനിക്കാനിടയാകാഞ്ഞതുപോലും അഹങ്കാരത്താൽ നശിക്കാതിരിക്കാനായി നല്ല ദൈവം മുൻകരുതലെടുത്തതാണെന്ന് മനസ്സിലാക്കി അദ്ദേഹം കാരുണ്യനാഥന്റെ മുമ്പിൽ ശിരസ്സു നമിക്കുന്നു.[20]

ജിവിതത്തിലേക്ക് തിരിഞ്ഞുനോക്കിയപ്പോൾ, സ്വജീവിതത്തിലെ ഓരോ നിമിഷങ്ങളും ദൈവത്തിനു നന്ദിപറയാനുള്ളതാണ് എന്നദ്ദേഹം തിരിച്ചറിഞ്ഞു. *എല്ലാം ദൈവത്തിന്റെ ദാനമാണ്* എന്ന ആ വലിയ തിരിച്ചറിവായിരുന്നു അദ്ദേഹത്തിന്റെ ജീവിതസന്ദേശം തന്നെ. ഈ അറിവ് അദ്ദേഹത്തെ വിനയാന്വിതനാക്കി; ദൈവത്തിന്റെ അനന്തമായ കാരുണ്യത്തിന്റെയും സ്നേഹദാനങ്ങളുടെയും മുമ്പിൽ മനുഷ്യന്റെ കൃതജ്ഞതയ്ക്ക് അളവു വെയ്ക്കാൻ പറ്റില്ലെന്ന ബോദ്ധ്യമുണർത്തി. എല്ലാം നന്ദിയോടെ തിരുഃസന്നിധിയിൽ അർപ്പിക്കേണ്ട മനുഷ്യൻ ചെയ്യുന്ന നിസ്സാര തെറ്റുകൾവരെ ദൈവതിരുമുമ്പിൽ വലിയ പിഴവുകളും കുറവുകളുമാണെന്ന് അദ്ദേഹം കരുതി. ചാവറയച്ചന്റെ ആദ്ധ്യാത്മികതയുടെ ഏറ്റവും കാതലായ വശവും ഇതുതന്നെയായിരുന്നു. ദൈവത്തിന്റെ കാരുണ്യം തന്നിൽ തെളിഞ്ഞുവരുംതോറും തന്റെ നിസ്സാരതയും തന്നിലെ പരിമിതികളും കൂടുതൽ കൂടുതൽ വ്യക്തമായി അദ്ദേഹം കണ്ടറിഞ്ഞു. അനുതാപത്തിന്റെ ആഴങ്ങളിലേക്കാണ് ആ അവബോധം അദ്ദേഹത്തെ നയിക്കുന്നത്:

*അയ്യയ്യോ മഹാദുഃഖമെന്നുടെ പാപത്താലെ*
*അയ്യംകൊണ്ടടിയന്റെ കണ്ണുകൾ താഴുന്നയ്യോ!*
*മമ പിതാവു നീയേ ഭാഗ്യവുമെനിക്കു നീ.*
*മംഗലം നീയെന്നിയെ മറ്റെന്തു ഗുണം നാഥാ-*
*എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ*
*നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!*
*ശ്വാസമെനിക്കു നീ യാവന, പാനം നീയേ*
*ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ.* (11:139146)[21]

## കളരിപഠനവഴിയിൽ

കുട്ടിക്കാലത്തെ, പ്രത്യേകിച്ചും കളരി പഠനകാലത്തെ ബാല്യചാപല്യങ്ങളെ ഓർത്തു മനസ്സുരുകുന്ന ചാവറയച്ചൻ ആഴമായ പശ്ചാത്താപത്താൽ ഹൃദയകണ്ണീർ പൊഴിക്കുന്നു:

*ഒക്കെയും മറന്നിട്ട് ദൃക്കതിൽ കാണുന്നതും,*
*വാക്കതിൽ വരുന്നതു മിച്ഛിക്കും പറഞ്ഞിടും*
*അക്കാലം വൃത്തികളെ സൂക്ഷിക്കുമെന്നാകിലോ*
*ഭോഷ്ക്കതിലിഷ്ടമത്രേ നന്മയിൽ രസമില്ല* (11: 2730)[22]

*കാണുന്നവർക്കു മഹാശോഭയായ്ത്തോന്നീടുന്ന*
*കാരണവന്മാരുടെ കബറുകളതു മഹാ-*
വെണ്മയായ് തോന്നീടുന്നു വള്ളക്കുമ്മായത്താലെ
ഒന്മയിൽ പൂശി വെളുപ്പിച്ചീടുന്നതിനാലെ

എത്രയും വെടിപ്പുള്ളതെന്നു തോന്നുന്നു പുറം
തത്ര സൂക്ഷിച്ചു തുറന്നകത്തു പാർക്കുന്നേരം
എത്രയും മഹാകഷ്ടദുർഗന്ധം വീശീടുമേ
അത്രയുമല്ലായതിനുള്ളകം നോക്കുന്നേരം (11:123130)[23]

കളരിയിലെ പഠനകാലം തന്റെ വിശ്വാസത്തിലും വിശുദ്ധിയിലും വളരാൻ സഹായകമായില്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ ബോദ്ധ്യം.

സന്ദർഭപ്രസക്തമായി അക്കാലത്ത് നാട്ടിൽ നടപ്പുണ്ടായിരുന്ന വിദ്യാഭ്യാസ രീതികളിലേയ്ക്കുകൂടി നമുക്കൊന്നു കണ്ണോടിക്കാം.

19-ാം നൂറ്റാണ്ടിന്റെ പകുതിവരെ കേരളത്തിലെ വിദ്യാഭ്യാസസമ്പ്രദായം ഇന്നത്തെ രീതികളിൽനിന്നും വളരെ വിഭിന്നമായിരുന്നു. സർക്കാർതലത്തിൽ പോലും അംഗീകൃത സ്ക്കൂളുകൾ തുടങ്ങിവരുന്നതേ ഉണ്ടായിരുന്നുള്ളു. അവിടെയും സവർണ്ണരോടൊത്ത് പഠിക്കുവാൻ അവർണ്ണർക്ക് അനുവാദവും അവകാശവും ഇല്ലായിരുന്നു. അന്നുണ്ടായിരുന്ന പ്രാഥമിക വിദ്യാഭ്യാസ സാദ്ധ്യത കളരികളിലൂടെയും ആശാന്മാരിലൂടെയും മാത്രം പരിമിതമായിരുന്നു. സംസ്കൃതവും തമിഴും മലയാളവും കണക്കും അത്യാവശ്യമറിയാവുന്നവരായിരുന്നു അവിടെ ആശാന്മാർ. ഓരോ കരകളിലും ഇങ്ങനെയുള്ള ആശാന്മാരുടെ നേതൃത്വത്തിൽ രക്ഷകർത്താക്കളുടെ നിർദ്ദേശത്തോടെ നടത്തിയിരുന്ന കളരികളിലായിരുന്നു കുട്ടികൾ പഠനം നടത്തിയിരുന്നത്. പെൺകുട്ടികളെ പഠിപ്പിക്കാൻ വിടുന്ന രീതി തീരെ ഇല്ലായിരുന്നു എന്നു തന്നെ പറയാം. പഠിപ്പിക്കുന്ന ആശാന്മാർക്ക് പ്രതിഫലമായി രക്ഷാകർത്താക്കൾ എന്തെങ്കിലും സ്വമേഷ്ടം കൊടുത്തിരുന്നതല്ലാതെ അതിൽ ചിട്ടപ്പെട്ട വ്യവസ്ഥകളില്ലായിരുന്നു; പാഠ്യപദ്ധതിക്കുമില്ലായിരുന്നു നിയതവും ഏകീകൃതവുമായ പൊതുഘടന.

ഏതാണ്ട് അഞ്ചുവർഷം നീണ്ടുനിൽക്കുന്നതായിരുന്നു കളരിയിലെ പഠനം. മലയാളം എഴുതുവാനും വായിക്കുവാനും, കണക്കുകൂട്ടുവാനും പഠിക്കുന്നതോടെ രണ്ടുവർഷത്തിനുള്ളിൽ അധികം കുട്ടികളും പഠനം നിർത്തുമായിരുന്നു. പഠിക്കുവാൻ കൂടുതൽ കഴിവുള്ള കുട്ടികളെ മാതാപിതാക്കൾ തുടർന്നനുവദിച്ചാൽ തമിഴും, സംസ്കൃതവും, കണക്കുകളും അഞ്ചുവർഷം വരെ കളരിയിൽ പഠിപ്പിക്കുന്നു. ഇങ്ങനെ അഞ്ചുമുതൽ പത്തുവരെ വയസ്സിനുള്ളിൽ കളരികളിൽ നിന്നു ലഭിക്കുന്ന പ്രാഥമിക വിദ്യാഭ്യാസമായിരുന്നു അന്നത്തെ വലിയ പഠനയോഗ്യത.[24]

ഹിന്ദുക്കളായ ആശാന്മാർ ഹൈന്ദവാചാരപ്രകാരമായിരുന്നു കളരികളിൽ വിദ്യാഭ്യാസം നൽകിയിരുന്നത്. ഹിന്ദുകുട്ടികളോടു ചേർന്ന് ക്രിസ്ത്യാനി കുട്ടികളും ഈ ആചാരപ്രകാരം വേണമായിരുന്നു പഠിക്കുവാൻ. ഹിന്ദുദൈവ നാമങ്ങൾ ഉച്ചരിച്ചുകൊണ്ടും അവർക്ക് വണക്കം കൊടുത്തുകൊണ്ടും

വേണമായിരുന്നു വിദ്യാരംഭം. സംസ്കൃതപഠനവും പുരാണകഥകളെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു.

ഈ സാഹചര്യത്തിൽ പഠിക്കാനിട വന്ന ചാവറയച്ചന് വീട്ടിൽനിന്ന് ലഭിച്ച ക്രിസ്തീയപരിശീലനത്തിൽനിന്നും വിഭിന്നമായ അനുഭവമായിരുന്നു ഉണ്ടായത്. അഞ്ചുവയസ്സുവരെ ദൈവത്തിനിഷ്ടമുള്ള മകനായി വളർന്നു എങ്കിലും തുടർന്നു പത്തുവയസ്സുവരെ കളരിയിൽ പഠിച്ചിരുന്നപ്പോൾ ദൈവത്തെ മറക്കാനിടവരുന്നതായിരുന്നു സാഹചര്യം എന്നദ്ദേഹം അമ്പരപ്പോടെ ഓർക്കുന്നു. കൂട്ടുകാരുടെ ഇടയിൽ രണ്ടോ നാലോ പേർ ഒഴികെ ബാക്കിയുള്ളവർ അക്രൈസ്തവരായിരുന്നു. അവരോടൊത്തുള്ള പഠനകാലത്ത് ഇവരിൽ നിന്നു കാണുന്നതും കേൾക്കുന്നതുമെല്ലാം ക്രിസ്തീയമല്ലാത്തതും പാപഹേതുകവും ആയിരുന്നോ എന്നാണ് ചാവറയച്ചൻ സന്ദേഹപ്പെട്ടത്. അവരുടെ അടക്കമില്ലാത്ത കളികളും, അതിൽ തികട്ടുമായിരുന്ന ദുഷിച്ച വാക്കുകളും അദ്ദേഹത്തിന് അരോചകമായി. ഇവരിൽ നിന്നും പലതും കണ്ടതും കേട്ടതും തന്റെ ഹൃദയത്തെയും മനസ്സിനെയും അശുദ്ധമാക്കുമോ എന്ന ഭീതിയും തജ്ജന്യമായ പശ്ചാത്താപവും അദ്ദേഹം സത്യസന്ധമായി പ്രകാശിപ്പിച്ചു. (1:93–112)[25]

തന്റെ സ്വഭാവരൂപവൽക്കരണത്തിൽ അമ്മയായിരുന്നു ഏറ്റവും വലിയ ഗുരുനാഥ എന്നദ്ദേഹം സമ്മതിക്കുന്നു. അമ്മയുടെ ശിക്ഷണ നടപടികൾ ഒരേ സമയം വാത്സല്യവും ഗൗരവവും നിറഞ്ഞതായിരുന്നു. അമ്മയുടെ ശക്തിയേറിയ നോട്ടമായിരുന്നു വടിക്കും കരത്തിനും പകരമുള്ള ശിക്ഷണായുധം എന്നും അദ്ദേഹം ഓർമ്മിക്കുന്നു:

*അരോചത്തുങ്കൽ കണ്ണാൽ പീഡിപ്പിച്ചു,*
*നോട്ടം കാണുമ്പോൾ ഭയപ്പെടുമഹം,*
*ഒട്ടും ദയയില്ലാത്തൊരാ കൺകളാൽ*
*ഒരുകാലവും യാതൊരു കാരണാൽ*
*കരുവാലും കരത്താലും തൊട്ടില്ല*
*ഒക്കെയും കണ്ണുകൊണ്ടു കഴിച്ചിടും,*
*ദുഃഖിപ്പിക്കും തോഷിച്ചിടും ചക്ഷുസ്സാൽ*
*അങ്ങനെ വളർത്തീടുന്ന കാലത്തിൽ*
*ഭംഗമെന്യേ ദൈവത്തിനുമിഷ്ടൻ ഞാൻ..* (1: 7886)[26]

■

## പരാമർശ സൂചിക

1. *പ്രയാണം* • സി.എം.ഐ. സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ, പുളിംകുന്ന് ശതാബ്ദി സ്പെഷ്യൽ, 1898-1998. 7-12

2. *ഒരു പ്രഭാതത്തിന്റെ ആകസ്മികതയിലെ സന്തതിയായല്ല, നൂറുകണക്കിനു തലമുറകളുടെയും പ്രാർത്ഥനകളുടെയും കാത്തിരിപ്പിന്റെയും ഫലമാണ് ക്രിസ്തുവെന്നും ഒരു സമൂഹത്തിന്റെ മുഴുവൻ സ്വപ്നങ്ങളാണ് ഒരവതാരത്തെ ജനിപ്പിക്കുന്നത്* എന്നും കസാൻദസാക്കിസ് പറഞ്ഞിട്ടുള്ളതോർക്കുക.

3. ചാവറ കുടുംബത്തിന്റെ തായ് വഴിയിൽ ചാവറയച്ചന്റെ സഹോദരപുത്രിയുടെ (ചാവറ വീട്ടുപേരുതന്നെ അവരും സ്വീകരിച്ചിരിക്കുന്നു.) മൂന്നാമത്തെ മകൻ ചാക്കോ കുംഭം വേലിയുടെ മൂന്നാം തലമുറയിൽ പെടുന്നയാളാണ് K.K. Chacko B.Sc., B.T. (85) ഇദ്ദേഹത്തിന്റെ വല്യപ്പനിൽ നിന്നും അപ്പനിൽ നിന്നുമെല്ലാം നേരിൽ കേട്ടിട്ടുള്ള കാര്യങ്ങളാണ് ഭാര്യ ത്രേസ്യാമ്മയും (75) കൂടിചേർന്ന് വിവരിക്കുന്നത്.

4. വലേരിയൻ • *വന്ദ്യ ദിവ്യശ്രീ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ*, മാന്നാനം, 1939.

5. *നാളാഗമം.* ചാവറഭവൻ, *കൈനകരി* Vol.1.

6. 2004 ഫെബ്രുവരി മാസത്തിൽ ഗ്രന്ഥകാരൻ ചാവറ കുടുംബാംഗങ്ങളോടും, ചാവറ തറവാട്ടിൽ അനേകവർഷങ്ങൾ ജോലിക്കാരനായിരുന്ന തങ്കപ്പനോടും നടത്തിയ സംഭാഷണത്തിൽ നിന്നും കിട്ടിയ അറിവുകളാണ് ഇവിടെ ചേർത്തിരിക്കുന്നത്.

7. ഫാ. ഹൊർമീസ്, സി.ഡി. തേവര • *കേരള ക്രിസ്ത്യാനികളും കർമ്മലീത്ത സഭയും.* 1942 also, *Fr. Bartholomew, Fr. Placid & Co., The Carmelite Congregation of Malabar* - 1831-1931, Trichinapolly, 1932, III-XVI.

8. *Alleen Butter - The Lives of the Fathers, Martyrs and Other Saints,* Vol. VII, New York.

9. ചാവറയച്ചന്റെ അമ്മ വീടിനെക്കുറിച്ചും അംഗങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ചോതിരക്കുന്നേൽ കുടുംബചരിത്രത്തിൽനിന്ന് ശേഖരിച്ചിട്ടുള്ളതാണ്.

   ചാവറയച്ചന്റെ ജനനനാളിനെക്കുറിച്ച് അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാർ വ്യത്യസ്ത തീയതികളാണ് നൽകുന്നത്. അദ്ദേഹത്തിന്റെ ആദ്യചരിത്രകാരന്മാരിൽ ഒരാളായ പോരൂക്കര കുര്യാക്കോസ് ഏലിശ പറഞ്ഞിരിക്കുന്ന ജനനവർഷം 1804 ആണ്. എന്നാൽ ഈ വർഷം മറ്റാരും തന്നെ സൂചിപ്പിക്കാത്തതുകൊണ്ട് അത് പ്രിന്റിംഗിൽ വന്ന തെറ്റാണെന്നുവേണം കരുതുവാൻ, (*സ്ഥാപകപിതാക്കന്മാർ*, മാന്നാനം 1905) മാസത്തെക്കുറിച്ച് ഏതായാലും ആർക്കും അഭിപ്രായവ്യത്യാസമില്ല. തീയതിയുടെ കാര്യത്തിൽ ചിലർ ഫെബ്രുവരി 8 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ കാര്യത്തിൽ 1864-ൽ സഭയുടെ ഡെലിഗേറ്റായിരുന്ന ലെയോപോൾദ് മിഷനറിക്ക് ചാവറയച്ചൻ എഴുതിക്കൊടുത്തിരിക്കുന്ന (*ചാവറ നാളാഗമം*, 1981) സഭാംഗങ്ങളുടെ

പേരുവിവരങ്ങളിൽ കാണിച്ചിരിക്കുന്നതും ചാവറയച്ചന്റെ ആദ്യജീവചരിത്ര കാരനായ ലെയോപോൾദ് അച്ചൻ തന്നെ രേഖപ്പെടുത്തിയിരിക്കുന്നതുമായ തീയതിയാണ് വിശുദ്ധരുടെ നടപടികൾക്കായുള്ള സംഘം അംഗീകരിച്ചിരിക്കുന്നത്. അതിൻപ്രകാരം 1805 ഫെബ്രുവരി 10 ആണ് ചാവറയച്ചന്റെ ജന്മദിനം.

10. *ചേന്നങ്കരി സെന്റ് ജോസഫ്സ് ദേവലായ കൂദാശ സ്മരണിക*, ചങ്ങനാശ്ശേരി 1997.

11. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ Vol. 11, സാഹിത്യകൃതികൾ, (*ആത്മാനുതാപം*) മാന്നാനം 1981. 1-16

12. 1869-ൽ ചാവറയച്ചൻ രോഗശയ്യയിലാകുന്നതിനുമുമ്പാണ് ആത്മാനുതാപം എഴുതി പൂർത്തിയാക്കിയത്. 1865-നു ശേഷമായിരിക്കണം ഈ കൃതി അദ്ദേഹം എഴുതിത്തുടങ്ങിയത്.

13. ആത്മാനുതാപം, 1

14. ജോസ് എൻ. കെ. *കുടവെച്ചൂർ* പള്ളി, 1985. (ഇതേ ചിത്രങ്ങൾ ഉള്ള മറ്റു പള്ളികളും ചിത്രത്തിന്റെ കാര്യത്തിൽ ഇതേ അവകാശം ഉന്നയിക്കുന്നുണ്ട്.)

15. ചില പള്ളികളിൽ പരിശുദ്ധ അമ്മയെ വല്യമ്മ എന്ന അർത്ഥത്തിൽ *മുത്തി* എന്നു വിളിക്കാറുണ്ട്. ഇപ്രകാരമാവണം മലയാറ്റൂർ തീർത്ഥാടനകേന്ദ്രത്തിലെ വിശുദ്ധ തോമാസ്ശ്ലീഹായെ, വിശ്വാസത്തിന്റെ ജനയിതാവ് എന്ന അർത്ഥത്തിൽ മുത്തപ്പൻ എന്നും വിളിക്കുന്നത്.

16. ആത്മാനുതാപം, 6

17. ആത്മാനുതാപം, 6

18. ആത്മാനുതാപം, 2

19. ആത്മാനുതാപം, 3

20. ആത്മാനുതാപം, 1. 1: 65-100

21. ആത്മാനുതാപം, 10

22. ആത്മാനുതാപം, 7

23. ആത്മാനുതാപം, 9

24. തോമസ് പി.ജെ. *മലയാള സാഹിത്യവും ക്രിസ്ത്യാനികളും*, കോട്ടയം, 1961. 69 ff.

25. ആത്മാനുതാപം 4

26. ആത്മാനുതാപം 3

## മൂന്ന്

# പൗരോഹിത്യ ചോദന

***കോ**ൺഗ്രിഗേഷൻ ഫോർ ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോൺസക്രേറ്റഡ് ലൈഫ് ആന്റ് സൊസൈറ്റീസ് ഓഫ് അപ്പസ്തോലിക് ലൈഫ്* എന്ന സ്ഥാപനം *സന്യാസിസഭകളുടെ പരിശീലനത്തിനുള്ള മാർഗ്ഗരേഖകൾ* എന്ന പേരിൽ റോമിൽ നിന്നു പുറപ്പെടുവിച്ച രേഖയിൽ ദൈവവിളി പരിപോഷണത്തിൽ പല ഘടകങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നു പറയുന്നു. പരിശുദ്ധാത്മാവ്, പരിശുദ്ധ കന്യാമറിയം, മാതാപിതാക്കളും കുടുംബാംഗങ്ങളും, തിരുസഭ, സന്യാസസമൂഹം, പരിശീലകർ, പ്രത്യേകമായി ദൈവവിളി സ്വീകരിക്കുന്നവർ... എന്നിങ്ങനെ പലരിലൂടെയാണ് ദൈവം ഇടപെടുന്നത്. എന്നാലോ ഇവ്വിധം ഇടഘടകങ്ങളായി പലതും പ്രവർത്തിച്ചാലും ദൈവത്തിന്റെ മുമ്പിൽ നേർക്കുനേർ നിന്നു അവിടുത്തെ വിളി കേൾക്കുന്നതും അതിനുള്ള അന്തിമ പ്രത്യുത്തരം മനസ്സിലേറ്റി നൽകുന്നതും ദൈവവിളി സ്വീകരിക്കുന്ന വ്യക്തികളാണ്. അവിടെയും എല്ലാ കാര്യങ്ങളിലും തുടക്കമിടുന്നത് ദൈവം തന്നെയാണ് എന്നതത്രെ സത്യം. വിശുദ്ധയോഹന്നാൻ എഴുതിയ സുവിശേഷത്തിൽ ഈ കാര്യം വ്യക്തമാക്കുന്നുണ്ട്:

*നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്* (John 15:16)

ദൈവത്തിന്റെ തിരഞ്ഞെടുപ്പിന് പ്രത്യേകതകൾ ഉണ്ട്. അവിടത്തേക്ക് ആവശ്യമുള്ളവരെയാണ് തിരഞ്ഞെടുക്കുന്നത്. പ്രത്യേകദൗത്യം ഏൽപിക്കാനാണ് അവരെ തിരഞ്ഞെടുക്കുന്നത്. അവിടത്തോടു സഹകരിക്കുന്നവരെയാണ് തിരഞ്ഞെടുക്കുന്നത്. വിളി പൂർണ്ണമാകുന്നത് പ്രത്യുത്തരംകൂടി ലഭിക്കുമ്പോഴാണ്. ഒരു വ്യക്തിയുടെ ജീവിതത്തിൽ ഈ മൂന്നു ഘടകങ്ങളും തിരിച്ചറിയുന്നതിനും ആ തിരിച്ചറിവിനനുസരിച്ച് ദൈവിക പദ്ധതി പൂർത്തിയാക്കുന്നതിനും വ്യക്തിയെ സഹായിക്കുന്ന ഉപാധികളാണ് മുകളിൽ സൂചിപ്പിച്ച ഇതരതലങ്ങൾ.

ചാവറയച്ചന്റെ ദൈവവിളി രൂപപ്പെടുത്തുന്നതിൽ ഈ ഘടകങ്ങളെല്ലാം പ്രവർത്തനനിരതമായിരുന്നു. അദ്ദേഹമാകട്ടെ ദൈവീകപദ്ധതിയുടെ ഭാഗമായി എല്ലാ സാധ്യതകളേയും പരമാവധി ഉപകരിപ്പിച്ചു. അമ്മയുടെ മടിയിലിരുന്നുകൊണ്ട് ദൈവത്തെയും ദൈവസ്നേഹത്തെയും തിരിച്ചറിഞ്ഞ ചാവറയച്ചൻ[1] തന്നെക്കുറിച്ചുള്ള ദൈവത്തിന്റെ പരിപാടികളും, ആവശ്യങ്ങളും പടിപടിയായി അനുഭവിച്ചറിയുകയായിരുന്നു. *സ്വയംവിശുദ്ധീകരണവും ആത്മാക്കളുടെ രക്ഷയും* ഇതിനുള്ള വഴിയായി. നല്ലൊരു പുരോഹിതനും സന്യാസിയുമായി മാറുന്നതിനായി ദൈവം ഉള്ളിൽ വിതച്ച വിത്തായിരുന്നു ചാവറയച്ചന് ലഭിച്ച ദൈവവിളി.

ജീവിതത്തിലെ ചില വഴിത്തിരിവുകൾക്ക് തുടക്കമിടുന്നത് അവിചാരിതമായാണ്. ചാവറയച്ചന്റെ കാര്യത്തിലും ഇതുന്നെ സംഭവിച്ചു. പള്ളിപ്പുറത്ത് സെമിനാരി നടത്തിയിരുന്ന പാലയ്ക്കൽ തോമ്മാ മല്പാൻ ഒരു ദിവസം തന്റെ ഇളയമ്മയെ കാണാൻ കൈനകരിയിലെത്തി. അമ്മയുടെ അനുജത്തിയെ കാളാശ്ശേരിയിലാണ് വിവാഹം ചെയ്തയച്ചിരുന്നത്: കാളാശ്ശേരിക്കാരുടെ വീടിന്റെ അടുത്താണ് ചാവറകുടുംബവും. മാത്രമല്ല, അവർ ഒരേ കുടുംബക്കാരുമായിരുന്നു.

ഇളയമ്മയുമായുള്ള സംസാരമദ്ധ്യേ ആയിരിക്കാം സെമിനാരിയിൽ ചേർക്കാൻ പറ്റിയ കുട്ടികളെക്കുറിച്ചുള്ള അന്വേഷണം ഉണ്ടായത്. ഒരച്ചൻ വീട്ടിൽ എത്തിയിരിക്കുന്നു എന്ന വിവരം കേട്ട് കൊച്ചുകുര്യാക്കോസുമായി അമ്മ അവിടേയ്ക്ക് കയറിച്ചെല്ലുന്നതും അപ്പോൾതന്നെയായിരുന്നു. എന്തായാലും ആ പതിനൊന്നു വയസ്സുകാരനെ പ്രഥമദൃഷ്ടിയിൽ തന്നെ അച്ചന് ഇഷ്ടപ്പെട്ടു. ദൈവാനുഭവം നിറഞ്ഞ മുഖഭാവവും ശാലീനത നിറഞ്ഞ പെരുമാറ്റരീതികളും; കണ്ടാലും അതികോമളൻ.[2] മല്പാൻ മനസ്സിലവനെ ഉറപ്പിച്ചു; *ഇവൻ ദൈവത്തിനുള്ളവനാണ്, സെമിനാരിയിലേക്കുള്ളവനാണ്.*

മല്പാൻ പിന്നെ അധികം താമസിച്ചില്ല. ചാവറ വീട്ടിലേയ്ക്ക് നടന്നു. കൊച്ചുകുര്യാക്കോസിനെ അടുത്തുവിളിച്ച് കുശലാന്വേഷണങ്ങൾ നടത്തി. അവന്റെ ഭാഗവും ഉറപ്പാക്കി. അവൻ എന്നുമുതലേ ആഗ്രഹിച്ചിരിക്കുന്ന കാര്യം! മാതാപിതാക്കളായ കുര്യാക്കോസിനെയും മറിയത്തെയും അടുത്തേയ്ക്ക് വിളിച്ച് അച്ചനവരോടു മന്ത്രിച്ചു: *കൊച്ചുമകനെ എനിക്കുവേണം സെമിനാരിയിലേയ്ക്ക്, അവൻ ദൈവത്തിനുള്ളവനാണ്.*

ഒരു മകനെ ദൈവത്തിനു കൊടുക്കുക, അവൻ ഒരു വൈദികനായി കാണുക. അവരുടെ ഹൃദയാഭിലാഷമായിരുന്നെങ്കിലും അവർക്ക് ഈ വാർത്ത ഹൃദയഭേദകമായിരുന്നു. ഇളയപുത്രൻ, ഓമനക്കുട്ടൻ, മാത്രമല്ല ഇളംപ്രായം വിട്ടുമാറാത്തവൻ! *നിങ്ങൾ സാവകാശം ആലോചിച്ച് മറുപടി തരിക* എന്ന വാക്കോടെ ആയിരിക്കാം, ഉള്ളിലൊളിച്ചുവെച്ച പ്രതീക്ഷയുമായി അച്ചൻ പടികളിറങ്ങിയത്.

കൊച്ചുകുര്യാക്കോസിനെ സംബന്ധിച്ചിടത്തോളം അടഞ്ഞുകിടന്നിരുന്ന വഴി തുറന്നുകിട്ടിയ സന്തോഷമായിരുന്നു. അവന്റെ മനസ്സിൽ ഉമിത്തീപോലെ നീറിപ്പുകഞ്ഞുകൊണ്ടിരുന്ന രണ്ടു വലിയ പ്രശ്നങ്ങളുണ്ടായിരുന്നിരിക്കണം. *ഇടവകയോഗത്തിലേക്ക് ആരെന്റെ പേരു നിർദ്ദേശിക്കും, സെമിനാരിയിലേക്ക് ദേശക്കുറി ആരു തരും?* അന്നത്തെ നടപ്പനുസരിച്ച് കുടുംബത്തിൽപെട്ട വൈദികരാരെങ്കിലുമാണ് ഇതിനു നേതൃത്വം എടുക്കേണ്ടത്. അവരാണ് ഇടവകയോഗത്തിലേയ്ക്ക് പേരു നിർദ്ദേശിക്കേണ്ടത്. കുടുംബത്തിൽ വൈദികരായി ആരുമില്ല, തന്റെ പേരു നിർദ്ദേശിക്കുവാൻ. ഇടവകയോഗത്തിലൂടെ വേണം ഇടവകയിൽ നിന്ന് ഒരംഗത്തെ സെമിനാരിയിലേയ്ക്ക് നിർദ്ദേശിക്കുവാൻ. ഇതിനാണ് ദേശക്കുറി കൊടുക്കുക എന്നു പറയുന്നത്. യോഗം തീരുമാനിച്ചെങ്കിൽ മാത്രമേ ഇടവക സെമിനാരിപഠനകാലത്തെ ചിലവുകൾ വഹിക്കാൻ ഉത്തരവാദിത്വമെടുക്കുകയുള്ളു. പക്ഷെ, അപ്പോൾ സെമിനാരി മല്പാൻ തന്നെ നേരിട്ടു ക്ഷണിച്ചപ്പോൾ, ദേവദൂതൻ നേരിട്ടു പ്രത്യക്ഷപ്പെട്ടതുപോലെയായി; ദൈവം ഹൃദയത്തിൽ മുൻകൂട്ടി വിതച്ച വിത്ത് അതോടെ പൊട്ടിമുളയ്ക്കുവാൻ തുടങ്ങി.

മകന്റെ നിർബന്ധപൂർവ്വമായ ആഗ്രഹം ഒരു വശത്ത്; അവനോടുള്ള അതിവാത്സല്യം മറുവശത്ത്; ഇത്രയും ഇളം പ്രായത്തിലേ അവനെ എങ്ങിനെ വേർപിരിയും? ഉത്തരം കിട്ടാത്ത ചോദ്യമായി അത് മാതാപിതാക്കളുടെ മനസ്സിൽ നീറി.

ഏതാണ്ട് അൻപതു വർഷങ്ങൾക്കുശേഷവും ചാവറയച്ചൻ ഇത് ഓർത്തിരുന്ന് കടലാസ്സിൽ കുറിച്ചിടണമെങ്കിൽ എത്രമാത്രം ആഴത്തിൽ സ്പർശിച്ച ഒരു വിഷയമായിരുന്നിരിക്കണം അന്ന് അത്. ആത്മാനുതാപത്തിൽ അദ്ദേഹം ഇങ്ങിനെ എഴുതിയിരിക്കുന്നുവല്ലോ:

*ഇങ്ങനെ ദശവത്സരം ചെന്നപ്പോൾ*
*അങ്ങുന്നെന്നെ വിളിച്ചു മഹാദയാൽ*
*എന്നതു മഹാനിശ്ചയമെന്നുള്ളിൽ*
*അന്നല്ലെങ്കിലങ്ങോട്ടു ഗതിയില്ലാ-*
*യെന്നതുമല്ലായെന്നുടെ വംശത്തിൽ*
*അന്നൊരു ജനമില്ലായീയന്തസ്സിൽ*
*എന്നനേരമൊരുത്തൻ യദൃച്ഛയാ*
*യൊന്നുമേ, മഹാമാർഗ്ഗമിതേറ്റുവാൻ*[3]

ദൈവത്തേക്കാൾ അധികമായി ഈ ലോകത്തിൽ ഒന്നിനെയും സ്നേഹിക്കാൻ പാടില്ല. ദൈവഹിതമാണ് എപ്പോഴും നിറവേറ്റേണ്ടത്; അതറിയാത്തവരോ അതിൽ സംശയമുണ്ടായിരുന്നവരോ അല്ല ചാവറയച്ചന്റെ അപ്പൻ കുര്യാക്കോസും അമ്മ മറിയവും. എങ്കിലും അവർ ധർമ്മസങ്കടത്തിലായി. അതുവേണോ, ഇതുവേണമോ എന്ന സംശയം. കൊച്ചുകുര്യാക്കോസിന്റെ അമ്മയുടെ ഒരു സഹോദരൻ തോപ്പിൽ കുര്യനും[4] ഇളയപ്പനും (അപ്പന്റെ

അനുജൻ), കാളാശ്ശേരിയിലെ ഒരു സഹോദരനും പ്രശ്നത്തിലിടപെട്ടു. ചാവറ യച്ചൻ നാളാഗമത്തിൽ ഈ കാര്യം വ്യക്തമായി വിശദീകരിക്കുന്നുണ്ട്:

*"എന്റെ പതിനൊന്നാം വയസ്സിൽ, പഠിക്കണമെന്ന മനസ്സുണ്ടായിരുന്നെങ്കിലും കാരണവന്മാരായ അപ്പനും അമ്മയ്ക്കും മനസ്സില്ലാഞ്ഞു. എങ്കിലും അമ്മാച്ചനായ തോപ്പിൽ ഗീവർഗ്ഗീസുകത്തനാരച്ചന്റെ അപ്പന്റെയും, ഇളയപ്പന്റെയും പ്രേരണയാൽ കാരണവന്മാരും സമ്മതിച്ചു. അപ്പോൾ ഇദ്ദേഹത്തിന്റെ ഇളയമ്മ എന്നു മുൻ സൂചിപ്പിച്ചിരിക്കുന്നവളുടെ മകന്റെയും വാക്കാൽ എന്നെയും ചേർത്തു."*[5]

കാര്യങ്ങൾ ഇത്രയുമൊക്കെ എത്തിയപ്പോൾ അമ്മയ്ക്ക് തോമ്മാ മല്പാന്റെ വാക്കുകളുടെ ആഴം മനസ്സിലായി.

*എന്നതു മമ മാതാവിന്റെ ശ്രോത്രത്തിൽ*
*ചെന്നുവീണപ്പോൾ നന്നായി തെളിഞ്ഞവൾ,*
*ദ്വിപുത്രന്മാരിലേകൻ ദൈവത്തിനു*
*ദാനം ചെയ്യുന്നതെത്രയുമുത്തമം*[6]

ദൈവത്തിനു കൊടുക്കുന്നതിൽ കായേൻ പിശുക്കു കാട്ടി. ദൈവവും സഹോദരനും അവനു നഷ്ടപ്പെട്ടു. മറിയം ആ കഥ ഓർത്തിരിക്കണം. മകനെ പരിശുദ്ധ കന്യകവഴി ദൈവത്തിനടിമവെച്ചതിന്റെ അർത്ഥം ഇപ്പോൾ അവർ കൂടുതൽ ഉൾക്കൊണ്ടു. *ഇനിമേൽ നിന്റെ സൂതനല്ലവൻ.* മനസ്സു മനസ്സോടു മന്ത്രിച്ചു. അവർ അനസരണയോടെ, സങ്കോചപ്പെടാതെ, മകനെ മുഴുവനായി വിട്ടുകൊടുക്കുവാൻ ദൈവവഴിയെ തയ്യാറായി; അതും അതീവ സന്തോഷത്തോടെ.

ഇടവക വികാരിയിൽ നിന്നാവണം അന്തിമ തീരുമാനമുണ്ടായത്. അതാവട്ടെ രണ്ടു കൂട്ടർക്കും ആശ്വാസകരവും, സ്വീകാര്യവുമായ നിർദ്ദേശമായി. കൊച്ചുമകനെ പിരിഞ്ഞിരിക്കാൻ വിഷമമുള്ളതുകൊണ്ട് അവനെ ഇപ്പോൾ അകലെയുള്ള സെമിനാരിയിലേയ്ക്കയക്കണ്ട. പകരം ഇടവക പള്ളിയിൽ താമസിച്ച് കുർബ്ബാനയ്ക്ക് കൂടുവാനും മറ്റും പഠിക്കട്ടെ. ഇടയ്ക്ക് വീട്ടിൽ വരാം; മാതാപിതാക്കൾക്ക് അവനെ പള്ളിയിൽ പോയി കാണുകയും ചെയ്യാം. കുറച്ചുനാൾ അങ്ങിനെ കഴിഞ്ഞു ഒരിണക്കമായശേഷം അവൻ സെമിനാരിയിലേക്ക് പോകട്ടെ. ദൈവത്തിന്റെ ഹിതം അവർക്കു വ്യക്തമായി; സന്തോഷമായി.

കൊച്ചുകുര്യാക്കോസിന്റെ ഉള്ള് ത്രസിച്ചു; എല്ലാം ദൈവത്തിന്റെ കാരുണ്യവും ഔദാര്യവും:

*ദൈവം തന്നുടെയന്തികേ ചേരുവാൻ*
*ദയാധിക്യത്തിനാൽ തിരുച്ചിത്തമായ്*
*ഇത്രപാപിയാമെന്നുടെ ഹീനത*
*തത്ര പോക്കിയതെത്ര മഹാചിത്രം!*[7]

പതിമൂന്നുവയസ്സുവരെ അധിക സമയവും ചേന്നങ്കരി ഇടവകപള്ളിയിൽ വികാരിയച്ചനോടൊപ്പം അവൻ വളർന്നു. കുട്ടിക്കാലത്ത് അമ്മ കഴിഞ്ഞാൽ തന്നെ രൂപപ്പെടുത്തുവാൻ ഏറ്റവും സഹായിച്ച വ്യക്തി വികാരിയച്ചനാണെന്നദ്ദേഹം സമ്മതിക്കുന്നു. അവിടെയാണ് തന്റെ ആത്മീയജീവിതത്തിനും സെമിനാരി ജീവിതത്തിനും അടിത്തറ ഉറച്ചത്. വിശുദ്ധബലിയിൽ പങ്കുചേരേണ്ടതെങ്ങിനെ എന്നും, എങ്ങിനെ ശുശ്രൂഷ ചെയ്യണമെന്നും വികാരിയച്ചൻ അതീവവാത്സല്യത്തോടെ പഠിപ്പിച്ചു.[8] വിശുദ്ധമായി ജീവിക്കേണ്ടതെങ്ങിനെ എന്നു കാണിച്ചുതന്നതോടൊപ്പം തെറ്റുകളെ തിരുത്തേണ്ടതെങ്ങിനെ എന്നും അദ്ദേഹം പഠിപ്പിച്ചു. ഏതാണ്ടു രണ്ടുവർഷത്തോളം കാലം വാത്സല്യനിധിയായ വികാരിയച്ചനോടൊപ്പം ഇടവകപള്ളിയിൽ കഴിഞ്ഞതിനെക്കുറിച്ച് ആത്മാനുതാപത്തിൽ വിവരിക്കുന്നുണ്ട്.

*അന്നവിടത്തിലുള്ള ഗുരുശ്രേഷ്ഠൻ*
*നന്ദിയോടെന്നക്കാത്തു വളർത്തീട്ടു,*
*പൂജകണ്ടാനും ശുശ്രൂഷ ചെയ്‌വാനും*
*പൂജ്യമായെന്നെച്ചേർക്കും ദയയോടെ.*
*പുണ്യമായി നടന്നീടുവാൻ കാട്ടീടും*
*തണ്യതൊക്കെ ത്യജിപ്പാൻ പഠിപ്പിക്കും.*[9]

ഭാരതസംസ്ക്കാരത്തിൽ ഗുരുശിഷ്യബന്ധത്തിന് വളരെ പ്രാധാന്യം ഉണ്ട്. ശിഷ്യന്മാർ പ്രധാനമായും ഗുരുമുഖത്തുനിന്നാണ് പഠിക്കുക. ശിഷ്യന്റെ ജീവിതത്തിൽ ധാരാളം അവസരങ്ങൾ ഉണ്ടാകണം. മൂന്നുതലത്തിലാണ് ശിഷ്യൻ ഗുരുവിൽ നിന്നു പഠിക്കുന്നത്. പറഞ്ഞുകൊടുക്കുന്നതിലൂടെ, കാണിച്ചുകൊടുക്കുന്നതിലൂടെ, രണ്ടിലുമുപരിയായി ഗുരുവിന്റെ ജീവിതത്തിൽ നിന്ന്. ഈ മൂന്നവസരങ്ങളും ശിഷ്യനു ലഭിക്കുവാൻ ശിഷ്യൻ ഗുരുവിനോടൊപ്പം വസിക്കേണ്ടത് ആവശ്യമാകുന്നു. അങ്ങിനെയൊരു വിദ്യാഭ്യാസരീതിക്കാണ് *ഗുരുകുല വിദ്യാഭ്യാസം* എന്നു പറയുക. ഊണിലും ഉറക്കത്തിലുമെന്നപോലെ എല്ലാ ജീവിതവൃത്തിയിലും ഗുരുവിനോടൊപ്പമുണ്ടായിരിക്കുന്ന ശിഷ്യന് ലഭിക്കുന്ന അനുഭവസമ്പത്ത് വളരെ വലുതാണ്; പ്രത്യേകിച്ചും ശിഷ്യന്റെ ആത്മീയജീവിതത്തിൽ. ഭാരതീയ മുനിമാർ വിദ്യ സ്വീകരിച്ചതും വിദ്യ നൽകിയതും ഗുരുകുലത്തിലൂടെയാണ്.

ഇതിനോടു വളരെ സാമ്യമുള്ള ഒരു ജീവിതശൈലി ആയിരുന്നു വൈദിക പരിശീലനരംഗത്ത് 19-ാം നൂറ്റാണ്ടുവരെ കേരളസഭയിൽ ഉണ്ടായിരുന്നത്. *മല്പാനേറ്റുകൾ* എന്നറിയപ്പെടുന്ന സെമിനാരികളായിരുന്നു നടപ്പിലുണ്ടായിരുന്നത്. അന്നത്തെ രീതിയിൽ വിശുദ്ധഗ്രന്ഥത്തിലും ധാർമ്മിക ശാസ്ത്രത്തിലും, സുറിയാനി ഭാഷയിലും കൂടുതൽ പരിജ്ഞാനമുള്ളവരെയാണ് സഭാതലവന്മാർ മല്പാന്മാരായി നിയോഗിക്കുക. സുറിയാനി ഭാഷയിൽ മല്പാൻ എന്ന വാക്കിനർത്ഥം പ്രൊഫസർ, റ്റീച്ചർ എന്നൊക്കെയാണ്. ഇന്നത്തെ ഡോക്ടർ എന്ന പദവിക്ക് തുല്യമായും മല്പാൻ എന്ന പദവിയെ കണ്ടിരുന്നു.

മല്പാന്മാർ ഭരിക്കുന്ന ഇടവകയിലെ പള്ളിമുറിയോടു ചേർത്ത് വൈദികനാകാൻ താല്പര്യമുള്ള കുറച്ചുപേരെ താമസിപ്പിച്ചുപഠിപ്പിച്ചിരുന്നു. ഇതായിരുന്നു അക്കാലത്തെ മല്പാനേറ്റുകൾ അഥവാ ഇടവക സെമിനാരികൾ. ഈ മല്പാനേറ്റുകൾ തികച്ചും ഗുരുകുലത്തിനു തുല്യമായിരുന്നു എന്നു പറയാം. മല്പാന്മാരുടെ ബുദ്ധിപരമായ അറിവിൽനിന്നു കിട്ടുന്നതിലുപരി അവരുടെ ജീവിതവിശുദ്ധിയിൽ നിന്നും, മാതൃകകളിൽ നിന്നും കണ്ടും കേട്ടും പഠിക്കുകയായിരുന്നു പ്രധാനം. ഭാരതീയ ഗുരുകുലങ്ങളിലെന്നതുപോലെ ഇവിടെയും പഠനം പൂർത്തിയാകാൻ മുൻകൂട്ടി ഒരു കാലപരിധി നിശ്ചയിച്ചിരുന്നില്ല. മല്പാന് ബോദ്ധ്യമാകുമ്പോൾ ശിഷ്യന് തിരുപ്പട്ടം കൊടുക്കാൻ മെത്രാനോടപേക്ഷിക്കുകയായിരുന്നു പതിവ്.

## മല്പാനേറ്റുകളിലെ ചിട്ടചര്യകൾ

ഇത്തരത്തിലുള്ള ഒരു സെമിനാരിയായിരുന്നു പാലയ്ക്കൽ തോമ്മാ മല്പാന്റെ നേതൃത്വത്തിൽ പള്ളിപ്പുറത്ത് ഉണ്ടായിരുന്നത്. ഇടവക സെമിനാരികളിൽ വന്ന മാറ്റങ്ങളെക്കുറിച്ചും, ചാവറയച്ചന്റെ സെമിനാരി ജീവിതത്തെക്കുറിച്ചും പഠിക്കുവാൻ പാലയ്ക്കലച്ചൻ നടത്തിയിരുന്ന സെമിനാരിയെപ്പറ്റിയുള്ള അറിവ് അത്യാവശ്യമാണ്. സുറിയാനി കത്തോലിക്കാവൈദികരുടെ വേഷത്തിൽ മാറ്റങ്ങൾ വരുത്തിയതും അദ്ദേഹമായിരുന്നു.

പള്ളിപ്പുറത്ത് എങ്ങിനെ സെമിനാരി ഉണ്ടായി എന്നതിനും ഒരു ചരിത്രമുണ്ട്. മൈസൂർ സുൽത്താൻ ടിപ്പുവിന്റെ കേരളത്തിലേയ്ക്കുള്ള പടയോട്ടത്തെ കേന്ദ്രീകരിച്ചുള്ളതാണത്.

കേരളത്തിലെ നാട്ടുരാജാക്കന്മാരുടെ പരസ്പരസഹകരണമില്ലായ്മയും അനൈക്യവുമാണ് മൈസൂർ സൈന്യത്തെ ഇവിടേയ്ക്കാകർഷിക്കാൻ പ്രധാനകാരണമായത്. 1766ൽ ഹൈദരാലി കേരളാക്രമണത്തിനായി വടക്കൻ മലബാറിലെത്തി. തുടർന്നിങ്ങോട്ട് 1790 വരെ കേരളം രണഭൂമിയായി മാറി. കാലവർഷം ആരംഭിച്ചതുകൊണ്ട് ടിപ്പുവിന്റെ പടയോട്ടം ആലുവാപ്പുഴകൊണ്ടവസാനിച്ചു. ബ്രിട്ടീഷുകാർ മൈസൂറുമായി യുദ്ധം പ്രഖ്യാപിച്ചതുകൊണ്ട് ടിപ്പുവിനും സൈന്യത്തിനും മടങ്ങിപ്പോകേണ്ടിവന്നു.[10] അല്ലെങ്കിൽ ഒരുപക്ഷേ തുടർചരിത്രത്തിന്റെ ഗതി മറ്റൊന്നാകുമായിരുന്നു.

അന്യ മതസ്തരെ ഇസ്ലാമാക്കി മാറ്റിക്കൊണ്ടുള്ള ടിപ്പു സൈന്യത്തിന്റെ മുന്നേറ്റത്തിൽ തൃശൂർ മുതലുള്ള ക്രിസ്ത്യാനികൾ സ്വത്തും ജീവനും ഉപേക്ഷിക്കേണ്ടിവന്നാലും മതവിശ്വാസത്തെ ഉപേക്ഷിക്കയില്ല എന്ന പ്രതിജ്ഞയോടെ, കൈയ്യിലെടുക്കാവുന്നതെല്ലാമായി തെക്കൻ പ്രദേശത്തേക്ക് പിൻവലിഞ്ഞു. ഈ കൂട്ടത്തിൽ കുത്തിയതോട്ടിൽ തച്ചിൽ മാത്തുതരകനും അനുജൻ അബ്രഹാം മല്പാനും നടത്തിയ നീക്കങ്ങളെപ്പറ്റി ചാവറയച്ചൻ നാളാഗമത്തിൽ വിവരിക്കുന്നുണ്ട്.

*എന്നാൽ ആ കാലങ്ങളിൽ മേൽപറഞ്ഞ കൊള്ളക്കാലവും വടക്കേ ദിക്കുകളിൽ ടിപ്പുസുൽത്താൻ എന്ന മുഹമ്മദ് മതക്കാരൻ രാജാവിന്റെ പടവന്ന് പള്ളികളും പട്ടണങ്ങളും നശിപ്പിക്കുകയാലും കാണുന്നവരെ പിടിച്ച് അവന്റെ വേദത്തിൽ ഉൾപ്പെടുത്തുവാൻ ബലം ചെയ്കയും ഈ വണ്ണമുള്ള എളക്കങ്ങളാൽ ഏറിയ ജനങ്ങളും ആ ദിക്കുകളിൽ നിന്ന് പടപേടിച്ച് ഓടിവരികയും അവരോടൊപ്പം കുത്തിയതോട്ടിൽ തച്ചിൽ മാത്തു തരകൻ എന്നയാളും അയാളുടെ അനുജൻ എബ്രഹാം മല്പാനച്ചനും അദ്ദേഹത്തിന്റെ കൂടെ പഠിച്ചിരുന്ന ശെമ്മാശ്ശന്മാരും സെമിനാരിയോടുകൂടി പള്ളിപ്പുറത്തു വന്നു പാർക്കുകയും പഠിപ്പിക്കുകയും ചെയ്തു.*[11]

അബ്രഹാം മല്പാൻ *മലയാളത്തിന്റെ മല്പാൻ* എന്ന സ്ഥാനപ്പേരും, മോതിരവും, പോർച്ചുഗൽ രാജാവിൽ നിന്ന് ശമ്പളവും ലഭിച്ചിരുന്നയാളാണ്. സ്ഥാനവസ്ത്രംപോലെ ഇദ്ദേഹത്തിനു ളോഹയ്ക്കുമീതെ ഒരു കാപ്പയും ഉണ്ടായിരുന്നു. ഇദ്ദേഹത്തെ ശിഷ്യഗണം വലിയ ഭക്ത്യാദരപൂർവ്വം ബഹുമാനിച്ചിരുന്നതുപോലെ മെത്രാനും ആദരിച്ചിരുന്നു.[12]

തച്ചിൽ അബ്രഹാം അച്ചൻ പള്ളിപ്പുറത്താരംഭിച്ച സെമിനാരിയിലാണ് അദ്ദേഹത്തിന്റെ ശിഷ്യനായ പാലയ്ക്കൽ തോമ്മാ മല്പാൻ തന്റെ സെമിനാരി പഠനം നടത്തിയത്. പിന്നീട് റൈമണ്ട് സൂര്യ മെത്രാന്റെ സെക്രട്ടറിയായി വരാപ്പുഴയിൽ അദ്ദേഹം ജോലി നോക്കിയിരുന്നു. മെത്രാന്റെ കാലശേഷംവന്ന മറ്റു മെത്രാന്മരുടെ ഉപദേഷ്ടാവായും പ്രവർത്തിച്ചിരുന്നുവെങ്കിലും താമസിച്ചിരുന്നത് പള്ളിപ്പുറം പള്ളിയിൽ തന്നെ ആയിരുന്നു.

വാർദ്ധക്യത്തിലെത്തിയ ഗുരുഭൂതൻ അബ്രഹാം മല്പാൻ ഇതിനിടെ പള്ളിപ്പുറം സെമിനാരി കല്പറമ്പിലേയ്ക്ക് മാറ്റുകയും താമസം അവിടെ ആക്കുകയും ചെയ്തു. സഹായി ആയി ഇടക്കളത്തൂരച്ചനും ഉണ്ടായിരുന്നു.

1818ൽ പള്ളിപ്പുറം ഇടവകക്കാരനായ ചാണ്ടി എന്ന ചെറുപ്പക്കാരന് സെമിനാരിയിൽ ചേരുന്നതിനുള്ള മോഹം ഉണ്ടായി. പള്ളിപ്പുറത്തു വികാരിയച്ചന്റെ അനന്തരവനായിരുന്നു ഈ ചാണ്ടി. ചാണ്ടിയുടെ അപ്പനാകട്ടെ, ആ നാളുകളിൽ പാലയ്ക്കലച്ചനുമായി എന്തോ കാര്യത്തിൽ പിണങ്ങി കഴിയുകയായിരുന്നു. ചാണ്ടിയെ സുറിയാനി പഠിപ്പിക്കണമെന്ന് വികാരിയച്ചൻ ആവശ്യപ്പെട്ടപ്പോൾ, ശത്രുസ്നേഹത്തിനു സാക്ഷ്യം വഹിക്കുവാൻ ഒരവസരമായി എന്ന ബോദ്ധ്യത്തോടെ അദ്ദേഹം ഈ ഉത്തരവാദിത്വം ഏറ്റെടുത്തു. ഇത് പള്ളിപ്പുറം സെമിനാരിയുടെ പുനർഃതുടക്കത്തിനു കാരണമാവുകയും ചെയ്തു. ദൈവേച്ഛ!

പാറേമ്മാക്കൽ ഗോവരണദോരിന്റെ അനന്തരവനായ മാത്തൻ മല്പാൻ *പദ്രുവാദോയിൽപ്പെട്ട* വടയാറ്റു പള്ളിയിൽ ഒരു സെമിനാരി നടത്തുന്നുണ്ടായിരുന്നു. ഈ കാലത്ത് തലയോലപ്പറമ്പിൽ ഒരു കുരിശുപള്ളി ഉണ്ടാക്കുന്നതിനുവേണ്ടി മലപ്പുറത്തിൽ കത്തനാർ പ്ലാനിട്ടു. ഇതറിഞ്ഞ വടയാറ്റു പള്ളി

മല്പാൻ ഈ സ്ഥലം തന്റെ പള്ളി അതിർത്തിയിലാണ് എന്ന അവകാശവാദ വുമായി സർക്കാരിൽ കേസുകൊടുത്തു. പകരത്തിനു പകരം എന്ന രീതിയിൽ ഇട്ടിക്കത്തനാർ വരാപ്പുഴ മെത്രാന്റെയടുത്ത് വേറൊരടവും പ്രയോഗിച്ചു. അതിന്റെ ഫലമോ *പദ്രുവാദോയുടെ* കീഴിലുള്ള വടയാറ്റു സെമിനാരിയിൽ *പ്രൊപ്പഗാന്തായുടെ* കീഴിൽ വരുന്ന അംഗങ്ങളെ പഠിപ്പിക്കാൻ പാടില്ലെന്നും അങ്ങനെയുള്ളവരെ പള്ളിപ്പുറത്തേയ്ക്കയച്ചുകൊള്ളണമെന്നുമുള്ള തീരുമാനവും! പാലയ്ക്കലച്ചനോടു അവരെ ചേർത്തു പഠിപ്പിച്ചുകൊള്ളണമെന്നും കല്പന എത്തി. ഈ കല്പനയാലെ ആയിരിക്കണം അദ്ദേഹം മല്പാനായി നിയമിതനായതും.

പുതിയ നിബന്ധനപ്രകാരം വടയാറ്റു സെമിനാരിയിൽ നിന്നു നാലുപേർ പള്ളിപ്പുറത്തെത്തി. വൈക്കത്തു നിന്നു പഴേക്കടവിൽ ഔസേപ്പ്, കടുത്തുരുത്തിയിൽ നിന്ന് മുട്ടത്തിൽ കുര്യൻ, എരണക്കൽ കുരുവിള, മുട്ടുചിറ നിന്ന് പറമ്പിൽ പൗലോസ് എന്നിവരായിരുന്നു ആ നാലുപേർ. താമസിയാതെ കൈനകരി ചാവറയിലെ കൊച്ചുകുര്യാക്കോസും ചേന്നങ്കരിപള്ളിയിലെ പരിശീലനം കഴിഞ്ഞ് പള്ളിപ്പുറത്തെത്തി. ഞാറയ്ക്കൽ പള്ളിയിലെ മാളീക്കൽ ചെറിയമാത്തുതരകന്റെ കീഴിൽ പഠിച്ചിരുന്ന കൊയിൽ മുക്കുപള്ളി ചാണ്ടിപ്പിള്ള ശെമ്മാശ്ശനും, കുറവിലങ്ങാട്ടുനിന്നുവന്ന നാല്പതു വയസ്സുകാരൻ ഫിലിപ്പോസുംകൂടി എത്തിയപ്പോൾ പള്ളിപ്പുറം സെമിനാരിയിലെ ആദ്യ ബാച്ചു പൂർണ്ണമായി. തുടർന്നും പല ഇടവകകളിൽ നിന്നും സെമിനാരികളിൽ നിന്നും അംഗങ്ങൾ വന്നുചേർന്നുകൊണ്ടുമിരുന്നു.[13]

പലരുടെയും സ്വജനപക്ഷപാതവും, പ്രത്യേകതാല്പര്യങ്ങളും പരിഗണനകളും ആ പരിശീലനരംഗത്തെ കാര്യമായി ബാധിക്കുന്നതായി അദ്ദേഹം മനസ്സിലാക്കി. തന്റെ ഗുരുവിൽ നിന്നു കിട്ടിയ അറിവിൽ നിന്നായിരിക്കണം ചാവറയച്ചൻ ഇപ്രകാരം കുറിക്കുന്നു:

*അതുവരെയുള്ള മുമ്പിലത്തെ ക്രമം ഇതായിരുന്നു. മല്പാന്മാരുടെ അനന്തരവരെ അല്ലെങ്കിൽ അവർക്കധികം താല്പര്യമുള്ളവരെ മനസ്സുവെച്ചു പഠിപ്പിക്കും. ശേഷമുള്ളവരെ കുർബ്ബാന, കാനോന നമസ്ക്കാരം ഇവ നടത്തിപ്പോകുവാൻ തക്കവിധം പഠിപ്പിക്കും എന്ന ഒരു രീതിയും ചിലയിടങ്ങളിൽ നടന്നുവരുന്നു.*[14]

പൗരോഹിത്യ ജീവിതം വളരെ ചിട്ടയുള്ളതായിരിക്കണം, ത്യാഗപൂർണ്ണമായിരിക്കണം, പരമാവധി അറിവു സമ്പാദിക്കാനുള്ളതായിരിക്കണം, ലാളിത്യമുള്ളതും പരസ്നേഹപൂർണ്ണവുമായിരിക്കണം, ആത്മീയത നിറഞ്ഞതുമായിരിക്കണം. എങ്കിലേ ക്രിസ്തുവിന്റെ നല്ല സാക്ഷികളും, നല്ല നേതൃത്വത്തിന്റെ ഉടമകളുമായിത്തീരാൻ സാധിക്കൂ. സ്വാർത്ഥതയെ ഇല്ലാതാക്കുക വലിയ ഒരു തപസ്യയാണ്; അതു സർവ്വപ്രധാനവുമാണ്; ഈ ഗുണങ്ങൾ ഒന്നാമതായി ഗുരുവിൽ ഉണ്ടാകണം; എങ്കിലേ ശിഷ്യരിലേക്ക് പകരാനാകൂ. പാലയ്ക്കലച്ചന് ഇതു വലിയ ബോദ്ധ്യമായിരുന്നു. നല്ല തറവാടിത്തവും

സാമ്പത്തിക ഭദ്രതയും ഉണ്ടായിരുന്ന ഒരു കുടംബത്തിൽ ജനിക്കുവാനിട വരികയും എന്നാൽ പ്രത്യേക സാഹചര്യങ്ങളാൽ ഞെരുക്കങ്ങളിലൂടെയും, തിരസ്ക്കരണത്തിലൂടെയും, ത്യാഗത്തിലൂടെയും വളരേണ്ടിവരികയും ചെയ്ത മല്പാനച്ചന്, സെമിനാരി ജീവിതത്തെക്കുറിച്ച് വ്യക്തമായ ധാരണ കളുണ്ടായിരുന്നു. ആദ്യമായി ഇതിനനുസരിച്ചു തന്റെ ജീവിതത്തെ രൂപപ്പെ ടുത്തുവാൻ അദ്ദേഹം ശ്രമിച്ചുകൊണ്ടിരുന്നു.

തന്റെ ശിഷ്യർക്കുവേണ്ടി ഒരു പന്ത്രണ്ടിന പരിപാടിയാണ് സെമിനാരി യുടെ നിയമാവലിയിൽ അദ്ദേഹം പെടുത്തിയത്. തുടക്കം നന്നായാൽ എല്ലാം നന്നാകും. അദ്ദേഹം എഴുതിയുണ്ടാക്കിയ നിയമങ്ങൾ ഫ്രെയിം ചെയ്തു ക്ലാസെടുക്കുന്ന വരാന്തയുടെ ഭിത്തിയിൽ ഒന്നാമതായി സ്ഥാപിച്ചു.

പള്ളിയുടെ വടക്കുവശത്തെ വരാന്തയുടെ കിഴക്കേ അറ്റത്തുള്ള മുറി യായിരുന്നു മല്പാനച്ചന്റേത്. ആ വരാന്തയുടെ പടിഞ്ഞാറെ അറ്റത്തുള്ള ഒരു ചെറിയ മുറിയും, നടുവിലെ നീളമുള്ള വരാന്തയുമായിരുന്നു സെമി നാരി ആക്കിയത്. വരാന്തയിൽ ഒരു മേശ, അതിന്റെ കിഴക്കേ അറ്റത്തൊരു കസേര, രണ്ടു വശങ്ങളിൽ ബഞ്ചുകൾ ഇത്രയുമായാൽ സെമിനാരിയിലെ സജ്ജീകരണങ്ങളായി.

ആദ്യദിവസങ്ങളിൽതന്നെ ശിഷ്യരെ വിളിച്ചുവരുത്തി നിയമാവലി വിശ ദീകരിച്ചുകൊടുത്തു. ഉണരുവാനും ഉറങ്ങുവാനുമുള്ള സമയങ്ങൾ, പഠന സമയത്തെ പെരുമാറ്റച്ചട്ടങ്ങൾ, പ്രാർത്ഥനയ്ക്കുള്ള സമയങ്ങൾ, പുറത്തി റങ്ങി നടക്കുമ്പോഴുള്ള നിബന്ധനകൾ, ജ്ഞാനവായന, ജ്ഞാനസംഭാ ഷണം, കൂദാശകളുടെ സ്വീകരണം എന്നിവയെക്കുറിച്ചെല്ലാം അദ്ദേഹം അവർക്കു വ്യക്തമാക്കിക്കൊടുത്തു.[15]

സെമിനാരിയിലെ ജീവിതക്രമം ശരിയായപ്പോൾ മറ്റൊരു പോരായ്മ ഉടനെ പരിഹരിക്കേണ്ടതായി അദ്ദേഹത്തിനു തോന്നി. ശിഷ്യരെ കൂടുതൽ അറിവുള്ളവരാക്കി മാറ്റണം. അതിനു പറ്റിയ ഒരു പാഠ്യപദ്ധതി തയ്യാറാ ക്കണം. അതിന് ഒന്നാമതായി വേണ്ടത് നല്ല പുസ്തകങ്ങളാണ്. *സുറിയാനി ഭാഷയിൽ ശാസ്ത്രപുസ്തകങ്ങളും, തിയോളജി, മോറൽ എന്നിങ്ങനെയുള്ള പുസ്തകങ്ങളും ഇല്ലായ്കയാൽ പട്ടക്കാരുടെ അറിവിന്റെയും പഠനത്തി ന്റെയും കുറവിനാലുള്ള ദോഷങ്ങൾ കാണുകയാൽ ഇദ്ദേഹത്തിന്റെ അന്വേ ഷണങ്ങൾ....*[16] ഒരു പരിധിവരെ ഈ കുറവുകളെ പരിഹരിച്ചു.

വേറൊരുകാര്യവും അദ്ദേഹം മനസ്സിലാക്കിയിരുന്നു. വായനാശീലവും അറിവു സമ്പാദിക്കാനുള്ള ശ്രമവും ഇല്ലാത്ത വൈദികർ ബലിയർപ്പണവും കാനോന സമസ്ക്കാരവും കഴിഞ്ഞ് ലൗകികകാര്യങ്ങളിൽ അതീവ വ്യഗ്രത പൂണ്ടു കഴിയുന്നു.[17]

തമിഴ്നാട്ടിലുള്ള ഈശോ സഭക്കാരുടെ സ്ഥാപനത്തിൽ തമിഴിലേയ്ക്ക് ഭാഷാന്തരം ചെയ്തിട്ടുള്ള ചില നല്ല പുസ്തകങ്ങളുണ്ടെന്നറിഞ്ഞ പാലയ്ക്കൽ

മല്പാൻ അതു ശേഖരിച്ചു. മിഷനറിമൂപ്പന്മാർ മലയാളത്തിലാക്കിയിരുന്ന ചില പുസ്തകങ്ങളും അന്വേഷിച്ചു പിടിച്ചു. സ്വഭാവരൂപവൽക്കരണത്തിനു പറ്റിയ പുസ്തകങ്ങളും, *ജ്ഞാനമുത്ത്, ജ്ഞാനസംജീവനി, ഏഴാഴ്ചപുതുമ, നക്ഷത്രമാല, പുരാണിമം, പശ്ചിമം* എന്നീ വേദപുരാണങ്ങളും മറ്റും പല ദിക്കുകളിൽ നിന്നുമദ്ദേഹം തേടി വരുത്തി.

തമിഴിലുള്ള പല പുസ്തകങ്ങളും മല്പാൻ തന്നെ മലയാളത്തിലാക്കി. പള്ളിപ്പുറത്തു തന്നെയുള്ള പതിയാമൂലയിൽ തരിയത് എന്ന ബുദ്ധിമാനായ ചെറുപ്പക്കാരനെയും കൂട്ടത്തിൽ പകർത്തിയെടുക്കാൻ പഠിപ്പിച്ചു, പല പുസ്തകങ്ങളും കൈയ്യെഴുത്തുകളും പകർത്തി എടുത്തു. ഇതു കൂടാതെ വരാപ്പുഴയിലും കടുത്തുരുത്തി കടവിലച്ചന്റെ കയ്യിലുമുണ്ടായിരുന്ന *പ്രവാചകൻ, പഞ്ചഗ്രന്ഥി, രാജാക്കളുടെ പുസ്തകം* എന്നിങ്ങനെയുള്ള വിശുദ്ധ ഗ്രന്ഥഭാഗങ്ങളും വരുത്തി സെമിനാരിക്കാരെക്കൊണ്ടും പകർത്തിയെഴുതിപ്പിച്ച് ലൈബ്രറി വിപുലപ്പെടുത്തി. പലയിടങ്ങളിൽ നിന്നു കിട്ടിയ തമിഴ് പുസ്തകങ്ങൾ ശേഖരിക്കാനും പകർത്തിയെടുക്കാനും ശ്രമിച്ചതിന്റെ പേരിൽ മറ്റു മല്പാന്മാരിൽ നിന്ന് *പാണ്ടിമല്പാൻ* എന്നൊരു ഓമനപ്പേരും പാലയ്ക്കൽ മല്പാനു കിട്ടിയത്രെ![18]

എന്തായാലും പാലയ്ക്കൽ മല്പാനിലൂടെ, ഇതര സെമിനാരികളിൽ നിന്നു വ്യത്യസ്തമായതും തിളക്കമാർന്നതുമായ വ്യക്തിത്വം പള്ളിപ്പുറം സെമിനാരിക്കു കൈവന്നു.

അറിവിലും പുണ്യത്തിലും വളരുവാൻ തിരുഃസഭയുടെ ഔദ്യോഗികഭാഷയായ ലത്തീനും വൈദികർ പഠിച്ചിരിക്കണമെന്ന ഉദ്ദേശത്തോടെ സെമിനാരിക്കാരെ ലത്തീൻ പഠിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യാനും അദ്ദേഹം മറന്നില്ല. കുറച്ചുപേരെ പഠിപ്പിച്ചാൽ അവർ വഴി മറ്റുള്ളവരെയും പഠിപ്പിക്കാൻ എളുപ്പമാകുമല്ലോ. അതിനുവേണ്ടിയാണ് ചാവറശെമ്മാശ്ശനെയും മറ്റു ചിലരേയും വരാപ്പുഴ വിട്ടു ലത്തീൻ പഠിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചത്.[19]

## പുരോഹിതവസ്ത്രത്തിന്റെ വിഭാവനം

*നിർബന്ധിതാവശ്യങ്ങളാണ് കണ്ടുപിടിത്തങ്ങളുടെ മാതാവ്* എന്നു പറയുന്നതുപോലെ സാഹചര്യങ്ങളാണ് പലപ്പോഴും മാറ്റത്തിനു വഴിതെളിക്കുന്നത്. ഒരിക്കൽ സുറിയാനിക്കാരായ സെമിനാരി വിദ്യാർത്ഥികൾക്ക് വളരെ അപമാനകരമായ ഒരനുഭവം വരാപ്പുഴയിലുണ്ടായി. യൂറോപ്പിൽ നിന്ന് ഒരു മൂപ്പച്ചൻ വരുന്നു. ശെമ്മാശ്ശന്മാർ വരാപ്പുഴ കടവിൽ അദ്ദേഹത്തെ സ്വീകരിക്കുവാനായി കാത്തുനിന്നു. കടവിൽ വന്നിറങ്ങിയ മൂപ്പച്ചൻ ളോഹയിട്ടു നിന്നിരുന്ന ലത്തീൻ ശെമ്മാശ്ശന്മാരുടെ നേരെ ആചാരം കാട്ടുകയും, സുറിയാനിക്കാരെ അൽമായരായിരിക്കും എന്നു കരുതി പരിഗണിക്കാതിരിക്കുകയും ചെയ്തു. ആദരിക്കാൻ ചെന്നിട്ടു അനാദരവുവാങ്ങി മടങ്ങിവന്ന സുറിയാനി ശെമ്മാശ്ശന്മാർ പാലയ്ക്കൽ മല്പാനെ സമീപിച്ചു സങ്കടമുണർത്തിച്ചു.

അഭിമാനത്തിനു മുറിവേറ്റ ശെമ്മാശ്ശന്മാർക്കോ വൈദികർക്കോ ഇനിമേൽ വേഷത്തിന്റെ പേരിൽ ഇങ്ങനെ ഒരു ദുരവസ്ഥ (ഇപ്പോൾ അത് മനപൂർവ്വം സംഭവിച്ചതല്ലെങ്കിലും) ഉണ്ടാകരുതെന്നു കരുതിയ മല്പാൻ വരാപ്പുഴ സെമിനാരിയിലേയ്ക്ക് പുറപ്പെട്ടു. അവിടെ സുറിയാനി പഠിപ്പിരുന്ന മാളിയ്ക്കൽ ചെറിയ മാത്തുകത്തനാരച്ചനെ കണ്ടു പ്രശ്നങ്ങൾ ചർച്ചചെയ്തു. അവസാനം ലത്തീൻകാരുടെ കറുത്ത ളോഹയ്ക്കു പകരം സുറിയാനിക്കാർ വെള്ള ളോഹ ധരിക്കട്ടെ എന്ന തീരുമാനമുണ്ടായി. കഴിയുന്നതും വേഗം ഈ തീരുമാനം നടപ്പിലാക്കാൻ വേണ്ടതു ചെയ്യാം എന്നു പറഞ്ഞുകൊണ്ടു മല്പാൻ പള്ളിപ്പുറത്തേയ്ക്ക് മടങ്ങി.[20]

സുറിയാനി വൈദികരുടെ അന്നുവരെയുള്ള വേഷവിധാനത്തിൽ മാറ്റം വരുത്തുകയെന്നു പറയുമ്പോൾ അത് വലിയൊരു നടപടിയായിരുന്നു. അതുവരെ ഉപയോഗത്തിലിരുന്ന വേഷത്തെക്കുറിച്ച് പാലയ്ക്കൽ മല്പാനിൽ നിന്നു നേരിട്ടു കേട്ടറിഞ്ഞിട്ടുള്ള കാര്യങ്ങൾ ചാവറയച്ചൻ കുറിച്ചുവച്ചിട്ടുള്ളതിപ്രകാരമാണ്:

*ലത്തീൻകാർ കറുത്ത നിറത്തിലുള്ള ളോഹ ധരിക്കുന്നു. സുറിയാനിക്കാർ പൂർവ്വകാലം മുതൽ വെളുത്ത തുണികൊണ്ട് അധികം വീതിയുള്ള കാക്കുപ്പായം ധരിക്കുന്നു. അതിന് മുട്ടുകഴിഞ്ഞു താഴേയ്ക്ക് ഏകദേശം എട്ടുവിരൽ നീളവും കൈകൾക്ക് കാക്കുപ്പായത്തിന്റേതുപോലെ വീതിയും മണിക്കെട്ടുവരെ നീളവും ഉണ്ടാകും. കഴുത്താരം എട്ടുവിരൽ വീതിയിൽ പുറകോട്ടു മടക്കിയിട്ടിരിക്കുന്ന ഒരു കമ്മീസും, അതിനുമുകളിൽ വയറുവരെ നീണ്ടു കിടക്കുന്ന ഒരു കൊന്തയും, തോളിൽ നല്ല ഒരു നാടൻ മുണ്ടും ഇടും. ഇങ്ങനെയത്രെ ശെമ്മാശ്ശന്മാരും പട്ടക്കാരും എപ്പോഴും എല്ലായിടത്തും നടക്കുന്നത്.*[21]

വേഷം ഇങ്ങനെ ആയിരുന്നെങ്കിലും ശെമ്മാശ്ശന്മാർക്ക് പുത്തൻ കുർബ്ബാന ചൊല്ലുന്നതുവരെ തനിച്ച് ളോഹ ഉണ്ടാക്കുന്ന പതിവ് ഇല്ലായിരുന്നു. എന്നാൽ, പെരുന്നാൾ, അടിയന്തിരം, മരണാവസരം, പുലവിളി തുടങ്ങിയ അവസരങ്ങളിലും റാസ, തപസ്സുകുർബ്ബാന എന്നിവയ്ക്ക് ദൽമത്തി, കാപ്പ മുതലായവ ഉപയോഗിക്കേണ്ടിവരുമ്പോഴും പൊതുവായി പള്ളിയിൽ ഉണ്ടാക്കിവച്ചിരിക്കുന്ന ളോഹകൾ ഉപയോഗിക്കണമായിരുന്നു.[22]

പാലയ്ക്കൽ മല്പാൻ എടുത്ത സത്വരനടപടിയുടെ ഫലമായി താമസിയാതെ ശെമ്മാശ്ശന്മാരും വൈദികരും പുതിയരീതിയിലുള്ള വെള്ളളോഹ ധരിച്ചു തുടങ്ങി. അങ്ങിനെ ആസ്തപ്പാടു പട്ടം സ്വീകരിക്കുമ്പോൾ മുതൽ ളോഹ ധരിക്കണം എന്ന ക്രമം സുറിയാനിക്കാരുടെയിടയിൽ നടപ്പായി; പാലയ്ക്കലച്ചനായി നിർദ്ദേശകനും തുടക്കക്കാരനും.

മല്പാൻ പലവിധ ഭരണപരിഷ്ക്കാരങ്ങളും സെമിനാരിയിൽ നടപ്പിൽ വരുത്തി. എല്ലാ കാര്യങ്ങളിലും ചിട്ടയും ക്രമവും ഉണ്ടായെങ്കിലും സെമിനാരിയിൽ വെച്ച് രണ്ടുമൂന്നു ശെമ്മാശ്ശന്മാർ മരിക്കുവാൻ ഇടവന്നപ്പോൾ

അതിനു കാരണം സെമിനാരിയിലെ കർക്കശ നിയമങ്ങളും താപസകൃത്യങ്ങളുമാണ് എന്നു പലരും പറഞ്ഞു പരത്തി. അതിനാൽ സെമിനാരിയുടെ ക്രമാനുഷ്ഠാനങ്ങളിൽ ചില ഭേദഗതികൾ വരുത്താനും അദ്ദേഹം തയ്യാറായി.[23]

മല്പാന്റെ കീഴിൽ പഠിക്കുവാൻ സാധിച്ചു എന്നത് വലിയൊരു ഭാഗ്യമായി ചാവറയച്ചൻ കരുതി. അദ്ദേഹത്തിൽ നിന്നു കിട്ടിയ മാതൃകകൾ തന്റെ പ്രവർത്തനങ്ങൾക്ക് വലിയ മാർഗ്ഗനിർദ്ദേശമായിത്തീർന്നു എന്നും അദ്ദേഹം വിശ്വസിച്ചിരുന്നു.

ഭക്തനും, വിവേകിയും, ബുദ്ധിമാനും, വിനീതനുമായ കൊച്ചുകുര്യാക്കോസ് സഹപാഠികളോടൊപ്പം പഠനമാരംഭിച്ചു. ചുരുങ്ങിയ നാളത്തെ സഹവാസത്തിൽ നിന്ന് മല്പനച്ചന് ആളെക്കുറിച്ച് വലിയ ബോദ്ധ്യമായി. സെമിനാരിയിലെത്തിയിട്ടു അധികനാളാകാത്ത ശെമ്മാശ്ശന് ആസ്തപ്പാടുപട്ടം കൊടുക്കാൻ തീരുമാനമായി. ഈ കാര്യത്തെക്കുറിച്ച് ലെയോപ്പോൾദ് മിഷനറി സൂചിപ്പിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

*ദൈവവിളിയുടെ വ്യക്തമായ ലക്ഷണങ്ങളും, പൗരോഹിത്യത്തിന് ആവശ്യമായ പഠനത്തിനുള്ള കഴിവുകളും ഉള്ളവർക്ക് പട്ടം മുൻകൂട്ടികൊടുത്തിരുന്നു. അതിൻപ്രകാരം കൊച്ചുകുര്യാക്കോസിന് ദൈവശുശ്രൂഷയ്ക്കുള്ള ഒരുക്കം തുടങ്ങിയപ്പോൾ 13-ാം വയസ്സിൽ തന്നെ വരാപ്പുഴ വികാരി അപ്പസ്തോലിക്ക, പെരിയ ബഹുമാനപ്പെട്ട പീറ്റർ ദെ അൽക്കാന്ത്ര മെത്രാനിൽ നിന്ന് ആസ്തപ്പാടു പട്ടം സ്വീകരിച്ചു.*[24]

ആസ്തപ്പാടു പട്ടം സ്വീകരിച്ചുകഴിഞ്ഞാൽപ്പിന്നുള്ള ആഘോഷമായ ഒരു ചടങ്ങാണ് വീടുകയറ്റവും ഇടവകകയറ്റവും. പട്ടം സ്വീകരിച്ച ശെമ്മാശ്ശനെ ഇടവകയോഗവും ജനങ്ങളും ചേർന്ന് ഘോഷമായി സ്വന്തം ഇടവകയിലേയ്ക്ക് സ്വീകരിക്കുന്നു. അതിനുശേഷം സമൃദ്ധമായ സദ്യയും എല്ലാവർക്കും കൊടുക്കുന്നു. ഇതിനുള്ള ചെലവുകൾ വീട്ടുകാരാണ് വഹിക്കുന്നത്. സെമിനാരിയിൽ ചേരുമ്പോൾ ദേശക്കുറി കിട്ടുകയും ആസ്തപാടു പട്ടത്തിന് ഇടവകകയറ്റം ഇപ്രകാരം ഔദ്യോഗികമായി നടത്തുകയും ചെയ്തില്ലെങ്കിൽ ഇടവകയോഗവും വികാരിയും നവാഭിഷിക്തനെ കുർബ്ബാന ചൊല്ലുവാൻ അനുവദിക്കുകയില്ല. ഇവ രണ്ടും നടന്നില്ലെങ്കിൽ സെമിനാരി പഠനത്തിനുള്ള ചെലവുകൾ ഇടവക ഏറ്റെടുക്കുകയുമില്ല. ശെമ്മാശ്ശന് പള്ളിയുടെ പസാരം സ്വീകരിക്കാനും അതോടെ അർഹതയില്ലാതാകും.[25]

ഇത്രയും കാര്യങ്ങൾ സ്വാഭാവികമായി നടക്കണമെങ്കിൽ സെമിനാരിയിലേയ്ക്കു പുറപ്പെടുന്നതു മുതലുള്ള കാര്യങ്ങൾ ഇടവകയോഗത്തിന്റെ അറിവോടും സമ്മതത്തോടും കൂടി ആയിരിക്കണം. കൊച്ചുകുര്യാക്കോസിന്റെ കാര്യത്തിൽ സെമിനാരിയിലേയ്ക്ക് പോയതു ഇടവകയോഗത്തിന്റെ തീരുമാനത്തോടുകൂടി ആയിരുന്നില്ലല്ലോ. ഇടവകയോഗത്തിന്റെ കീഴ്വഴക്കതിരഞ്ഞെടുപ്പുവഴിയല്ലാതെ സെമിനാരിയിലെത്തിയ ചാവറയച്ചന്റെ പ്രവേശനം

തക്കസമയത്ത് ഇടവകയിൽ അറിയിക്കുവാൻ പാലയ്ക്കൽ മല്പാനും വിട്ടു പോയിരുന്നു. അതൊരു നീരസത്തിനു കാരണമാകുമെന്നാരും കരുതിയതല്ല; പക്ഷെ നിർഭാഗ്യവശാൽ സംഭവിച്ചതതായി.

ആസ്തപ്പാടുപട്ടം സ്വീകരിച്ചതിനുശേഷം ഇടവകകയറ്റത്തിന്റെ ആവശ്യത്തിലേയ്ക്കെത്തിയപ്പോഴാണ് പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ മനസ്സിലായത്. കുറേപേർ എതിർത്തു. തങ്ങളെ അറിയിക്കാതെ സെമിനാരിയിലേക്കു പോയവനെ എന്തിനു ഇടവക സ്വീകരിക്കണം? ഇടവകയ്ക്ക് ബന്ധമില്ലാത്തതുകൊണ്ടാണല്ലോ സെമിനാരിയിലേയ്ക്കുള്ള നാമനിർദ്ദേശപത്രമായ ദേശക്കുറി ഇടവക യോഗത്തിൽ നിന്നു വാങ്ങാത്തത്. ദുരുദ്ദേശപരമായല്ലാതെ സംഭവിച്ചതെല്ലാം അപരാധമായി കലാശിച്ചു. ഈ കാര്യത്തിൽ യാതൊരു മനസ്സറിവും ഇല്ലാത്ത ഒരു ബാലൻ ശിക്ഷിക്കപ്പെടുകയായിരുന്നു. ദൈവത്തിന്റെ വഴികൾ സഹനത്തിന്റേതാണ്, ശൂന്യവല്ക്കരണത്തിന്റേതാണ്; അതിൽ നിന്നാണ് സമൃദ്ധി ഉണ്ടാകുന്നത്. ചാവറയച്ചന്റെ ജീവിതത്തിലും ഈ സത്യം ആദ്യപടി തൊട്ടേ അനാവരണം ചെയ്യപ്പെടുകയായിരുന്നിരിക്കാം.

കുര്യാക്കോസിന്റെ ജീവിതത്തിലെ മൂന്നാമത്തെ സഹനത്തിന്റെ നിമിഷങ്ങളായിരുന്നു ഇത്. കളരിയിലെ ജീവിതത്തിൽ, കൂട്ടുകാരുടെ അടക്കമില്ലാത്ത പെരുമാറ്റങ്ങളും ചീത്തവാക്കുകളും കളികളും കാണുവാനും കേൾക്കുവാനും ഇടവന്നത് ദൈവസ്നേഹംകൊണ്ടു നിറയ്ക്കേണ്ട ഹൃദയത്തിൽ കളങ്കമായി എന്ന ബോദ്ധ്യം അദ്ദേഹത്തെ ദുഃഖിപ്പിച്ചു.[26] ദൈവം വിളിക്കുന്നു ജീവിതാർപ്പണത്തിന് എന്നു തിരിച്ചറിഞ്ഞപ്പോൾ, ആ വഴിക്ക് മാതാപിതാക്കൾ തടസ്സമായേക്കുമോ എന്നോർത്തപ്പോഴും, അദ്ദഹം ദുഃഖിതനായി. ഇപ്പോൾ ഇതാ ഈ ശൂന്യവല്ക്കരണത്തിന്റെയും അപമാനഭാരത്തിന്റെയും നിമിഷങ്ങൾ! തന്റെ ഇടവകജനം തന്നെ തള്ളിപ്പറയുന്നു. ഇടവകകയറ്റത്തിന് വീട്ടിൽനിന്ന് ഘോഷയാത്രയായി പള്ളിയിലേക്കു ചെല്ലുകയാണ് പതിവ്. അതിൻപ്രകാരം കൊച്ചുകുര്യാക്കോസ് ബന്ധുമിത്രാദികളുടെയും കളിവള്ളങ്ങളുടെയും അകമ്പടിയോടുകൂടി കൈനകരിയിൽ നിന്ന് ചേന്നങ്കരി ഇടവക പള്ളിയിലേക്ക് നീങ്ങി. പള്ളിക്കടവിൽ എത്തുന്നതിനു മുമ്പു തന്നേ മാർഗ്ഗതടസ്സങ്ങൾ ഉണ്ടാക്കിക്കഴിഞ്ഞിരിക്കുന്നു. അതുമാത്രമോ, വികാരിയച്ചൻ ഇടവകയോഗത്തിന്റെ താല്പര്യപ്രകാരം പള്ളിപൂട്ടി അവിടെനിന്നു മാറിക്കളഞ്ഞുമിരിക്കുന്നു.[27]

ഈ സംഭവത്തെക്കുറിച്ച് ഒരു പുരാതന പാട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്:

> *"ഇച്ഛ"യെതിർക്കുവാനും സന്തോഷം വരുത്തുവാൻ*
> *അതുകൊണ്ടുടൻതന്നെ വീടുകേറുന്നതിനും*
> *അതിനാൽ ഇർച്ച തീർക്കാസന്തോഷം വരുത്തുവാൻ*
> *അതിനു കോപ്പുകൂട്ടി അടുപ്പിച്ചതുനേരം*

*അതിനെ കേറ്റാതാക്കാൻ പലരും ശ്രമിക്കയും*
*ഇതിനെ അറിഞ്ഞിട്ടും പള്ളിയിൽ ചെന്ന ശേഷം*
*പൊറുതി വാങ്ങീട്ടും കൈകൊള്ളാതയച്ചഹോ*

ഈ അഗ്നിപരീക്ഷയിൽ നിന്ന് ആലപ്പുഴ മാർസ്ലീബാപള്ളിക്കാരാണ് അദ്ദേഹത്തെ അന്നു രക്ഷിച്ചതെന്ന് പുരാതന പാട്ടിൽ തുടർന്നു വിവരിക്കുന്നു:

*ഉടനെ ഇരുപള്ളി കല്ലൂർക്കാടാലപ്പുഴ*
*വന്നതിൽ അടുപ്പമാം ആലപ്പുഴ തന്നെയെന്ന്*
*ഉറച്ചു ആലപ്പുഴ ചെന്നൊരു നേരത്തിങ്കൽ*
*മാർസ്ലീവാപള്ളിൽ നിന്നു വികാരിയോഗക്കാരും*
*കുരിശുകുടയുമായി കൊടിയും തഴയോടെ*
*പാലിക മുതലായ ആഘോഷത്തോടെ അവർ*
*തമ്പേറു വീണ വാദ്യം കുഴലുകൾ പലതരം*
*ഇത്തരമായ പല വാദ്യമോടെതിരേറ്റു.*
*അതീർയിത്തിലങ്ങു ചെന്നുടൻ കുരിശിട്ടു*
*പള്ളിയിൽ ചെന്ന ഉടൻ കർമ്മത്തിനാരംഭിച്ചു*
*കർമ്മങ്ങൾ കഴിഞ്ഞു പോരുവാനാരംഭമായി*
*അന്നേരം വികാരിയും യോഗക്കാരുംകൂടി*
*എതിരേപ്പോടു തോടുകടവിൽ വന്നശേഷം*
*ചുണ്ടനും ചുരുളനും വെല്ല വള്ള മാദിയായ്*
*ചുണ്ടില്ലാതുള്ള ബോട്ടിൽ പലതിൽ ആയിട്ടുമാം*
*ഇഷ്ടംപോലെ എല്ലാവരും കേറിയ ഈ യാത്രയിൽ*
*വേണ്ടപോൽ വാദ്യങ്ങളും എഴുന്നള്ളത്തുപോലെ*
*ഇങ്ങനെ മഹാഘോഷാൽ വീട്ടിലേയ്ക്കകത്തായി*
*അങ്ങനെ കൂടിയവർക്ക് ഒക്കയ്ക്കും തീറ്റ നന്നായ്*
*കൊടുത്തു കഴിഞ്ഞിട്ട് മോതിരം പലതരം*
*കൊടുത്തു ശെമ്മാശ്ശിന് മാന്യന്മാർ പലരുമായ്.*[28]

കേരളസഭയുടെ ആദ്യത്തെ വാഴ്ത്തപ്പെട്ടവനാകാനിരുന്നവനെ, സന്യാസ സഭാ സ്ഥാപകനാകാൻ ദൈവം തിരഞ്ഞെടുത്തവനെ, ഒരു വലിയ നവോത്ഥാന നേതാവാകുവാൻ കാലം നിയോഗിക്കുവാനുറപ്പിച്ചവനെ, വാശി ശാഠ്യങ്ങളുടെ പുകമറയിൽ അന്നു ചേന്നങ്കരിക്കാർ തിരിച്ചറിയാതെ പോയി, പക്ഷേ, ആലപ്പുഴയിലെ മാർസ്ലീബാ പള്ളിക്കാർ തിരിച്ചറിയണമെന്നതും ദൈവനിമിത്തംപോലെ നിയോഗതീർപ്പായി. ചേന്നങ്കരിയേക്കാൾ പഴക്കവും പ്രൗഢിയുമുള്ള മാർസ്ലീബാപള്ളിയിൽ ഇടവകകയറ്റം ആഘോഷമായി നടന്നു.[29]

തനിക്കും കുടുംബത്തിനും ഉണ്ടായ അപമാനത്തിൽ ആരോടും പരിഭവവും നീരസവും വെറുപ്പും പ്രകടിപ്പിക്കാതെ ശത്രുസ്നേഹത്തിന്റെ വലിയൊരടയാളമായി കൊച്ചുകുര്യാക്കോസ് ചെയ്തത് അന്നുതന്നെ വൈകീട്ട്

ചേന്നങ്കരിപള്ളിയിലെത്തി വികാരിയച്ചനോടൊപ്പം അവിടെ അന്തിയുറങ്ങുകയാണ്.[30]

ദൈവത്തിനു വേണ്ടപ്പെട്ടവനെ അവിടന്നു ഭഗ്നാശനാക്കുകയില്ല, എല്ലാ പരിപാലനയും അവിടുത്തേതുതന്നെ. പ്രശ്നപരിഹാരത്തിനായി പാലയ്ക്കൽ മല്പാനും വികാരി അപ്പസ്തോലിക്കയും ഇടപെട്ടു. വാശിപിടിച്ച ഇടവകജനത്തിലെ ഒരു വിഭാഗത്തെ ശാന്തരാക്കി. അതോടെ അസ്വാരസ്യത്തിന്റെ മൂടുപടലങ്ങൾ മാറിക്കിട്ടി. ചാവറ കുര്യാക്കോസിന് പള്ളിപസാരം കൊടുക്കുകയില്ല എന്നു ശാഠ്യംപിടിച്ച കൂട്ടരോട്, പസ്സാരം കൊടുത്തിരിക്കണമെന്ന് പീറ്റർ അൽക്കാന്ത്ര മെത്രാൻ കല്പിക്കുകകൂടി ചെയ്തതോടെ പ്രശ്നങ്ങൾ പരിഹൃതമായി.[31]

## പരീക്ഷണങ്ങളുടെ സന്ധികൾ കടന്ന്...

കുര്യാക്കോസ് ശെമ്മാശ്ശൻ പഠനത്തിലും വിശുദ്ധിയിലും ത്വരിതഗതിയിൽ പുരോഗമിക്കുന്നതിനിടയിലാണ് മർമ്മഭേദകമായ ആ വാർത്ത അറിയാനിടയായത്. കുട്ടനാട്ടിൽ പടർന്നുപിടിച്ച പകർച്ചവ്യാധിയിൽ അപ്പനും അമ്മയും ഏക സഹോദരനും മരണപ്പെട്ടിരിക്കുന്നു. സകല വീര്യവും ചോർത്തിക്കളയുന്ന വാർത്തയായിരുന്നു അത്. ജീവിതത്തിലേയ്ക്ക് കടന്നുവരുന്ന ഓരോ പ്രതിസന്ധികളെയും തരണം ചെയ്തു മുന്നേറിയ കുര്യാക്കോസിനെ ഇപ്പോൾ അത് പ്രശ്നത്തിന്റെ നടുക്കടലിലാക്കിയിരിക്കുന്നു. സ്വന്തപ്പെട്ടവരുടെ വേർപാടിന്റെ വിരഹവേദന, തന്റെ ദൈവവിളിയുടെ മുന്നിൽ അതുയർത്തുന്ന ചോദ്യചിഹ്നം! ചാവറകുടുംബം അന്യംനിൽക്കാൻ പോകുന്നു. താനിനിയും സെമിനാരിയിൽ തുടർന്നാൽ ആൺതരിയായി വീട്ടിലാരുമില്ലാതെയാകും. അപ്പന്റെ അനുജന്മാരും മറ്റു ബന്ധുമിത്രാദികളും വീട്ടിലേയ്ക്ക് തിരിച്ചുവരാൻ നിർബന്ധപൂർവ്വം പ്രേരിപ്പിക്കുന്നു. ദൈവം തന്നിൽ അങ്കുരിപ്പിച്ചിരിക്കുന്നതായ ദൈവവിളി കുടുംബത്തിന്റെ പിൻതുടർച്ചയ്ക്കുവേണ്ടി ബലികഴിക്കണമോ! തന്നെക്കുറിച്ചുള്ള ദൈവികപദ്ധതി വെളിപ്പെടുത്തിത്തരണമേ എന്നദ്ദേഹം തീക്ഷ്ണമായി പ്രാർത്ഥിച്ചു. ദൈവംതന്ന നൂറിരട്ടിയുടെ വാഗ്ദാനം എങ്ങിനെ നിറവേറ്റപ്പെടും? (Mathew. 19:29); കലപ്പയിൽ കൈ വച്ചിട്ട് തിരിഞ്ഞു നോക്കണമോ? (Luke. 9: 62) ദൈവം കൊടുത്ത മനക്കരുത്തോടെ അദ്ദേഹം പ്രശ്നത്തെ നേരിട്ടു.

പെങ്ങന്മാരെയെല്ലാം വിവാഹം കഴിച്ചയച്ചതാണ്. വീട്ടിലിനിയും ജ്യേഷ്ഠന്റെ വിധവയായിക്കഴിഞ്ഞ ഭാര്യയും അവളുടെ കൊച്ചുമകളും മാത്രം. ബന്ധുജനങ്ങൾ പറയുന്നതിലും ന്യായമുണ്ട്. ചാവറകുടുംബം ഈ പേരിൽ തുടരണമെങ്കിൽ താൻ തിരിച്ചുവരണം. കുടുംബജീവിതം നയിക്കാനാണോ ദൈവം വിളിച്ചിരിക്കുന്നത്? ദൈവവിളിരംഗത്ത് ഇതുവരെയുണ്ടായ ഓരോ തടസ്സങ്ങളേയും ദൈവം തന്നെയല്ലേ നീക്കിക്കളഞ്ഞത്! ഇപ്പോഴും

ദൈവത്തിനു പുതിയൊരു വഴിതുറന്നു തരാനുണ്ടാകാതെവരുമോ? താനൊരു വൈദികനായിത്തീരണമെന്നല്ല ദൈവനിശ്ചയം എന്നുണ്ടോ? ആവില്ല; ആവരുതേ എന്ന് ആ മനസ്സ് നൊന്തു കേണു.

*നൽഗുണവൃത്തികളിൽ കാണുന്ന ജനങ്ങൾക്ക്*
*മേൽഗുണം കാട്ടുവാൻ കത്തിച്ചുതന്ന പന്തം*[32]

വീട്ടിലൊതുങ്ങിയാൽ ദൈവം കൊളുത്തിത്തന്ന ആ പന്തം കെടുത്തിക്കളയുകയായിരിക്കും ഫലം എന്നദ്ദേഹത്തിന്റെ ഹൃദയം നൊമ്പരത്തോടെ തപിച്ചു.

കൊച്ചുകുര്യാക്കോസ് പിന്നീടു വൈകിയില്ല. എടത്വായിലേയ്ക്ക് നീങ്ങി, ചെക്കിടിക്കാട്ടുള്ള വല്ലേലിൽ മൂത്തപെങ്ങളുടെ വീട്ടിലേയ്ക്ക്. പ്രശ്നങ്ങൾ ഓരോന്നായി പെങ്ങളുമായി ചർച്ച ചെയ്തു. അളിയനെയും കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി. ജ്യേഷ്ഠന്റെ മകൾ വളർന്ന് വിവാഹം കഴിക്കുന്നതുവരെ പെങ്ങളും കുടുംബവും ഇടയ്ക്കിടയ്ക്ക് തറവാട്ടിൽവന്നു താമസിച്ചും അളിയന്റെ നേതൃത്വത്തിൽ അവിടുത്തെ കാര്യങ്ങളെല്ലാം അന്വേഷിച്ചു നടത്തണമെന്നതായിരുന്നു ധാരണ. കാര്യങ്ങളെല്ലാം ഒരുവിധം ക്രമീകരിച്ചശേഷം എല്ലാവരുടെയും മൗനസമ്മതത്തോടെ കൊച്ചുകുര്യാക്കോസ് സെമിനാരിയിലേയ്ക്ക് മടങ്ങി.[33]

## സെമിനാരിയിലേയ്ക്കുള്ള മൂന്നാംവരവ്

ആസ്തപ്പാടുപട്ടം സ്വീകരിച്ച് തുടർന്നുണ്ടായ ഇടവകകയറ്റ പ്രശ്നം പരിഹരിച്ച് സെമിനാരിയിലേയ്ക്കെത്തിയത് രണ്ടാംവരവിനു തുല്യമായിരുന്നു. മാതാപിതാക്കളുടെയും ഏക സഹോദരന്റെയും മരണം ഉണ്ടാക്കിയ പ്രതിസന്ധിയിൽ നിന്നുള്ള മൂന്നാം തിരിച്ചുവരവായിരുന്നു ഇപ്പോഴത്തേത്.

*സ്വർണ്ണം അഗ്നിയിൽ ശുദ്ധി ചെയ്യപ്പെടുന്നു; സഹനത്തിന്റെ ചൂളയിൽ കർത്താവിനു സ്വീകാര്യരായ മനുഷ്യരും.* (പ്രഭാഷകൻ 2:5) തിളങ്ങുന്ന ഉപകരണമാകുന്നതിനുവേണ്ടി കർത്താവ് ചാവറയച്ചനെ അഗ്നിയിൽ ശുദ്ധി ചെയ്തെടുക്കുകയായിരുന്നു.

തിരിച്ചെത്തിയ കുര്യാക്കോസ് ശെമ്മാശ്ശൻ പഠനത്തിലും ഭക്ത്യാഭ്യാസനത്തിലും ക്രമാനുഷ്ഠാനങ്ങളിലും മുഴുകി. അമ്മ ഇടയ്ക്കിടയ്ക്ക് ഓർമ്മിപ്പിക്കുമായിരുന്ന കാര്യം അദ്ദേഹം എപ്പോഴും മനസ്സിൽ അയവിറക്കി.[34]

*നിന്നുടെ നാഥാ മാതാവവൾക്കു ദാസൻ നീയ്യേ-*
*യെന്നിതു മനസ്സതിലെപ്പോഴും സ്മരിക്കണം.*

ഈ ലോകത്തിൽ അപ്പനെയും അമ്മയെയും വേർപിരിഞ്ഞ അദ്ദേഹം പരിശുദ്ധ അമ്മയെ എല്ലാമായി സ്വീകരിച്ചു. നിരന്തരം അറിവിനായി ശ്രമിക്കുന്ന, മാതൃഭക്തനായ, പ്രാർത്ഥനയുടെ മനുഷ്യനായ, താപസനായ ഗുരു

ഭൂതനെ അടുത്തനുകരിക്കാനുള്ള ശ്രമമായിരുന്നു ചാവറയച്ചന്റേത്. ആത്മീയ ജീവിതത്തിൽ വളരുവാനും, ദൈവീകവഴികൾ തിരിച്ചറിയുവാനുമുള്ള സുനിശ്ചിതമായ എളുപ്പമാർഗ്ഗമാണ് ആത്മനിയന്താക്കളുടെ സഹായം. ആവിലായിലെ അമ്മ ത്രേ്യസ്യായും ഇഗ്നേഷ്യസ് ലയോളയും ഈ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. സെമിനാരി റെക്ടറിനെ തന്നെ ചാവറയച്ചൻ തന്റെ ആത്മീയ പിതാവും കുമ്പസാരക്കാരനുമായി തിരഞ്ഞെടുത്തു. എല്ലാ ദിവസവും ദിവ്യകാരുണ്യം സ്വീകരിക്കുന്ന പതിവ് സെമിനാരികളിൽ പോലും ഇല്ലാതിരുന്ന കാലത്ത്, ദിവ്യകാരുണ്യഭക്തനായ അദ്ദേഹം ഗുരുവിന്റെ പ്രത്യേക അനുവാദത്തോടെ ഏതാണ്ട് നിത്യവും വിശുദ്ധ കുർബ്ബാന സ്വീകരിച്ചുപോന്നിരുന്നു. സ്വഭാവത്താലേ വാചാലനായിരുന്ന അദ്ദേഹം മധുരഭാഷണങ്ങളിലൂടെ സഹപാഠികളെ ദിവ്യകാരുണ്യത്തിലേക്കും ദൈവജനനിയിലേയ്ക്കും അടുപ്പിച്ചിരുന്നു.[35]

സഭയുടെ ഔദ്യോഗിക പ്രാർത്ഥനയായ കാനോന നമസ്ക്കാരം വൈദികരും വൈദിക വിദ്യാർത്ഥികളും ഭക്തിയോടെ ചൊല്ലണമെന്നത് കുര്യാക്കോസ് ശെമ്മാശന്റെ വലിയ ആഗ്രഹമായിരുന്നു. കൈയ്യെഴുത്തുപ്രതികളായിരുന്നു അധികവും ഉപയോഗത്തിലിരുന്നത്. അതും വിരളമായി തുടങ്ങിയിരുന്നു. ചൊല്ലുന്ന രീതികളിലും ഐകരൂപം കുറഞ്ഞു തുടങ്ങി. പാലയ്ക്കലച്ചന്റെ നിർദ്ദേശത്തോടെ അദ്ദേഹം പല പള്ളികളിലും പോയി കിട്ടിയ പ്രതികളെല്ലാം ശേഖരിച്ചു. അതിലെ വ്യത്യാസങ്ങൾ കണ്ടെത്തി ഐകരൂപത്തോടെ വീണ്ടും പുതുതായി എഴുതി ഉണ്ടാക്കി. സെമിനാരിക്കാലത്തു ചാവറയച്ചൻ ചെയ്ത വലിയൊരു സേവനമായിരുന്നു ഇത്.[36]

ചിട്ടയോടുകൂടിയ ഒരു ജീവിതക്രമമായിരുന്നു സെമിനാരിയിൽ ഉണ്ടായിരുന്നത്. ചാവറയച്ചന്റെ വ്യക്തിത്വരൂപീകരണത്തിൽ ഇത് എന്തുമാത്രം സഹായകമായി എന്ന് അദ്ദേഹത്തിന്റെ വിവരണങ്ങളിൽനിന്നു മനസ്സിലാക്കാം. പാലയ്ക്കൽ മല്പാന്റെ അർപ്പണബോധത്തോടെയുള്ള പരിശീലനത്തെക്കുറിച്ചു നടത്തുന്ന പരാമർശം നോക്കുക:

*ഒരു കസേരയിൽ അദ്ദേഹം ഇരിയ്ക്കയും ഞങ്ങൾ ഇരുവശവും ഇരിയ്ക്കയും, ആവശ്യമുള്ള സമയങ്ങളിൽ കഞ്ഞി, ചോറ്, പ്രകൃതിയ്ക്കുള്ള ആവശ്യങ്ങൾ എന്നിവയ്ക്കായി പോകും. അഞ്ചുമണിക്ക് പുറത്തിറങ്ങി നടക്കുക എന്നതൊഴിച്ച് എപ്പോഴും ഇവിടെതന്നെയിരുന്നു പഠിക്കണം. ഉച്ചയ്ക്കു ഭക്ഷണം കഴിഞ്ഞു കുറച്ചു സമയത്തേയ്ക്ക് ഉറങ്ങുവാൻ അദ്ദേഹം മുറിയിൽ പോകും. അപ്പോളെല്ലാവരും സുറിയാനി, മലയാളം ഇവ എഴുതണം. വീണ്ടും ആറുമണിക്ക് പള്ളിയിൽ പോയി ലുത്തിനിയ, ധ്യാനം, വായന, കൊന്ത നമസ്ക്കാരം ഇവ നടത്തും. ഇതിനും അദ്ദേഹം ഞങ്ങളോടൊപ്പം വരും. അത്താഴം കഴിഞ്ഞു വീണ്ടും കുറേ നേരം ജ്ഞാനവായനെക്കുറിച്ചും കൂദാശകളെക്കുറിച്ചുമൊക്കെ സുകൃതസംഭാഷണം നടത്തും. അതുകഴിഞ്ഞ്*

*മണിയടിച്ച് ഉറങ്ങുവാൻ പോകാൻ അനുവദിക്കയും ചെയ്യും. ഇങ്ങിനെ കിട ക്കുന്ന നേരംവരെ ളോഹ ധരിച്ച് അവിടെത്തന്നെ ഇരിക്കും. പിന്നീട് മണി അടിയ്ക്കായ്കയാൽ ചിലപ്പോൾ പതിനൊന്നുമണി രാത്രിവരെ നീണ്ടുപോ കുകയും ചെയ്യും. എന്നാൽ ഞങ്ങൾ ഉറങ്ങാൻ പോയാലും ഇദ്ദേഹം അവി ടെയിരുന്നു വായിക്കും."*[37]

പഠനത്തിനും പ്രാർത്ഥനയ്ക്കും താപസജീവിതത്തിനും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പഠനക്രമം ഇത്ര കൃത്യതയോടെ മറ്റൊരു സെമിനാ രിയിലും അന്നു നടപ്പിലില്ലായിരുന്നു.

സമൂഹത്തിലെ കഴിവു കുറഞ്ഞ സഹോദരങ്ങളോട് അധികാരികൾക്കും സഹപ്രവർത്തകർക്കും ഉണ്ടാകേണ്ട സഹിഷ്ണുതാഭാവത്തെക്കുറിച്ചു പഠി ക്കുവാനുള്ള വലിയൊരവസരം ചാവറയച്ചനു കിട്ടി. നാല്പതു വയസ്സുകാര നായ ഫിലീപ്പോസ് ശെമ്മാശനോടുള്ള സഹവാസം ഇതിനു സഹായിച്ചു. ചാവറയച്ചൻ *നാളാഗമ*ത്തിൽ ഈ കാര്യം വിശദമായി വിവരിക്കുന്നുണ്ട്.

പാലയ്ക്കൽ മല്പാൻ പള്ളിപ്പുറത്തു സെമിനാരി തുടങ്ങുന്നു എന്ന വാർത്ത അറിഞ്ഞാണ് കടുത്തുരുത്തി ഇടവകക്കാരൻ നില്പന കുഞ്ഞുവ റീത് ഫിലിപ്പോസിനെയും കൂട്ടി പള്ളിപ്പുറത്തെത്തിയത്. ഇദ്ദേഹത്തിനും ഒരു വൈദികനാകണം. നാല്പതു വയസ്സെത്തിയ ഇയാൾ കടുത്തുരുത്തി പള്ളി യിൽ താമസിച്ച് തപസ്സും വിശുദ്ധ ജീവിതവുമായി കഴിയുകയായിരുന്നു. സെമിനാരിയിൽ ചേർത്തു പഠിപ്പിക്കാമെങ്കിൽ അതിനാവശ്യമായ സാമ്പ ത്തിക സഹായം ചെയ്യാമെന്ന ഉദ്ദേശത്തിലാണ് പാലയ്ക്കലച്ചനെ സമീപി ച്ചിരിക്കുന്നത്. പ്രായംചെന്നയാളും തീക്ഷ്ണമതിയുമായതിനാൽ മറ്റുള്ള സെമിനാരിക്കാർക്കും ഇദ്ദേഹമൊരു മാതൃതയാകുമല്ലോ എന്ന് ഉദ്ദേശത്തിൽ മല്പാനച്ചൻ സെമിനാരിയിലേയ്ക്ക് സ്വീകരിക്കുകയും ചെയ്തു.

ദിവസങ്ങൾ മുന്നോട്ടുപോകുംതോറും ഒരു കാര്യം വ്യക്തമായി. ഫിലി പ്പോസിന് പഠിക്കാനാവശ്യമായ ബുദ്ധിശക്തി ഇല്ല. എല്ലാവരോടുമൊപ്പം ഇരുത്തി ഇദ്ദേഹത്തെ പഠിപ്പിച്ചെടുക്കുക സാദ്ധ്യമല്ലെന്നു മനസ്സിലാക്കിയ മല്പാൻ ഇദ്ദേഹത്തെ തനിച്ചു പഠിപ്പിച്ചു തുടങ്ങി. എന്നിട്ടും പുരോഗതി കാണാനില്ല. എങ്ങിനെയെങ്കിലും മെച്ചപ്പെടുത്തി എടുക്കണം എന്നു കരുതി അദ്ദേഹത്തിനു പഠിക്കുവാനായി തനിച്ചൊരു നമസ്ക്കാര പുസ്തകം കൊടു ത്തു. കൂടാതെ കൂട്ടുകാരും പറഞ്ഞുകൊടുത്തു സഹായിക്കാൻ ശ്രമിച്ചു. നമസ്ക്കാരപുസ്തകവുമായി *മറിയ, മറിയ, മറിയ, അലാഹ* എന്നിങ്ങനെ ചൊല്ലിയതു തന്നെ ചൊല്ലിക്കൊണ്ടും കാണുന്നവരെക്കൊണ്ടൊക്കെ പുസ്ത കത്തിൽ അടയാളപ്പെടുത്തി വാങ്ങിക്കൊണ്ടും നടന്നതല്ലാതെ പുരോഗതി ഒന്നിലും ഒരിയ്ക്കലും ഉണ്ടായി കണ്ടില്ല. ഭക്തിയിലും, തീക്ഷ്ണത യിലുമാണെങ്കിൽ ക്രമേണ കുറവു വന്നുകൊണ്ടുമിരുന്നു. അതിനാൽ തുടർന്നുള്ള പട്ടങ്ങൾ കൊടുക്കേണ്ടതില്ല എന്ന തീരുമാനത്തിലെത്തി

ചേർന്നു. അപ്പോഴും ആത്മാർത്ഥമായി ഇദ്ദേഹത്തെ പഠിപ്പിക്കുവാനും ഒപ്പമെത്തിക്കുവാനും വളരെയധികം ശ്രമിച്ച ഒരാളായിരുന്നു ചാവറയച്ചൻ. എന്നാലോ പട്ടം കിട്ടുകയില്ല എന്നു മനസ്സിലായതോടെ ഫിലിപ്പോസ് അരിശപ്പെടുവാനും ദൂഷണം പറയുവാനും തടങ്ങി.

*"എന്നെ ചതിച്ചില്ലയോ, ഞാൻ സാധാരണക്കാരനായിട്ടു നടന്നിരുന്നവനല്ലേ, എന്നെ ഈ കോലം കെട്ടിച്ചിട്ട് ഇപ്പോൾ എനിക്കു പട്ടം തരിവിക്കയില്ലയോ, ഈ കൊച്ചു ശെമ്മാശ്ശന്മാരെവരെ പട്ടം ഏല്പിക്കുന്നുവല്ലോ? എന്നിങ്ങനെ ബഹളംവെച്ചു നടന്നശേഷം നിലപ്പനകുഞ്ഞുവറീതും തുടർന്നു സഹായിക്കയില്ല എന്നുകണ്ട് അവിടം വിട്ടു പോയി"*[38]

ഈ സന്ദർഭങ്ങളിലെല്ലാം വളരെ പക്വതയോടും, സഹിഷ്ണുതയോടും കൂടി പെരുമാറിയ മല്പാചനച്ചന്റെ മാതൃക ചാവറയച്ചനിൽ മായാതെ കിടന്നിരുന്നു.

ചാവറയച്ചന്റെ സെമിനാരി ജീവിതത്തിലെ മറ്റൊരനുഭവമായിരുന്നു ലത്തീൻ പഠിക്കാൻപോയ സംഭവം. ഗുരുഭൂതനുണ്ടായ കരുതലായിരുന്നു വൈദികർ ലത്തീനും പഠിച്ചിരിക്കണം എന്നത്. തിരുഃസഭയുടെ ഔദ്യോഗിക ഭാഷയായി ഉപയോഗിച്ചിരുന്നത് ലത്തീനാണ്. സഭയുടെ പഠനങ്ങളും, സഭാതലവന്റെ നിർദ്ദേശങ്ങളും അറിയണമെങ്കിൽ അന്ന് ലത്തീൻ ഭാഷയും വശമായിരിക്കണം. തിരുഃസഭയുടെ വ്യക്തിസഭയായ സുറിയാനി കത്തോലിക്കാസഭയെക്കുറിച്ചുള്ള അറിവു മാത്രം പോരല്ലോ, സഭാ കൂട്ടായ്മ ഒന്നിച്ചുപോകുവാൻ.

ലത്തീൻ ഭാഷയിൽ ഗുരുവും ശിഷ്യനും തുല്യരായിരുന്നതിനാൽ സെമിനാരിയിൽ ചിലരെയെങ്കിലും ലത്തീൻ പഠിപ്പിച്ചാൽ അതുവഴി ബാക്കിയുള്ളവർക്കും സഹായകമാക്കാം എന്ന ഉദ്ദേശത്തോടെ മംഗലത്തു ചാണ്ടി, പഴേകടവിൽ ഔസേപ്പ്, ചാവറ കുര്യാക്കോസ് എന്നിവരെ ഇതിനായി തിരഞ്ഞെടുത്ത വിവരം നേരത്തേ സൂചിപ്പിച്ചു. വരാപ്പുഴ ചെന്നപ്പോഴുള്ള ചരിത്രം സ്വന്തം അനുഭവത്തിൽ നിന്ന് ചാവറയച്ചൻ വിവരിക്കുന്നുണ്ട്:

*ഞങ്ങൾ അറിയാതെ മേലെഴുതിയ മിലേസ്യാ മെത്രാനച്ചനെ ബോധിപ്പിച്ചപ്പോൾ അദ്ദേഹം സമ്മതിക്കയും നിക്കോവൂസ് മൂപ്പച്ചൻ ഇദ്ദേഹത്തിന്റെ മേൽ (പാലയ്ക്കലച്ചന്റെ) അധികസ്നേഹക്കാരനായിരിക്കയാൽ വേണ്ടിയ സഹായങ്ങൾ ചെയ്യാമെന്നും പറഞ്ഞുറച്ചു. ഒരു ദിവസം മേലെഴുതിയ ഞങ്ങൾ മൂന്നുപേരെയും വരാപ്പുഴ കൂട്ടിക്കൊണ്ടുവന്നു. സെമിനാരിക്ക് പുറത്ത് കിണറിന്റെ പടിഞ്ഞാറുവശത്തുള്ള മുറിയിൽ ഞങ്ങളെ താമസിക്കാനും ആക്കി. ക്ലാസ്സിന്റെ സമയത്ത് ലത്തീൻകാരുടെ സെമിനാരിയിൽപോയി പഠിച്ചുകൊള്ളണമെന്നും, ഭക്ഷണവും കിടപ്പും ഈ മുറിയിൽ കഴിച്ചുകൊള്ളണമെന്നും എന്തൊരാവശ്യം നിങ്ങൾക്കുണ്ടായാലും അവ മൂപ്പച്ചനോടു പറഞ്ഞാൽ നടത്തിത്തരുമെന്നും പറഞ്ഞശേഷം ഇദ്ദേഹം പള്ളിപ്പുറത്തിന് പോവുകയും*

*ചെയ്തു. പിറ്റേദിവസം ഞങ്ങൾ സെമിനാരിയിൽ ചെന്നപ്പോൾ അവിടെ കയറ്റുന്നതിനും ഇരുത്തുന്നതിനും അവർ സമ്മതിച്ചില്ല.*[39]

ഇവർക്കു ലത്തീൻകാരോടൊപ്പം ഇരുന്നു പഠിക്കാൻ സാധിക്കാതെ വന്നതിൽ അനുകമ്പ തോന്നിയ ഒരു മിഷനറി ഇവർ താമസിച്ചിരുന്നിടത്തു ചെന്ന് കുറച്ചു സമയം ലത്തീൻ പഠിപ്പിച്ചിരുന്നു. പക്ഷെ അതുകൊണ്ടു കാര്യമായ ഗുണം ഉണ്ടായില്ല. അങ്ങിനെ കുറച്ചുനാൾ കഴിഞ്ഞപ്പോൾ ആ പ്രദേശത്ത് ഉണ്ടായ പകർച്ചവ്യാധിയാൽ വളരെ ആളുകൾ മരിക്കുവാൻ ഇടയായി. ആ സമയത്ത് അവിടത്തെ പഠനം നിർത്തി പള്ളിപ്പുറത്തേയ്ക്ക് മടങ്ങുകയും ചെയ്തു. ഇതുകൊണ്ടുണ്ടായ ഗുണം പഠിച്ച സുറിയാനിയും മറക്കുവാൻ ഇടയായി എന്നതുമാത്രമാണെന്നു ചാവറയച്ചൻ പറയുമായിരുന്നു. മറ്റു രണ്ടു പേരുടെ ലത്തീൻ പഠനം അതോടെ അവസാനിച്ചെങ്കിലും മല്പാനച്ചൻ മുൻകൈയെടുത്തു തങ്കിപള്ളിയിൽ വികാരിയായിരുന്ന മെയിൻ പാദ്രിയുടെ അടുത്തേയ്ക്കയച്ച് കുര്യാക്കോസ് ശെമ്മാശ്ശനെ ലത്തീനും പോർച്ചുഗീസും പഠിപ്പിച്ചു. പക്ഷേ അവിടെച്ചെന്ന് ഏഴെട്ടുമാസം കഴിഞ്ഞപ്പോൾ ഒരസുഖത്തെ തുടർന്ന് പഠനം നിർത്തി പോരേണ്ടിവന്നു അദ്ദേഹത്തിന്.[40]

ചാവറ ശെമ്മാശ്ശൻ അറിവു സമ്പാദിക്കുവാൻ കിട്ടിയ അവസരങ്ങളെല്ലാം കൃത്യമായി പ്രയോജനപ്പെടുത്തിയതുപോലെ ലഭിച്ച അറിവുകൾ മറ്റുള്ളവർക്ക് പകർന്നുകൊടുക്കുവാനും സദാ സന്നദ്ധനായിരുന്നു. അതിനുള്ള കഴിവും അദ്ദേഹത്തിനുണ്ടായിരുന്നു. പാലയ്ക്കലച്ചൻ വരാപ്പുഴ മെത്രാൻ റൈമൺ സൂര്യയുടെ സെക്രട്ടറിയായിരുന്നതുകൊണ്ട് പിന്നീട് വന്ന മെത്രാന്മാരും ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുവാനായി പലപ്പോഴും അദ്ദേഹത്തെ സെമിനാരിയിൽ നിന്ന് വരാപ്പുഴയിലേക്ക് വിളിക്കുമായിരുന്നു.[41] ഇങ്ങിനെയുള്ള അവസരങ്ങളിൽ, ഡീക്കനായതിനുശേഷം പ്രത്യേകിച്ചും, സെമിനാരിയിൽ മറ്റുള്ളവർക്ക് ക്ലാസ്സെടുക്കുവാനും അവിടുത്തെ പൊതുകാര്യങ്ങൾ നിയന്ത്രിക്കാനും ചാവറ ശെമ്മാശ്ശനെ ചുമതലപ്പെടുത്തുമായിരുന്നു. സഹപാഠികളുടെ ഇടയിൽ അദ്ദേഹത്തെക്കുറിച്ച് ഉള്ളുകൊണ്ടുള്ള ആദരവും മതിപ്പും വളരെയുണ്ടായിരുന്നതുകൊണ്ട് കൂട്ടുകാരൻ ഗുരുവിന്റെ സ്ഥാനത്ത് പ്രത്യക്ഷപ്പെട്ടപ്പോഴും, എല്ലാവരിലും പ്രായംകുറഞ്ഞവനായിരുന്നിട്ടുകൂടിയും അദ്ദേഹത്തോട് അവർക്ക് അമർഷമോ അസൂയയോ ഉണ്ടായിരുന്നില്ല. മാത്രമല്ല, അദ്ദേഹത്തിന്റെ ജീവിതശുദ്ധിയെക്കുറിച്ചുള്ള തിരിച്ചറിവും അവർക്കുണ്ടായിരുന്നു.[42]

മിലെസ്പ്രെൻഡുഗാസ്റ്റ് മെത്രാനാണ് 1827ൽ കുര്യാക്കോസ് ശെമ്മാശ്ശന് അഞ്ചാം പട്ടം കൊടുത്തത്. താമസിയാതെ ഐറിഷ് കർമ്മലീത്താക്കാരനായിരുന്ന ഇദ്ദേഹത്തെ റോമിലേയ്ക്ക് 12-ാമൻ ലെയോമാർപ്പാപ്പ തിരിച്ചുവിളിക്കുകയുണ്ടായി. പിന്നീട് ഇടക്കാലത്തേയ്ക്ക്വന്ന മെത്രാനായിരുന്നു ബോംബെ വികാരി അപ്പസ്തോലിക്ക ആയിരുന്ന മൗറേലിയൂസ് സ്തബിലീനിമെത്രാൻ. അദ്ദേഹത്തിൽ നിന്ന് ശെമ്മാശൻ 1828ൽ ഡീക്കൻപട്ടം സ്വീകരിച്ചു.[43]

## അഞ്ഞൂറ്റിക്കാരും എഴുന്നൂറ്റിക്കാരും

ദീർഘനാൾ ദാഹിച്ചു മോഹിച്ച് കാത്തിരുന്ന തിരുപ്പട്ടത്തിനുള്ള ദിനങ്ങൾ അടുത്തുവരികയായി. പാലയ്ക്കൽ മല്പാൻ പട്ടം സ്വീകരിക്കാനുള്ള ശിഷ്യരെ പ്രത്യേക ശ്രദ്ധയോടെ ഒരുക്കിവന്നു. ശിഷ്യരാകട്ടെ അതീവ താല്പര്യത്തോടും തീക്ഷ്ണതയോടും കൂടി ഒരുങ്ങിയും പോന്നു. ഇതിനിടയിലാണ് ലത്തീൻകാരുടെയിടയിലെ രണ്ടു വിഭാഗങ്ങളായ *അഞ്ഞൂറ്റിക്കാരും എഴുന്നൂറ്റിക്കാരും* തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ വർദ്ധിച്ചത്. ഇതിന്റെ പേരിൽ മെത്രാൻ തന്നെ ഭരണം ഉപേക്ഷിച്ചു മടങ്ങിപ്പോകാൻ തീരുമാനമെടുക്കത്തക്കവിധം പ്രശ്നം രൂക്ഷമായിമാറി.

മാർത്തോമാ ക്രിസ്ത്യാനികൾ എന്നറിയപ്പെട്ടിരുന്ന സുറിയാനി കത്തോലിക്കാസമൂഹം മാത്രമേ 16-ാം നൂറ്റാണ്ടുവരെ കേരളത്തിൽ ഉണ്ടായിരുന്നുള്ളു. വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെയും പോർച്ചുഗീസുകാരുടെയും ആഗമനത്തിനുശേഷം മാത്രമാണ് ഇവിടെ ലത്തീൻ റീത്തിലുള്ള കത്തോലിക്കർ ഉണ്ടാകുന്നത്.

1773ൽ വിസിറ്റർ അപ്പസ്തോലിക്ക ആയി എത്തിയ ലോറൻസ് ജൂസ്റ്റിനിയാനി മെത്രാന്റെ റിപ്പോർട്ടിലും 1832ൽ ഫ്രാൻസിസ് സേവ്യർ എന്ന വരാപ്പുഴ അപ്പസ്തോലിക്കാ മെത്രാന്റെ റിപ്പോർട്ടിലും കേരളത്തിലുണ്ടായിരുന്ന ലത്തീൻകാരുടെ ഉത്ഭവത്തെക്കുറിച്ചും അവരുടെ ഇടയിലുള്ള മൂന്നു ഗണങ്ങളെക്കുറിച്ചും സൂചിപ്പിക്കുന്നുണ്ട്.

ഒന്നാമത്തെ ഗണത്തെ *തൊപ്പാസുകാർ, പറങ്കികൾ, മൂന്നൂറ്റിക്കാർ* എന്നൊക്കെ വിശേഷിപ്പിക്കുന്നു. പോർച്ചുഗീസുകാർ, ഡച്ചുകാർ, ഇംഗ്ലീഷുകാർ, ജർമ്മൻകാർ തുടങ്ങിയ യൂറോപ്പുകാരിൽ നിന്നും ഇന്ത്യക്കാരിലൂടെ ജനിക്കാനിടയായവരാണിവർ. പൊതുവെ തൊപ്പി ധരിച്ചു നടക്കുന്നവരായതുകൊണ്ടാണ് ഇവരെ *തൊപ്പാസുകാർ* എന്നു വിളിച്ചിരുന്നത്. ഇവരിൽ മുന്നൂറു പേർ മാമ്മോദീസ സ്വീകരിച്ചവരായി അന്ന് ഉണ്ടായിരുന്നു. അതുകൊണ്ടാണ് ഇവർ *മൂന്നൂറ്റിക്കാർ* എന്നു വിളിക്കപ്പെടാൻ ഇടയായത്. പിന്നീട് അവരുടെ എണ്ണം വർദ്ധിച്ചു എങ്കിലും ഇവർ *മൂന്നൂറ്റിക്കാർ* എന്ന് തന്നെ ലത്തീൻകാരുടെ ഇടയിൽ അറിയപ്പെട്ടുപോന്നു.

രണ്ടാംഗണത്തിൽ പെടുന്നത് മലബാറിലെ രാജാക്കന്മാരിലൊരാൾ പോർച്ചുഗീസുകാരുടെ സഹായത്തിനുവേണ്ടി മുക്കുവന്മാരുടെ ഇടയിൽനിന്ന് നൽകിയ അഞ്ഞൂറു കുടുംബക്കാരാണ്. അവർ കടൽത്തീരപ്രദേശങ്ങളിൽ നിന്നുള്ളവരായതുകൊണ്ട് *കടക്കോടികൾ* എന്നും വിളിക്കപ്പെട്ടിരുന്നു. ഇവർ പോർച്ചുഗീസുകാരെ വീട്ടാവശ്യങ്ങളിലും ചുമടെടുക്കുന്നതിലും പല്ലക്കു വഹിക്കുന്നതിലും മറ്റുമായി സഹായിച്ചിരുന്നവരാണ്. ഇവർ ക്രിസ്ത്യാനികളായിത്തീരുകയും, ഇവരും മുക്കുവരുടെ ഇടയിൽ നിന്ന് പിന്നീട് ഇവരോടു ചേർന്നവരുംകൂടി *അഞ്ഞൂറ്റിക്കാർ* എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു.

മൂന്നാമത്തെ ഗണത്തിൽപെട്ടവരാണ് മുക്കുവഗണത്തിൽ പെടാത്ത മറ്റു വിവിധ ജാതികളിലും വർഗ്ഗങ്ങളിലും പെട്ട എഴുനൂറു കുടുംബക്കാർ. അഞ്ഞൂറു കുടുംബങ്ങളെ നൽകിയ അതേ രാജാവുതന്നെ പോർച്ചുഗീസുകാരുടെ വാണിജ്യപരമായ ആവശ്യങ്ങളിലും പട്ടാളത്തിലും മറ്റു ഇതര ജോലികളിലും സഹായിക്കുന്നതിനായി നൽകിയ എഴുനൂറു കുടുംബക്കാരാണ് ഇവർ. ക്രിസ്ത്യാനികളായി മാറിയ ഇവരോടു ചേർന്ന് തുടർന്നും ക്രിസ്ത്യാനികളായി തീർന്ന എല്ലാവരേയും കൂടെ ചേർത്തു *എഴുന്നൂറ്റിക്കാർ* എന്ന പേരിൽ വിളിച്ചുപോന്നു.

ലത്തീൻ ക്രിസ്ത്യാനികളുടെ ഇടയിൽ *തോപ്പാസുകാരും അഞ്ഞൂറ്റിക്കാരും* ഒഴിച്ച് ബാക്കിയുള്ളവരെയെല്ലാം *എഴുന്നൂറ്റിക്കാരായി* കണക്കാക്കിയിരുന്നു. ഇവർക്ക് തൊപ്പിക്കാർക്കുള്ള സ്ഥാനമാനങ്ങൾ സമൂഹത്തിൽ ഉണ്ടായിരുന്നു. എന്നാൽ *അഞ്ഞൂറ്റിക്കാരുടെ* കാര്യം വിഭിന്നമായിരുന്നു. *താഴ്ന്ന ജാതിക്കാർ എന്ന പേരിൽ* ഇവർക്ക് മറ്റു ലത്തീൻകാരുടെ ഇടയിലും സുറിയാനിക്കാരുടെ ഇടയിലും ഒട്ടും സ്ഥാനം കൊടുത്തിരുന്നില്ല. 1769വരെ മലബാർ അപ്പസ്തോലിക്കാ വികാരിയാത്തിൽപെട്ട ലത്തീൻകാരുടെ ഇടയിൽ നിന്ന് പുരോഹിതരായി ആരും ഉണ്ടായിരുന്നുമില്ല.

*മാർത്തോമാ ക്രിസ്ത്യാനികളുടെ ഇടയിൽ സീറോ-കൽദായറീത്തിൽ നിന്നുള്ള പുരോഹിതന്മാരേ ഈ വികാരിയത്തിൽ ഉണ്ടായിരുന്നുള്ളു. എന്നാൽ ലത്തീൻ റീത്തിലുണ്ടായിരുന്ന വൈദികർ പഴയ പോർച്ചുഗീസു കുടുംബങ്ങളുടെ പിൻതുടർച്ചയിൽ നിന്നുള്ളവരായിരുന്നു.*[44]

1769ലെ റിപ്പോർട്ടിൽ നിന്നും മൗറേലിയൂസ് സ്തബിലീനി മെത്രാനിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നത് *എഴുന്നൂറ്റിക്കാരുടെ* ഇടയിൽ നിന്ന് ചിലരെ വൈദികരെ ആക്കിയിരുന്നു എന്നും അവരുടെ വേഷവിധാനം സുറിയാനിക്കാരുടേതിനു സമാനമായിരുന്നു എന്നുമാണ്. ഈ നടപടിയെ സുറിയാനിക്കാർ ശക്തമായി എതിർത്തിരുന്നു. എന്നാൽ അവർ യൂറോപ്പിലെ വൈദികവേഷം സ്വീകരിച്ചുകഴിഞ്ഞതോടെ ഈ എതിർപ്പ് ഇല്ലാതാവുകയും ചെയ്തു.

*അഞ്ഞൂറ്റിക്കാരുടെ* ഇടയിൽ നിന്നും ആരെയും വൈദിക പദവിയിലേക്ക് എടുത്തിരുന്നില്ല. അവർ എല്ലാവരാലും തരംതാഴ്ന്നവരായി കണക്കാക്കപ്പെട്ടിരുന്നതിനാൽ പൗരോഹിത്യത്തിന് അർഹതയില്ല എന്ന നിലപാടായിരുന്നു എഴുന്നൂറ്റിക്കാർക്കടക്കം ഉണ്ടായിരുന്നത്.

വരാപ്പുഴ വികാരി അപ്പസ്തോലിക്ക ആയിരുന്ന മൗറേലിയൂസ് സ്തബിലീനി മെത്രാന്റെയടുത്ത് *അഞ്ഞൂറ്റിക്കാർ* 1829ൽ സങ്കടമുണർത്തിച്ചു. അവരുടെ സ്വന്തം ജാതിയിൽ നിന്നുള്ളവർക്ക് പൗരോഹിത്യം കൊടുക്കണമെന്ന് അപേക്ഷിച്ചു. കത്തോലിക്കാവിശ്വാസം സ്വീകരിച്ച് ക്രൈസ്തവജീവിതം നയിക്കുന്ന ഇവർക്ക് താഴ്ന്ന ജാതിക്കാർ എന്ന പേരിൽ പട്ടം കൊടുക്കാതിരിക്കുന്നത്

കർത്താവിന്റെ മാർഗ്ഗത്തിനു ചേർന്നതല്ല എന്ന ബോദ്ധ്യത്തോടെ അദ്ദേഹം അവരുടെ നിവേദനം സ്വീകരിക്കുകയും ചെയ്തു.

മെത്രാന്റെ ഈ തീരുമാനത്തിൽ *തോപ്പാസുകാരും എഴുന്നൂറ്റിക്കാരും* ശക്തിയായ എതിർപ്പു പ്രകടിപ്പിച്ചു. അവരെ ബോധവൽക്കരിക്കാൻ അദ്ദേഹം പലവിധത്തിൽ ശ്രമിച്ചു എങ്കിലും ഫലമുണ്ടായില്ല. *തോപ്പാസുകാരുടെയും എഴുന്നൂറ്റിക്കാരുടെയും* സെമിനാരിക്കാരടക്കം എതിർത്തപ്പോൾ *അനുസരണമില്ലാത്തവരുടെയിടയിൽ വസിപ്പാനും, ന്യായങ്ങൾ ബോദ്ധ്യപ്പെടാത്തവരെ ഭരിപ്പാനും ഒരുക്കമല്ല* എന്ന നിലപാടോടെ മെത്രാൻ റോമിലേയ്ക്ക് തിരിച്ചു പോകുവാൻ തീരുമാനിച്ചു. തുടർന്നുള്ള സംഭവവികാസങ്ങളെല്ലാം വളരെ വിശദമായി ചാവറയച്ചൻ *നാളാഗമ*ത്തിൽ വിവരിക്കുന്നുണ്ട്.

മെത്രാൻ ഈ തീരുമാനം എടുക്കുന്നതിന് അഞ്ചെട്ടുദിവസം മുമ്പ് പള്ളിപ്പുറത്തേയ്ക്ക് ഒരെഴുത്തു കൊടുത്തുവിട്ടു. കുരിശിന്റെ പുകഴ്ചയുടെ തിരുന്നാളിന്റെ അവധിക്ക് പട്ടമേൽക്കാൻ ആരെങ്കിലുമുണ്ടെങ്കിൽ വിവരം അറിയിക്കണം എന്നതായിരുന്നു എഴുത്തിലെ വിവരം.

പട്ടം സ്വീകരിക്കാനുള്ള ഒരുക്കത്തോടെ ശെമ്മാശ്ശന്മാരും അവരുടെ ഗുരുവായ പാലയ്ക്കൽ മല്പാനച്ചനും സെപ്തംബർ പത്തിന് രാത്രി പത്തുമണിയോടുകൂടി പൗരോഹിത്യപട്ടം സ്വീകരിക്കുവാനായി വരാപ്പുഴ കടവിലെത്തി. വിവിധ പട്ടങ്ങൾ ഏൽക്കാനുള്ളവരുടെ കൂട്ടത്തിൽ ചാവറ ശെമ്മാശ്ശനും ഉണ്ടായിരുന്നു. അവിടെ എത്തിയപ്പോഴാണ് അറിയുന്നത് മെത്രാൻ ആർക്കും പട്ടം കൊടുക്കാൻ തയ്യാറല്ലെന്നും മനസ്സുമടുത്തു ഈ നാട്ടിൽ നിന്നുതന്നെ മടങ്ങിപോവുകയാണെന്നും.

ജീവിതമെന്നത് ഒരിക്കലും അവസാനിക്കാത്ത പരീക്ഷണങ്ങളുടെ ശേഖരമായിരിക്കുമോ? തന്റെ പഠനത്തിന്റെയും പരിശീലനത്തിന്റെയും അവസാനഘട്ടത്തിലെത്തി നിൽക്കുന്നതുകൊണ്ട് ഇനിയും പരീക്ഷണങ്ങൾക്ക് അവസരം ഇല്ലായിരിക്കും എന്നായിരുന്നു കുര്യാക്കോസ് വിചാരിച്ചിരുന്നത്. ദൈവം തരുന്നതാണു പരീക്ഷണങ്ങളെങ്കിൽ വിജയിപ്പിക്കാനുള്ള വഴികളും അവിടുന്നു തന്നെ കണ്ടുവെച്ചിട്ടുണ്ടാകും എന്ന വിശ്വാസം മാത്രമായി ആശ്രയം. രാത്രിയിൽ തന്നെ മെത്രാന്റെ സെക്രട്ടറിയായ പോരൂക്കര തോമ്മാച്ചന്റെ മുറിയിൽ പള്ളിപ്പുറം സംഘം എത്തി കാര്യങ്ങളന്വേഷിച്ചപ്പോൾ കേട്ടതെല്ലാം ശരി!

പിറ്റേദിവസം രാവിലെ എല്ലാവരുംകൂടി മെത്രാന്റെ മുറിയിലെത്തി. കൈ ചുംബിച്ചശേഷം ഉപചാരപൂർവ്വം ചെവിയോർത്തു നിന്നു; തങ്ങളുടെ മൗന ചോദ്യത്തിനുള്ള മറുപടി കാത്തു:

*എനിക്കു മനസ്സിനു തീരെ സുഖമില്ല. അതുകൊണ്ട് ഈ ദിവസങ്ങളിൽ ഞാൻ കുർബ്ബാന ചൊല്ലിയിട്ടില്ല. അതിനാൽ പട്ടം സ്വീകരിക്കാൻ വന്ന നിങ്ങൾ സങ്കടം കൂടാതെ മടങ്ങിപ്പോകുക.*

ഈ മറുപടികേട്ട അവർ പൂർവ്വാധികം ദുഃഖിതരായി.

സെമിനാരിയിൽ സുറിയാനി പഠിപ്പിച്ചുകൊണ്ടു താമസിച്ചിരുന്ന ഞാറയ്ക്കൽ പള്ളി ഇടവകക്കാരൻ മല്പാനച്ചനും, പാലയ്ക്കൽ മല്പാനും, മലയാറ്റൂർ പള്ളിവികാരി പേരേപാട്ടു പൗലോസ് കത്തനാരച്ചനും, സെക്രട്ടറി പോരൂക്കര തോമ്മാച്ചനും മറ്റു പല അച്ചന്മാരും ഒരുമിച്ചുകൂടി ആലോചിച്ചു. അവർ ഒരപേക്ഷ എഴുതിയുണ്ടാക്കി: *ബഹുമാനപ്പെട്ട മെത്രാനച്ചൻ ഞങ്ങളെ വിട്ടുപോയാൽ ഞങ്ങൾ ഇടയനില്ലാത്ത ആടുകളെപ്പോലെ ആയിത്തീരും എന്നും, അതുകൊണ്ട് ഇവിടെ താമസിക്കുവാൻ വിഷമമാണെങ്കിൽ അങ്ങേയ്ക്കിഷ്ടമുള്ള ഏതെങ്കിലും സുറിയാനിപ്പള്ളികളിൽ വന്നു താമസിക്കാമെന്നുമായിരുന്നു* അപേക്ഷയുടെ ഉള്ളടക്കം.

ഇതുപോലെ പള്ളിപ്പുറത്തു നിന്നു വന്ന സെമിനാരിക്കാരും വരാപ്പുഴ സെമിനാരിയിലെ സുറിയാനിക്കാരും ചേർന്ന് മറ്റൊരു നിവേദനവും എഴുതിയുണ്ടാക്കി: *മെത്രാനച്ചൻ ഞങ്ങളെ വിട്ടുപോകുന്നത് വളരെ സങ്കടമുള്ള കാര്യമാണെന്നും, പട്ടമേൽക്കാനുള്ളവരുടെ കാര്യത്തിൽ അങ്ങ് ഒരു തീരുമാനമെടുക്കണമെന്നും, അങ്ങ് ഞങ്ങളെ വിട്ടുപോകയില്ലെന്നുള്ള മറുപടി കിട്ടാതെ അങ്ങയുടെ മുറിയുടെ വാതിൽക്കൽ നിന്നു മാറുകയില്ല* എന്നതുമായിരുന്നു അവരുടെ നിവേദനം.

രണ്ടു കത്തുകളും കൈപ്പറ്റിയ അദ്ദേഹം രണ്ടു ദിവസത്തോളം ആലോചനയിൽ കഴിഞ്ഞു. ഇതിനിടയിൽ റോമിൽ നിന്നുള്ള ഒരു തിരുവെഴുത്തും അദ്ദേഹത്തിനു ലഭിച്ചു. *വികാരി അപ്പസ്തോലിക്ക ആയി നിയമിതനായിരിക്കുന്നതു ഒന്നാമതായി സുറിയാനിക്കാർക്കു വേണ്ടിയാണെന്നും വേറൊരാളെ പകരം അയക്കുന്നതു വരെ ഇവിടെ താമസിക്കണമെന്നതുമായിരുന്നു* മാർപ്പാപ്പയുടെ നിർദ്ദേശം. ഉടനെ മടങ്ങിപ്പോകയില്ലെന്നുറപ്പു കൊടുത്തുകൊണ്ട് പുത്രനിർവ്വിശേഷമായ വാത്സല്യത്തോടെ അദ്ദേഹം എല്ലാവരെയും പറഞ്ഞയച്ചു.

തുടർന്ന് വരാപ്പുഴ താമസിക്കുവാൻ മെത്രാനിഷ്ടമില്ല എന്നു മനസ്സിലാക്കിയ പാലയ്ക്കൽ മല്പാൻ അവിടെത്തന്നെ തങ്ങി പലരുമായി പരിഹാര വഴികൾ ആലോചിച്ചു. ഇതിനിടയിലാണ് മെത്രാൻ പോകുന്നു എന്ന വാർത്ത കേട്ട് *അഞ്ഞൂറ്റിക്കാരും* അവരിൽ പ്രാധനികളായ അഞ്ഞൂറോളംപേരും ചേർന്ന് നിവേദനവുമായി എത്തിയത്. അവരെയും മെത്രാനച്ചൻ ആശ്വസിപ്പിച്ച് പറഞ്ഞയച്ചു.

*അഞ്ഞൂറ്റിക്കാരുടെയിടയിൽനിന്ന്* മുമ്പിനാൽ പട്ടം സ്വീകരിച്ച് ബോംബെ വികാരിയത്തിൽ താമസിച്ചിരുന്ന പക്വമതിയായ ഒരാളായിരുന്നു പസ്ക്കാൾ ബൈ ലോൺ ദി ജീസസ് മരിയാ. ഇദ്ദേഹത്തെ തന്റെ കുമ്പസാരക്കാരനും വരാപ്പുഴയുടെ ചാൻസലറുമായി മെത്രാൻ കൂടെ താമസിപ്പിച്ചു.

മെത്രാനച്ചന്റെ താല്പര്യം മനസ്സിലാക്കിയ പാലയ്ക്കൽ മല്പാനും, പോരൂക്കരയച്ചനും, പസ്ക്കാൾ പാദ്രിയും എടുത്ത തീരുമാനം ഇതായിരുന്നു.

മെത്രാൻ അഞ്ഞൂറ്റിക്കാർ കൂടുതൽ ഉള്ള ഇടവകയായ അർത്തുങ്കൽ പള്ളിയിൽ പോയി താമസിക്കുക. അതിൻ പ്രകാരം ഇവരെല്ലാവരും *അഞ്ഞൂറ്റിക്കാരനായ* ഗൊൺസാൽവസ് ശെമ്മാശ്ശനെയും കൂട്ടി അർത്തുങ്കൽ മാർ അന്ത്രയോസ് ശ്ലീഹായുടെ നാമത്തിലുള്ള പള്ളിയിൽ മെത്രാനെ കൊണ്ടുപോയി താമസിപ്പിച്ചു. ആ പള്ളിക്കാരാകട്ടെ മെത്രാനെ വളരെ സന്തോഷപൂർവ്വം സ്വീകരിക്കുകയും ചെയ്തു.[45]

## അഭിഷിക്തൻ

മെത്രാനച്ചൻ അർത്തുങ്കൽ താമസമാക്കി ഒരു മാസം കഴിഞ്ഞപ്പോൾ മല്പാനച്ചൻ പട്ടത്തിന്റെ കാര്യം മെത്രാനച്ചനെ വീണ്ടും ഓർമ്മിപ്പിച്ചു. അദ്ദേഹം തീയതിയും സ്ഥലവും നിശ്ചയിച്ചു. നവംബർ 29-ാം തീയതി അർത്തുങ്കൽ പള്ളിയിൽ വെച്ചുതന്നെ നടക്കട്ടെ എന്നറിയിച്ചതിൻ പ്രകാരം ചാവറ കുര്യാക്കോസ് ശെമ്മാശ്ശനെ ഒരുക്കി അർത്തുങ്കലെത്തിച്ചു. കൂട്ടത്തിൽ പട്ടമേൽക്കാൻ വേറെ ആരെങ്കിലും ഉണ്ടായിരുന്നോ, ആരൊക്കെ ഈ ശുശ്രൂഷയിൽ പങ്കെടുത്തു എന്നൊന്നും നമുക്കറിഞ്ഞുകൂടാ. ശെമ്മാശ്ശൻ രണ്ടുമൂന്നു ദിവസം മുമ്പെങ്കിലും അവിടെ എത്തി പ്രാർത്ഥനയിൽ കഴിഞ്ഞിരുന്നിരിക്കണം.

കുര്യാക്കോസിന്റെ ജീവിതത്തിലെ വലിയ ദിവ്യാഭിലാഷം അവിടെ പൂവണിയുകയായിരുന്നു. 1829 നവംബർ 29-ാം തീയതി മൗറേലിയൂസ് സ്തബിലീനി മെത്രാന്റെ കൈവെയ്പ്പോടെ അദ്ദേഹം കർത്താവിന്റെ അഭിഷിക്തനായി. *അർത്തുങ്കൽ പട്ടമേൽക്കാൻ വന്നപ്പോൾ ചാവറയച്ചൻ താമസിച്ചിരുന്ന മുറി* എന്നെഴുതിയ ഒരു മുറിയും അതിന്റെ പരിസരങ്ങളും പള്ളിമേടയിൽ ഇന്നും പൂജ്യതയോടെ സൂക്ഷിച്ചിരിക്കുന്നു. അതുപോലെ അദ്ദേഹം തിരുപ്പട്ടം സ്വീകരിച്ച് ആദ്യബലിയർപ്പിച്ച ബലിപീഠവും മദുബഹായും അന്നത്തെ രീതിയിൽ ഇന്നും പഴയ പള്ളിയിൽ സംരക്ഷിക്കുന്നുണ്ട്.

സുബാറക്കാലം (ആഗമനം) ഒന്നാം ഞായറാഴ്ചയായ 30-ാം തീയതി സ്വന്തം ഇടവകയായ ചേന്നങ്കരി പള്ളിയിൽ അദ്ദേഹം ആഘോഷമായി പുത്തൻ കുർബ്ബാന അർപ്പിച്ചു.[46] അക്കാലത്ത് പുത്തൻ കുർബ്ബാനയും ഇടവകയിലെ വലിയ ചടങ്ങായിരുന്നു. ചാവറയച്ചന്റെ സമകാലികനും ശിഷ്യനുമായിരുന്ന പാലാക്കുന്നേൽ മത്തായി വെല്യച്ചൻ പുത്തൻകുർബ്ബാനയുടെ പാരമ്പര്യത്തെക്കുറിച്ച് അദ്ദേഹത്തിന്റെ ഡയറിയിൽ വിവരിക്കുന്നുണ്ട്. അതിൻപ്രകാരം പുത്തൻ കുർബ്ബാനയ്ക്ക് റാസ ചൊല്ലുക പതിവായിരുന്നു. 1855ൽ പാലാക്കുന്നേൽ വല്യച്ചൻ ചൊല്ലിയ പുത്തൻകുർബ്ബാനയ്ക്ക് ആഘോഷം കൂട്ടുവാനായി നാനൂറുരൂപാ ചിലവു വന്നു എന്നദ്ദേഹം സൂചിപ്പിക്കുന്നു.[47]

ചാവറയച്ചന്റെ മനസ്സിലുണ്ടായിരുന്നു ദുഃഖം തീർക്കുവാനുള്ള അവസരം കൂടിയായിരുന്നു പുത്തൻകുർബ്ബാന. പണ്ടത്തെ വീടുകയറ്റത്തിലുണ്ടായ

പ്രശ്നങ്ങൾ കാരണം ആസ്തപ്പാടുപട്ടത്തിന്റെ കാലത്ത് ഇടവകക്കാർക്ക് നല്ലൊരു സദ്യ കൊടുക്കാൻ കഴിഞ്ഞില്ല. പട്ടമേൽക്കുമ്പോഴുള്ള അന്നത്തെ നാട്ടുനടപ്പിനെക്കുറിച്ച് പാലാക്കുന്നേൽ വല്യച്ചൻ വിശദീകരിക്കുന്നത് ഇപ്രകാരമാണ്:

*പുത്തൻ കുർബ്ബാന ചൊല്ലുന്നതിന്റെ തലേ വ്യാഴാഴ്ച 'വീടുകേറുക' എന്നൊരു ക്രമം ഉണ്ട്. ഇത് ആസ്തപ്പാട്ടു പട്ടത്തോടു ചേർന്നായിരുന്നു പണ്ട് നടത്തിയിരുന്നത്. വ്യാഴാഴ്ച ശെമ്മാശ്ശനടുത്ത സുർപ്ലോസു മാത്രം ഇട്ടുകൊണ്ട് യോഗക്കാരോടും പട്ടക്കാരാടും കൂടി വീട്ടിൽ ചെന്ന് പെണ്ണുകെട്ടുന്ന മണവാളന് മധുരംവെച്ച് നുള്ളി തിന്നുന്നതുപോലെ, എല്ലാവരോടും ചോദിച്ചുകൊണ്ട് മധുരം വയ്ക്കയും പുത്തൻപട്ടക്കാരൻ നുള്ളിത്തിന്നതിനുശേഷം പട്ടക്കാർക്കും യോഗക്കാർക്കും ഒരു ഭക്ഷണം കൊടുക്കുകയും, അതു കൊടുത്തില്ല എങ്കിൽ പുത്തൻ കുർബ്ബാന ചൊല്ലുന്നതിനും മറ്റും യോഗവും വികാരിയും അനുവദിക്കുന്നതുമല്ല... പിന്നെ ശനിയാഴ്ച ഒരു ഭക്ഷണം, പിന്നെ ഞായറാഴ്ച കാലത്തും ഉച്ചയ്ക്കും ഒരു ഭക്ഷണം, മാന്യന്മാർക്കും ഗൃഹസ്ഥർക്കും, തിങ്കളാഴ്ച പട്ടക്കാർക്കും ശെമ്മാശ്ശന്മാർക്കും വലിയ മേശ (ഭക്ഷണ) കൊടുക്കുന്നതിനോടുകൂടി വീണ്ടും യോഗത്തിനും ഒരു ഭക്ഷണം വലുതായി കൊടുക്കുകയും എന്ന ക്രമം ഉണ്ടായിരുന്നു.*[48]

*വീണ്ടും ഘോഷമായി 30-ാം തീയതി ചേന്നങ്കരി ഇടവകപള്ളിയിൽ കുർബ്ബാന ചൊല്ലി* എന്ന് ചാവറയച്ചൻ *നാളാഗമ*ത്തിൽ സൂചിപ്പിക്കുന്നതിൽ നിന്ന്, ആസ്തപ്പാടുപട്ടത്തിന്റെ സമയത്തുവന്ന കുറവു പരിഹരിക്കാൻ പുത്തൻ കുർബ്ബാന ആഘോഷമാക്കി എന്നൊരു ധ്വനിയുമുണ്ട് എന്നുവേണം മനസ്സിലാക്കുവാൻ.

നിഷ്കളങ്ക ഹൃദയത്തിന്റെ ഉടമയായ അദ്ദേഹത്തിന് പകയും വിദ്വേഷവും മനസ്സിൽ വച്ചുകൊണ്ടിരിക്കുക സാദ്ധ്യമല്ലായിരുന്നു. ഒരിക്കൽ തന്നെയും കുടുംബത്തെയും അപമാനിച്ച ജനങ്ങളെ താല്പര്യപൂർവ്വം സൽക്കരിച്ചുകൊണ്ടു അവരോട് അദ്ദേഹം ആദരവു പ്രകടിപ്പിച്ചു. തന്നെ പള്ളിയിൽ കയറ്റാതിരിക്കാൻ വാതിൽപൂട്ടിയ വികാരിയച്ചനോടു ഇടവകപള്ളിയിലെ വിശുദ്ധ യൗസേഫ് പിതാവിന്റെ തിരുനാളിന് എല്ലാവർഷവും താൻ വന്നു സഹായിക്കയും പ്രസംഗം പറയുകയും ചെയ്തുകൊള്ളാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു. ഈ വാഗ്ദാനം അദ്ദേഹം മരണംവരെ പാലിക്കയും ചെയ്തു.[49]

1835ൽ ഇന്ത്യയിലാദ്യമായി വിശുദ്ധ യൗസേഫ് പിതാവിന്റെ ദർശനസമൂഹം ചേന്നങ്കരിയിൽ ചാവറയച്ചൻ സ്ഥാപിക്കാൻ അനുവാദം വാങ്ങിയതിനെക്കുറിച്ചും, ഫ്രാൻസിൽ നിന്നുള്ള വിശുദ്ധ യൗസേഫ് പിതാവിന്റെ രൂപം ഇവിടെ കൊണ്ടുവന്ന് സ്ഥാപിച്ചുകൊണ്ട് 1836ൽ ദർശനസമൂഹം ആരംഭിച്ചതിനെക്കുറിച്ചും മുൻ അദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ.

പൗരോഹിത്യത്തിലൂടെ ക്രിസ്തുവിന്റെ പ്രതിപുരുഷനായിത്തീർന്ന ചാവറയച്ചൻ ശത്രുക്കളെ മിത്രങ്ങളാക്കി മാറ്റുന്നതിനുള്ള പരിശീലനം ഇപ്രകാരം തന്റെ ഇടവകപള്ളിയിൽനിന്നുതന്നെ ആരംഭിച്ചു.

ചാവറകുടുംബത്തിൽ ആദ്യമായി ഒരാൾ പുരോഹിതനായി അഭിഷിക്തനായെങ്കിലും, ചാവറകുടുംബത്തെ നേരിട്ടിരുന്ന ദൂരവ്യാപകമായ പ്രശ്നത്തിന് പരിഹാരമായിട്ടില്ലായിരുന്നു. നാളുകൾ നീളുംതോറും എടത്വായിലെ പെങ്ങൾ ചാവറ തറവാടു നോക്കിനടത്തിയതിനുള്ള പ്രതിഫലം ആവശ്യപ്പെട്ടു തുടങ്ങിയിരുന്നു. ഇനിയും താമസിപ്പിക്കുന്നതു ശരിയല്ല എന്നു തോന്നിയ ചാവറയച്ചൻ പൗരോഹിത്യം സ്വീകരിച്ചതിനുശേഷം ഈ പ്രശ്നം പരിഹരിക്കുവാൻ തീരുമാനിച്ചു. അപ്പോഴേയ്ക്കും ജ്യേഷ്ഠന്റെ മകളുടെ കല്യാണവും നടന്നിരുന്നു.

ഒരു ദിവസം ചാവറയച്ചൻ വല്ലേലിൽ പെങ്ങളുടെ വീട്ടിലെത്തി. പെങ്ങളും അളിയനുമായി ദീർഘനേരം ചർച്ചചെയ്ത് തീരുമാനങ്ങളെടുത്തു. തുടർന്നുണ്ടായ സംഭവവികാസങ്ങളെക്കുറിച്ച് നമുക്കു ലഭിക്കുന്ന അറിവ്, ചാവറയച്ചനെ പേരുവിളിക്കാനുള്ള നടപടികൾക്കായി നിശ്ചയിച്ച ഹിസ്റ്റോറിക്കൽ കമ്മീഷന്റെ മുമ്പാകെ കുടുംബക്കാർ കൊടുത്ത വിശദീകരണങ്ങളിൽനിന്നുമാണ്.

പെങ്ങളിൽനിന്നുണ്ടായ പ്രത്യേക സമ്മർദ്ദത്തിന്റെ പേരിൽ ആവണം ചാവറയച്ചൻ തന്റെ വീതം സ്വത്തു മുഴുവൻ പെങ്ങളുടെ പേരിൽ എഴുതി കച്ചീട്ടു കൊടുത്തു. തിരിച്ചു പള്ളിപ്പുറത്തേയ്ക്ക് മടങ്ങുംവഴി ഒരു ഇളയപ്പനുമായി കണ്ടു സംസാരിക്കാനിടയായി. പെങ്ങൾക്കായി തന്റെ വീതം സ്വത്തു മുഴുവൻ എഴുതിക്കൊടുത്തു എന്നുകേട്ട അദ്ദേഹം ക്ഷുഭിതനായി. ജ്യേഷ്ഠന്റെ മകളോടു പരിഗണന കാണിച്ചിട്ടില്ല എന്ന തെറ്റു മനസ്സിലാക്കിയ ചാവറയച്ചൻ ഉടനെ തിരിച്ചു പെങ്ങളുടെ വീട്ടിലെത്തി. അച്ചനെ വീണ്ടും കണ്ടപ്പോൾ വീട്ടുകാർ സംശയിച്ചു. തന്റെ മറന്നുവെച്ച നമസ്ക്കാരപുസ്തകം എടുക്കാൻ വന്നതാണെന്നറിയിച്ചെങ്കിലും, എഴുതികൊടുത്ത കച്ചീട്ടു തിരികെ വാങ്ങുക എന്ന ലക്ഷ്യമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. ഭാഗ്യമെന്നു പറയട്ടെ, അതുവെച്ചിരുന്ന സ്ഥലത്തുതന്നെ ഉത്തരത്തിൽ ഇരിപ്പുണ്ടായിരുന്നു. മറ്റു വിശേഷങ്ങളൊക്കെ പറഞ്ഞ കൂട്ടത്തിൽ കച്ചീട്ടുമെടുത്ത് അദ്ദേഹം മടങ്ങി. ഇളയപ്പന്റെ സഹായത്തോടെ ജ്യേഷ്ഠന്റെ മകൾ മറിയത്തിനും തന്റെ സ്വത്തിന്റെ വീതം പെടുത്തി കച്ചീട്ടുമാറ്റി എഴുതി. തുടർന്ന് പെങ്ങളെ കാര്യങ്ങൾ വേണ്ടവണ്ണം പറഞ്ഞു മനസ്സിലാക്കി കുടുംബപ്രശ്നങ്ങൾ അവ്വിധം പരിഹരിച്ചു.[50]

പാലയ്ക്കൽ തോമ്മാ മല്പാന്റെ പെങ്ങളുടെ മകനാണ് തോട്ടാമറ്റത്തെ കാരണവർ. ഈ വീട്ടിൽ ആൺമക്കൾ ഇല്ലാതിരുന്നതുകൊണ്ട് ഇദ്ദേഹം ദത്തായി വന്നയാളായിരുന്നു. ഇദ്ദേഹത്തിന്റെ മകൻ അന്തോനിയെക്കൊണ്ട്

ചാവറയിലെ ജോസഫിന്റെ മകൾ മറിയത്തെ കല്യാണം കഴിപ്പിച്ചത് ദത്തു നിന്നുകൊള്ളാമെന്ന വ്യവസ്ഥയോടെയാണ്. ഇങ്ങനെയാണ് ചാവറകുടുംബത്തിന്റെ പിൻതുടർച്ചയ്ക്ക് വഴിതെളിഞ്ഞത്; പെൺവഴിയിലൂടെ, ദത്തു ക്രമത്തിലൂടെ, എന്നർത്ഥം.

ചാവറ കുര്യാക്കോസിന്റെയും മറിയത്തിന്റെയും മൂത്ത മകൻ ജോസഫ്, അവന്റെ മകൾ മറിയം. മറിയത്തിനും അന്തോനിക്കും കൂടി മക്കൾ ആറ്; അഞ്ചാണും ഒരു പെണ്ണും. അഞ്ചാമത്തവളായ പെങ്ങൾ റോസയെ കുമ്പളത്തേയ്ക്ക് വിവാഹം ചെയ്തയച്ചു. അവൾ അല്പം മാനസികരോഗി ആയിരുന്നു. ഒരു മകളുള്ളപ്പോൾ അവൾ മരിക്കയും ചെയ്തു. മൂത്ത മകൻ ജോസഫ് സി.എം.ഐ. സഭയിൽ ചേർന്ന് വൈദികനായി. ഏറ്റം ഇളയവൻ കുഞ്ചേറിയായും ഇടവക വൈദികനായി. രണ്ടാമൻ തൊമ്മി വിവാഹം കഴിച്ച് തറവാടിന്റെ കിഴക്കുവശത്തെ പുരയിടത്തിലേയ്ക്ക് വീടുവെച്ച് താമസമാക്കിയപ്പോൾ, അതുവരെ കിഴക്കെ ചാവറ ആയിരുന്ന തറവാട് *പടിഞ്ഞാറെ ചാവറയും* തൊമ്മിയുടെവീട് *കിഴക്കേ ചാവറയുമായി* മാറി. മൂന്നാമത്തെ മകൻ വലിയ ചാക്കോയും കുടുംബവും കുറെ തെക്കോട്ടു മാറി താമസമാക്കി. അവർ പിന്നീടു *കുംഭംവേലി* എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. പിന്നത്തെ മകൻ ഇക്കോ തറവാട്ടുകാരനുമായി. ഈ മൂന്നു കുടുംബങ്ങളിലൂടെ വർദ്ധിച്ചുവന്നവരാണ് ചാവറയച്ചന്റെ പിൻതുടർച്ചക്കാരും ചാവറ എന്ന പേരിലുള്ള വീട്ടുകാരും; ഇവരാണ് അദ്ദേഹത്തിന്റെ ജ്യേഷ്ഠന്റെ മകൾ മറിയത്തിന്റെ സന്താനപരമ്പരകളും.[51]

ആദ്യമായി ചാവറയച്ചന്റെ ജീവചരിത്രം എഴുതിയ രണ്ടു വ്യക്തികളാണ് അദ്ദേഹത്തിന്റെ ആത്മീയ പിതാവും ഏഴുവർഷം ഒരുമിച്ചു താമസിച്ചിരുന്ന ദേഹവുമായ ലെയോപ്പോൾദ് മിഷനറിയും 1831 മുതൽ മാന്നാനവുമായി അടുത്തു ബന്ധമുള്ളയാളും 1855ൽ ചാവറയച്ചനോടൊപ്പം വ്രതം സ്വീകരിച്ചദേഹവുമായ പോരൂക്കര എലിസേവൂസച്ചനും. ചാവറയച്ചൻ മരിച്ച് താമസിയാതെ അദ്ദേഹത്തിന്റെ ജീവചരിത്രം എഴുതേണ്ടിവന്നപ്പോൾ, ഇവർ പള്ളിപ്പുറം സെമിനാരിയിൽ ഒപ്പം ജീവിച്ചിരുന്ന സഹപാഠികളായിരുന്ന വൈദികരിൽനിന്ന് ഇദ്ദേഹത്തിന്റെ സെമിനാരി ജീവിതത്തെക്കുറിച്ചു ചോദിച്ചറിയുകയായിരുന്നു. അങ്ങിനെ ഏകോപിപ്പിച്ച ദൃക്സാക്ഷി വിവരണങ്ങളാണ് താഴെ പ്രതിപാദിക്കുന്നത്.

ലെയോപ്പോൾദ് മിഷനറി കിട്ടിയ അറിവുകൾ പങ്കുവയ്ക്കുന്നതിപ്രകാരമാണ്:

*ഇപ്പോഴും ജീവിച്ചിരിക്കുന്ന അയാളുടെ സെമിനാരി കൂട്ടുകാരനായ കത്തനാരച്ചന്മാർ സാക്ഷിക്കും വണ്ണം കൊച്ചു കുര്യാക്കോസിന് ദൈവശുശ്രൂഷ എന്ന ലാക്കല്ലാതെ മറ്റൊരു ലോകവിചാരവും കൂടാതെ പഠനത്തിലും ക്രമാനുഷ്ഠാനങ്ങളിലും, ദൈവഭയത്തിലും വിശേഷ താല്പര്യമുള്ളവനായിരുന്നു.*

*കൂട്ടുകാരായ എല്ലാവരോടും എപ്പോഴും നല്ല ഉപവിയും സന്തോഷവുമായിരുന്നതല്ലാതെ, ചെറുപ്പക്കാരുടെയിടയിൽ സാധാരണ കണ്ടുവരാറുള്ള അരിശസ്വഭാവവും രസക്കേടുകളും അദ്ദേഹം വെറുത്തിരുന്നു. ...പഠനമില്ലാത്ത പുരോഹിതൻ മറ്റുള്ളവരുടെ ആത്മാവിന് ഉപകാരമില്ലാത്തവനായിത്തീരുമെന്നു മാത്രമല്ല നാശത്തിനും കാരണമായേക്കാമെന്ന് ശെമ്മാശ്ശനും ബോദ്ധ്യമായിരുന്നു. അതിനാൽ ആസ്തപ്പാടുപട്ടം സ്വീകരിച്ചനാൾ മുതൽ പഠനത്തിലൂടെ ഏറ്റം നല്ല ദൈവശുശ്രൂഷി ആയിത്തീരുവാൻ ഉത്സാഹിക്കുകയും പ്രയത്നിക്കുകയും ചെയ്തിരുന്നു.*[52]

പോരുക്കര എലിസേവൂസച്ചൻ, സ്വന്ത അനുഭവങ്ങളും ചാവറയച്ചന്റെ സെമിനാരി കൂട്ടുകാരിൽ നിന്നു കിട്ടിയ അറിവുകളുംവെച്ച് ഇപ്രകാരം എഴുന്നു:

*ഞങ്ങളുടെ മുൻശ്രേഷ്ഠൻ പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെ പക്കൽ പള്ളിപ്പുറത്ത് പഠിക്കുന്നതിനായി സെമിനാരിയിൽ ഉണ്ടായിരുന്നപ്പോൾ കൂട്ടുകാരന്മാരായ മറ്റു സഹോദരന്മാരൊക്കെയും, അവർ തന്നെ സാക്ഷിക്കുന്നതുപോലെ, വിസ്മയിച്ചാദരിച്ച് സ്നേഹിപ്പാൻ തക്കവണ്ണം ദൈവഭക്തിയിലും, സാധുശീലത്തിലും, എളിമയിലും, കീഴ്വഴക്കത്തിലും, സഹോദരസ്നേഹത്തിലും വിശേഷമാതൃകയായി ജീവിച്ചു. വളരെ ചിട്ടയും, തിരുത്തലുകളും, ശിക്ഷയും ഉണ്ടായിരുന്ന ആ പുതിയ സെമിനാരിയിൽ വളരെ സ്നേഹാദരന്മാരോടുകൂടി കൂടുതൽ കാലം ജീവിച്ചിട്ടും അദ്ദേഹത്തിനു ശിക്ഷകൾ കിട്ടിയിട്ടുള്ളതായി അറിവില്ല. ഇതിനും പുറമെ, ഇദ്ദേഹത്തിന്റെ സ്വാഭാവഗുണവും ബുദ്ധിസാമർത്ഥ്യവും നിമിത്തം സുറിയാനി മുതലായ ഭാഷകൾ നല്ലരീതിയിൽ അഭ്യസിച്ചു. ഇങ്ങനെ മല്പാനച്ചന് വളരെ സ്നേഹവും സമ്മതനുമായിരുന്നതിനാൽ മറ്റു സ്ഥലങ്ങളിലും അയച്ച് പോർച്ചുഗീസ്, ലത്തീൻ ഭാഷകളും പഠിപ്പിച്ചു. ...അക്കാലത്തിൽ പൂർവ്വകാലം മുതൽ ഉപയോഗിച്ചിരുന്ന തിരുനാൾ നമസ്ക്കാരം മാഞ്ഞുപോകുവാൻ തക്ക സ്ഥിതിയിലായിരുന്നു. (അന്നു ചുരുക്കം ചില അച്ചടിച്ച പ്രതികളും കൈയ്യെഴുത്തു പ്രതികളുമേ ഉണ്ടായിരുന്നുള്ളു). ഇതിനാൽ പുതുക്കിനടപ്പിലാക്കുന്നതിനുവേണ്ടി മല്പാനച്ചനോടുകൂടി പല സ്ഥലങ്ങളിൽ നിന്ന് പുസ്തകങ്ങൾ വരുത്തുകയും ക്ലേശങ്ങൾ സഹിച്ച് എഴുതിയുണ്ടാക്കുകയും നിയമങ്ങളൊക്കെ അഭ്യസിക്കുകയും ചെയ്തിരുന്നു."*[53]

ചാവറയച്ചന്റെ സഹപാഠിയായിരുന്നു ചാണ്ടിമംഗലത്തച്ചനെക്കുറിച്ച് അന്നുള്ളവർ പൊതുവെ വിലയിരുത്തുന്നത് എതിർപ്പുകാരൻ എന്നാണ്. മറ്റുള്ളവരിലെ കുറ്റങ്ങൾ കണ്ടെത്തുവാൻ സമർത്ഥനായിരുന്നു എന്നു ചുരുക്കം. ഇദ്ദേഹത്തോടൊപ്പമാണ് ചാവറയച്ചൻ ലത്തീൻ പഠിക്കാൻ വരാപ്പുഴ പോയതും. 1846ൽ എഴുതിയ ഡയറിയിൽ തന്റെ സഹപാഠികളെക്കുറിച്ചു വിലയിരുത്തിയിരിക്കുന്ന കൂട്ടത്തിൽ ചാവറയച്ചനെക്കുറിച്ചു സൂചി

പ്പിച്ചിരിക്കുന്നത് അദ്ദേഹത്തിന്റെ നന്മകളെക്കുറിച്ചും നല്ല മാതൃകകളെക്കുറിച്ചും മാത്രമാണ്.[54]

ഇന്നു നാം ഘോഷപൂർവ്വം മനസ്സിലേറ്റുന്ന ചാവറ പിതാവിന്റെ രൂപവു മതെ ഇത്തരം ദൃക്സാക്ഷി വിവരണങ്ങളിൽ അധിഷ്ഠിതമായ ഭാവനയാൽ രചിതമാണ്. ജീവിച്ചിരുന്നപ്പോൾ ഫോട്ടോഗ്രാഫി സൗകര്യങ്ങൾ ലബ്ധമായിരുന്നില്ല. ഛായാചിത്രങ്ങൾ വരയ്ക്കുവാനോ വരപ്പിയ്ക്കുവാനോ അദ്ദേഹം താല്പര്യം കാണിക്കുകയോ മറ്റുള്ളവർ ഔത്സുക്യം പ്രകടിപ്പിക്കുയോ ചെയ്യാത്തതുമൂലം ആ വിധ രചിതങ്ങളുമുണ്ടായില്ല. പിന്നെ സാദ്ധ്യമാകുമായിരുന്നത് അദ്ദേഹത്തോട് അടുത്തിടപഴകിയിട്ടുള്ളവരും കണ്ടിട്ടുള്ളവരും നൽകിയ വർണ്ണനകളിൽ നിന്ന് ചിത്രകാരൻ സ്വയം വിഭാവനം ചെയ്തു വരച്ചുണ്ടാക്കുന്ന ഒരു രൂപസങ്കല്പമാണ്. അപ്രകാരം തന്നെയാണ് ചിത്രമൊരുക്കിയതും. ആ ചിത്രം ഇന്ന് അദ്ദേഹത്തിന്റെ രൂപമായി നാം ഏറ്റുപറയുകയും മനസ്സിൽ പതിക്കുകയും ചെയ്യുന്നു.

ദൈവത്തിലാശ്രയിച്ച് ദൈവത്തിലർപ്പിച്ച് തന്റെ ഭക്ഷണവും പാനീയവും ദൈവമായിത്തീരുക, തീർക്കുക എന്ന ലിഖിത നിർദ്ദേശമായിരുന്നു ചാവറയച്ചന് ജീവപ്രമാണം. അദ്ദേഹം പൗരോഹിത്യം വരിച്ചതോ ദൈവമാകുന്ന അപ്പത്തേയും പാനീയത്തേയും വീതിച്ചുകൊടുക്കുന്നതിനും! തുടർന്നുള്ള പൗരോഹിത്യജീവിതകാലം മുഴുവനും ദൈവത്തെ വീതിച്ചു കൊടുക്കന്നതിന്റെ കഥയായിരുന്നുവെന്നു നാമറിയുകയും ചെയ്യുന്നു.

■

## പരാമർശ സൂചിക


1. ചാവറയച്ചൻ, *ആത്മാനുതാപം* 45- 54,2
2. ഈ മൂന്നുകാര്യങ്ങളും ചാവറയച്ചനെ ബാല്യകാലത്തിൽ കണ്ടിട്ടുള്ളവർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്.
3. ചാവറയച്ചൻ, *ആത്മാനുതാപം*, 4, 114-120
4. ചാവറയച്ചന്റെ ജീവചരിത്രകാരന്മാർ പലരും തോപ്പിൽ ഗീവർഗ്ഗീസച്ചനാണ് ചാവറയച്ചന്റെ അമ്മാവൻ എന്നു തെറ്റിദ്ധരിച്ചിട്ടുണ്ട്. ഇതിനുകാരണം പ്രധാനമായും ചാവറയച്ചന്റെ എഴുത്തുകൾ തന്നെ. അമ്മാവനെ സൂചിപ്പിക്കാൻ പരിചയപ്പെടുത്തുവാൻ എളുപ്പത്തിനുവേണ്ടി *അമ്മാച്ചനായ തോപ്പിൽ ഗീവറുഗീസ് കത്തനാരച്ചന്റെ അപ്പൻ* എന്നെഴുതി. അമ്മാവനോടു ചേർന്നുവന്ന പേരു തോപ്പിൽ ഗീവറുഗീസ് ആയതു കൊണ്ട് അദ്ദേഹമാണെന്നു തെറ്റിദ്ധരിച്ചു തുടർന്നുള്ള എഴുത്തുകാർ (*നാളാഗമം*, 62). ചാവറയച്ചന് 11 വയസ്സ് പ്രായമുള്ളപ്പോൾ തോപ്പിലച്ചന് മൂന്നുവയസ്സേ പ്രായമുണ്ടായിരുന്നുള്ളു.
5. ചാവറയച്ചൻ, *നാളാഗമം*, 62
6. ചാവറയച്ചൻ, *ആത്മാനുതാപം*, 4, 121-124
7. ചാവറയച്ചൻ, *ആത്മാനുതാപം*, 5, 127-130
8. തോൽകൊണ്ടു പൊതിഞ്ഞ, വലിപ്പംകൊണ്ടു വളരെ ഘനം ഉള്ളതായ കാർമ്മികർ ഉപയോഗിക്കുന്ന കുർബ്ബാന തക്സറ എടുത്തു മാറ്റാൻ പ്രായമാകാത്ത കാലത്തിൽ തന്നെ സ്മര്യപുരുഷൻ അൾത്താര ബാലനായി സഹായിച്ചിരുന്നു എന്ന് അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാരെല്ലാം തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്.
9. ചാവറയച്ചൻ, *ആത്മാനുതാപം*, 5, 135-140
10. ശ്രീധരമേനോൻ. എ, *കേരളചരിത്രം*, 387, 396
11. ചാവറയച്ചൻ, *നാളാഗമം*, 61
12. ചാവറയച്ചൻ, *നാളാഗമം*, 70
13. ചാവറയച്ചൻ, *നാളാഗമം*, 61-62
14. ചാവറയച്ചൻ, *നാളാഗമം*, 73
15. ചാവറയച്ചൻ, *നാളാഗമം*, 65
16. ചാവറയച്ചൻ, *നാളാഗമം*, 72
17. ചാവറയച്ചൻ, *നാളാഗമം*, 72
18. ചാവറയച്ചൻ, *നാളാഗമം*, 72-76
19. ചാവറയച്ചൻ, *നാളാഗമം*, 74-75
20. ചാവറയച്ചൻ, *നാളാഗമം*, 64
21. ചാവറയച്ചൻ, *നാളാഗമം*, 63-64

22. ചാവറയച്ചൻ, *നാളാഗമം*, 63
23. ചാവറയച്ചൻ, *നാളാഗമം*, 65-66
24. ചാവറയച്ചൻ, *ആത്മാനുതാപം*, മാന്നാനം, 1959, xi, xii.
25. *പാലാകുന്നേൽ വല്യച്ചന്റെ നാളാഗമം*, ചരമശതാബ്ദി കമ്മിറ്റി പ്രസിദ്ധീകരണം, ചങ്ങനാശ്ശേരി, 2000, 63-65
26. ചാവറയച്ചൻ, *ആത്മാനുതാപം*, 4
27. ജോസ് മാത്യൂസ്, *മലങ്കരസഭാമാതാവിന്റെ വീരസന്താനം; കുര്യാക്കോസ് ഏലിയാസ് അച്ചൻ*, മാന്നാനം, 1936, 14
28. വലേരിയൻ, *ചാവറയച്ചൻ*. പുരാതന പാട്ട്, 40-41
29. ചാവറയച്ചന്റെ ഇടവകകയറ്റ പ്രശ്നത്തെക്കുറിച്ച് ചരിത്രകാരന്മാർ വ്യത്യസ്ത രീതിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്. ഈ ചടങ്ങു നടത്തേണ്ടത് തിരുപ്പട്ട സ്വീകരണത്തിനു ശേഷമാണ് എന്നു ചിലർ തെറ്റിദ്ധരിച്ചതുകൊണ്ടാണ് അപ്രകാരം സംഭവിച്ചത്. മാർ സ്ലീവാപ്പള്ളിയിലല്ല പുത്തൻ കുർബ്ബാന നടത്തുന്നതും. 1850നുശേഷം പൗരോഹിത്യ സ്വീകരണത്തിനോടു ചേർന്ന് ഇടവകകയറ്റം നടത്തുന്നതായി ചരിത്രത്തിൽ കാണുന്നുണ്ട്. ചാവറയച്ചന്റെ കാര്യത്തിൽ ആസ്തപ്പാടുപട്ടത്തിന്റെ സമയത്താണ് പ്രശ്നങ്ങളുണ്ടായത്. പൗരോഹിത്യം സ്വീകരിച്ചുകഴിഞ്ഞു ആഘോഷമായി ചേന്നങ്കരിപള്ളിയിൽ പുത്തൻകുർബ്ബാന ചൊല്ലി എന്നദ്ദേഹം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട് (*നാളാഗമം*, 26).
30. Philip Koyipallil *Biography* (m.s), 8
31. Positio
32. ആത്മാനുതാപം II, 155-156
33. Iro Chacko Chavara in his deposition before the tribunal in the process of canonization deposes so. Positio, 57
34. *ആത്മാനുതാപം*, II 23-24
35. വലേരിയൻ. *ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ*, 32
36. *സ്ഥാപക പിതാക്കന്മാർ*, 32
37. ചാവറയച്ചൻ, *നാളാഗമം*, 65
38. ചാവറയച്ചൻ, *നാളാഗമം*, 62-68
39. ചാവറയച്ചൻ, *നാളാഗമം*, 74
40. ചാവറയച്ചൻ, *നാളാഗമം*, 74 -75
41. ചാവറയച്ചൻ, *നാളാഗമം*, 2
42. Philip Koyipallil (m)Biography... (m.s.) 6; Positio, 552
43. Philip Koyipallil (m)Biography... (m.s.) 6; Positio, 56

44. Placid J Podipara, *The Complete Works of Fr. Placid J Podipara*, 773.

45. ചാവറയച്ചൻ, *നാളാഗമം*, 47

46. ചാവറയച്ചൻ, *നാളാഗമം*, 26

47. *പാലാക്കുന്നേൽ വല്യച്ചന്റെ നാളാഗമം*, 63-64

48. *പാലാക്കുന്നേൽ വല്യച്ചന്റെ നാളാഗമം*, 64-65

49. ജോസ് മാത്യൂസ്, *മലങ്കര മാതവിന്റെ വീരസന്താനം*, 14-15

50. Positio

51. See Chapter 2 (*Chavara Family History*) Positio

52. The Postulator, *ആത്മാനുതാപം*, മാന്നാനം, 1959, xi

53. *സ്ഥാപക പിതാക്കന്മാർ*, മാന്നാനം, 1905, 31-32

54. Positio, Doc. 11, 54

## നാല്

# സന്യാസവഴികൾ തെളിയുന്നു

മനുഷ്യ സമൂഹത്തിന്റെ ധാർമ്മികതയേയും മനഃസാക്ഷിയേയും നിയന്ത്രിക്കാൻ ദൈവം എപ്പോഴും മനുഷ്യരിലൂടെ ഇടപെട്ടിരുന്നു എന്ന് ചരിത്രം തെളിവുതരുന്നുണ്ട്. മനുഷ്യർ കൂടുതൽ പരിഷ്കൃതരായതനുസരിച്ച് മത വിശ്വാസങ്ങളിലൂടെയാണ് അവർ ജീവിതത്തിന് വ്യക്തമായ അർത്ഥം കണ്ടെത്തിയത്. ഇത്തരത്തിൽ ലോകമതങ്ങളെല്ലാം മനുഷ്യരെ സംസ്ക്കരിച്ചെടുക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്.

ഇടയ്ക്കിടയക്ക് അധാർമ്മികതയിലേക്കും ഭൗതികതയിലേക്കും, പരിണിതഫലമായ സ്വാർത്ഥതയിലേക്കും വഴുതി വീഴുന്ന മനുഷ്യ സമൂഹത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യമായിവന്നു. ഭൗതികയിലുള്ള ഫലശൂന്യത ആത്മാവിൽ കണ്ടെത്തിയപ്പോൾ ചിലർ ലോകത്തിൽ നിന്നുള്ള പിന്മാറ്റത്തിനു തയ്യാറായി; ലോകത്തിലായിരിക്കയും ലോകത്തിന്റേതല്ലാതായിരിക്കുകയും ചെയ്യുകവഴി. അവരെ യോഗികളെന്നും, വനവാസികളെന്നും, സാധുക്കൾ എന്നുമൊക്കെ ലോകം വിളിച്ചു. ഇത്തരത്തിലാണ് സന്യാസികളും സന്യാസ സമൂഹങ്ങളും ആവിർഭവിച്ചതും സമൂഹത്തിന്റെ മാതൃകകൾ ആയിത്തീർന്നതും. ബുദ്ധമതത്തിലും, ജൈനമതത്തിലും, ഹിന്ദുമതത്തിലും യഹൂദമതത്തിലും, കൺഫ്യൂഷ്യനിസത്തിലും, ക്രിസ്തുമതത്തിലുമെല്ലാം സന്യാസികളും സന്യാസ സമൂഹങ്ങളുമുണ്ടായി. ഇവരിലൂടെയുണ്ടായ ആത്മീയമുന്നേറ്റം സമൂഹത്തിന്റെ മനസ്സാക്ഷിയായി മാറി. ഈ മാറ്റം സമൂഹത്തെ നവീകരിക്കാൻ ഉപാധിയായി.

ഈ വിധം പരിശോധിക്കുമ്പോൾ സന്യാസ ജീവിതം ലോക സമൂഹത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് അത്യാവശ്യമായ ഒരു ഘടകമായി മാറിയെന്നു കാണാം. ആത്മനിയന്ത്രണത്തിന്റെ ബലത്തിൽ സേവനം മുഖമുദ്രയാക്കി മാറ്റി പ്രാർത്ഥനയിലൂടെയും സാമൂഹ്യ സേവനങ്ങളിലൂടെയും അവർ സമൂഹത്തിന്റെ പൊതു സ്വത്തായിത്തീരുകയായിരുന്നു.

ക്രൈസ്തവസന്യാസികളെ മറ്റുള്ളവരിൽനിന്ന് വേർതിരിക്കുന്ന ഒന്നാമത്തെ ഘടകം അവരുടെ വ്രതബദ്ധമായ ജീവിതമാണ്. ഈ കാര്യത്തിൽ ക്രിസ്തുവാണ് ആദ്യത്തെ സന്യാസിയും ഒന്നാമത്തെ മാതൃകയും. മനുഷ്യനായി അവതരിച്ച ക്രിസ്തു തന്റേതായ ഒരു കുടുംബത്തെ വിട്ടു എല്ലാവരുടെയും വീട്ടുകാരനായി (MK. 3:33,34). *കുറുനരികൾക്ക് മാളങ്ങളും ആകാശപ്പറവകൾക്ക് ചേക്കേറാൻ കൂടുകളും ഉണ്ട്; എന്നാൽ മനുഷ്യപുത്രന് തല ചായ്ക്കാൻ ഇടം ഇല്ലാത്തവനായി* (LK. 9:58) *മാത്രമല്ലാ..... മരണംവരെ, അതെ കുരിശുമരണം വരെ, അനുസരണയുള്ളവനായി തന്നെതന്നെ താഴ്ത്തി.* (Phi 2:8)

## ഏഴു ചുവടുകൾ

തിരുഃസഭയുടെ വളർച്ചയിൽ ഏഴു ഘടകങ്ങളിലൂടെ കടന്നാണ് സന്യാസജീവിതം ഇന്നെത്തി നിൽക്കുന്നതെന്നു പറയാം. കാലങ്ങളായി തിരിക്കുമ്പോൾ സന്യാസജീവിതക്രമത്തിൽ വന്ന വ്യത്യാസങ്ങളും വളർച്ചയും വിവിധ മേഖലകളിലുള്ള പങ്കാളിത്തവും കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ എളുപ്പമാണ്.

ഏ.ഡി. 30 മുതൽ 100 വരെയുള്ള കാലത്തെ *അപ്പസ്തോലന്മാരുടെ കാലം* എന്നു വിളിക്കാം. ഈ കാലത്ത് ക്രിസ്തുവിന്റെ ആദ്യശിഷ്യർ ക്രിസ്തുവിനെ അടുത്തനുകരിക്കുവാനും അനുഗമിക്കുവാനും ശ്രമിച്ചു. ക്രിസ്തുവിനോടൊരുമിച്ചുള്ള അവരുടെ ജീവിതം സന്യാസ സമൂഹജീവിതത്തിന്റെ പതിപ്പായിരുന്നു.

110നും 300നും ഇടയിലുള്ള കാലത്തെ *രക്തസാക്ഷികളുടെകാലം* എന്നു വിളിക്കുന്നു. ഈ കാലഘട്ടത്തിലാണ് തിരുഃസഭയിൽ ഏറ്റവും കൂടുതൽ രക്തസാക്ഷികൾ ഉണ്ടായത്. സഭ മതമർദ്ദനത്തെ അഭിമുഖീകരിച്ച കാലമായിരുന്നു ഇത്. മനുഷ്യവംശത്തിനുവേണ്ടി രക്തംചിന്തി മരിച്ച ക്രിസ്തുവിനെ അടുത്തനുകരിക്കുവാൻ രക്തസാക്ഷികളായിത്തീരുക ഏറ്റവും വലിയ ഭാഗ്യമായി വിശ്വാസികൾ കണ്ടിരുന്നു. രക്തസാക്ഷ്യത്തിലൂടെയുള്ള വിശ്വാസ പ്രകടനം സഭയെ പടുത്തുയർത്തുന്നതിനും കൂടുതൽ വ്യാപിപ്പിക്കുന്നതിനും കാരണമായി.

300 മുതൽ 500 വരെ *വനവാസികളുടെ കാലമായി* അറിയപ്പെടുന്നു. മതപീഡനകാലം കഴിഞ്ഞതോടെ കർത്താവിനുവേണ്ടി രക്തസാക്ഷികളായിത്തീരുക സാദ്ധ്യസാധാരണമല്ലാതെ വന്നു. സർവ്വസമ്പന്നതയിൽ നിന്നും സ്വയം ശൂന്യവൽക്കരിച്ച ക്രിസ്തുവിനെ അടുത്ത് അനുകരിക്കാൻ ഭൗതികതയിൽ നിന്ന് വിട്ടകന്ന് ഏകാന്തവാസം നയിക്കുന്നതാണ് നല്ലതെന്ന് കരുതിയ ആളുകൾ വനവാസത്തെ ഇഷ്ടപ്പെട്ടു. മാതാപിതാക്കളെയും കുടുംബത്തെയും വസ്തുവകകളെയും ഉപേക്ഷിച്ച് ക്രിസ്തുവിനെ അനുഗമിച്ച അപ്പസ്തോലന്മാരുടെ മാതൃകയും ഇവർക്ക് കൂടുതൽ പ്രചോദനമേകി.

ഈജിപ്തിലെ വനവാസിയായ അന്തോനിയാണ് (259-356) *സന്യാസികളുടെ പിതാവായി* കണക്കാക്കപ്പെടുന്നത്. വിശുദ്ധ പക്കോമിയൂസിന്റെ കാലത്ത് സാമൂഹ്യജീവിതത്തിന് പ്രാധാന്യമുണ്ടായി. പിന്നീട് ഈജിപ്തിൽ നിന്നും ആഫ്രിക്കയുടെ മറ്റുഭാഗങ്ങളിലേക്കും ഏഷ്യയിലേക്കും സന്യാസ ജീവിതം വ്യാപകമായി പ്രചരിച്ചു. വിശുദ്ധ ബസേലിയോസിന്റെ കാലത്തോടെ (C.329-379) ബാഹ്യപ്രവർത്തനങ്ങളായ പരസ്നേഹ കൃത്യങ്ങളും സന്യാസ ജീവിതത്തിന്റെ ഭാഗങ്ങളായി. ഇദ്ദേഹത്തിന്റെ കാലംമുതലാണ് സന്യാസികൾ ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ വ്രതങ്ങളെ അനുഷ്ഠിക്കണമെന്ന് നിയമമുണ്ടായത്. *തിരുഃസഭയുടെ വളർച്ചയിൽ വിഖ്യാതരായ പരിശുദ്ധ പിതാക്കന്മാരുടെ കാലം സന്യാസ ജീവിതം കിഴക്കൻ സഭകളിൽ പുഷ്പിക്കയും പിന്നീട് അത് പാശ്ചാത്യനാടുകളിലേക്ക് വ്യാപിക്കുകയും ചെയ്തു.*[1]

500 മുതൽ 1200 വരെയുള്ള കാലത്തെ *മൊണാസ്റ്റിക് പീരിയഡ്* എന്നു വിളിക്കാം. ക്രിസ്തുവിനെ അനുകരിക്കുവാൻ സമൂഹത്തിൽ നിന്നു ഒഴിഞ്ഞു മാറിയിട്ടാവശ്യമില്ല എന്ന ചിന്ത വളർന്നുവന്നു. ഇവിടെ സന്യാസ സമൂഹ ജീവിതത്തിനു പ്രാധാന്യമേറി. ഒരുമിച്ചു പ്രാർത്ഥിക്കുക, ഒരുമിച്ചു പ്രവർത്തിക്കുക എന്നത് സമൂഹജീവിത്തിന്റെ ഭാഗമായി. പാശ്ചാത്യ സഭയിൽ വിശുദ്ധ അംബ്രോസും (ca.310-397) എവുംസേബിയൂസും (ca.315-397) അഗസ്റ്റിനും (345-430) സന്യാസ ജീവിതത്തിന് പുതിയ വഴികൾ തെളിച്ചു. വിശുദ്ധ ബെനഡിക്ട് (480-547) പാശ്ചാത്യ സന്യാസത്തിന്റെ പിതാവായി അറിയപ്പെട്ടു. പിന്നീടങ്ങോട്ട് സഭയുടെ വൈവിധ്യമാർന്ന ആവശ്യങ്ങളിലും പ്രതിസന്ധികളിലും പ്രത്യേക സിദ്ധികളോടും പ്രവർത്തന ശൈലികളോടും കൂടി സന്യാസ സമൂഹങ്ങൾ വളർന്നുവന്നു.[2]

1200 മുതൽ 1500 വരെയുള്ള കാലത്ത് ആണ് പല മെൻഡിക്കന്റ് ഓർഡറുകളും ഉണ്ടായത്. ഫ്രാൻസിസ്ക്കൻ സഭയും ഡൊമനിക്കൻ സഭയുമൊക്കെ ഈ കാലത്താണ് ആവിർഭവിച്ചത്. ആശ്രമങ്ങളിൽനിന്ന് പുറത്തിറങ്ങി ജനങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങളിൽ സന്യാസികൾ ദത്തശ്രദ്ധരായി. അജപാലനം, സാമൂഹ്യസേവനം, മിഷൻ പ്രവർത്തനം, വിദ്യാഭ്യാസം എന്നിങ്ങനെ തിരുഃസഭയുടെ ദൗത്യങ്ങളിൽ ഇവർ പങ്കുചേർന്നു. സഭയിൽ വളർന്നുവന്ന ഭൗതികതയ്ക്ക് ഒരു വെല്ലുവിളിയായി നിലകൊണ്ടു സന്യാസ സഭകൾ.

1500 മുതൽ 1800 വരെയുള്ള കാലത്ത് സന്യാസ സഭകൾ കഴിയുന്നിടത്തോളം പാവങ്ങളുടെ ഉദ്ധാരകരായി നിലകൊണ്ടു. 16-ാം നൂറ്റാണ്ടിൽ പ്രൊട്ടസ്റ്റന്റ് വിപ്ലവം വരുത്തിവെച്ച വിനകളിൽ നിന്നുള്ള ഉയിർത്തെഴുന്നേൽപ്പായിരുന്നു ഈശോ സഭയുടേയും നവീകൃത കർമ്മലീത്ത സഭയുടേയും സാന്നിദ്ധ്യം. വിശുദ്ധ അമ്മ ത്രേസ്യാ പ്രാർത്ഥനാ ജീവിത്തിനു വലിയ പ്രാധാന്യം നൽകി. 17-ാം നൂറ്റാണ്ടിൽ ദുഃഖിതരെയും പീഡിതരെയും

കൈകൊടുത്തുയർത്തുവാൻ വിൻസൻഷ്യൻ സഭയും സിസ്റ്റേർഷൻ സഭയും രംഗത്തിറങ്ങി. യൂറോപ്യൻ കോളനികളുടെ ഭാഗമായി സന്യാസസഭകൾ വിവിധ രാജ്യങ്ങളിലേക്കും വ്യാപിച്ചു തുടങ്ങി.

1800 മുതൽ 2000 വരെയുള്ള കാലത്താണ് സഭയിൽ കൂടുതൽ മിഷനറി കോൺഗ്രിഗേഷൻസ് രൂപപ്പെടുന്നത്. ഇത് യൂറോപ്യൻ കോളനികളുടെ വികസനകാലവുമായിരുന്നു. പ്രബോധന പ്രാധാന്യമുള്ള സന്യാസ സഭ കൾ ഈ കാലഘട്ടത്തിൽ വിവിധ രാജ്യങ്ങളിൽ പ്രവർത്തനങ്ങൾ തുടങ്ങി. ക്രൈസ്തവ ലോകത്തിന്റെ വികസനവും ഇവരുടെ പ്രവർത്തനഫലമായി രുന്നു. 20-ാം നൂറ്റാണ്ടിൽ ഉണ്ടായ രണ്ടു ലോകമഹായുദ്ധങ്ങളുടെ തിക്തഫല ങ്ങൾക്ക് പരിഹാരമായി അനേക സന്യാസ സഭകൾ ആതുരശുശ്രൂഷാ രംഗ ത്തേക്കും സജീവമായി ഇറങ്ങിത്തിരിച്ചു.

സന്യാസികൾ ഒരർത്ഥത്തിൽ കത്തോലിക്കാ സഭയുടെ പൗരപ്പടയാണ്. അനവധി രാജ്യങ്ങളിൽ ക്രൈസ്തവ സംസ്ക്കാരത്തിന്റെ മുൻപടയാണവർ. ക്രൈസ്തവാദർശങ്ങളെ പ്രചരിപ്പിച്ച് കത്തോലിക്കാ വിശ്വാസത്തെ സ്ഥാപിച്ചു നയിക്കുവാൻ അനേകരാജ്യങ്ങളിൽ അവർ നിമിത്തങ്ങളായി. ഏതെല്ലാം കാല ങ്ങളിൽ ചിദ്മപാഷാണ്ഡാദി പ്രചണ്ഡവാദങ്ങൾ കത്തോലിക്കാ സഭയെ അടി ച്ചമർത്തുന്നതിനായിട്ട് മുതിർന്നിട്ടുണ്ടോ അവിടെയെല്ലാം സന്യാസസഭകൾ ധീരധീരം പോരാടി വിജയം വരിച്ചിട്ടുണ്ട്. കത്തോലിക്കാ സഭയിൽ തന്നെ കാലാകാലങ്ങളിൽ നുഴഞ്ഞു കയറിയ ദുരാചാരങ്ങളെ ദൂരീകരിക്കുന്നതിനും സന്യാസികൾ മുന്നോട്ടു വന്നിട്ടുണ്ട്. അതേ സമയം അവർ അധികാരത്തെ എല്ലാ കാലങ്ങളിലും പിൻതാങ്ങുകയും ആദരിക്കുകയും ചെയ്തിട്ടുണ്ട്. തത്വം, വേദാന്തം, നിയമം, ഗണിതം, ജ്യോതിഷം, വിദ്യാഭ്യാസം, കൃഷി, വ്യവസായം, കൈത്തൊഴിൽ, കച്ചവടം, പ്രകൃതിശാസ്ത്രം, ഭൂമിശാസ്ത്രം, ശില്പശാസ്ത്രം, ചിത്രമെഴുത്ത്, സൗധനിർമ്മിതി എന്നു തുടങ്ങിയിട്ടുള്ള ഓരോ വിജ്ഞാന ശാഖയെക്കുറിച്ചും അവർ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ആധു നിക ലോകത്തിന്റെ വിസ്മയാവഹമായ കണ്ടുപിടുത്തങ്ങളിൽ പലതിന്റെയും കർത്താക്കൾ സന്യസ്തരാണ് എന്നു കാണാം.

## ഭാരതീയ സന്യാസം

ഏകദേശം ബി.സി. 2000 മുതലുള്ള ചരിത്രമുണ്ട് ഭാരതീയ സന്യാസ ത്തിന്. ഭാരതസംസ്ക്കാരത്തിന്റെ പിള്ളത്തൊട്ടിലായിരുന്ന സിന്ധു-ഗംഗാ സമതലത്തിലാണ് അത് ആരംഭിച്ചത്. എന്നാൽ ബി. സി. 500 വരെയുള്ള ഗ്രന്ഥങ്ങളിലൊന്നും സന്യാസി എന്ന വാക്കുപോലും കാണുന്നില്ല. അതിനു പകരം ഋഷി, മുനി തുടങ്ങിയ പേരുകളാണ് കാണുന്നത്. ഋഷി എന്നതിന് ജ്ഞാനി എന്നും, മുനി എന്നതിന് ഈശ്വരരഹസ്യങ്ങളെ ധ്യാനിക്കുന്നവൻ എന്നും യതി എന്നതിന് ആത്മസംയമനം ഉള്ളവൻ എന്നുമാണ് അർത്ഥം.

ധ്യാനവും സംയമനവും വഴി ആത്മജ്ഞാനം നേടിയവനായിരുന്നു അന്നത്തെ സന്യാസി. ധർമ്മമാർഗ്ഗത്തിലൂടെ സമുദായത്തെ നയിക്കുവാൻ പക്വത സിദ്ധിച്ച എല്ലാവരും ഋഷിമാരായിരുന്നു. അനന്യാദൃശമായ തപോഃബലവും ആത്മശക്തിയും സമ്പാദിച്ചിട്ടുള്ള ഇവർ ജീവിതത്തിന്റെ ഏതെങ്കിലുമൊരു ഘട്ടത്തിൽ ഏകാന്തവാസം നയിച്ചിട്ടുണ്ടാവാം. അന്നത്തെ സമുദായ നേതാവും, അദ്ധ്യാപകനും, പുരോഹിതനും ഋഷിമാരായിരുന്നു. അഗസ്ത്യൻ, വസിഷ്ഠൻ, അത്രി തുടങ്ങിയ മഹർഷിമാർ ആദർശയോഗ്യമായ ദാമ്പത്യജീവിതം നയിച്ചിരുന്നവരാണ്. അവർ ഒരേസമയം ഗൃഹസ്ഥാശ്രമവും, സന്യാസാശ്രമവും നയിച്ചവരാണ്. അവർ ത്യജിച്ചത് ലോകത്തെയല്ല, ലോകാരൂപിയെ ആണ്. ജനബാഹുല്യമില്ലാത്ത സ്ഥലത്ത് ശ്രദ്ധാപൂർവ്വമായ സാധനാനുഷ്ഠാനങ്ങളുടെയും ഏകാന്തമായ ധ്യാനത്തിന്റെയും ഫലമായി പരമതത്വത്തിന്റെ ഉപജ്ഞാതാക്കളായി അവർ.[3]

ജീവിതത്തെ നാല് ആശ്രമങ്ങളായി തിരിച്ചുകൊണ്ടുള്ള ധർമ്മശാസ്ത്രം രൂപംകൊണ്ടത് ബി.സി. 500-നും 200-നും ഇടയിലാണ്. ഹൈന്ദവ ധർമ്മശാസ്ത്രമനുസരിച്ച് ഒരു വ്യക്തിയുടെ ജീവിതത്തിന് നാലു ഘട്ടങ്ങളുണ്ട്. *ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം* ഇവയാണ് ഈ ചതുരാശ്രമങ്ങൾ. ഒരു വ്യക്തിക്ക് ജീവിതകാലത്ത് നിർവ്വഹിക്കാനുള്ള കടമകളെ ആസ്പദമാക്കിയാണ് ഈ വിഭജനം. ബാല്യപ്രായത്തിലെ കടമയാണ് വേദാഭ്യാസം. ഈ കാലത്ത് ആത്മവിശ്വാസവും, വീര്യവും വളർത്തി ശോഭനമായ ജീവിതത്തിനുള്ള അടിത്തറ പാകുന്നു. ഇത് ബ്രഹ്മാവിലുള്ള ഒരു ചരിക്കലാണ്. അതുകൊണ്ട് ഈ ഘടത്തെ *ബ്രഹ്മചര്യാശ്രമം* എന്നു വിളിക്കുന്നു.

ധാർമ്മികമായ ഉദ്ദേശ ലക്ഷ്യങ്ങളിൽ നിന്നു പതറാതെ ധർമ്മാനുസൃത മാർഗ്ഗത്തിൽ പ്രവർത്തിച്ച് തന്നോടും തന്റെ പൂർവ്വികരോടും കുടുംബത്തോടും സമുദായത്തോടും രാഷ്ട്രത്തോടുമുള്ള കടമകൾ നിർവ്വഹിക്കുവാൻ ഒരു ഗൃഹസ്ഥൻ ബാദ്ധ്യസ്ഥനാണ്. വിവാഹിതനായി സന്താനങ്ങളെ ജനിപ്പിക്കയും യുവാവിന്റെ കടമയാണ്. ഇതാണ് *ഗാർഹസ്ഥ്യം.*

ലോകത്തോടുള്ള തന്റെ കടമകൾ നിറവേറ്റിയശേഷം പുരുഷൻ കുടുംബഭരണം പുത്രനെ ഏൽപ്പിച്ചിട്ട് കുടുംബ ബന്ധങ്ങളെല്ലാം വിഛേദിച്ച് ഈശ്വരസാധന, ധർമ്മപ്രചാരം ഇവകളിൽ തന്റെ അനുഭവങ്ങളും കഴിവുകളും ഉപയോഗിക്കുന്നു. ഇതാണ് *വാനപ്രസ്ഥാശ്രമം.*

ഇപ്രകാരം പരിപക്വമനസ്കനായിത്തീർന്ന ഒരുവൻ എല്ലാവിധ കർമ്മങ്ങളും ലോകബന്ധങ്ങളും ഉപേക്ഷിച്ച് വാനപ്രസ്ഥത്തിന്റെ പൂർത്തീകരണമായി *സന്യാസാശ്രമ*ത്തിലെത്തി തപോനിഷ്ഠനായി ജീവിതലക്ഷ്യം പ്രാപിക്കുന്നു. ഇവിടെ സ്വന്തം മുക്തിയാണ് ലക്ഷ്യം. ഇതിനായി എല്ലാം ത്യജിക്കുക എന്നതാണ് മുക്തിമാർഗ്ഗം. ഏതൊരുവനും അനുവർത്തിക്കേണ്ട

ഒന്നായിട്ടാണ് സന്യാസ ധർമ്മത്തെ ഭാരതീയർ പുരാതനകാലത്ത് കരുതിയിരുന്നത്.[4]

ബി.സി. ആറും അഞ്ചും നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന വ്യക്തികളാണ് മഹാവീരനും ശ്രീബുദ്ധനും. ഇതിൽ ആദ്യത്തെ ആൾ ജൈനമതവും, അപരൻ ബുദ്ധമതവും സ്ഥാപിച്ചു. അവരുടെ സന്യാസ ചൈതന്യത്തിന്റെ പ്രകാശനമായിരുന്നു പ്രസ്തുത മതങ്ങൾ. മുപ്പതാമത്തെ വയസ്സിൽ വീടും നാടും ഉപേക്ഷിച്ചു കഠിനമായ ഉപവാസത്തിലും ധ്യാനത്തിലും ജീവിതശിഷ്ടം നയിച്ച യോഗീശ്വരനാണ് മഹാവീരൻ. ശ്രീബുദ്ധന്റെ ചരിത്രം ഇതിനേക്കാൾ ഹൃദയസ്പർശകമാണ്. പിറന്നിട്ടാറുദിവസം മാത്രമായ ഏക മകനേയും യുവതിയായ ഭാര്യയേയും രാജകീയ പ്രതാപത്തേയും വലിച്ചെറിഞ്ഞിട്ട് മുക്തിതേടി പുറപ്പെട്ട ധീരനാണദ്ദേഹം. അദ്ദേഹത്തിന്റെ കാലത്താണ് അതുവരെ വ്യക്തിനിഷ്ഠമായി നിലനിന്നിരുന്ന സന്യാസം ഒരു സംഘടനാരൂപം കൈക്കൊണ്ടത്. അങ്ങിനെ രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ ബുദ്ധസന്യാസ സംഘങ്ങളുണ്ടായി.

*അല്ലയോ ഭിക്ഷുക്കളേ, നിങ്ങൾ ലോകം മുഴുവൻ പോയി ബഹുജനഹിതത്തിനും, ബഹുജനാനുകമ്പയ്ക്കുമായി പ്രവർത്തിക്കുക* എന്ന സന്ദേശം അദ്ദേഹത്തിന്റെ സ്ഥാപനങ്ങൾ വഴി സാക്ഷാത്കരിക്കപ്പെട്ടു. പരിപൂർണ്ണ ദാരിദ്ര്യവും നിഷ്കൃഷ്ട ബ്രഹ്മചര്യവും അഹിംസയുമാണ് ബുദ്ധസന്യാസികളുടെ മുഖ്യ നിയമങ്ങൾ. ജനങ്ങളുടെ സാംസ്ക്കാരികവും മതപരവും ഭൗതികവും ബൗദ്ധികവുമായ സുഃസ്ഥിതിയെ ലക്ഷ്യമാക്കി ബുദ്ധസന്യാസികൾ ധാരാളം പ്രവർത്തനങ്ങൾ നടത്തിയിരുന്നു. സർവ്വകലാശാലകളും ആശുപത്രികളുമെല്ലാം അവരുടെ ശുശ്രൂഷാവേദികളായി.

ഇതുപോലെ അദ്വൈത ദർശനത്തിന്റെ പ്രണേതാവായ ശങ്കരാചാര്യരും (ഏ.ഡി. 788 – 820) വിശിഷ്ടാദ്വൈത സ്ഥാപകനായ രാമാനുജനും (ഏ.ഡി. 1027), ദ്വൈതമതമുപദേശിച്ച മാധ്വാചാര്യരും (ഏ.ഡി. 1199) ഇവിടെ സന്യാസവഴിയിൽ ചരിച്ച മഹാത്മാക്കളാണ്. അവതാരസമം അവർ പുതിയ പൊരുളുകൾ സമൂഹത്തിനായി വിന്യസിച്ചു നൽകി. ഭാരതസംസ്ക്കാരത്തിൽ പിന്നീട് രൂപപ്പെട്ട സന്യാസ സമൂഹങ്ങളാണ് രാമകൃഷ്ണമിഷനും, ബ്രഹ്മവിദ്യാമന്ദിരവുമെല്ലാം.[5]

ഈ പ്രസ്ഥാനങ്ങളെല്ലാം കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ച് ജനസമൂഹത്തിന്റെ വളർച്ചയിൽ നേതാക്കളും പങ്കാളികളുമായി.

## ക്രൈസ്തവസന്യാസം ഇന്ത്യയിൽ

ഏ.ഡി. ആദ്യ നൂറ്റാണ്ടിൽ തന്നെ ക്രിസ്തീയ ജീവിതം ഭാരതത്തിൽ വേരൂന്നിയെങ്കിലും ക്രിസ്തീയ സന്യാസ ജീവിതത്തിന്റെ തുടക്കത്തെക്കുറിച്ച് അവ്യക്തമായ രേഖകൾ മാത്രമേയുള്ളൂ.

സന്യാസ ജീവിതത്തെക്കുറിച്ച് പരാമർശിക്കുന്ന അതി പുരാതനമായ രേഖ 4-ാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടത്തിലേതാണ്. ഇതിൽ സാദോയ് എന്ന സന്യാസശ്രേഷ്ഠൻ *ഇന്ത്യയിൽ വിശുദ്ധ തോമ്മാശ്ലീഹായുടെ ആശ്രമത്തിലെ പുരോഹിതനും ശ്രേഷ്ഠനുമായ സാദോയ്* എന്നാണ് തന്നെ വിശേഷിപ്പിക്കുന്നത്. ഈ ആശ്രമം കരിദ്വീപിന്റെ തീരത്താണ് എന്നദ്ദേഹം പറയുന്നു. മൈലാപ്പൂരിനടുത്തുള്ള ഒരു കരിമണൽ പ്രദേശമാണിതെന്നും, ഇതിൽ നിന്നാണ് *കൊറമണ്ടൽ* എന്ന പേരുണ്ടായതെന്നും ചരിത്രകാരന്മാർ പറയുന്നു.[6]

ടൂർസിലെ മെത്രാനായിരുന്ന ഗ്രിഗരി (മ. 594) ഇപ്രകാരം പ്രസ്താവിക്കുന്നു:

*തോമ്മാ അപ്പസ്തോലന്റെ പീഡാസഹനത്തെ സംബന്ധിച്ച് അദ്ദേഹം ഇൻഡ്യയിൽ രക്തസാക്ഷിയായി മരണമടഞ്ഞു എന്നു പറയപ്പെടുന്നു. വളരെക്കാലം കഴിഞ്ഞ് അദ്ദേഹത്തിന്റെ പുണ്യശരീരം സുറിയാനിക്കാർ എദേസ എന്ന സ്ഥലത്തേയ്ക്ക് മാറ്റി സംസ്ക്കരിച്ചു. കൂടാതെ ഇന്ത്യയിൽ അദ്ദേഹത്തെ ആദ്യം സംസ്ക്കരിച്ചിരുന്ന സ്ഥലത്ത് ഒരു സന്യാസാശ്രമവും മനോഹരമായി അലങ്കരിക്കപ്പെട്ട ബ്രഹ്മാണ്ഡമായ ഒരു ദേവാലയവും സ്ഥിതിചെയ്യുന്നു.... ആ സ്ഥലം സന്ദർശിച്ച തെയൊഡോറാണ് ഈ വിവരം എനിക്കു നൽകിയത്.*[7]

ഭാരതത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെയിടയിൽ ആദ്യകാലം മുതൽ ചില സന്യാസികളും സന്യാസിനികളും ഉണ്ടായിരുന്നു എന്നും അവർ ബ്രഹ്മചര്യവും ദാരിദ്ര്യവും വലിയ മതിപ്പോടെ അനുഷ്ഠിച്ച് ഗുഹകളിൽ പാർത്തിരുന്നു എന്നും ചരിത്രകാരനായ ഒസ്സോറിയൂസ് രേഖപ്പെടുത്തികാണുന്നു.[8]

ഇന്ത്യാക്കാരനായ ജോസഫ് (Joseph the Indian) എന്നറിയപ്പെടുന്ന മലബാറുകാരനായ വൈദികൻ 15-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ ഇന്ത്യയിലുണ്ടായിരുന്ന സന്യാസിമാരെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. 1501-1503 കാലയളവിൽ അദ്ദേഹം യൂറോപ്യൻ രാജ്യങ്ങൾ സന്ദർശിച്ചപ്പോൾ വെനീസിൽ വെച്ച് ഇന്ത്യയിലെ ക്രൈസ്തവസഭയെ സംബന്ധിച്ച് നൽകിയ വിവരണത്തിൽ ഇപ്രകാരം പറയുന്നു:

*അവരുടെ ഇടയിൽ സന്യാസിമാരുണ്ട്. അവർ കറുത്ത ഉടുപ്പു ധരിക്കുന്നു. കർശനമായി അവർ ദാരിദ്ര്യവും കന്യാത്വവും പാലിക്കുന്നു. ഇപ്രകാരം ജീവിതം നയിക്കുന്ന സന്യാസിനിമാരും ഉണ്ട്.*[9]

മാർ യബ് ആലാഹ, മാർ തോമ്മാ, മാർ യാക്കോബ്, മാർ നേഹാ എന്നീ നാലുമെത്രാന്മാർ പേർഷ്യൻ സഭയിൽ നിന്ന് 1504ൽ ഇന്ത്യ സന്ദർശിച്ചു. മലബാറും മൈലാപ്പൂരും സന്ദർശിച്ച ഇവർ പാത്രിയാർക്കീസിന് സുറിയാനി ഭാഷയിൽ എഴുതിയ കത്തിൽ മലബാർ സഭയെക്കുറിച്ച് പല വിവരങ്ങളും

നൽകുന്നുണ്ട്. മൈലാപ്പൂരിലെ ആശ്രമത്തെക്കുറിച്ച് അതിൽ ഇപ്രകാരം പറയുന്നു:

*വിശുദ്ധ തോമ്മാശ്ലീഹയുടെ ആശ്രമത്തെ സംബന്ധിച്ചിടത്തോളം ചില ക്രൈസ്തവർ അവിടെ എത്തി അതിൽ താമസം തുടങ്ങിയിട്ടുണ്ട്. അവർ അതു പുനരുദ്ധീകരിക്കുന്നതിൽ വ്യാപൃതരാണ്. മുൻസൂചിപ്പിച്ച ക്രിസ്ത്യാനികളുടെ പ്രദേശത്തുനിന്ന് 25 ദിവസത്തെ യാത്ര അകലെയാണിത്. മൈലാപ്പൂർ എന്നു വിളിക്കപ്പെടുന്നു. പട്ടണത്തിൽ കടൽത്തീരത്താണ് ഇത് സ്ഥിതിചെയ്യുന്നത്.*[10]

പോർച്ചുഗീസ് മിഷനറിമാർ 16-ാം നൂറ്റാണ്ടിന്റെ ആരംഭം മുതലാണ് ഇന്ത്യയിൽ വന്നുതുടങ്ങിയത്. അക്കാലങ്ങളിൽ തെക്കെ ഇന്ത്യയിൽ ചിലയിടങ്ങളിൽ സന്യാസാശ്രമങ്ങൾ ഉണ്ടായിരുന്നതായി ബർത്തലോമ്യോയുടെ പൗളീനൂസ് എന്ന കർമ്മലീത്താ വൈദികൻ രേഖപ്പെടുത്തിയിട്ടുണ്ട്:

*ഇപ്രകാരമുള്ള ആശ്രമങ്ങൾ ഇടപ്പള്ളിയിലും, അങ്കമാലിയിലും, കൊറമാണ്ടൽ തീരത്ത് മിലാപൂരിയിലും ഉണ്ടായിരുന്നു. പോർച്ചുഗീസുകാർ മലബാർ തീരത്തു വന്നതിനു ശേഷം അവ സാവകാശം അപ്രത്യക്ഷമായി.*[11]

എന്തായാലും 1620നു ശേഷം പുരുഷന്മാർക്കോ സ്ത്രീകൾക്കോ ഉള്ള സന്യാസ സമൂഹങ്ങളൊന്നും അവശേഷിച്ചിരുന്നില്ല.

ഉർബാനോസ് 8-ാം ആർച്ചുഡീക്കൻ ഗീവർഗ്ഗീസ് എഴുതിയ ചില കത്തുകളിൽ നിന്ന് 1626 ഫെബ്രുവരി 5ന് *ദി കോൺഗ്രിഗേഷൻ ഓഫ് സെന്റ് തോമസ്* എന്ന പേരിൽ അദ്ദേഹം ഇടപ്പള്ളിയിൽ ഒരു സന്യാസ സഭ സ്ഥാപിച്ചു എന്നു മനസ്സിലാക്കാം. ഇതിന്റെ മറ്റൊരാശ്രമം 1627 ഒക്ടോബർ 21ന് അങ്കമാലിയിലും തുടങ്ങി എന്ന് സ്റ്റീഫൻ ഡി. ബ്രിട്ടോ എന്ന മെത്രാപ്പോലീത്തയും സാക്ഷ്യപ്പെടുത്തുന്നുണ്ട്.[12] എന്നാൽ 1653ലെ കൂനൻ കുരിശ് സത്യത്തിനുശേഷം ഇവ നിലനിന്നതായി അറിവില്ല.

ബ്രിട്ടോ മെത്രാപ്പോലീത്തയ്ക്കു ശേഷം വന്ന ഗ്രാസ്യ മെത്രാപ്പോലീത്ത ഈ സമൂഹത്തോട് വിപ്രതിപത്തി കാണിക്കുകയും ഇതിനെ നിർത്തലാക്കുവാൻ *പ്രൊപ്പഗാന്ത* തിരുഃസംഘത്തോട് അഭ്യർത്ഥിക്കുകയും ചെയ്തുവത്രെ. തുടർന്ന് 1653ലുണ്ടായ കൂനൻ കുരിശു സത്യത്തിന്റെ പ്രത്യാഘാതങ്ങളെ ചെറുത്തുനിൽക്കുവാൻ ഇതിനു കഴിഞ്ഞുമില്ല. ഇതിനുശേഷം ഈ സഭയെക്കുറിച്ച് യാതൊന്നും കേട്ടിട്ടില്ല.[13]

കേരളസഭയുടെ തുടർന്നുള്ള ചരിത്രത്തിൽ ഫ്രാൻസിസ്കൻ സഭ, ഡൊമിനിക്കൻ സഭ, ഈശോ സഭ, കർമ്മലീത്താ സഭ എന്നീ സന്യാസ സഭകളിൽ നിന്നുള്ള മിഷനറിമാർ പല കാലങ്ങളിലായി പ്രവർത്തിച്ചിരുന്നു എന്നതും, 16-ാം നൂറ്റാണ്ടു മുതൽ രംഗത്തുണ്ടായിരുന്ന ഈശോസഭയ്ക്കും, കർമ്മലീത്ത സഭയ്ക്കുപോലും കേരളത്തിൽ കാലഹരണപ്പെട്ടുപോയ സന്യാസജീവിതം പുനരാരംഭിക്കുവാൻ കഴിയാതെപോയി എന്നതും ഒരു ചരിത്ര വസ്തുതയായി തെളിവാർന്നു കാണുന്നു.[14] ■

# പരാമർശ സൂചിക


1. *Va: 11 Ecumenism 15.*
2. മാർ അബ്രാഹം മറ്റം, പൗരസ്ത്യ സഭകളും താപസ അദ്ധ്യാത്മികതയും. OIRSI, കോട്ടയം, 2001, 32-57
3. തോമസ് കൊച്ചുമുട്ടം, ഭാരതീയ സന്യാസ പാരമ്പര്യം, ചാവറ ചരമശതാബ്ദി 1871-1971 (ഹൊർമീസ്, പ്രകാശം പബ്ലിക്കേഷൻ, 1971, 93-98.)
4. മൃജാനന്ദസ്വാമി, ഭാരതവും സന്യാസധർമ്മവും, ചാവറ ചരമശതാബ്ദി 1871 - 1971 (ed) ഫാ. ഹൊർമീസ്, 1971, 83-89.
5. തോമസ് കൊച്ചുമുട്ടം, ചാവറ ചരമശതാബ്ദി 1871 - 1971, ഭാരതീയ സന്യാസ പാരമ്പര്യം, 100-105
6. H.Hosten S.J., *Antiquities from San Thoma and Mylapore*, Calcutta, 1936, 292-294
7. മാർ അബ്രാഹം മറ്റം, പൗരസ്ത്യ സഭകളും താപസ ആദ്ധ്യാത്മികതയും, 66
8. ഗ്രിഹരി നീരാക്കൽ, സി.എം.ഐ. സഭയുടെ ചരിത്രസംക്ഷേപം, 1829-1969 Trichur, 1970, 12
9. Antony Vallvanthara, *The Narratives of Joseph, the Indian*, CIRS, Kottayam, 1984, 176-179.
10. Kollamparambil J. *The St. Thomas Christian's Revolution in 1654*, Kottayam, 1981, 50-53.
11. Paulinus da Bartolomeo OCD, *Viaggio alla Indie*. Orientali, Roma, 1796, 80
12. ഗ്രിഗരി, സി.എം.ഐ. സഭയുടെ ചരിത്രസംക്ഷേപം, 1829-1969.
13. Kollamparambil J. *The St. Thomas Christian s Revolution in 1653*, 46-55, 65-68, 71, 76, 80, 94.
14. M. Mundadan and R. Mampuzhackal, *A text Book of the History and Spirit of the Carmalites of Mary Immaculate*, Cochin, 1977.
15. George Kollamparambil, *Caste in the Catholic Community in Kerala*, Ernakulam, 1982, 78.

## അഞ്ച്

# കൂട്ടായ്മയിൽ നിന്നും പിറവി

**കേ**രളസഭയിൽ *പ്രൊപ്പഗാന്ത, പദ്രുവാദോ* സംവിധാനത്തിലൂടെ നിയന്ത്രിക്കപ്പെട്ടതു മുതൽ, കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ; ഉദയംപേരൂർ സുനഹദോസിനു ശേഷം, അനിശ്ചിതത്വങ്ങളും ഉൾസന്ധികളും ഒന്നിനൊന്നു വളർന്നു വരികയായിരുന്നു; അധികാരികളും അധീനരും തമ്മിലുള്ള അകലം കൂടിക്കൊണ്ടേയിരുന്നു. സഭയുടെ ആദ്ധ്യാത്മിക വളർച്ചയെ അതു ഗൗരവമായി ബാധിച്ചു. സഭാസാമൂഹ്യജീവിതം കൂടുതൽ യാന്ത്രികമായിത്തീർന്നു. അനുസരണം, സഹകരണം എന്നതൊക്കെ നിവർത്തികേടിന്റെയും നിർബന്ധിത വഴക്കത്തിന്റെയും മാത്രം ഭാഗമായിത്തീർന്നു. സ്വമേധയാ എന്നതു ഇല്ലാതെയാവാൻ തുടങ്ങി. അതൃപ്തി നുരഞ്ഞു കൂടി. സ്വന്തം റീത്തിൽപെട്ട മെത്രാന്മാരെ ലഭിക്കുന്നതിനുള്ള തീവ്രമായ ആശ വർദ്ധിച്ചപ്പോൾ അതിനു വേണ്ടിയുള്ള പരിശ്രമങ്ങൾ പലപ്പോഴും അതിരുവിട്ടുപോയി; പലരുടേയും ആത്മനാശത്തിനും സഭയുടെ ഐക്യം നഷ്ടപ്പെടുത്തുന്നതിനും തന്നെ ഇതു കാരണമായിത്തീർന്നു. സഭാ നേതൃത്വത്തെ വേണ്ടവിധം അംഗീകരിക്കാൻ പറ്റാത്ത അവസ്ഥ വൈദികരുടെയും വിശ്വാസികളുടെയും ഇടയിൽ ഉണ്ടായിവന്നു. തങ്ങളെ മനസ്സിലാക്കാൻ കഴിവില്ലാത്തവരായി അധികാരികളെ അവർ കണ്ടു. എല്ലാം സംശയദൃഷ്ടിയോടെയാണ് അധികാരികൾ അവരെ വീക്ഷിച്ചിരുന്നത്. വിധേയത്വമില്ലാത്തവരും തങ്ങളിൽ വിശ്വാസമില്ലാത്തവരുമായാണ് അധികാരികൾ അധീനരെ കണ്ടിരുന്നതും. ഈ അവസ്ഥയിൽ വിശ്വാസം, ശരണം, ഉപവി എന്നിവ സഭയിൽ കുറവായി. കുമ്പസാരവും കുർബ്ബാന സ്വീകരണവുംവരെ വളരെ വിരളമായി. ആത്മീയ ശക്തിയും അങ്ങിനെ കുറവായി വന്നു.[1]

*പ്രൊപ്പഗാന്ത, പദ്രുവാദോ* ദ്വിഭരണ സമ്പ്രദായം നാട്ടിൽ നടപ്പായതോടെ വൈദികരും, ദൈവജനവും മിഷനറിമാരും ചേരികൾ തിരിഞ്ഞു അന്യോന്യം ശക്തിപരീക്ഷണത്തിനൊരുങ്ങുന്ന നിർഭാഗ്യകരമായ സ്ഥിതിവിശേഷം

ഉണ്ടായി. വൈദികരുടെയിടയിലെ മാത്സര്യവും ഉപവിക്കുറവും മൂലം വൈദികാന്തസ്സിലേയ്ക്ക് മക്കളെ പറഞ്ഞയക്കാൻ മാതാപിതാക്കൾ സന്ദേഹത്തോടെ വിഷമിക്കുന്ന അവസ്ഥപോലും ഈ കാലഘട്ടത്തിന്റെ പ്രത്യേകതയായിത്തീർന്നിരുന്നു.[2]

കേരളസഭയുടെ അന്നത്തെ അവസ്ഥയെക്കുറിച്ച് ചാവറയച്ചൻ ദുഃഖിച്ചു കൊണ്ടെഴുതുന്നതിപ്രകാരമാണ്:

*കാന്തം എന്ന വസ്തു എപ്പോഴും അതിന്റെ സ്ഥലമാകുന്ന വടക്കോട്ടു ചാഞ്ഞിരിക്കും എന്നപ്രകാരം പോലെ ഈ മലങ്കരയിലുള്ള നസ്രാണികൾ എന്നു വിളിക്കപ്പെടുന്ന എന്റെ മാംസപരിഷക്കാരായ ജ്യേഷ്ഠാനുജന്മാർ പൂർവ്വകാലം മുതൽ എപ്പോഴും സുറിയാനി മേൽപ്പട്ടക്കാരുടെ മേലുള്ള ആശയാലും ഇഷ്ടത്താലും പല ആത്മനാശവും വന്നു ഭവിപ്പാനും ശുദ്ധപള്ളിയുടെ ഒന്നിപ്പിൽ നിന്ന് പലപ്പോഴും വേർപിരിയാനും സംഗതിവന്നതല്ലാതെ, ക്രിസ്ത്യാനികൾക്കടുത്ത പുണ്യവ്യാപാരവും കണ്ടുപഠിത്വവും ഇതുവരെയും ഈ മലയാളത്തിൽ സ്ഥിരപ്പെടുവാനും ഇടയായില്ല എന്ന് സൂക്ഷിക്കുന്നവർക്ക് സത്യമായും കാണുകയും ചെയ്യാം. അതെങ്ങനെ എന്നാൽ ശുദ്ധ മാർതോമ്മാശ്ലീഹായാൽ സത്യവേദം കൊണ്ട ഈ മലയാളം ഇതുവരെ മച്ചി ആയിരിക്കയും അതിൽ പിന്നെ സത്യവേദം കൈക്കൊണ്ട പല പല നാടുകളിലും ദ്വീപുകളിലും പല പുണ്യവാന്മാരും ഉണ്ടായിരിക്കുന്നു. ഇതിന്നും സൂക്ഷിക്കുന്നു എങ്കിൽ ഇതുന്നെ കാരണം എന്നു തോന്നന്നു.*[3]

സഭയുടെ ആദ്ധ്യാത്മിക പാപ്പരത്തത്തേയും, സഭയിൽ വളർന്നുവന്നിരുന്ന അനൈക്യത്തെയും കുറിച്ച് ചിന്തിച്ചിരുന്ന പലരിലും ഉളവായ ദുഃഖനെടുവീർപ്പുകളുടെ ബഹിർസ്ഫുരണമായിരുന്നു ചാവറയച്ചന്റെ ഈ വാക്കുകളിലൂടെ പുറത്തുവന്നത്.

സഭാതലത്തിലെന്നതുപോലെ സമൂഹ്യതലത്തിൽ വിദ്യാഭ്യാസരംഗത്തും, സദ്വാർത്തകളുടെ പ്രസിദ്ധീകരണ രംഗത്തും, ആതുര ശുശ്രൂഷാരംഗത്തും, സ്ത്രീകളുടെ ഉദ്ധാരണ രംഗത്തുമെല്ലാം പരിമിതികൾ മാത്രമാണു അനുഭവവേദ്യമായിരുന്നത്. ആ ദുരഃവസ്ഥകളെക്കുറിച്ചും അതിനുള്ള പരിഹാര വഴികളെക്കുറിച്ചും ആഴത്തിൽ ചിന്തിച്ചപ്പോൾ തെളിവാർന്നുവന്ന ഉത്തരമായിരുന്നു സന്യാസ ജീവിതവും അതിലൂടെയുള്ള അർപ്പിത സേവനശുശ്രൂഷയും.

വൈദികരുടെ ഒരു നേതൃനിര വളർന്നുവരണമെന്ന മോഹദാർഢ്യവും അവരുടെ സംഘാതമായ പ്രവർത്തനങ്ങളിലൂടെ മാത്രമേ സഭയേയും സമൂഹത്തേയും ഉദ്ധരിക്കുവാൻ കഴിയു എന്ന തിരിച്ചറിവും സഭാസ്ഥാപകർക്കുണ്ടായി. പ്രശ്നങ്ങളിൽ നിന്നാണല്ലോ പ്രശ്നപരിഹാരങ്ങൾ ഉണ്ടാകുന്നത്. ഇവരുടെ ചിന്തകൾക്ക് പ്രേരകങ്ങളായ പല അനുകൂല പ്രചോദന സാഹചര്യങ്ങളും ഇവർ ചരിത്രത്തിൽ നിന്ന് അടർത്തിയെടുത്തിട്ടുണ്ടാകണം.

സഭയിൽ നൂറ്റാണ്ടുകളായി ഉണ്ടായിക്കൊണ്ടിരുന്ന ആദ്ധ്യാത്മികാധഃപതനത്തെക്കുറിച്ചു തിരിച്ചറിഞ്ഞ പോരൂക്കര തോമാച്ചനും മറ്റും ലോകത്തിൽ നിന്നൊളിച്ചോടി വല്ല വനവാസവും നയിച്ചാലോ എന്നുവരെ ചിന്തിച്ച നിമിഷങ്ങളുണ്ട്. മാന്നാനം *നാളാഗമ*ത്തിലെ ആദ്യഭാഗത്ത് എഴുതിച്ചേർത്തിരിക്കുന്ന കണിയാന്തറ യാക്കോബു സഹോദരന്റെ വിവരണത്തിൽ ഇപ്രകാരം കാണുന്നു:

*പോരൂക്കര അച്ചൻ 6-ാം പട്ടം ഏറ്റുവന്നതിന്റെ ശേഷം യാക്കോയെക്കണ്ടപ്പോൾ പറഞ്ഞതാകുന്നത് ഞാൻ കുർബ്ബാന പട്ടം ഏറ്റുവന്നാൽ നമുക്കു രണ്ടുപേർക്കും കൂടി വല്ല വനവാസത്തിനും പൊയ്ക്കളയാം. ലോകത്തിൽ പെരുമാറിയാൽ രക്ഷപ്പെടാൻ പ്രയാസം എന്നും മറ്റും വളരെ ഗുണദോഷങ്ങൾ പറഞ്ഞു.*[4]

നിസ്വാർത്ഥരായ നല്ല വൈദികരെ വളർത്തിയെടുക്കാൻ ഇടവകസെമിനാരികൾക്ക് സാധിച്ചിരുന്നില്ല. സെമിനാരി മല്പാനും കൂടി ആയിരുന്ന പാലയ്ക്കൽ തോമ്മാ മല്പാൻ അതു തിരിച്ചറിഞ്ഞിരുന്നു. പല ഇടവക സെമിനാരികളിലും മല്പാന്മാർ സ്വന്തക്കാരിൽ നിന്നുള്ളവരെ സെമിനാരിയിൽ ചേർക്കുന്നതും ചിലരോടുമാത്രം പ്രത്യേക പരിഗണന കാണിക്കുന്നതും അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. ഈ രീതികൾക്ക് മാറ്റം വരുത്തി സെമിനാരിയിൽ നല്ല ചിട്ടയായ പരിശീലനവും അവർക്ക് അറിവ് വർദ്ധിപ്പിക്കുവാനുള്ള ഉപാധികളും നൽകാൻ അദ്ദേഹം ശ്രദ്ധിക്കുകയും നിഷ്ക്കർഷിക്കുകയും ചെയ്തിരുന്നു. ആത്മനിയന്ത്രണം പാലിക്കുക വിശുദ്ധിയിലും വിശ്വാസത്തിലും വളരുവാൻ ആവശ്യമാണെന്നദ്ദേഹത്തിനറിയാമായിരുന്നു. അപ്രകാരം തന്റെ ജീവിതത്തെ രൂപപ്പെടുത്തുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. താപസ ജീവിതത്തോട് പാലയ്ക്കൽ അച്ചന് ഒരു പ്രത്യേക ആഭിമുഖ്യമുണ്ടായിരുന്നു എന്ന് ചാവറയച്ചൻ *നാളാഗമ*ത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.[5]

അന്നുണ്ടായിരുന്ന ഏക മേജർ സെമിനാരി ലത്തീൻകാരുടെ നേതൃത്വത്തിൽ വരാപ്പുഴ ഉള്ളതായിരുന്നു. അവിടെ പക്ഷെ സുറിയാനിക്കാരെ പഠിപ്പിക്കാൻ താല്പര്യമില്ലായിരുന്നു. അതു ചാവറയച്ചൻ നേരിട്ടനുഭവിച്ച കാര്യവുമാണല്ലോ.[6] കേരളത്തിലുള്ള പ്രൊട്ടസ്റ്റന്റു വിഭാഗക്കാരുടെ വളർച്ചയെ അതിവർത്തിക്കുന്നതിനും യാക്കോബായക്കാരുടെയിടയിൽ പ്രവർത്തിക്കുന്നതിനും കൂടുതൽ ദൈവശാസ്ത്രപരമായ അറിവുള്ള ധാരാളം വൈദികർ ഉണ്ടാവുക എന്നത് കാലത്തിന്റെ ഒരാവശ്യമായിരുന്നു. സുറിയാനിക്കാരുടേതായ ഒരു പൊതു സെമിനാരിയും വളർന്നു വരേണ്ടതും അത്യാവശ്യമായിരുന്നു. പാലയ്ക്കൽ, പോരൂക്കര തോമ്മാച്ചന്മാരോട് അടുത്തിടപെടാൻ അവസരം കിട്ടിയ ചാവറയച്ചനും ഇവരോടൊപ്പം ഇതേ ദിശയിൽ ചിന്തിച്ചു വളർന്ന ആളാണ്.

സന്യാസ ജീവിതത്തിന്റെ പ്രസക്തിയെക്കുറിച്ച് ഇവർ ആഴമായ പഠനവിഷയമാക്കിയിരിക്കണം. 17-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഇടപ്പള്ളിയിലും അങ്കമാലിയിലും ആരംഭിച്ചതും താമസിയാതെ അവസാനിച്ചു

പോയതുമായ സന്യാസ സഭയെക്കുറിച്ച് ഇവർക്ക് എന്തെങ്കിലും അറിവു ണ്ടായിരുന്നോ എന്ന് സൂചനകളിൽ നിന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ല. സന്യാസജീവിതം തുടങ്ങുവാനുള്ള ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് മെത്രാ നെഴുതിക്കൊടുത്ത അപേക്ഷയുടെ മറുപടിയിലും ഇത്തരം സൂചനക ളൊന്നും കാണുന്നില്ല. യൂറോപ്പിൽ നിന്നും മിഷനറിമാരായി പല സഭക്കാരും ഇവിടെ പ്രവർത്തിച്ചിരുന്നെങ്കിലും അവരാരും സന്യാസ സഭകൾ തുട ങ്ങാനോ അവരുടെ സഭകളിൽ ആരെയും ചേർക്കാനോ കൂട്ടാക്കിയിരുന്നില്ല. അതേസമയം യൂറോപ്പിലാരംഭിച്ച പല സന്യാസ സഭകൾ വഴി തിരുസഭ യ്ക്കുണ്ടായിക്കൊണ്ടിരുന്ന നന്മകളെക്കുറിച്ച്, പ്രത്യേകിച്ചും വചന പ്രഘോ ഷണരംഗത്തും മിഷനറി പ്രവർത്തനങ്ങളിലും ഉണ്ടാകുന്ന നന്മകളെക്കുറിച്ച്, മിഷനറിമാരോടൊത്തുള്ള സഹവാസത്തിൽ നിന്നു തന്നെ ഇവർ കൂടുത ലായി മനസ്സിലാക്കിയുമിരുന്നു.

ചരിത്രത്തിന്റെ ഭാഗമായ ബുദ്ധസന്യാസികളെക്കുറിച്ചും ഹിന്ദുസന്യാ സികളെക്കുറിച്ചും അവരുടെ പ്രത്യേകതകളെക്കുറിച്ചും ഇവർ വിലയിരുത്തി യിരിക്കണം. ഒരു പ്രത്യേക ലക്ഷണത്തോടെ സംഘമായി സമൂഹത്തിൽ നിന്നും മാറിനിന്നും, എന്നാൽ സമൂഹത്തിനുവേണ്ടിയും ബുദ്ധസന്യാസി കൾ പ്രവർത്തിച്ചിരുന്നു. ഇവരുടെ നേതൃത്വത്തിൽ നടത്തിയിരുന്ന നളന്ദ, തക്ഷശില തുടങ്ങിയ യൂണിവേഴ്സിറ്റികളെക്കുറിച്ചും അവരുടെ സാമൂഹിക പ്രവർത്തനങ്ങൾ വഴി ജനഹൃദയങ്ങളിൽ വന്നിരുന്ന മാറ്റങ്ങളെക്കുറിച്ചും അറി വുണ്ടായിരുന്നിരിക്കണം പാലയ്ക്കൽ-പോരൂക്കര ചാവറയച്ചന്മാർക്ക്. ഇന്ത്യൻ പാരമ്പര്യ പ്രകാരം ഒരു യോഗിയുടെ അഥവാ സന്യാസിയുടെ ആശ്രമം ദൈവാനുഭവത്തിന്റേയും സമാധാനത്തിന്റേയും സങ്കേതമാണ്. മുകളിൽ സൂചിപ്പിച്ച പലതിനെക്കുറിച്ചുമുള്ള മുന്നറിവുകൾ ഇവരിലുണ്ടായിരുന്നു എന്ന തിന്റെ സൂചനകൾ ചാവറയച്ചന്റെ കൃതികളിൽ നിഴലിക്കുന്നുണ്ട്.

ധ്യാനവും സംയമനവും വഴി ആത്മജ്ഞാനം നേടിയവരാണ് സന്യാ സികൾ. ഈ ജ്ഞാനത്തിന് ജീവിതത്തിൽ പലതും ത്യജിക്കേണ്ടതുണ്ട്. ലോകത്തോടുള്ള മമത പ്രത്യേകിച്ചും. താപസഭവനത്തിന്റെ അന്തരീക്ഷം ഇതിനു ആവശ്യമത്രെ. അവിടെ ധ്യാനവും പരസ്പരം പങ്കുവയ്ക്കലും വഴി ഈശ്വരരഹസ്യങ്ങളുടെ ഉടമകളായി തീരണം; പരമതത്വത്തിന്റെ ഉപജ്ഞാ താക്കളായി മാറണം. ദർശനവും ദർശനത്തിൽ നിന്നും കണ്ടെത്തുന്ന സിദ്ധിയും ഇതാകുന്നു.

സന്യാസ ജീവിതത്തിന്റെ സാദ്ധ്യതകളേക്കുറിച്ചും അതിലൂടെ ഉണ്ടാകുന്ന നന്മകളെക്കുറിച്ചുമെല്ലാം ഉത്തരമന്വേഷിച്ചു തുടങ്ങിയവർ ദൈവാത്മാവിന്റെ നിവേശനത്താൽ ചില വ്യക്തമായ ആശയങ്ങളിൽ എത്തിച്ചേർന്നു; 16-ാം നൂറ്റാണ്ടു മുതലുള്ള കേരളസഭയുടെ ചരിത്രത്തിലെ പല നേതാക്കന്മാരിൽ നിന്നും വ്യത്യസ്തമായ രീതിയിൽ ചിന്തിക്കുവാൻ തുടങ്ങി. സ്വന്തം റീത്തിൽ

മെത്രാന്മാരെ കിട്ടിയാൽ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടും എന്നതായിരുന്നു മുമ്പുള്ളവരുടെ ചിന്ത. ഫലമോ, പലപ്പോഴും പരാജയത്തിലേക്കും അനൈക്യത്തിലേക്കും വഴുതി വീഴുകയും. ജീവിതത്തെ രൂപപ്പെടുത്തുക, അതിനായി ഒന്നിച്ചുച്ചേരുക, മനസ്സുകളുടെയും കഴിവുകളുടെയും സംയോജനത്തിലൂടെ ഏറിയ നന്മകൾ ചെയ്യുക എന്നതായിരുന്നു പാലയ്ക്കലച്ചന്റേയും പോരൂക്കരയച്ചന്റെയും ചാവറയച്ചന്റേയും ലക്ഷ്യം.

*ഈ മലയാളത്തിൽ പട്ടക്കാർക്കു പോലും ഒരു താപസഭവനമില്ലായ്കയാൽ ഏറിയ നന്മകൾക്ക് വീഴ്ചയായിരിക്കകൊണ്ടും വല്ല പ്രകാരത്തിലും പട്ടക്കാർക്ക് എങ്കിലും ഒരു ദർശനവീടുണ്ടാകണമെന്നാഗ്രഹിച്ചു* എന്ന് ചാവറയച്ചന്റെ *നാളാഗമ*ത്തിലെ ആദ്യപേജിൽ രേഖപ്പെടുത്തിയിരിക്കുന്നത് വൈദികരുടെ ഇടയിൽ സഭയ്ക്ക് നന്മ ചെയ്യാൻ കഴിവാർന്ന സമർപ്പിതരുടെ ഒരു സമൂഹം രൂപംകൊള്ളണമെന്ന ആഗ്രഹത്തിന്റെകൂടി പ്രകടനമായിരുന്നു. ഈ ആഗ്രഹവും അതിനനുസരിച്ചുള്ള പ്രവർത്തനശൈലിയും ഒരു വ്യക്തിയിലൂടെയൊ പെട്ടെന്നുണ്ടായ ഒരു ചിന്തയിൽ നിന്നോ ഉണ്ടായതല്ല; മറിച്ച്, പടിപടിയായി വളർന്നുവന്നതാണ്. ഇതിനായി ദൈവം പലരേയും ഒരുക്കിയെടുത്തു. അതിൽ പ്രധാനരാവുക പാലയ്ക്കലച്ചന്റെയും പോരൂക്കരയച്ചന്റെയും ചാവറയച്ചന്റെയും നിയോഗമായി.

സമാന ചിന്താഗതിയുള്ളവർക്ക് ഒന്നിക്കുവാൻ എളുപ്പമാണ്. സമാന സ്വഭാവരീതികളുള്ളവർക്ക് ഒന്നിച്ചു നിൽക്കുവാനും എളുപ്പമാണ്. പാലയ്ക്കൽ പോരൂക്കര ചാവറയച്ചന്മാരുടെ കാര്യത്തിൽ അവരിലുണ്ടായിരുന്ന സ്വാഭാവിക പ്രവണതകൾ താപസജീവിതത്തിനും സമൂഹജീവിതത്തിനും സഹായകമായതായിരുന്നു. ആദ്ധ്യാത്മിക ജീവിതത്തിന് പ്രാധാന്യം കൊടുത്തിരുന്ന ഇവർ വലിയ തിരുഃസഭാ സ്നേഹികളും സഹജീവികളുടെ നവീകരണത്തിലും ഉയർച്ചയിലും തല്പരരുമായിരുന്നു. ദൈവത്തിന്റെ അനന്തമായ പരിപാലനം ഇവരെ ഒന്നിപ്പിക്കുവാൻ അവസരമൊരുക്കി. പള്ളിപ്പുറത്തും, ചമ്പക്കുളം കല്ലൂർക്കാട്ടും കൈനകരിയിലും ജീവിതമാരംഭിച്ച ഇവർ ഒരേ ലക്ഷ്യത്തോടെ ഒന്നുചേർന്നു. ചാവറയച്ചന്റെയും സി.എം.ഐ. സഭയുടേയും ആദ്ധ്യാത്മികതയിലേക്കും സിദ്ധിയിലേക്കും കടന്നുചെല്ലണമെങ്കിൽ പാലയ്ക്കൽ തോമ്മാച്ചനെക്കുറിച്ചും, പോരൂക്കര തോമ്മാച്ചനെക്കുറിച്ചും കണിയാന്തറ യാക്കോബിനെക്കുറിച്ചുമുള്ള അടിസ്ഥാന ജ്ഞാനം വേണ്ടിയിരിക്കുന്നു.

## പാലക്കൽ മല്പാൻ

ചാവറയച്ചന്റെ ദൈവവിളിയെക്കുറിച്ചും അദ്ദേഹത്തിന്റെ സെമിനാരി ജീവിതത്തെക്കുറിച്ചും പറഞ്ഞ കൂട്ടത്തിൽ പാലയ്ക്കലച്ചനെക്കുറിച്ചും അദ്ദേഹം നടത്തിയിരുന്ന സെമിനാരിയുടെ പ്രത്യേകതകളെക്കുറിച്ചും സൂചിപ്പിച്ചിരുന്നു.[7]

അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലെ ഇതരവശങ്ങളെക്കുറിച്ചുകൂടി മനസ്സിലാക്കിയാലേ അദ്ദേഹത്തിൽ നിന്നും ചാവറയച്ചന് ലഭിച്ച പ്രചോദനങ്ങൾ വ്യക്തമാകൂ.

ചേർത്തല താലൂക്കിൽ പള്ളിപ്പുറം ഇടവകയിൽ പാലയ്ക്കൽ കുടുംബത്തിലാണ് 1775ൽ തോമ്മാമല്പാൻ ജനിച്ചത്. 1780ൽ വസൂരി ബാധിച്ച് തോമ്മാച്ചന്റെ പിതാവ് മരണമടഞ്ഞു. അക്കാലത്തു ഈ രോഗങ്ങൾക്കു പ്രതിരോധസാദ്ധ്യതകൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. ഒരിടത്തു തലയുയർത്തിയാൽ കാറ്റിനോടൊപ്പം പടർന്നു വ്യാപിച്ചു മരണം വിതച്ചുകൊണ്ടു തേർവാഴ്ച നടത്തും. നിസ്സഹായരായി കൊഴിഞ്ഞുവീഴുക മാത്രമേ സമൂഹത്തിനു കഴിയുമായിരുന്നുള്ളൂ. സാമാന്യം ശേഷിയുള്ള കുടുംബത്തിലെ നാലുമക്കളിൽ ഇളയവനായാണ് തോമ്മാച്ചൻ ജനിച്ചതെങ്കിലും നാട്ടിൽ പടർന്നുപിടിച്ച പകർച്ചവ്യാധിയും ദാരിദ്ര്യവും ഈ കുടുംബത്തെയും ബാധിച്ചു. ഇദ്ദേഹത്തിന് 14 വയസ്സുള്ളപ്പോഴാണ് മദ്ധ്യകേരളത്തിൽ ടിപ്പുസുൽത്താന്റെ പടയോട്ടം നടന്നത്. ഇതേത്തുടർന്നാണ് തച്ചിൽ അബ്രാഹം മല്പാനച്ചൻ കുത്തിയതോട്ടിൽ നിന്ന് പള്ളിപ്പുറത്തു വന്ന് താമസമാക്കിയതും അവിടെ തന്റെ സെമിനാരി തുടർന്നു നടത്തിയതും എന്നു മുൻപേ സൂചിപ്പിച്ചിരുന്നു.[8] ഈ സെമിനാരിയിൽ തോമ്മാച്ചൻ ചേർന്ന് 1799-ൽ തിരുപ്പട്ടമേറ്റു.

റെയ്മണ്ട് സൂര്യ എന്ന വരാപ്പുഴ അപ്പസ്തോലിക്കായുടെ കാലത്ത് 1808 മുതൽ അദ്ദേഹത്തിന്റെ മരണം വരെ പാലയ്ക്കലച്ചൻ സെക്രട്ടറിയായി അദ്ദേഹത്തെ സഹായിക്കുകയുണ്ടായല്ലോ. തുടർന്നുള്ള മെത്രാന്മാരുടെ കാലത്തും അവരുടെ ഉപദേശകനായി അദ്ദേഹം പ്രവർത്തിച്ചിരുന്ന വസ്തുതയും നമുക്കറിയാം. 1816 മുതൽ പാലയ്ക്കലച്ചൻ പള്ളിപ്പുറം പള്ളിയിലായിരുന്നു താമസിച്ചിരുന്നത്.

1818ൽ അദ്ദേഹം പള്ളിപ്പുറത്ത് സെമിനാരി തുടങ്ങേണ്ടിവന്നത് പലവിധത്തിലും തന്നെ ഉപദ്രവിച്ചിരുന്ന ഒരുവന്റെ മകനുവേണ്ടിയായിരുന്നു. തുടർന്ന് പ്രൊപ്പഗാന്ത സംവിധാനത്തിന്റെ കീഴിൽ വരുന്നവരെ അവിടെ പഠിപ്പിച്ചു തുടങ്ങി. ആദ്യ ബാച്ചിൽ തന്നെ ചാവറയച്ചനും സെമിനാരി അംഗമായി.[9]

സെമിനാരിയിൽ പാലയ്ക്കലച്ചന്റെ ജീവിതരീതികളെ കണ്ടറിഞ്ഞിട്ടുള്ള ചാവറയച്ചൻ വിവരിക്കുന്നതിപ്രകാരമാണ്:

*എന്നാൽ ഇദ്ദേഹം ആണ്ടുമുഴുവൻ ഒരു നേരമായിട്ട് ഉച്ചയ്ക്കുമാത്രം ചോറുണ്ണും. വൈകീട്ട് കുറെ കഞ്ഞി, കാലത്ത് ഒന്നുമില്ല. ഇങ്ങനെ ഏറിയ നാൾ, ഇത്രകാലം എന്നു തിട്ടമില്ല. പിന്നെ ഒരു ജ്വരം കഠിനമായിട്ടുവന്നു. അപ്പോൾ പുത്തനങ്ങാടിയിൽ ഇട്ടൂപ്പു വൈദ്യൻ ശക്തിയായി പറഞ്ഞതിനാൽ അന്നു മുതൽ കാലത്തു കഞ്ഞികുടിച്ചു തുടങ്ങി. എന്നാൽ വരാപ്പുഴ സെക്രട്ടറിയായിട്ടു പാർത്തിരുന്നപ്പോഴും അങ്ങനെ തന്നെ. അവിടെവച്ചു തുടങ്ങിയോ അതിനുമുമ്പും ഇങ്ങനെ തന്നെയോ നിശ്ചയമില്ല.*[10]

പള്ളിപ്പുറം സെമിനാരിയിൽ ശിഷ്യരോടൊത്തുള്ള പാലയ്ക്കലച്ചന്റെ ദിന ചര്യയും എങ്ങിനെയെന്ന് ചാവറയച്ചൻ വിവരിക്കുന്നുണ്ട്:

*സെമിനാരിക്കാരോടു ചേർന്ന് എല്ലാ ഭക്താനുഷ്ഠാനങ്ങളിലും അദ്ദേഹം പങ്കുചേർന്നിരുന്നതു കൂടാതെ പകലും രാത്രിയിലും അനേകം മണിക്കൂറുകൾ വായനക്കും പഠനത്തിനുമായി ചിലവഴിച്ചിരുന്നു.*[11]

കർമ്മലീത്ത മിഷനറിമാരിൽ നിന്നു കിട്ടിയ അറിവുവെച്ചായിരിക്കും, പാലയ്ക്കലച്ചനാണ് സുറിയാനിപ്പള്ളികളിൽ *കർമ്മലമാതാവിന്റെ കോൺഗ്രിഗേഷൻ* എന്ന ദർശനപ്പെരുന്നാൾ തുടങ്ങിയത്. അന്നു നാട്ടിൽ സർവ്വസാധാരണമല്ലാത്ത വെന്തിങ്ങാഭക്തിയും പ്രചരിപ്പിക്കുവാൻ ശ്രദ്ധിച്ചിരുന്നതായി ചാവറയച്ചന്റെ *നാളാഗമത്തിൽ* കാണുന്നു.[12] ഡൊമിനിക്കൻ സഭയോട് പാലയ്ക്കലച്ചന് പ്രത്യേക താല്പര്യവും സ്നേഹവും ഉണ്ടായിരുന്നതുകൊണ്ടാണ് അദ്ദേഹത്തിന്റെ മുറിയിൽ വിശുദ്ധ ഡൊമിനിക്കിന്റെ തിരുഃസ്വരൂപം സൂക്ഷിച്ചിരുന്നതും, മാന്നാനത്തെ പെരുന്നാളുകൾക്ക് ശെമ്മാശ്ശന്മാരുടെ കൈയ്യിൽ കൊടുത്തയച്ചിരുന്നതും. മാന്നാനത്ത് ആശ്രമത്തിനു കല്ലിട്ടപ്പോൾ വിശുദ്ധ ഡൊമിനിക്കിന്റെ നാമം നൽകുവാൻ പോലും അദ്ദേഹം ആഗ്രഹിച്ചിരുന്നു.[13]

ശിഷ്യരോടുള്ള സഹിഷ്ണതാഭാവം നല്ല അദ്ധ്യാപകന്റെ പ്രത്യേകതയാണ്. ബുദ്ധിമാന്ദ്യമുള്ള 40 വയസ്സുകാരൻ ഫിലിപ്പോസിനെയും പഠിപ്പിച്ചു വളർത്തിയെടുക്കുവാൻ അദ്ദേഹം പരമാവധി പരിശ്രമിച്ചതിൽ നിന്നും അതു വ്യക്തമാണല്ലോ. ശിഷ്യരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുവാനും പാലയ്ക്കലച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അവരെ ആഗോളസഭയുടെ ഔദ്യോഗികഭാഷയായ ലത്തീൻ പഠിപ്പിക്കുന്നതിൽ അദ്ദേഹം താല്പര്യമെടുത്തതും അതിൽ നേരിടേണ്ടിവന്ന അവമതിനിറഞ്ഞ അനുഭവവും നാം ചർച്ച ചെയ്തതാണ്.[14]

പാലയ്ക്കലച്ചന്റെ അധികാരികളോടുള്ള ആദരവും ബഹുമാനവും മാതൃകാപരമായിരുന്നു. വാർദ്ധക്യത്തിലെത്തിയ ഗുരുവായ തച്ചിൽ അബ്രഹാം മല്പാനോടു അദ്ദേഹം കാണിച്ചിരുന്ന ആദരവിനെക്കുറിച്ച് ചാവറയച്ചൻ വിവരിച്ചിട്ടുണ്ട്. ഗുരുവിന്റെ മുമ്പിലുള്ള ശിഷ്യന്റെ പെരുമാറ്റം ചാവറയച്ചൻ നേരിട്ടുകണ്ടറിഞ്ഞിട്ടുള്ളതായിരുന്നു.[15]

സന്യാസാശ്രമം ആരംഭിക്കുവാൻ പാലയ്ക്കലച്ചനും, പോരൂക്കര തോമ്മാച്ചനും, ചാവറയച്ചനും തീരുമാനത്തിലെത്തുവാനും സ്ഥലംകണ്ടെത്തുവാനും നടത്തിയ ശ്രമങ്ങളും മാന്നാനത്ത് ആശ്രമത്തിനുള്ള കല്ലിടീൽ കർമ്മത്തിൽ പാലയ്ക്കലച്ചൻ കാണിച്ച ഔദാര്യമനഃസ്ഥിതിയുമെല്ലാം അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ എടുത്തുകാണിക്കുന്ന സംഭവങ്ങളാണ്. ഇവയെല്ലാം ചാവറയച്ചന്റെ മനസ്സിൽ ആഴമായിപ്പതിഞ്ഞ അനുഭവങ്ങളുമായിരുന്നു.[16] പൗരോഹിത്യജീവിതം വളരെ ചിട്ടയുള്ളതായിരിക്കണം, ത്യാഗപൂർണ്ണമായിരിക്കണം, ലാളിത്യമുള്ളതായിരിക്കണം, ആത്മീയത നിറഞ്ഞതും പരസ്നേഹപൂർണ്ണവു

മായിരിക്കണം. മറ്റുള്ളവരെ അറിവിലും വിശുദ്ധിയിലും നയിക്കേണ്ട പുരോഹിതർ അറിവുള്ളവരായിരിക്കണം; എങ്കിലേ അവർക്ക് നല്ല നേതൃത്വം കൊടുക്കാൻ കഴിയൂ. ഈ വക കാര്യങ്ങളിൽ പാലയ്ക്കലച്ചന് വലിയ ബോദ്ധ്യമുണ്ടായിരുന്നതിനാൽ അത്തരത്തിലുള്ള ഒരു പരിശീലനമായിരുന്നു അദ്ദേഹം തന്റെ സെമിനാരിയിൽ നൽകിയിരുന്നത്. വ്യക്തമായ നിയമാവലിയ്ക്കനുസരിച്ചായിരുന്നു അദ്ദേഹം നൽകിയിരുന്ന പരിശീലനം.[17] പൗരോഹിത്യ ജീവിതത്തിന് നല്ല ചിട്ടയും ക്രമവുമുള്ള ഒരു ജീവിതം വേണമെന്നും അറിവുള്ള വൈദികർക്കേ സമൂഹത്തെ നേരായവിധം നയിക്കാൻ പറ്റൂ എന്നും ഉള്ള അറിവ് ചാവറയച്ചൻ പാലയ്ക്കലച്ചനിൽ നിന്നാണ് പഠിച്ചത്.

സെമിനാരി മല്പാനായി പാലയ്ക്കലച്ചൻ പള്ളിപ്പുറത്ത് തുടർന്നെങ്കിലും മൂവരും ചേർന്ന് മാന്നാനത്ത് ആരംഭിച്ച ആശ്രമത്തിന്റെ വളർച്ചയിലും അദ്ദേഹം ശ്രദ്ധാലുവായിരുന്നു. അവിടെയും അദ്ദേഹം സെമിനാരി ആരംഭിച്ചെങ്കിലും അതിന്റെ ചുമതല ചാവറയച്ചനും പോരുക്കരയച്ചനുമായിരുന്നു. പലപ്പോഴും അദ്ദേഹം മാന്നാത്ത് പോയി കാര്യങ്ങളന്വേഷിച്ചിരുന്നു.

വാർദ്ധക്യത്തിന്റെ അവശതകൾ ബാധിച്ചു തുടങ്ങിയിരുന്ന പാലയ്ക്കലച്ചന് 1841 ജനുവരി ആരംഭം മുതൽ കൂടുതൽ രോഗലക്ഷണങ്ങൾ കണ്ടു തുടങ്ങി. 13-ാം തീയതി മാന്നാനത്തേയ്ക്കറിവുകിട്ടി. വിവരമറിഞ്ഞ് ചാവറയച്ചനും പോരുക്കരയച്ചനും മറ്റു വൈദികരും പള്ളിപ്പുറത്തെത്തി. അന്ത്യയാത്രയ്ക്കു സമയമായി എന്നു തിരിച്ചറിഞ്ഞ അദ്ദേഹം സ്വബോധത്തോടെ രോഗീലേപനം സ്വീകരിച്ചു. 15-ാം തീയതി വെള്ളിയാഴ്ച വെളുപ്പിന് ഒരുമണിയോടുകൂടി നിത്യസമ്മാനത്തിനായി അദ്ദേഹം പറന്നുയർന്നു. ശനിയാഴ്ച വൈകുന്നേരം പോരൂക്കര തോമ്മാച്ചൻ ചരമപ്രസംഗം നടത്തി, മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.[18]

ചാവറയച്ചന്റെ വ്യക്തിത്വരൂപീകരണത്തിൽ പാലയ്ക്കലച്ചന്റെ പങ്ക് വളരെ വലുതാണ്. താപസജീവിതത്തോടുള്ള താല്പര്യം, പ്രാർത്ഥനാ ജീവിതത്തോടുള്ള ആഭിമുഖ്യം, പരിശുദ്ധമാതാവിനോടുള്ള ഭക്തി, അധികാരികളോടുള്ള ആദരവും വിധേയത്വവും, ചിട്ടയും ക്രമവുമുള്ള ഒരു ജീവിതക്രമം, അറിവു സമ്പാദിക്കാനുള്ള തൃഷ്ണ എന്നിങ്ങനെ പലതും ചാവറയച്ചനിൽ വളർത്തിയെടുക്കുവാൻ പാലയ്ക്കലച്ചൻ നിമിത്തമായിട്ടുണ്ട്.

## പോരൂക്കര മല്പാൻ

ചാവറയച്ചന്റെ ജീവിതത്തിൽ പ്രാർത്ഥനയും പ്രവർത്തനവും ഒരുമിച്ചു കൊണ്ടുപോകുവാൻ വലിയ മാതൃകയായിത്തീർന്ന, പ്രചോദനമായിത്തീർന്ന മറ്റൊരു വ്യക്തിയാണ് പോരൂക്കര തോമ്മാമല്പാൻ. പ്രായത്തിൽ മൂത്തവനും പക്വമതിയുമായ ഒരു നല്ല സഹപ്രവർത്തകനായിരുന്നു അദ്ദേഹം. സന്യാസസഭയുടെ രൂപീകരണത്തിൽ, പ്രത്യേകിച്ചും മാന്നാനം ആശ്രമത്തിന്റെ തുടക്കത്തിൽ, പോരൂക്കരയച്ചൻ വഹിച്ച പങ്ക് വലുതാണ്.

കുട്ടനാട്ടിലെ ചമ്പക്കുളം കല്ലൂർക്കാട് പള്ളി, പൗരാണികതയിൽ തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ ഏഴരപള്ളികളുടെ ശേഷമുള്ള രണ്ടാം ഗണത്തിൽ പെടും. ആ ഇടവകയിൽ പോരൂക്കര ഇട്ടിക്കുരുവിള തരകന്റെയും മറിയത്തിന്റെയും എട്ടുമക്കളിൽ മൂത്തവനായി തോമ്മാച്ചൻ 1799 ഡിസംബർ 27-ന് ജനിച്ചു. ചെറുപ്രായത്തിൽ തന്നെ എഴുത്തും വായനയും പഠിച്ചു. മകനെ ലോകപ്രപഞ്ചത്തിൽ ഭ്രമിയ്ക്കാത്ത ഒരു ദൈവശുശ്രൂഷിയാക്കണം എന്ന ലക്ഷ്യത്തോടെ അന്നത്തെ പതിവു വിട്ട് സുറിയാനിക്കാരുടെ സെമിനാരിക്കു പകരം വരാപ്പുഴ അപ്പസ്തോലിക്കാസെമിനാരിയിലാണ് വൈദികപട്ടത്തിനായി അദ്ദേഹത്ത പിതാവ് അയച്ചത്. സെമിനാരിയിൽ അറിവിലും വിശുദ്ധിയിലും മാതൃകാപരമായി അദ്ദേഹം വളർന്നു. 1817ൽ പീറ്റർ അൽക്കാന്ത്ര മെത്രാനിൽ നിന്ന് ആസ്തപ്പാടുപട്ടവും 1823 സെപ്റ്റംബർ 22ന് പ്രെൻഡർ ഗാസ്റ്റ് മെത്രാനിൽ നിന്ന് കുർബ്ബാനപ്പട്ടവും സ്വീകരിച്ചു. ഇടവകപ്പള്ളിയിൽ പുത്തൻ കുർബ്ബാന ചൊല്ലിയ അദ്ദേഹം താമസിയാതെ അവിടുത്തെ വികാരിയായി നിയമിതനായി.[19]

കേരളസഭയിൽ അന്നു അനുഭവപ്പെട്ടിരുന്ന ആത്മീയപാപ്പരത്തം മൂലമായിരിക്കാം, ഡീക്കനായിരുന്നപ്പോൾതന്നെ *വല്ല വനവാസത്തിനും പൊയ്ക്കളയാം, ലോകത്തിൽ പെരുമാറിയാൽ രക്ഷപ്പെടുവാൻ പ്രയാസം* എന്നു തോമ്മാച്ചൻ ആഗ്രഹിച്ചിരുന്നതായി കൂട്ടുകാരനുംകൂടിയായ കണിയാന്തറ യാക്കോബ് രേഖപ്പെടുത്തിയിട്ടുണ്ട്.[20] സ്വന്തം ആത്മാവിന്റെ രക്ഷയ്ക്കായിരുന്നു അദ്ദേഹം പ്രാധാന്യം കണ്ടത്. എന്നാൽ ഇടവക ജനങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുത്ത തോമ്മാച്ചൻ ജനങ്ങളെ ആത്മീയതയിൽ നയിക്കുവാനുള്ള വൈദികന്റെ ഉത്തരവാദിത്വം എന്തെന്നു തരിച്ചറിയുകയും നിവർത്തിക്കുകയും ചെയ്തിരുന്നു.

കല്ലൂർക്കാടുപള്ളിയിലും തുടർന്ന് കൊല്ലം പ്രദേശത്തുള്ള തങ്കശ്ശേരി ലത്തീൻ പള്ളിയിലുമായി 1828വരെ ദൈവജനത്തിന്റെ കാര്യത്തിൽ ശ്രദ്ധിച്ച് ഇടവക ജോലി നടത്തിക്കൊണ്ട് സ്വന്തം ആത്മാവിന്റെ കാര്യവും ശ്രദ്ധിച്ച് ദൈവജനത്തിനുവേണ്ടി ആത്മാർത്ഥമായി അദ്ദേഹം പ്രവർത്തിച്ചു. സമൂഹത്തിലെ എല്ലാ തുറകളിലുമുള്ളവരുമായി അദ്ദേഹം ബന്ധപ്പെട്ടു. അവരെ ആത്മീയതയിൽ കൈപിടിച്ചുയർത്തുവാൻ ശ്രമിച്ചു. കുടുംബകലഹങ്ങൾ ഇടപെട്ട് അവസാനിപ്പിച്ചു. ജനങ്ങളെ കൗദാശിക ജീവിതത്തിൽ സജീവരാക്കി. ആരാധനാക്രമത്തിൽ സംഗീതോപകരണങ്ങൾ ഉപയോഗിച്ചു ദേവാലയ ശുശ്രൂഷകൾ ഭക്തിസാന്ദ്രമാക്കി. ഇതര ഇവടകകളിൽ നിന്നും വ്യത്യസ്തമായി താൻ ഏറ്റെടുത്ത ഇടവവകകളെ ആത്മീയ ഉണർവ്വുള്ളതാക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

ശനിയാഴ്ച ദിനങ്ങളെ ഭിക്ഷക്കാർക്കുള്ള ദിനമാക്കി അവരെ ഒരുമിച്ചു കൂട്ടി ജപമാല ചൊല്ലിപ്പിക്കുകയും വേണ്ട ഉപദേശങ്ങൾ കൊടുക്കുകയും

ചെയ്തശേഷം ഭിക്ഷയും കൊടുത്തയക്കുവാൻ അദ്ദേഹം ജാഗ്രത കാണിച്ചു.
കുട്ടികളെ ദേവാലയത്തിൽ ഒരുമിച്ചുകൂട്ടി പ്രാർത്ഥിപ്പിക്കുമായിരുന്നു. കുമ്പ
സരിക്കുവാൻ വരുന്നവരെ വേണ്ടവണ്ണം ഒരുക്കിയതിനു ശേഷമായിരുന്നു
കുദാശകൾ പരികർമ്മം ചെയ്തിരുന്നത്. വിശുദ്ധ യൗസേഫ് പിതാവിന്റെ
വലിയ ഭക്തനായിരുന്ന തോമ്മാച്ചൻ ഒരു പ്രത്യേക സഭാക്കൂട്ടം ഉണ്ടാക്കി.
ബുധനാഴ്ചതോറും അവർക്കുവേണ്ടി പ്രത്യേക പ്രാർത്ഥനകളും പ്രസംഗവും
നടത്തുമായിരുന്നു. ഞായറാഴ്ചകളിൽ പള്ളിയിൽ പ്രസംഗം പറഞ്ഞും
ഇദ്ദേഹം ജനങ്ങളെ ആത്മീയ ഉണർവ്വുള്ളവരാക്കുമായിരുന്നു. ഈവക കാര്യ
ങ്ങളെല്ലാം തോമ്മാച്ചനിൽ നിന്ന് നേരിട്ടുകാണുവാൻ ഇടവന്നിട്ടുണ്ടെന്ന് അദ്ദേ
ഹത്തിന്റെ അനുജൻ കുര്യാക്കോസ് രേഖപ്പെടുത്തിയിട്ടുണ്ട്.[21]

ഇങ്ങനെ കഴിയുമ്പോഴാണ് ദൈവപരിപാലനം പാലയ്ക്കലച്ചനെയും
പോരൂക്കരയച്ചനെയും ചാവറയച്ചനെയും കൂട്ടിമുട്ടിക്കുവാൻ അവസരമൊ
രുക്കിയത്. 1828ൽ മൗറേലിയൂസ് സ്തബിലിനിമെത്രാൻ ബോംബെയിൽ നിന്ന്
ഇടക്കാല ചുമതലയിൽ വരാപ്പുഴ വികാരിയാത്തിന്റെ സാരഥ്യം ഏറ്റെടുത്തു.
പാലയ്ക്കൽ തോമ്മാമല്പാനുമായുള്ള ആലോചനയുടെ ഫലമായി പോരൂ
ക്കര തോമ്മാച്ചനെ അദ്ദേഹത്തിന്റെ സെക്രട്ടറിയായി തിരഞ്ഞെടുത്ത് വരാ
പ്പുഴയിലേക്ക് കൊണ്ടുവന്നു. വരാപ്പുഴയും, പള്ളിപ്പുറവും, അർത്തുങ്കലും
തോമ്മാച്ചന്മാരുടെ സംഗമവേദികളായി. ഇവർ കേരളസഭയുടെ അവസ്ഥയെ
ക്കുറിച്ചു ചിന്തിച്ചു. വ്യത്യസ്ത തലത്തിലുള്ള അവരുടെ അനുഭവസമ്പത്ത്
പരസ്പരം പങ്കുവെച്ച്, ഒന്നുചേരുക, ഒന്നിച്ചു പ്രാർത്ഥിച്ചു ശക്തിനേടുക,
ഏറിയ നന്മകൾ ചെയ്യുവാൻ ഒന്നിച്ചു പ്രവർത്തിക്കുക എന്ന തീരുമാനത്തിൽ
അവരെത്തി. പാലയ്ക്കൽ മല്പാനച്ചന്റെ മനസ്സിനു മുഴുവനും ചേർന്നു നട
ക്കണമെന്നുള്ള അഭിപ്രായത്തിൽ ചെറുപ്പം മുതൽ നിശ്ചയിച്ചവനായി ചാവറ
കുര്യാക്കോസ് അച്ചനും ശെമ്മാശ്ശനായിരിക്കുമ്പോൾ മുതൽക്കേ ഇവരുടെ
ചിന്തകളും ആശയങ്ങളും ഉൾക്കൊണ്ടുപോന്നിരുന്നു. വൈദികരുടെ ഇടയിൽ
ഒരു സന്യാസസഭ ആരംഭിക്കുക എന്ന അവരുടെ ആഗ്രഹതീരുമാനം സ്തബ
ലിനിമെത്രാന്റെ മുമ്പിൽ എത്തുകയും വിലയിരുത്തപ്പെടുകയും ചെയ്തു;
അദ്ദേഹം സന്തോഷപൂർവ്വം അവർക്കനുവാദവും കൊടുത്തു.[22]

തുടർന്ന് മൂന്നുപേരുടെയും ജോലികൾ വിഭജിക്കപ്പെട്ടു. സ്ഥലമന്വേഷ
ണത്തിനും ഇതിനാവശ്യമായ പണപ്പിരിവിനും പോരൂക്കരയച്ചൻ നേതൃത്വ
മെടുത്തു. പള്ളിപ്പുറം സെമിനാരിയുടെ ചുമതല പാലയ്ക്കലച്ചനായി. ചാവ
റയച്ചൻ തുടക്കത്തിൽ ഈ രണ്ടുപേരേയും ആവശ്യാനുസരണം സഹായി
ച്ചുപോന്നു. ഒപ്പം മാന്നാനത്തു പണികൾ ആരംഭിച്ചപ്പോൾ അതിന്റെ
മേൽനോട്ടം നിർവ്വഹിച്ചു.[23]

വിശുദ്ധരുടെ അടയാളമാണ് പ്രതിസന്ധികളിൽ ദൈവത്തിൽ ആശ്ര
യിക്കുക എന്നത്. ഇങ്ങനെയുള്ള അവസരങ്ങളിൽ ദൈവപരിപാലനയുടെ

കരങ്ങൾ അവർ കണ്ടെത്തും. അധികാരികളോടുള്ള വിധേയത്വമാണ് ദൈവ തിരുമനസ്സ് തിരിച്ചറിയാനുള്ള വഴി എന്ന് അവർ തിരിച്ചറിഞ്ഞു. മാന്നാനത്ത് ആശ്രമത്തിനുള്ള പണികൾ തകൃതിയായി നടന്നുകൊണ്ടിരിക്കുമ്പോൾ ചില തെറ്റിദ്ധാരണകളുടെ പേരിൽ മെത്രാൻ പോരൂക്കര അച്ചനേയും ചാവറയച്ച നേയും മറ്റു പള്ളികളുടെ ചുമതലകൊടുത്ത് മാന്നാനത്തുനിന്ന് പറഞ്ഞ യച്ചു. മാന്നാനത്ത് പണികൾ തുടരുവാൻ നിവൃത്തിയില്ലാതെ വന്നു. പ്രശ്ന ങ്ങൾ വരുമ്പോൾ പലർകൂടി ആലോചിച്ചാൽ പരിഹാരമാർഗ്ഗങ്ങൾ കണ്ടെ ത്താൻ എളുപ്പമാകും. രണ്ടുപേരും പാലയ്ക്കലച്ചനെ സമീപിച്ച് കാര്യങ്ങൾ വിലയിരുത്തി. പ്രശ്നങ്ങൾക്ക് അവർ പുതിയൊരു മാനം കണ്ടെത്തി. *മേൽ പട്ടക്കാരുടെ കല്പന ദൈവത്തിന്റെ തിരുമനസ്സാകയാലും ഒരുപക്ഷേ, നമ്മുടെ ചൊൽവിളി പരീക്ഷിക്കാനായിട്ട് കൽപ്പിച്ചതോ എന്നും അറിയാൻ വയ്യ എന്ന തിനാലും യാതൊരു സങ്കടവും പറയാതെ പോകണമെന്നാണത്രെ എനിക്കു തോന്നുന്നത്* എന്ന പോരുക്കരയച്ചന്റെ വാക്കുകൾ അനുസരിച്ച് പുതിയ ജോലിരംഗങ്ങളിലേക്ക് പരാതികൂടാതെ അവർ പോവുകയും ചെയ്തു.[24] ഇവ രുടെ സ്വഭാവവൈശിഷ്ട്യം തിരിച്ചറിഞ്ഞ് അതിനകം തെറ്റിദ്ധാരണകൾ മാറി മെത്രാൻ താമസിയാതെ ഇവരെ വീണ്ടും തിരിച്ചുവിളിച്ച് മാന്നാനത്തെ പണി കൾ തുടരുവാൻ അനുവദിച്ചു.

മാന്നാനത്തു സെമിനാരി തുടങ്ങുന്നതിനെക്കുറിച്ച് വളരെ വ്യത്യസ്ഥമായ ആശയങ്ങളായിരുന്നു പാലയ്ക്കലച്ചനും പോരൂക്കരയച്ചനും ഉണ്ടായിരുന്നത്. സെമിനാരി നടത്തിയിരുന്ന പലസ്ഥലങ്ങളും കാലക്രമേണ നശിച്ചിട്ടുള്ള ചരിത്രമാണുള്ളതെന്ന ഭീതിപോലും പോരൂക്കര തോമ്മാച്ചനുണ്ടായിരുന്നു. എന്നിട്ടും പാലയ്ക്കലച്ചന്റെ താല്പര്യത്തിന് മുൻഗണന കൊടുത്തു എന്നു മാത്രമല്ല, പിന്നീട് പരിശീലനരംഗത്ത് വേണ്ട ക്രമീകരണങ്ങളൊക്കെ ചെയ്തു കൊടുക്കുകയും ചെയ്തു. സെമിനാരിക്കാരെ പഠിപ്പിക്കുന്നതിലും തല്പര നായിരുന്നു പോരൂക്കരയച്ചൻ.[25]

പ്രശ്നം വരുമ്പോൾ പരസ്പരം ആലോചിക്കുകയും തന്റെ താല്പര്യ ങ്ങൾ വിട്ടുപോലും മറ്റുള്ളവരോടു സഹകരിക്കുകയും ചെയ്യുമായിരുന്ന പോരൂക്കരയച്ചന്റെ സമീപന രീതികൾ ചാവറയച്ചനെ ജീവിതത്തിൽ സ്വാധീ നിച്ച മാതൃകകളായിരുന്നു.

പോരുക്കരയച്ചൻ വിശുദ്ധ യൗസേഫ് പിതാവിനോടുള്ള വലിയ ഭക്ത നായിരുന്നു എന്നു മാത്രമല്ല, ഈ ഭക്തി പ്രചരിപ്പിക്കുവാൻ പല കർമ്മപദ്ധ തികളും ആവിഷ്ക്കരിക്കയും ചെയ്തിരുന്നു.[26] പാലയ്ക്കലച്ചന്റെ ജീവിത ത്തിൽ നിന്നു പരിശുദ്ധ അമ്മയോടുള്ള ഭക്തിയും പോരൂക്കരയച്ചനിൽ നിന്ന് വിശുദ്ധ യൗസേഫ് പിതാവിനോടുള്ള ഭക്തിയും ചാവറയച്ചൻ സ്വായത്തമാ ക്കിയതിന്റേയും കൂടി ഫലമായിരിക്കണം അദ്ദേഹം തിരുഃകുടുംബത്തിന്റെ ഇത്ര വലിയ ഭക്തനായി മാറിയത്.

സന്യാസ സഭയെ വളർത്തിയെടുക്കുന്നതിനും, *പദ്രുവാദോശീശ്മയെ* നിർവ്വീര്യമാക്കുന്നതിനും ഇടവകകളുടെ നവീകരണത്തിനും കഠിനാദ്ധ്വാനം ചെയ്തു അവശനായിത്തീർന്ന പോരൂക്കരയച്ചന് അതിനിടയിൽ കടുത്ത പ്രമേഹരോഗവും പിടിപെട്ടു. 1843ൽ വിശുദ്ധ കുർബ്ബാന തിരുന്നാൾ കഴിഞ്ഞ ഉടൻ രോഗങ്ങൾ വർദ്ധിച്ചു. ചികിത്സകൾ പലതും നടത്തിയെങ്കിലും വലിയ വ്യത്യാസം ഉണ്ടായില്ല. 1846ൽ കല്ലൂർക്കാട്ടു പോയി കുറച്ചുനാൾ വീട്ടിൽ താമസിച്ചുനോക്കി. ഡിസംബർ 27-നു രോഗം പെട്ടെന്നു വർദ്ധിച്ചു. രോഗീ ലേപനവും വിശുദ്ധകുർബ്ബാനയും സ്വീകരിച്ചു. മാന്നാനത്തേയ്ക്ക് കൊണ്ടു പോകണമെന്ന് പോരൂക്കരയച്ചൻ നിർബന്ധിക്കയാൽ രോഗത്തിനല്പം ശമനം വന്നപ്പോൾ അവിടേയ്ക്ക് കൊണ്ടുപോയി.

ചാവറയച്ചനുമായി അവസാന സുകൃതസംഭാഷണങ്ങൾ നടത്തുകയും അദ്ദേഹത്തോട് കുമ്പസാരിക്കയും ചെയ്തു. 1846 ജനുവരി 8-ാം തീയതി വൈകുന്നേരത്തോടെ രോഗം കലശലായി. രാത്രി 11 മണിയോടെ അല്പം ആശ്വാസമായി. അദ്ദേഹം സമയം ചോദിച്ചറിഞ്ഞു. അവസാനാശീർവ്വാദം ചോദിച്ചുവാങ്ങിയശേഷം ഈശോമറിയം യൗസേഫിന്റെ തിരുഃസ്വരൂപങ്ങൾ വാങ്ങി ചുംബിച്ചുകൊണ്ട് പോരൂക്കര തോമ്മാമല്പാൻ നിത്യതയിലേക്ക് പ്രവേശിച്ചു. 9-ാം തീയതി മാന്നാനം ആശ്രമദേവലായത്തിൽ അഴിയുടെ അടുത്ത് നടുവിലായി സംസ്ക്കരിക്കപ്പെട്ടു.[27]

തന്റെ ഉറ്റമിത്രവും സന്യാസ സഭയുടെ രൂപീകരണത്തിൽ സഹപ്രവർത്ത കനുമായിരുന്ന പോരൂക്കര തോമ്മാച്ചന്റെ ജീവിതം പല മേഖലകളിലും ചാവറയച്ചന്റെ ജീവിതത്തിനു മുതൽക്കൂട്ടായിരുന്നു. പ്രാർത്ഥനയിൽ നിന്നും ഉയിർക്കൊണ്ട പ്രവർത്തനമായിരുന്നു പോരൂക്കരയച്ചന്റേത്. യൗസേഫ് പിതാവിനോടുള്ള അദ്ദേഹത്തിന്റെ പുത്രനിർവ്വിശേഷമായ ഭക്തിയും വിശ്വാസവും അദ്ദേഹത്തെ അത്ഭുതപ്രവർത്തകനായും മാറ്റി. മാന്നാനത്തെ ആശ്രമത്തിനുള്ള തുടക്കകാലത്ത് കാടുവെട്ടിത്തെളിച്ച് കുരിശുനാട്ടിയ ദിന ത്തിൽ വിഷം ബാധിച്ച ബാലനെ വിശുദ്ധ യൗസേഫിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന കൊണ്ടു മാത്രം രക്ഷിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.[28] ദൈവ ജനത്തിനുവേണ്ടി എന്തു ത്യാഗവും സ്വീകരിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ സന്നദ്ധതയും അവരുടെ ആത്മീയ വളർച്ചക്കുവേണ്ടിയുള്ള ഇടപെടലു കളിലെ ബദ്ധതയും ചാവറയച്ചനെ വളരെയധികം ആകർഷിച്ചിട്ടുണ്ട്. ആരാ ധനാക്രമം ഭക്തിനിർഭരമാക്കുന്നതിൽ തൽപ്പരനായിരുന്ന പോരൂക്കരയച്ചൻ ആരാധനാ ഗീതങ്ങൾ പാടുവാൻ വാദ്യോപകരണങ്ങൾ ഉപയോഗിക്കുന്ന പതിവിനു തുടക്കം കുറിച്ചിരുന്നു. ഇതിൽ നിന്നുള്ള പ്രചോദനം ആരാധന ക്രമ ഏകീകരണത്തിന് തൂക്കാസ ഉണ്ടാക്കുന്നതിലും, കാനോന നമസ്ക്കാരം ക്രോഡീകരിക്കുന്നതിലും കുർബ്ബാന കലണ്ടർ ഉണ്ടാക്കുന്നതിലുമൊക്കെ ചാവറയച്ചന് പ്രേരണയായിട്ടുണ്ടായിരിക്കണം.

## കണിയാന്തറ സഹോദരൻ

ദൈവവിളിയുടെ കാര്യത്തിൽ ദൈവനിശ്ചയത്തെ മറികടക്കുവാൻ ആർക്കും സാദ്ധ്യമല്ല. ദൈവം നിശ്ചയിക്കുന്ന സമയംവരെ മനുഷ്യന് കാത്തു നിൽക്കുവാൻ സാധിക്കും എന്നതിന് ഉത്തമ തെളിവാണ് കണിയാന്തറ യാക്കോബ്. സി. എം. ഐ. സഭയുടെ തുടക്കം മുതൽ ഒരംഗത്തെപ്പോലെ ജീവിക്കയും നീണ്ട മുപ്പത്തഞ്ചു വർഷങ്ങൾക്കുശേഷം മാത്രം സന്യാസ അംഗത്വം ലഭിക്കുകയും ചെയ്ത ഒരു വ്യക്തിയാണദ്ദേഹം. സഭയുടെ രൂപീകരണത്തിൽ അദ്ദേഹവും ഒരു കണ്ണിയായിത്തീരണം എന്നതു ദൈവ നിശ്ചയമായിരുന്നു. സി.എം.ഐ. സഭയിൽ അവൈദിക സമൂഹം ഉണ്ടാകു വാനും അദ്ദേഹം ദൈവപരിപാലനയാൽ നിമിത്തമായി. യാക്കോബു സഹോ ദരനായിരുന്നു ഇത്തരത്തിലുള്ള ആദ്യ അംഗം.

1871നുശേഷം കണിയാന്തറ യാക്കോബു സഹോദരൻ സ്വയം എഴുതി യ ചരിത്രത്തിൽ നിന്നാണ്,[29] അദ്ദേഹത്തെക്കുറിച്ചുള്ള കൂടുതൽ അറിവു കൾ ലഭിക്കുന്നത്. ഇതുകൂടാതെ ചാവറയച്ചന്റെ *നാളാഗമത്തിൽ* നിന്നും മാന്നാനത്തു സൂക്ഷിച്ചിരിക്കുന്ന താളിയോലകളിൽ നിന്നും അദ്ദേഹത്തെ നേരിട്ടു കണ്ടിട്ടുള്ള ആളുകളിൽ നിന്നു കിട്ടിയ സൂചനകളിൽ നിന്നുമാണ് യാക്കോബു സഹോദരനെക്കുറിച്ചുള്ള മറ്റു വിവരങ്ങൾ ലഭ്യമാകുന്നത്. ഇവ യെല്ലാം ചേർത്ത് ബ്രദർ മത്തായി കൊച്ചുപറമ്പിൽ അദ്ദേഹത്തിന്റെ ജീവ ചരിത്രം എഴുതിയിട്ടുണ്ട്.

പോരൂക്കര തോമ്മാച്ചന്റെ കൂട്ടുകാരനും ഇടവകക്കാരനുമായ യാക്കോബ് 1800 ജനുവരി 6ന് ജനിച്ചു. തോമ്മാച്ചൻ വരാപ്പുഴ സെമിനാരിയിൽ ചേർന്നു. യാക്കോബ് കുടുംബകാര്യങ്ങളിൽ വ്യാപൃതനായി. തുടർന്നുള്ള സംഭവങ്ങൾ യാക്കോബു തന്നെ വിവരിക്കുന്നുണ്ട്. ഡീക്കനായിരുന്ന തോമ്മാച്ചൻ 1822ലെ അവധിക്കു വീട്ടിൽ വന്നപ്പോഴാണ് *വനവാസം* എന്ന ഏകാന്ത ജീവിതത്തെ ക്കുറിച്ച് ആലോചിക്കുന്നത്. പട്ടമേറ്റുവന്നാൽ രണ്ടുപേർക്കും കൂടി വനവാസ ത്തിനു പോകാം എന്നതായിരുന്നു പോരൂക്കര അച്ചന്റെ ആഗ്രഹം. എങ്കിലും 1823ൽ പട്ടമേറ്റതുമുതൽ വികാരി ജോലിയിൽ മുഴുകുവാനായിരുന്നു അദ്ദേഹത്തിനു നിയോഗം. സ്വന്തം ഇടവകയിൽ തന്നെ വികാരിയായി മൂന്നു നാലു വർഷം പ്രവർത്തിച്ചിരുന്നതിനിടയിൽ രണ്ടുപേരും വനവാസത്തിനു പോകുന്നതിനെക്കുറിച്ച് സംസാരിക്കുന്നതായി തുടർന്നു സൂചനകളൊന്നു മില്ല. പിന്നീട് 1828ൽ കൊല്ലം തങ്കശ്ശേരിപള്ളി വികാരിത്വം നിർത്തി വരാപ്പു ഴയ്ക്ക് മൗറേലിയൂസ് സ്തബിലിനി മെത്രാന്റെ സെക്രട്ടറിയായി പോകുന്ന വഴിക്കാണ് പഴയ ഓർമ്മകൾ രണ്ടുപേരുംകൂടി പുതുക്കാനും പുതിയ തീരുമാ നവുമായി രണ്ടുപേരും കൂടി വരാപ്പുഴയ്ക്കു പോകാൻ തീരുമാനമെടുക്കു വാനും ഇടവരുന്നത്. ഇതിനിടയിൽ ആദ്യത്തെ തീരുമാനങ്ങൾക്കനുസരിച്ച്

നടപടികൾ ഉണ്ടാകാതിരുന്നതുകൊണ്ട് കണിയാന്തറ യാക്കോബ് വിവാഹത്തിനുള്ള തീരുമാനം എടുത്തിട്ടുണ്ടായിരുന്നു.[30] വനവാസ ജീവിത സങ്കല്പം വീണ്ടും ഉയിരെടുത്തതോടെ അദ്ദേഹം വിവാഹതീരുമാനം വേണ്ടെന്നുവയ്ക്കുകയായിരുന്നു. തുടർന്നുള്ള യാക്കോബിന്റെ ജീവിതം അർപ്പണത്തിന്റെയും ഔദാര്യത്തോടെയുള്ള പങ്കുവെക്കലിന്റേതുമായിരുന്നു. സന്യാസ സഭ തുടങ്ങുവാനുള്ള അനുവാദം അച്ചന്മാർക്കു കിട്ടിയതു മുതൽ യാക്കോബും അവരോടൊപ്പമുണ്ടായിരുന്നു. സ്ഥലാന്വേഷണങ്ങൾക്കും, സർക്കാരാപ്പീസിൽ പോകുന്നതിനും, മാന്നാനത്ത് സ്ഥലം കണ്ടെത്തിയതു മുതൽ മറ്റിതര പ്രവർത്തനങ്ങൾക്കും എല്ലാം.[31]

സന്യാസ സഭയ്ക്ക് പുതിയ ആശ്രമങ്ങൾ ഉണ്ടായതിനുശേഷം യാക്കോബിന്റെ സേവനങ്ങൾ കൂനമ്മാവിലും, ഏൽത്തുരുത്തിലും അമ്പഴക്കാട്ടും വാഴക്കുളത്തും നിർബ്ബാധം ലഭിച്ചിട്ടുണ്ട്. 1831 മുതൽ സഭയുടെ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന അദ്ദേഹത്തിന് അവൈദിക സഹോദരനായി സന്യാസവ്രതം അർപ്പിക്കുവാൻ നിയമപരമായി അവസരം കിട്ടിയത് 1865ൽ ആണ്. അന്നാണ് ഭാരതീയരാൽ സ്ഥാപിക്കപ്പെട്ട സന്യാസ കൂട്ടായ്മയിൽ ഭാരതീയനായ അവൈദികർ ആദ്യമായി സന്യാസവ്രതം അർപ്പിച്ചത്.[32] സാഹചര്യങ്ങൾക്കും ആവശ്യങ്ങൾക്കുമനുസരിച്ച് യാക്കോബു സഹോദരൻ പല സ്ഥാപനങ്ങളിലും മാറി മാറിത്താമസിച്ചിരുന്നു എങ്കിലും 1884 മുതൽ മരണം വരെ മാന്നാനത്തുതന്നെയായിരുന്നു താമസിച്ചിരുന്നത്.

യാക്കോബു സഹോദരൻ അദ്ധ്വാനത്തിന്റെ മനുഷ്യനായിരുന്നു; അതുപോലെ അനുസരണത്തിന്റെയും വിധേയത്വത്തിന്റെയും. പ്രത്യേക പഠനയോഗ്യതകളൊന്നുമില്ലാതിരുന്നതുകൊണ്ട് വ്യതാർപ്പിത ജീവിതത്തിന് യോഗ്യനാണെന്നദ്ദേഹം ഒരുപക്ഷേ 1865 വരെ ചിന്തിച്ചിട്ടുണ്ടാകില്ല. എങ്കിലും ദൈവം ഈ അദ്ധ്വാനശാലിക്ക് 98 വയസ്സുവരെ ആയുസ്സു നൽകിയത് അദ്ധ്വാനത്തിന്റെ ആത്മീയത പങ്കുവെക്കാനായിട്ടായിരിക്കണം. *നിനക്കു ചെയ്യാനുള്ളതെല്ലാം ചെയ്തു കഴിയുമ്പോൾ ഒന്നുമർഹിക്കാനില്ലാത്തവനെപ്പോലെ കരുതുക* എന്ന യേശുക്രിസ്തുവിന്റെ നിർദ്ദേശത്തിൽ വലിയൊരാദ്ധ്യാത്മികതയുണ്ട്. അതിനുള്ള മകുടോദാഹരണമായിരുന്നു കണിയാന്തറ യാക്കോബു സഹോദരൻ. ജീവിതത്തിലെ അവസാനത്തെ 33 വർഷം സമ്പൂർണ്ണ വ്രത സമർപ്പണത്തിലൂടെയും അദ്ദേഹം ദൈവത്തെ മഹത്വപ്പെടുത്തി.

ദൈവമാതാവിനോടുള്ള ഭക്തി അദ്ദേഹത്തിൽ സുദൃഢമായിരുന്നു. തന്റെ ദൈവവിളി എന്തെന്ന് സ്പഷ്ടമായി കിട്ടുന്നതിന് അദ്ദേഹം സമീപിച്ചത് കല്ലൂർക്കാട്ട് പള്ളിയിലെ പരിശുദ്ധ അമ്മയേയാണ്. വാർദ്ധക്യകാലത്ത് മാതാവിന്റെ തിരുഃസ്വരൂപം പുഷ്പം ചാർത്തിയലങ്കരിക്കുക അദ്ദേഹത്തിന് സന്തോഷകരമായ ഒരു പ്രവർത്തിയായിരുന്നു. കർമ്മലമാതാവിന്റെ തിരുനാളിനുള്ള

നൊവേനയുടെ ഏഴാംദിനത്തിലാണ് 1898 ജൂലായ് 13-ാം തീയതി അദ്ദേഹം അന്തരിച്ചത്.[33]

സഭയുടെ തുടക്കം മുതൽ 70 വർഷത്തോളമുള്ള അതിന്റെ പ്രയാണത്തിലെ സുഖദുഃഖങ്ങളിൽ ഏറ്റം അടുത്ത് ഇടപെട്ട്, അതിന്റെ വളർച്ചയിലെ വിവിധ ഘട്ടങ്ങളിൽ അനുഭവപ്പെട്ട നിരവധി പ്രതിസന്ധികളെ കണ്ടറിഞ്ഞ്, വൈദിക അംഗങ്ങൾക്ക് എപ്പോഴും തുണയും പ്രോത്സാഹനവുമായിരുന്നു, മാതൃകാപരമായി സന്യാസജീവിതം നയിച്ച കണിയാന്തറ യാക്കോബ് സഹോദരൻ സഭയിലെ ആദ്യത്തെ സന്യാസ സഹോദരനും കൂടിയാണ്. പാലയ്ക്കലച്ചന്റെയും പോരൂക്കരയച്ചന്റെയും ചാവറയച്ചന്റെയും വലംകൈ ആയി പ്രവർത്തിച്ചിരുന്ന ഇദ്ദേഹം സി.എം.ഐ. സഭയുടെ ആദ്യപിതാക്കളിൽ ഒരുവൻ എന്ന ആദരവിന് തികച്ചും അർഹനാണ്. ചാവറയച്ചനാകട്ടെ, ഈ മൂന്നു പിതാക്കന്മാരുടെ ജീവിതം പല അളവിലും മാർഗ്ഗദീപമായിട്ടുണ്ട്. മറ്റുള്ളവരിൽ നിന്നുള്ള സ്തുതിബഹുമാനങ്ങൾക്കു വേണ്ടി കാത്തു നിൽക്കാതെ നന്മ ചെയ്യുവാനും മറ്റുള്ളവരെ ശുശ്രൂഷിക്കുവാൻ കിട്ടുന്ന അവസരങ്ങളെല്ലാം ഉപകരിപ്പിക്കുവാനും ചാവറയച്ചനുണ്ടായിരുന്ന കഴിവിന് മാറ്റു കൂട്ടിയത് കണിയാന്തറ സഹോദരന്റെ കൂടി സാന്നിദ്ധ്യവും മാതൃകയും കണ്ടുള്ള പ്രചോദന പിൻബലവും തൽപ്രേരിത പ്രവർത്തനങ്ങളുമാകണമല്ലോ...

■

# പരാമർശ സൂചിക

1. 16-ാം നൂറ്റാണ്ടോടുകൂടി ഇന്ത്യയുടെ തെക്കൻ പ്രദേശങ്ങൾ പോർച്ചുഗീസുകാരുടെ നിയന്ത്രണത്തിൽ വന്നു. പോർച്ചുഗല്ലിലെ രാജാവും പരിശുദ്ധ സിംഹാസനവും തമ്മിലുണ്ടാക്കിയ ഒരു വ്യവസ്ഥപ്രകാരം പോർച്ചുഗീസുകാരുടെ കോളനിയിൽ മിഷൻ പ്രവർത്തനം നടത്തുന്നവരുടെമേൽ പോർച്ചുഗൽ രാജാവിന് പ്രത്യേക അധികാരം (പദ്രുവാദോ) ലഭിച്ചു. അതിൻപ്രകാരം 1534ൽ ഗോവയിലും 1558ൽ കൊച്ചിയിലും രണ്ടു പദ്രുവാദോ രൂപതകൾ ഉണ്ടായി. ഗോവയുടെ ആർച്ച്ബിഷപ്പായിരുന്ന മെനേസിസ്സിന്റെ ഏറെനാളത്തെ ആസൂത്രണങ്ങളുടെ ഫലമായി 1599ൽ ഉദയംപേരൂരിൽ ഒരു സൂനഹദോസ് വിളിച്ചുകൂട്ടി. ഇതു വഴി നൂറ്റാണ്ടുകളായി കേരള സഭയും പേർഷ്യൻ സഭയും തമ്മിൽ ഉണ്ടായിരുന്ന ബന്ധം പൂർണ്ണമായും വിഛേദിക്കപ്പെട്ടു. മാർത്തോമാ ക്രിസ്ത്യാനികളുടെ ആരാധനാക്രമത്തിലും ആചാരാനുഷ്ഠാനങ്ങളിലും കാര്യമായ വ്യത്യാസം വരുത്തുകയും ലത്തീൻ റീത്തിലെ അനുഷ്ഠാനങ്ങൾ നടപ്പിലാക്കുകയും ചെയ്തു. സുറിയാനിക്കാരുടെ ആസ്ഥാനം അങ്കമാലിയിൽ നിന്നു 1605ൽ കൊടുങ്ങല്ലൂരിലേയ്ക്ക് മാറ്റി. ഇതെല്ലാം മൂലമുണ്ടായ ജനരോഷം 1653ലെ കൂനംകുരിശ് സത്യത്തിനും, തുടർന്നുണ്ടായ *ശീശ്മ*യ്ക്കും തൽഫലമായി അതുവരെ ഒന്നായി കഴിഞ്ഞിരുന്ന മലബാർ സഭ പലതായി വിഭജിക്കുന്ന അവസ്ഥയ്ക്കും കാരണമായി.

   Fr. Placid Bertholomew and Co., Carmelite Congregation of Malabar 1831-1931,3,4.
2. ചാവറയച്ചൻ *നാളാഗമം* 173
3. മാന്നാനം *നാളാഗമം* Vol. 1.1
4. ചാവറയച്ചൻ. *നാളാഗമം* 73
5. ചാവറയച്ചൻ. *നാളാഗമം* 67
6. ചാവറയച്ചൻ. *നാളാഗമം* 74
7. തോമസ് പന്തപ്ലാക്കൽ, *ചാവറയച്ചൻ.* അദ്ധ്യായം 3, 48
8. ചില കത്തുകളും ജീവിചരിത്രങ്ങളും, സെന്റ് ജോസഫ് ആർക്കൈവ്സ്, മാന്നാനം, സി.എം.ഐ. സ്പെഷ്യൽ; സ്ഥാപകപിതാക്കന്മാർ, മാന്നാനം 1905 reprint, Cochin, 1989, 1,2, *ചാവറയച്ചൻ സമ്പൂർണ്ണ കൃതികൾ* Vol. 1, *നാളാഗമം*, മാന്നാനം, 1981, 60, 61.
9. ചാവറയച്ചൻ. *നാളാഗമം*, 62
10. ചാവറയച്ചൻ. *നാളാഗമം*, 67
11. ചാവറയച്ചൻ. *നാളാഗമം*, 65
12. ചാവറയച്ചൻ. *നാളാഗമം*, 1, 75
13. കൂനമ്മാവ് മാർ യൗസേഫ് പുണ്യവാളന്റെ കൊവേന്തയുടെ *നാളാഗമം* (കൈയ്യെഴുത്ത്) രേഖ ഈടുവെപ്പ്, മാന്നാനം 17, 18, 20. ക.ദി.മു.സ. പാറപ്പുറത്തു വർക്കിയച്ചൻ എഴുതിയുണ്ടാക്കിയ ചരിത്രം എന്നാണ് കൈയ്യെഴുത്തു

പ്രതിയുടെ തലവാചകമായി എഴുതിയിരിക്കുന്നത്. വർക്കി, പാറപ്പുറത്ത്, സഭാ ചരിത്രം എന്നായിരിക്കും അടിക്കുറിപ്പിൽ തുടർന്നു കൊടുക്കുക.

14. ചാവറയച്ചൻ. *നാളാഗമം,* 62, 68, 74
15. ചാവറയച്ചൻ. *നാളാഗമം,* 69, 70
16. ചാവറയച്ചൻ. *നാളാഗമം,* 24, 25
17. ചാവറയച്ചൻ. *നാളാഗമം,* 65, 66, 72-74
18. ചാവറയച്ചൻ. *നാളാഗമം,* 76, ചില കത്തുകളും ജീവചരിത്രങ്ങളും, 134-138
19. *സ്ഥാപകപിതാക്കന്മാർ,* മാന്നാനം, 19-20
20. മാന്നാനം, *നാളാഗമം,* Vol. 1,1
21. *സ്ഥാപകപിതാക്കന്മാർ,* മാന്നാനം, 21-22
22. ചാവറയച്ചൻ. *നാളാഗമം,* 1-3, 26
23. മാന്നാനം, *നാളാഗമം,* Vol. 1,10
24. ചാവറയച്ചൻ. *നാളാഗമം,* 28,29
25. ചാവറയച്ചൻ. *നാളാഗമം,* 33 - 37, 46
26. *സ്ഥാപകപിതാക്കന്മാർ,* മാന്നാനം, 21-25
27. ചാവറയച്ചൻ. *നാളാഗമം,* 43, 52, 54, 55, *സ്ഥാപകപിതാക്കന്മാർ,* 28-30
28. ചാവറയച്ചൻ. *നാളാഗമം,* 23, 24, മാന്നാനം. *നാളാഗമം,* Vol. 1,10
29. ചാവറയച്ചൻ. *നാളാഗമം,* 23, 24, മാന്നാനം. *നാളാഗമം,* Vol. 1-ന്റെ തുടക്കത്തിൽ കണിയാന്തറ യാക്കോബ് എഴുതിയ ചരിത്രം 12 പേജുകൾ ചേർത്തിരിക്കുന്നു.
30. ചാവറയച്ചൻ. *നാളാഗമം,* 23, 24, മാന്നാനം. *നാളാഗമം,* Vol. 1, 2, 3
31. ചാവറയച്ചൻ. *നാളാഗമം,* 8, 12-14, 18 മാന്നാനം. *നാളാഗമം,* Vol. 1,10
32. മത്തായി കൊച്ചുപറമ്പിൽ, *അറിയപ്പെടാത്ത കർമ്മയോഗി; ബ്രദർ കണിയാന്തറ യാക്കോബ്,* കൊച്ചി,1979, 74.
33. ബർണാഡ്, *സി.എം.ഐ. സഭാചരിത്രം,* മാന്നാനം, 282, 283. മത്തായി കൊച്ചുപറമ്പിൽ, *കണിയാന്തറ യാക്കോബ്,* 82-86.

## ആറ്

# അക്ഷരശുശ്രൂഷാവഴിയേ...

**വ്യ**ക്തികൾ ജീവിച്ചിരിക്കുമ്പോൾ ഒരിക്കൽ പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുവാനും ശ്രവിച്ച അതേ കാര്യങ്ങൾ മറ്റുള്ളവർക്ക് കൈമാറുവാനും സാധിക്കുന്നതിലൂടെ ഉച്ചരിക്കപ്പെട്ട വചനങ്ങൾ ജീവനുള്ളതാകുന്നു. എന്നാൽ വചനം പറഞ്ഞവരും ശ്രവിച്ചവരും മൺമറയുമ്പോൾ വചനങ്ങളും അതു പങ്കുവച്ച വ്യക്തികളും വസ്തുക്കളും ചരിത്രവ്യക്തികളുമായി മാറുന്നു. അവരിലൂടെ പങ്കുവയ്ക്കപ്പെട്ട വചനങ്ങൾ തുടർന്ന് മറ്റുള്ളവർ കൈമാറുമ്പോൾ സ്വാഭാവികമായ കൈമാറ്റചോർച്ചയിൽ സത്യത്തിൽ നിന്ന് അകന്നതായിത്തീരാം. എന്നാൽ ജീവിച്ചിരിക്കുമ്പോൾതന്നെ അവർ രേഖപ്പെടുത്തിയിട്ടുള്ള വചനങ്ങൾക്കു ആ ദുര്യോഗമില്ല. അവ ചരിത്രസത്യമായി മാറുകയും മാറ്റങ്ങൾക്കതീതമായ സത്യമായി തുടരുകയും ചെയ്യും. മൺമറഞ്ഞവർ ജീവിക്കുന്നത് പ്രധാനമായും അവർ പറഞ്ഞുവച്ച അല്ലെങ്കിൽ എഴുതിവെച്ച വചനങ്ങളിലൂടെയാണ്. ചാവറയച്ചന്റെ രചനകളാവട്ടെ ആ തേജഃസ്വിയുടെ നിത്യസ്മാരകങ്ങളും തുടർ ചൈതന്യവുമായി കാലത്തിന്റെ കലവറയിൽ സ്വരുക്കൂട്ടപ്പെട്ടിരിക്കുന്നു. ചാവറപിതാവിനെക്കുറിച്ച് പഠിക്കുന്നതിനും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ആഴങ്ങളിലേക്കിറങ്ങുന്നതിനും ചാവറ കൃതികളുടെ പഠനം അനിവാര്യമാണ്.

പരിശുദ്ധസിംഹാസനത്തിലെ *കോൺഗ്രിഗേഷൻ ഓഫ് റൈറ്റ്സ്*, 1955 ജൂലായ് 5-ാം തീയതി അയച്ച സർക്കുലർ പ്രകാരം ചങ്ങനാശ്ശേരി അതിരൂപതയിൽ, കുര്യാക്കോസ് ഏലിയാസ് ചാവറയച്ചന്റെ നാമകരണ നടപടികൾക്കുവേണ്ടി 1957-ൽ സ്ഥാപിച്ച *ഹിസ്റ്റോറിക്കൽ കമ്മീഷൻ* നടത്തിയ പഠനങ്ങളിലൂടെയാണ് ചാവറയച്ചന്റെ കൈപ്പടയിലുള്ള രേഖകളെല്ലാം ശേഖരിച്ചത്. ചാവറയച്ചന്റെ നാമകരണനടപടികൾക്കാവശ്യമായ രേഖകളെല്ലാം ശേഖരിക്കുവാൻ ചുമതലപ്പെടുത്തിയ കമ്മിറ്റിയിലെ അംഗമായ ഫാ. ആൻസലം പെരുമാലിൽ സി.എം.ഐ.യുടെ നേതൃത്വത്തിലായിരുന്നു ഇത്.

ചാവറയച്ചൻ ബന്ധപ്പെടാൻ ഇടവന്ന വ്യക്തികൾ ജീവിച്ചിരുന്നതും അവരുടെ ഓഫീസുകൾ പ്രവർത്തിച്ചിരുന്നതുമായ ഇടങ്ങൾ ഉൾപ്പടെ ഇന്ത്യ, ഇറ്റലി, വത്തിക്കാൻ, ഇറാക്ക്, പോർട്ടുഗൽ എന്നിവിടങ്ങളിലെ 42 സ്ഥലങ്ങളിലായുള്ള 66 രേഖാശേഖരശാലകൾ (Archives) പരിശോധിച്ച് ചാവറയച്ചനെക്കുറിച്ച് കണ്ടെത്താവുന്ന രേഖകളെല്ലാം ശേഖരിച്ചു.[1] ഇത്തരത്തിൽ ശേഖരിച്ച രേഖകൾ 1960-ൽ തിരുവനന്തപുരം കൈയ്യെഴുത്തുശാലയുടെ (M.S.S. Library)യുടെ അധിപനായിരുന്ന ശൂരനാട്ടു കുഞ്ഞൻപിള്ളയുടെ സഹായത്തോടെ അവിടുത്തെ വിദഗ്ദ്ധന്മാരും അന്ന് കേരളത്തിന്റെ ആഭ്യന്തരമന്ത്രി ആയിരുന്ന പി.ടി. ചാക്കോയുടെ സഹായത്തോടെ പോലീസ് ക്രൈം ഡിപ്പാർട്ട്മെന്റിലെ കൈയ്യക്ഷരവിദഗ്ദ്ധരും ചേർന്ന് നടത്തിയ വിലയിരുത്തലിലൂടെ സസൂക്ഷ്മ പരിശോധനയ്ക്കു വിധേയമാക്കി. ചാവറയച്ചൻ എഴുതിയതായി വിശ്വസിക്കപ്പെടുന്ന എല്ലാ രേഖകളും അവർ സഃനിഷ്ക്കർഷം പഠിച്ചു. അവയിൽ ഉപയോഗിച്ച കടലാസ്സ്, മഷി, കൈപ്പട, ഒപ്പ്, ഐകരൂപ്യം എന്നിവയെല്ലാം പഠനവിധേയമാക്കി.[2] ഇങ്ങനെ പരിശോധിച്ചതിൽ ചാവറയച്ചന്റേത് എന്ന് അസന്നിഗ്ദ്ധമായും സംശയാതീതമായും ബോദ്ധ്യപ്പെട്ടിട്ടുള്ള കൃതികളെക്കുറിച്ചു മാത്രമാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

112 രേഖകളാണ് ചാവറയച്ചന്റേതായി കണ്ടുകിട്ടിയിട്ടുള്ളത്. ഇതിൽ 97 എണ്ണം മലയാളത്തിലും 9 എണ്ണം സുറിയാനിയിലും ഒരെണ്ണം ലത്തീനിലും നാലെണ്ണം ഇറ്റാലിയനിലും ഒരെണ്ണം തമിഴിലുമാണ്. ഇവയെ ആശയങ്ങളുടെയും സാഹിത്യരൂപങ്ങളുടെയും പ്രത്യേകതകൾക്കനുസരിച്ച് നാലു വാല്യങ്ങളാക്കിയിരിക്കുന്നു. *നാളാഗമങ്ങൾ (വാല്യം-1), സാഹിത്യകൃതികൾ (വാല്യം-2), ആദ്ധ്യാത്മിക കൃതികൾ (വാല്യം-3), കത്തുകൾ (വാല്യം-4)* എന്നിവയാണ് അവ. ഇവ നാലും ചേർന്നതാണ് *ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ.*

ഓരോന്നിനെക്കുറിച്ചും അല്പംകൂടി വിശദമായ വിവരണം ആവശ്യമാണ്. ആ കൃതികളെക്കുറിച്ചുള്ള സമഗ്രമായ പഠനം കൂടാതെ ബഹുമുഖ പ്രഭാവനും, ആദ്ധ്യാത്മികാചാര്യനുമായ ചാവറയച്ചന്റെ വ്യക്തിത്വത്തിലെ വൈവിധ്യമാർന്ന വശങ്ങളെ ആഴത്തിൽ മനസ്സിലാക്കാൻ സാദ്ധ്യമല്ല. ആ കൃതികളിൽ മലയാളപദങ്ങൾക്കു പകരമായി അവിടവിടെ ഇടകലർത്തി കാണാനാകുന്ന തമിഴ്, സംസ്കൃതം, ലത്തീൻ, ഇറ്റാലിയൻ, പോർച്ചുഗീസ്, സുറിയാനി വാക്കുകളും, ഈ ഭാഷകൾ ഉപയോഗിച്ച് അദ്ദേഹം നടത്തിവന്ന കത്തിടപാടുകളും അദ്ദേഹത്തിന്റെ ബഹുഭാഷാ പാണ്ഡിത്യത്തെ തെളിയിക്കുന്നുണ്ട്.

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ മലയാള സാഹിത്യത്തിൽ മഹാകാവ്യം, ഖണ്ഡകാവ്യം, നാടകം, കവിതകൾ, ലേഖനങ്ങൾ, ചരിത്രം, ജീവചരിത്രം, പ്രഹസനങ്ങൾ, നാളാഗമങ്ങൾ എന്നീ ശാഖകളിലെല്ലാം കൈവച്ച അദ്ദേഹം അതാതവസരങ്ങളിൽതന്നെ അവയെല്ലാം പ്രസിദ്ധീകരിക്കാനും മുതിർന്നിരുന്നു എങ്കിൽ, അല്ലെങ്കിൽ അതിനുള്ള സംവിധാനങ്ങൾ അന്നാളുകളിൽ ലഭ്യമായിരുന്നുവെങ്കിൽ, പല സാഹിത്യ ശാഖകളുടെയും ഉപ

ജ്ഞാതാവായി അന്നേ അദ്ദേഹം അറിയപ്പെടാൻ ഇടവരുമായിരുന്നു എന്നതും ചരിത്രസത്യം തന്നെ. തന്റെ വ്യക്തിത്വത്തിന്റെ മൂന്നു വശങ്ങളായ ആത്മീയത, പ്രവർത്തനപരത, സാഹിതീനിപുണത എന്നിവ ഈ കൃതികളിലുടനീളം നിഴലിക്കുന്നുണ്ട്.

## നാളാഗമങ്ങൾ

1829-നും 1870-നും ഇടയിൽ മാന്നാനം, കൂനമ്മാവ് എന്നീ സ്ഥാപനങ്ങളിലിരുന്നുകൊണ്ട് ചാവറയച്ചൻ എഴുതിയ നാൾവഴി ചരിത്രമാണ് *നാളാഗമങ്ങൾ* എന്ന പേരിൽ അറിയപ്പെടുന്നത്. ഇവയെ അഞ്ചു വാല്യങ്ങളായി തിരിക്കാം. 1829 മുതൽ 1855 വരെയാണ് ഒന്നാമത്തെ വാല്യത്തിന്റെ രചനാ കാലം. രണ്ടാം വാല്യത്തിൽ 1855 മുതൽ 1870 വരെയുള്ള സംഭവങ്ങൾ പെടുന്നു. മൂന്നാമത്തെ വാല്യം 100 പേജുകളിലായി രചിക്കപ്പെട്ട *റോക്കോസ് കലാപ* ചരിത്രമാണ്. 1861നും 1864നുമിടയ്ക്കാണ് ഈ ചരിത്രം എഴുതപ്പെട്ടത്. അമ്പഴക്കാട് ആശ്രമത്തിന്റെ നാളാഗമമാണ് നാലാം വാല്യം. 1869ലാണ് ഇതെഴുതിയത്. കൂനമ്മാവിലാരംഭിച്ച കന്യാസ്ത്രീകൾക്കുള്ള മഠത്തിന്റെ ചരിതമാണ് 1866നും 1870നുമിടയിലെഴുതിയ അഞ്ചാം വാല്യം. ഈ അഞ്ചു വാല്യങ്ങളിലായി ചാവറയച്ചൻ കുറിച്ചുവെച്ച ചരിത്രസംഭവങ്ങളെല്ലാം ചേരുംപടി ഒന്നടുപ്പിച്ചടുക്കി വച്ചാൽ വ്യത്യസ്തങ്ങളായ നാലു ചരിത്ര പുസ്തകങ്ങൾ ആയിത്തീരുന്നു.

ഭാരതക്രൈസ്തവചരിത്രത്തിൽ ആദ്യമായി ഉദയംകൊണ്ട കേരളത്തിലെ രണ്ടു സന്യാസസഭകളുടെ തുടക്കത്തിന്റെയും ചാവറയച്ചൻ മരിക്കുന്നതു വരെയുമുള്ള അരനൂറ്റാണ്ടുകാലത്തെ അവയുടെ വളർച്ചയിലെ വിവിധ ഘട്ടങ്ങളുടെയും ചരിത്രമാണ് ഒന്നാമത്തേത്. *പ്രൊപ്പഗാന്ത, പദ്രുവാദോ* ഭരണ സംവിധാനങ്ങളിൽ കേരളസഭയെ ഭരിച്ചിരുന്ന മെത്രാന്മാരെക്കുറിച്ചും അവരോടൊപ്പമുള്ള മിഷനറിമാരെക്കുറിച്ചുമുള്ള ചരിത്രമാണ് രണ്ടാമത്തേത്. കേരള കത്തോലിക്കാസഭയെ പിടിച്ചുകുലുക്കിയ 19-ാം നൂറ്റാണ്ടിലെ ചില സംഭവങ്ങളും അതിലിടചേർന്ന വ്യക്തികളും ഉൾക്കൊള്ളുന്ന ചരിത്രമാണ് മൂന്നാമത്തേത്. സെമിനാരി റെക്ടറും സഭാസ്ഥാപനത്തിൽ മുൻപന്തിയിൽ നിന്നിരുന്നദേഹവുമായ പള്ളിപ്പുറത്ത് പാലയ്ക്കൽ തോമ്മാ മല്പാന്റെ ജീവചരിത്രമാണ് നാലാമത്തേത്. ഇവ നാലും കൂടിച്ചേർന്നാൽ 19-ാം നൂറ്റാണ്ടിലെ കേരളകത്തോലിക്കാസഭയുടെ ചരിത്രത്തിലെ സുപ്രധാന സംഭവങ്ങൾ മുക്കാലും അതിൽ ഉൾപ്പെട്ടെന്നു പറയാം.

തത്വദീക്ഷയും നീതിബോധവും സത്യസന്ധതയും കൈമുതലായുള്ള ചാവറയച്ചൻ പാലയ്ക്കൽ തോമാ മല്പാന്റെ ജീവചരിത്രം എഴുതിത്തുടങ്ങിയപ്പോൾ താൻ എഴുതാൻ പോകുന്നതിനെക്കുറിച്ചിപ്രകാരമാണ് ഹൃദയം തുറന്നത്:

*ഈ എഴുതുവാൻ പോകുന്ന സംഗതികൾ ഞാൻ കണ്ണുകൊണ്ട് കണ്ടതായിട്ടും വിശ്വാസമുള്ളവരിൽ നിന്നും കേട്ടതായിട്ടും ഉള്ളതത്രെയാകുന്നു.*

*ഈവണ്ണം ഞാൻ എഴുതുന്നുവെങ്കിലും ഞാൻ അറിയാത്തതായ മറ്റു ചില വിവരങ്ങളും ഉണ്ടായിരിക്കും. എങ്കിലും ഞാൻ അറിഞ്ഞിട്ടുള്ളതും എന്റെ ഓർമ്മയിൽ വരുന്നതുമായ സംഗതികൾ മാത്രം ഇവിടെ കാണിക്കുന്നു.*[3]

ഈ പ്രസ്താവന അദ്ദേഹത്തിന്റെ എല്ലാ കൃതികളേക്കുറിച്ചും സൂചിപ്പിക്കാവുന്നതാണ്.

നാലു തലക്കെട്ടുകളിലൂടെ തുടർന്നു നൽകുന്ന *നാളാഗമത്തിലെ* ഉള്ളടക്ക വിവരണങ്ങളിൽനിന്ന് ഗ്രന്ഥത്തെക്കുറിച്ചും ഗ്രന്ഥകാരനെക്കുറിച്ചും സാമാന്യം വ്യക്തമായ സൂചനകളും നമുക്കു ലഭിക്കുന്നുണ്ട്.

### രണ്ടു സന്യാസ സഭകൾ

കർമ്മലസഭാ നവീകരണരംഗത്ത് ആവിലായിലെ വിശുദ്ധ അമ്മ ത്രേസ്യ, വിശുദ്ധ ജോൺ ഓഫ് ദി ക്രോസ്സിനോടു ചേർന്ന് നടത്തിയ ശ്രമങ്ങളെക്കുറിച്ച് വിശുദ്ധ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. അവിടെ പുരുഷന്മാർക്കും സ്ത്രീകൾക്കുമായി താൻ സ്ഥാപിച്ച പുതിയ ആശ്രമങ്ങളെക്കുറിച്ചും മഠങ്ങളെക്കുറിച്ചും, അവയുടെ വളർച്ചയുടെ വിവിധഘട്ടങ്ങളെക്കുറിച്ചും, ഈ രംഗത്ത് പ്രവർത്തനാരംഭനാളുകളിൽ അനുഭവിക്കേണ്ടിവന്ന പ്രതിസന്ധികളെക്കുറിച്ചും അമ്മ ത്രേസ്യ The Book of Foundations എന്ന കൃതിയിൽ വിവരിക്കുന്നുണ്ട്. ഈ അർത്ഥത്തിൽ കേരളത്തിൽ ഏതദ്ദേശീയമായി രൂപംകൊടുത്തു വളർത്തിയെടുത്ത രണ്ടു സന്യാസസഭകളെക്കുറിച്ച് അദ്ദേഹം എഴുതിയ ചരിത്രത്തിനും The Book of Foundations എന്നു വേണമെങ്കിൽ പേരു നൽകാം. അവയുടെ ആവിർഭാവഘട്ടത്തിലെ സംഭവങ്ങൾ വ്യത്യസ്തങ്ങളാണെങ്കിലും ആശയതലത്തിൽ പരസ്പര സാമ്യങ്ങൾ കണ്ടെത്താൻ കഴിയും. ആശയരൂപീകരണം, അനുവാദം വാങ്ങൽ, സ്ഥലംകണ്ടെത്തൽ, നിർമ്മാണപ്രവർത്തനങ്ങൾ, സമൂഹജീവിതക്രമങ്ങൾ, വീണ്ടും സ്ഥാപനങ്ങൾ, പ്രാർത്ഥനാജീവിതവും അപ്പസ്തോലിക പ്രവർത്തനങ്ങളും, വളർച്ചയുടെ പടികളും അതിനായി തരണം ചെയ്ത വഴികളും നേരിട്ട പ്രതിസന്ധികളും... എന്നിങ്ങനെ ഈ രചനയെ പലതായി തരംതിരിക്കാൻ സാധിക്കും.

വിഷയക്രമപ്രകാരം അവ താഴെ പറയുംവിധപ്രകാരമാണ്.

ആശയരൂപീകരണവും അനുവാദവും (പേജ് 1, 2, 3), സ്ഥലം കണ്ടെത്തൽ ശ്രമങ്ങൾ (പേജ് 8-19), മാന്നാനത്ത് പ്രാരംഭ നടപടികൾ മുന്നേറുന്നു (പേജ് 19-25), മാന്നാനത്ത് സെമിനാരി ആരംഭിക്കുന്നു (പേജ് 33-37), മാന്നാനത്തെ നിർമ്മാണ പ്രവർത്തനങ്ങൾ (പേജ് 38-41), മാന്നാനത്ത് പ്രസ്സ് ആരംഭിക്കുന്നു (പേജ് 44-53), മാന്നാനത്തെ ഭക്തിജീവിതമുറ (പേജ് 34), നിയമാവലിയും വ്രതാനുഷ്ഠാനവും (പേജ് 77-81), പുതിയ സ്ഥാപനങ്ങൾ ഉണ്ടാകുന്നു (പേജ് 84-89, 135-145, 158, 209-230), മഠ സ്ഥാപനവും പ്രായോഗിക പ്രശ്നങ്ങളും (പേജ് 126-135, 138-141, 211-244).[4]

മേൽ പരാമർശിച്ച സ്ഥാപനചരിത്രത്തിലൂടെ കടന്നുപോകുമ്പോൾ നമ്മുടെ ശ്രദ്ധയിൽപെടുന്നതും മാർത്തോമാ ചരിത്രവുമായി ചേർന്നു

പോകുന്നതുമായ ഒരു സാദൃശ്യചിന്തയ്ക്ക് സാദ്ധ്യത പ്രസക്തമാകുന്നുണ്ട്. മാർത്തോമ്മാശ്ലീഹാ കേരളത്തിൽ അങ്ങിങ്ങായി സ്ഥാപിച്ച ക്രിസ്തീയ സമൂഹങ്ങളെ *ഏഴരപള്ളികളായി* വിശേഷിപ്പിച്ചു കാണാറുണ്ട്. ചാവറയച്ചൻ സ്ഥാപിച്ച സ്ഥാപനങ്ങളുടെ എണ്ണത്തിലും ഒരു *ഏഴര* സ്ഥാനം പിടിക്കുന്നുണ്ടെന്നുള്ളത് രസാവഹമാണ്. *മാന്നാനം, ഏൽത്തുരുത്ത്, പുളിങ്കുന്ന്, വാഴക്കുളം, അമ്പഴക്കാട്, മുത്തോലി* എന്നിവ അദ്ദേഹം തുടക്കം കുറിച്ച ആറു സ്ഥാപനങ്ങളാണ് *കൂനമ്മാവും, പ്ലാശനാലും* താൻ ഏറ്റെടുത്ത സ്ഥാപനങ്ങളാണ്. പ്ലാശനാൽ അധികകാലം നിലനിന്നില്ല. ഇവ രണ്ടുംകൂടി ഒന്നായി കാണാം. അദ്ദേഹം വിഭാവനം ചെയ്യുകയും നാമനിർദ്ദേശം നടത്തുകയും ചെയ്തുവെങ്കിലും തന്റെ കാലത്ത് ആരംഭിക്കാൻ കഴിയാതെപോയ സ്ഥാപനമാണ് പിന്നീടുണ്ടായ *ചെത്തിപ്പുഴ*. ഇതിനെ അരസ്ഥാപനമായും കണ്ടാൽ ചാവറയച്ചൻ തുടങ്ങിയ സ്ഥാപനങ്ങൾ ഏഴരയായി.

## സഭാധികാരികളും മിഷനറിനേതൃത്വവും

19-ാം നൂറ്റാണ്ട് കേരളകത്തോലിക്കാസഭാചരിത്രത്തിലെ സംഭവബഹുലമായ ഒരു കാലഘട്ടമാണ്. പ്രധാനമായും *പ്രൊപ്പഗാന്താ* സംവിധാനത്തിലായിരുന്നെങ്കിലും *പദ്രുവാദോ* ഭരണവും വെളിയിലും മറവിലും തുടർന്നിരുന്നു. ഈ കാലയളവിൽ നാട്ടിൽ പ്രവർത്തിച്ചിരുന്ന പ്രധാന മിഷനറി സമൂഹം കർമ്മലീത്തരുടേതായിരുന്നു. തിരുഃസഭയുടെ പാലനക്രമത്തിൽ ഇൻഡ്യയുടെ സഭാഭരണകാര്യങ്ങളിൽ പോർട്ടുഗൽ രാജാവും മാർപ്പാപ്പയും തമ്മിലുണ്ടാക്കിയ ഭരണ സംവിധാനം *പദ്രുവാദോ* എന്ന പേരിലും റോമിലെ പ്രൊപ്പഗാന്താ തിരുഃസംഘത്തിന്റെ കീഴിലുള്ള ഭരണസംവിധാനം *പ്രൊപ്പഗാന്താ* എന്നും വിശേഷിക്കപ്പെട്ടിരിക്കുന്നു. ചാവറയച്ചന്റെ *നാളാഗാമ*ങ്ങളിൽ പരാമർശിച്ചവരെ കൂടാതെ മറ്റു ചിലരുടെ പേരുകളും കൂടി കൂട്ടിച്ചേർത്താലേ ആ കാലഘട്ടചരിത്രം പൂർണ്ണമാവുകയുള്ളൂ.

1801 മുതലുള്ള *പദ്രുവാദോ* ഭരണാധികാരികൾ താഴെ പറയുന്നവരായിരുന്നു. 1821-വരെ ഉള്ള മൂന്നു ഗോവർണദോർമാരാണ് *ദൊമീനിക്കുസ്, ജോവാക്കിം ബോളോ, തോമസ് അകിനാസ്* എന്നിവർ. 1821നും 23നുമിടയിൽ തോമസ് അകിനാസ് മെത്രാപ്പോലീത്തയാവുകയും കൊടുങ്ങല്ലൂരിൽ ഭരണം നടത്തുകയും ചെയ്തിരുന്നു. തുടർന്ന് 1838വരെ ജോവാക്കിമും പെയ്സിയോട്ടോഡൊഹോട്ടോയും ഗോവർണദോർമാരായി. 1838ൽ *പദ്രുവാദോ* താൽക്കാലികമായി നിർത്തപ്പെട്ടുവെങ്കിലും വീണ്ടും 1864 മുതൽ പുനഃരാരംഭിച്ചു.[5] തുടർന്ന് 1864നും 1889നുമിടയിൽ *പദ്രുവാദോ* അഡ്മിനിസ്ട്രേറ്റർമാരുടെ കാലമായിരുന്നു.

ചാവറയച്ചനുമായി വ്യക്തിപരമായി കൂടുതൽ അടുത്ത് ഇടപെട്ടിരുന്നവരും അദ്ദേഹം കുറിച്ച ചരിത്രഭാഗത്ത് കൂടുതൽ രേഖപ്പെടുത്തപ്പെട്ടവരും *പ്രൊപ്പഗാന്ത* ഭരണാധികളായിരുന്നു. റൈമണ്ട് സൂര്യാ 1802 മുതൽ 1808 വരെ

അഡ്മിനിസ്ട്രേറ്ററും തുടർന്ന് 1816 വരെ വികാരി അപ്പസ്തോലിക്കായുമായിരുന്നു. 1819 മുതൽ 1821 വരെ പീറ്റർ അൽകാന്ത്ര ബോംബെയുടെ വികാരി അപ്പസ്തോലിക്കായും വരാപ്പുഴയുടെ അഡ്മിനിസ്ട്രേറ്ററുമായിരുന്നു. 1821നും 1827നുമിടയിൽ മിലേസ് പ്രെൻഡർഗാസ്റ്റ് ഭരണം നടത്തി.

1827 മുതൽ 1831 വരെ ഭരണം നടത്തിയിരുന്ന മൗറിലിയൂസ് സ്തബിലിനിയുടെ കാലത്താണ് ചാവറയച്ചൻ ഡീക്കൻ പട്ടവും തിരുപ്പട്ടവും സ്വീകരിച്ചതും വഴിയെ സന്യസസഭ തുടങ്ങുന്നതിനുള്ള അനുവാദം ലഭിച്ചതും.[6] ഇദ്ദേഹത്തിന്റെ കാലത്ത് ലത്തീൻ സമൂഹത്തിലുള്ള രണ്ടുവിഭാഗക്കാരായി *എഴുനൂറ്റിക്കാരും അഞ്ഞൂറ്റിക്കാരും* തമ്മിലുണ്ടായ വഴക്കുകളും ആ കാരണം ചൊല്ലി മെത്രാൻ മടങ്ങിപോകേണ്ടിവന്നതുമടക്കമുള്ള ചരിത്രം *നാളാഗമ*ങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്.[7]

തുടർന്നുവന്ന ഫ്രാൻസിസ് സേവ്യർ മെത്രാന്റെ തുടക്കകാലം[8] തെറ്റിദ്ധാരണകളുടെ കാലമായിരുന്നു എങ്കിലും പിന്നീട് 1844 വരെയുള്ള കാലം അദ്ദേഹത്തിന്റെ സമീപനരീതി മാറുകയും അദ്ദേഹത്തെക്കുറിച്ച് ഏറെ മതിപ്പുണ്ടാവുകയും ചെയ്തു എന്നതിന്റെ തെളിവാണ് അദ്ദേഹത്തിന്റെ മരണാനന്തര ശുശ്രൂഷകളെക്കുറിച്ചുള്ള ആദരപൂർവ്വമായ വിവരണം.[9]

പിന്നീടുവന്ന ലുദൊവിക്കൂസ് മെത്രാന്റെ കാലം 1845 മുതൽ 52 വരെ ആയിരുന്നു. അദ്ദേഹത്തിന്റെ കാലവും പൊതുവെ സമാധാനപരവും സന്യാസസഭയുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹജനകവുമായിരുന്നു. തുടർന്ന് 1853ൽ ബർണർദീനോസ് ത്രേസ്യാ അഡ്മിനിസ്ട്രേറ്ററായി ചുമതല എറ്റെടുക്കുകയും 1859 മുതൽ 1868 വരെ വികാരി അപ്പസ്തോലിക്കായായി വരാപ്പുഴ ഭരണം നടത്തുകയും ചെയ്തു. 19-ാം നൂറ്റാണ്ടിലെ കേരളകത്തോലിക്കാസഭയുടെ ഏറ്റം ദുർഘടം പിടിച്ച കാലഘട്ടമായിരുന്നു അത് എന്നു *നാളാഗമ*ങ്ങളിലെ റോക്കോസ് ശീശ്മയെക്കുറിച്ചുള്ള ദീർഘവിവരണങ്ങൾ വ്യക്തമാക്കുന്നു.[10]

ബർണർദീനോസ് മെത്രാന്റെ ഭരണകാലം കേരളകർമ്മലീത്തസഭയുടെ ചരിത്രത്തിലും കോളിളക്കങ്ങൾ തീർത്തതും എന്നാൽ അതേസമയം തിളക്കമാർന്നതുമായ ഒരു ഘട്ടമായിരുന്നു. ലെയോനാർദ് മെല്ലനോ മെത്രാപ്പോലീത്തായുടെ ഭരണകാലം കേരളകത്തോലിക്കാസഭയേയും സി.എം.ഐ. സഭയേയും കണ്ണുനീർ കുടിപ്പിച്ചതും കർമ്മലീത്താമിഷനറിമാരെക്കുറിച്ച് എന്തെങ്കിലും മതിപ്പ് അവശേഷിച്ചിരുന്നെങ്കിൽ അത് നിശ്ശേഷം തുടച്ചുമാറ്റുന്നതിനു കാരണമാകുംവിധവുമായിരുന്നു. 1887 വരെയായിരുന്നു ആ കാലഘട്ടം. റോമുമായിട്ടുള്ള നിരന്തര എഴുത്തുകുത്തുകളുടെയും പ്രത്യക്ഷ സമരമുറകളൊന്നും കൂടാതെതന്നെയുള്ള സ്വാതന്ത്ര്യസമരത്തിന്റെയും അതിൽ നേടുവാനായ വിജയത്തിന്റെയും കാലഘട്ടം കൂടിയായിരുന്നു അത്.

*നാളാഗമ*ത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രധാന മിഷനറിമാരുടെ പേരുകൾകൂടി പരിശോധിക്കാം. ഇൻഡ്യയിൽ പ്രവർത്തിച്ചിരുന്ന കർമ്മലീത്ത

മിഷനറിമാരിൽ നിന്നു തന്നെയായിരുന്നു ആ കാലത്ത് വരാപ്പുഴ ഉണ്ടായ എല്ലാ വികാരി അപ്പസ്തോലിക്കാമാരും തന്നെ. സുറിയാനിക്കാർക്കുവേണ്ടി യുള്ള അവസാനത്തെ വരാപ്പുഴ മെത്രാനായിരുന്ന മർസലിനോസ്. അവരോ ടൊപ്പം പ്രവർത്തിച്ചിരുന്ന മിഷനറി മൂപ്പന്മാരിൽ പ്രധാനികളാണ് ഫീലിപ്പോസ്, ലെയോപോൾദ്, ജരദാർദ്, നിക്ലാവൂസ് തുടങ്ങിയവർ. ഇവരിലൂടെയെല്ലാം പലവിധ തിക്താനുഭവങ്ങളും സഭയ്ക്ക് ഉണ്ടായിട്ടുണ്ടെങ്കിലും മിഷനറിമാ രെക്കുറിച്ചും മിഷനറിമെത്രന്മാരെക്കുറിച്ചും ചാവറയച്ചൻ നന്ദിബഹുമാനാ ദികളോടെ മാത്രമാണ് പരാമർശിച്ചു കാണുന്നത്. അവർക്കു ജന്മനാട്ടിൽ ലഭ്യമായിരുന്ന സൗകര്യങ്ങളോ സുഖങ്ങളോ ഒന്നും കണ്ടെത്താനില്ലാത്ത ഒരു നാട്ടിൽ, അപരിചിതമായ ഭക്ഷണത്തോടും പ്രതികൂല കാലാവസ്ഥയോടും അതുമൂലമുള്ള അനാരോഗ്യാവസ്ഥകളോടും ഇതിനൊക്കെപ്പുറമെ അറിയാൻ പാടില്ലാത്ത ഭാഷകളോടും മല്ലടിച്ച്, ജന്മനാട് ഉപേക്ഷിച്ചുവന്ന് ഇന്നാട്ടിൽ മിഷനറിപ്രവർത്തനം നടത്തി ദൈവരാജ്യവിസ്തൃതിക്കുവേണ്ടി ശ്രമിച്ച ഇവ രുടെ തെറ്റുകൾ ഇനി എത്ര വലുതായാലും അവർ ആദരവർഹിക്കുന്നവ രാണ് എന്നതായിരുന്നു വിശാലഹൃദയനായിരുന്ന ചാവറയച്ചന്റെ മതം.[11]

## 19-ാം നൂറ്റാണ്ടിലെ സഭാചിത്രം

മാർത്തോമാ ക്രിസ്ത്യാനികളുടെ സഭാത്മക ജീവിതത്തിൽ ഏററവും വികാരോജ്വലമായ പ്രതിസന്ധികളുടെ കാലമായിരുന്നു 1599-ലെ ഉദയംപേ രൂർ സൂനഹദോസിനെ തുടർന്ന് സഭാസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള 1653ലെ കൂനൻകുരിശ് സത്യവും തുടർന്നുള്ള സംഭവങ്ങളും അരങ്ങേറിയ 17-ാം നൂറ്റാണ്ട്. കോളിളക്കംകൊണ്ടും ചേരിതിരിവുകൾകൊണ്ടും ഇരുൾ നിറ ഞ്ഞതും അതേസമയം സഭാസ്വാതന്ത്ര്യത്തിനായുള്ള തീവ്രാഭിലാഷത്താൽ പിരിമുറുക്കം നിറഞ്ഞതുമായിരുന്നു 19-ാം നൂറ്റാണ്ടുവരെയുള്ള തുടർക്കാലം. പത്തൊൻപതാം നൂറ്റാണ്ടിൽ ചേരിതിരിവുകൾ രൂക്ഷമായി. രക്തച്ചൊരി ച്ചിൽവരെ ഉണ്ടാകുമായിരുന്ന സന്ദർഭങ്ങളിൽ പക്വതയാർന്ന സംയമന ത്തോടെ ആരെയും ആരെയും പിണക്കിയകറ്റാതെയും ദൈവപരിപാലയിൽ തിരുഃസഭയോട് ചേർന്നുനിന്നുകൊണ്ട് വിശ്വാസവഴിയിൽ എല്ലാറ്റിനും എല്ലാവർക്കും പ്രശ്നപരിഹാരം കാണാൻ ശ്രമിക്കുകയും കഴിയുകയും ചെയ്യുക ചെറിയ കാര്യമല്ല. അതു സാധിച്ച അസാമാന്യ വ്യക്തിത്വത്തി നുടമയായാണ് ചാവറയച്ചൻ സഭാചരിത്ര നാൾവഴിയിൽ അനശ്വരത നേടു ന്നത്. അത്തരമൊരു മാനസികഭാവവും സമീപനവും ആത്മാവിൽ സമാധാന കാംക്ഷയും സഭാവിധേയത്വും ഒരേസമയം ഉൾപ്പേറിയിരുന്ന ആ യുഗപ്രഭാ വൻ അന്നാളുകളുടെ ചരിത്രലേഖനത്തിൽ ഏറെ ശ്രദ്ധാലുവാകുക സ്വാഭാ വികം. പിന്നീട് ആ കുറിപ്പുകളിലൂടെ കടന്നുപോകാനിടവരുന്ന ഏതൊരാ ൾക്കും, അയാളുടെ പക്ഷചായ്വുകൾ ഏതുതന്നെയായിരുന്നാലും അസ്വാര സ്യമുണ്ടാകരുതെന്ന കരുതൽ, വിശ്വാസപരിപാലനത്തിലും സഭയോടുള്ള

പരമമായ വിധേയത്വത്തിലും അണുപോലും കുറവുവരരുതെന്ന ദാർഢ്യത്തോടൊപ്പം അദ്ദേഹത്തെ നയിച്ചിരുന്നു. ആ നയഃനൈപുണ്യംമൂലം വസ്തുതകൾ നിരത്തിവെയ്ക്കുമ്പോൾ ഒരിടത്തുപോലും ആരുടെ നേർക്കും കുറ്റപ്പെടുത്തലുകളോ ശാസനകളോ വൈരാഗ്യം അങ്കുരിപ്പിക്കുന്ന വാക്കുകളോ കടന്നുവരാതിരിക്കുവാൻ *നാളാഗമത്തിൽ* അദ്ദേഹം ദത്തശ്രദ്ധനായിരുന്നത് നമുക്ക് കാണാം.

1838ൽ കേരളത്തിൽ *പദ്രുവാദോ* സംവിധാനം നിർത്തലാക്കാനും, വരാപ്പുഴയെ പൂർവ്വാധികം അധികാരങ്ങളോടെ അപ്പസ്തോലിക് വികാരിയേറ്റ് ആക്കാനും നടപടികൾ ഉണ്ടായി. സഭാസംവിധാനങ്ങൾ തമ്മിൽ നിലനിന്നിരുന്ന അധികാരവടംവലികളുടെ തീവ്രത അതിൽനിന്നും വ്യക്തമാണ്. അതിന്റെ പരിണിതഫലമായി തലപൊക്കിയ *പദ്രുവാദ്രോ ശീശ്മയേയും* കേരളകത്തോലിക്കാസഭയ്ക്ക് അഭിമുഖീകരിക്കേണ്ടിവന്നു. അതു സൃഷ്ടിച്ച ദുരവസ്ഥയ്ക്കു പരിഹാരമായെടുത്ത തീരുമാനമായിരുന്നു 1864-ൽ വീണ്ടും *പദ്രുവാദോ* സംവിധാനവും തുടരാം എന്നത്.[12]

അക്കൂട്ടത്തിൽ ആഞ്ഞടിച്ച വലിയ കൊടുങ്കാറ്റുതന്നെയായിരുന്നു *റോക്കോസ് ശീശ്മ.* അതിനുവഴിതെളിച്ച സാഹചര്യങ്ങളെയും വ്യക്തികളെയും കുറിച്ച് ചാവറയച്ചൻ വിശദമായി പരാമർശിക്കുന്നുണ്ട്. 17-ാം നൂറ്റാണ്ടുമുതൽ കേരളകത്തോലിക്കാസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി കരിയാറ്റി പാറേമ്മാക്കൽ സഭാസ്നേഹികൾ നടത്തിയ പ്രവർത്തനങ്ങളുടെ[13] തുടർച്ചയായിരുന്നു 19-ാം നൂറ്റാണ്ടിൽ അരങ്ങേറിയ പ്രശ്നങ്ങളും അതിൽ ഇടചേർന്ന വ്യക്തികളും.

ഇടചേരുന്ന വ്യക്തികളാണ് ഏതൊരു പ്രസ്ഥാനത്തിന്റെയും ആത്യന്തികമായ വിലയിരുത്തലിൽ ജയാപജയങ്ങൾക്കു മാനദണ്ഡമാവുക. ജനങ്ങളുടെ വിമോചനസമരം എന്നതിലുപരി സഭയെ ശീശ്മയിലേക്ക് നയിക്കുന്നതിനുമാത്രം കാരണമായ ഒരിടപെടലായി ഈ തരംഗം പരിമിതപ്പെട്ടത് അതിനു ചുക്കാൻ പിടിച്ച വ്യക്തികളിൽ ചിലരുടെ ഉദ്ദേശശുദ്ധിയില്ലായ്മ മൂലമാണ്. പനങ്കുഴ കുര്യപ്പു കത്തനാർ, ബാഗ്ദാദിൽ നിന്നു വന്ന ദനഹാ ബർയോന, കൂടക്കച്ചിറ അന്തോണി, തൊണ്ടനാട് അന്തോണി എന്നിവരുടെ പേരുകൾ ഇക്കൂട്ടത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. അവരെക്കുറിച്ച് ചാവറയച്ചൻ സൂചിപ്പിക്കുന്നതിപ്രകാരമാണ്:

*പനങ്കുഴയും ദനഹായും കൂടി ചമച്ച മാല ഈ കുടക്കച്ചിറ അന്തോണിക്കത്തനാരച്ചൻ വാങ്ങിച്ച് കഴുത്തിൽ ഇട്ടുംകൊണ്ട് ഉപായത്താൽ പള്ളിക്കാരെക്കൊണ്ട് ഒരപേക്ഷ എഴുതി ഉണ്ടാക്കി, ഇതായത് സുറിയാനി മെത്രാനെ തരണമെന്ന്.*[14]

1838ൽ മൂൾത്താപ്രെക്ലാരെ എന്ന തിരുവെഴുത്തിനാൽ 16-ാം ഗ്രിഗോറിയോസ് മാർപ്പാപ്പാ ഇൻഡ്യയിൽ പോർത്തുഗീസ് രാജാവിനുണ്ടായിരുന്ന

*പദ്രുവാദോ* അധികാരം നിർത്തലാക്കിയതോടെ കൊടുങ്ങല്ലൂർ രൂപത നിലവിലില്ലാതെ വരികയും ആ രൂപതയിൽ പെട്ടിരുന്ന അംഗങ്ങൾ വരാപ്പുഴയുടെ കീഴിലാവുകയും ചെയ്തു. ഈ തീരുമാനത്തെ അംഗീകരിക്കാതെ കുറവിലങ്ങാട്ടുകാരൻ പനങ്കുഴ കുര്യാപ്പുകത്തനാർ എടപ്പള്ളി പള്ളിയിൽ തന്നെ വികാരിയാക്കണമെന്നാവശ്യപ്പെട്ട് കുറെ ജനങ്ങളെയും തടുത്തുകൂട്ടി വന്നെങ്കിലും ഇദ്ദേഹത്തിന്റെ തൽസ്വഭാവത്തെ വ്യക്തമായി അറിഞ്ഞിരുന്ന മെത്രാൻ പള്ളി അനുവദിച്ചു കൊടുത്തില്ല. ഇതിൽ പനങ്കുഴയ്ക്കുണ്ടായ അമർഷം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സുറിയാനി മെത്രാനു വേണ്ടിയുള്ള പരിശ്രമമായി വഴിതിരിച്ചെടുക്കുകയായിരുന്നു. ഈ അവസരത്തിലാണ് പേർഷ്യൻ സഭയിലെ ദനഹാബർയോന എന്ന വൈദികൻ ഇവിടെ എത്തിയത്. വാശികാണിക്കാൻ കാത്തിരുന്ന കടക്കച്ചിറ അന്തോണി കത്തനാരെയും പനങ്കുഴ കൂട്ടുപിടിച്ചു. ഇവർ രണ്ടുപേരുമായിരുന്നു തുടർന്നുള്ള *ശീശ്മ*യ്ക്ക് വഴിതെളിച്ചത്.[15]

ദനഹാബർയോന വൈദികൻ പാത്രിയർക്കീസിനോടു പിണങ്ങിയിട്ടോ അനുവാദം കൂടാതെയോ എന്നറിയില്ല, ഈ നാട്ടിലേക്കുവന്നതു പ്രധാനമായും പണപ്പിരിവിനെ ലക്ഷ്യംവെച്ചുകൊണ്ടായിരുന്നു. ബോംബെയിലെത്തിയ അദ്ദേഹം കേരളത്തിൽ കൽദായ സുറിയാനിക്കാരുടെ പള്ളികൾ ഉണ്ടെന്നറിഞ്ഞ് മെത്രാനാണെന്ന വ്യാജേന കൊച്ചിയിലെത്തി. ഈ വിവരമറിഞ്ഞ് പനങ്കുഴ അവിടെ എത്തി അദ്ദേഹത്തെ കുറവിലങ്ങാട്ടേക്കു കൂട്ടിക്കൊണ്ടുവന്നു. ഇദ്ദേഹം മെത്രാനാണെന്നും വടിയും തൊപ്പിയും പെട്ടിയിലുണ്ടെന്നും ലത്തീൻകാരറിഞ്ഞാൽ ചതിച്ചുകൊല്ലുമെന്നും അതുകൊണ്ടു തല്ക്കാലരക്ഷയ്ക്കുവേണ്ടി താൻ വൈദികൻ മാത്രമാണെന്നു പറയുകയാണെന്നും പ്രചരണം നടത്തി. ചാവറയച്ചനെയും ആശ്രമക്കാരെയും വശീകരിക്കാൻ ശ്രമിക്കയും, അവിടെ വന്നു ഒരു ദിവസം താമസിക്കുകയും, പലവിധ പ്രേരണകൾകൊണ്ടു പ്രലോഭിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തു. കുടക്കച്ചിറയും പനങ്കുഴയും കൂടി മെത്രാനുവേണ്ടി ഒപ്പുശേഖരണം നടത്തി ദനഹയെ ഏൽപിച്ചു. അതിനിടയിൽ ദനഹായെ തിരിച്ചുവിളിച്ചുകൊണ്ടുള്ള ബാബേൽ പാത്രിയാർക്കീസിന്റെ കത്തു വന്നതോടെ പിന്നെ ഇവിടെ തുടരുവാൻ നിവൃത്തിയില്ലാതെ ദനഹാ മടങ്ങിപ്പോയി. കൂട്ടത്തിൽ കുടക്കച്ചിറയും തൊണ്ടനാട്ടും വേറെ ചിലരും കൂടി ബാഗ്ദാദിലേക്ക് തിരിച്ചു. ഒരു മെത്രാനെ കണ്ടെത്തുകയായിരുന്നു ലക്ഷ്യം. സുറിയാനി മെത്രാനുവേണ്ടിയുള്ള സഭാ വിശ്വാസികളുടെ വികാരാഗ്രഹത്തെ മുതലെടുക്കുകയായിരുന്നു ഇവരുടെ സ്വാർത്ഥഭരിതമാത്രമായ ഉന്നം; അതിലൂടെ നേട്ടങ്ങൾ കൊയ്യുകയും.[16]

കുടക്കച്ചിറ അന്തോണി 1838ൽ മാന്നാനം സെമിനാരിയിൽ ചേരുകയും കുറെ കഴിഞ്ഞപ്പോൾ പൊരുത്തപ്പെടുവാനും വഴങ്ങുവാനും മനസ്സാകാതെ

സെമിനാരിയിൽ പല പ്രശ്നങ്ങളും ഉണ്ടാക്കി പിരിഞ്ഞുപോരുകയും ചെയ്ത വ്യക്തിയാണ്. വാശി തീർക്കാൻ വേണ്ടി *വിശുദ്ധ അന്തോനീസിന്റെ സഭ* എന്ന പേരിൽ പ്ലാശനാൽ ഒരു സന്യാസസഭയ്ക്കു ഇദ്ദേഹം തുടക്കമിട്ടു. ഇന്നാട്ടിൽ ആദ്യത്തെ വിശുദ്ധൻ തന്റെ സഭയിലൂടെ ഉണ്ടാകും എന്നു പ്രഖ്യാപിക്കുകയും ചെയ്തു. ഇത്രയൊക്കെയായിരുന്നിട്ടും ഇദ്ദേഹത്തിനു യഥാർത്ഥത്തിലുണ്ടായിരുന്ന ചില നല്ല കഴിവുകളെക്കുറിച്ച് സ്തുതിച്ചു പറയുവാൻ ചാവറയച്ചൻ ലുബ്ധു കാണിച്ചിട്ടില്ല. മറ്റുള്ളവരെക്കുറിച്ച് കുറ്റം പറയുന്ന അദ്ദേഹത്തിന്റെ ശീലം ശരിയല്ല എന്നു എടുത്തു സ്ഥാപിക്കുവാൻ മടിക്കുന്നുമില്ല. കുടക്കച്ചിറയിലൂടെ സഭയിൽ സംഭവിച്ച ഇടർച്ചയ്ക്കു കാരണമായ സംഗതികളെക്കുറിച്ച് വിവരിക്കുമ്പോൾ സത്യത്തിന്റെ പരുഷമായ മുഖം ചാവറയച്ചൻ മറച്ചുവയ്ക്കുന്നില്ല. നേരായവിധത്തിൽ ക്രമപ്പെടുത്താത്ത ഒരു സന്യാസസഭയ്ക്ക് അംഗീകാരം കൊടുക്കാനോ, നിലവിലിരിക്കുന്ന ആചാരങ്ങൾക്കൊത്തു ശിക്ഷണം തേടി യോഗ്യതയാൽ തെരഞ്ഞെടുക്കപ്പെടാത്ത അവിടത്തെ ശെമ്മാശ്ശന്മാർക്കു പട്ടം കൊടുക്കാനോ മെത്രാൻ സഹകരിക്കുന്നില്ലെന്നു വന്നപ്പോൾ തന്റെ ആവശ്യങ്ങൾക്കുവേണ്ടി ഒരു മെത്രാനെ കണ്ടെത്തി തന്റെ ഇംഗിതങ്ങളുമായി മുൻപോട്ടു പോകുവാൻ വേണ്ടി നടത്തിയ പരിശ്രമഭാഗമായിരുന്നു കുടക്കച്ചിറയുടെ ബാഗ്ദാദു യാത്രകളും ഒപ്പുശേഖരണങ്ങളും പണപ്പിരിവുമെല്ലാം. *റോക്കോസ് ശീശ്മ*യ്ക്ക് വഴിതെളിച്ച കാരണക്കാരിൽ പ്രധാനിയായിത്തീർന്നുകൊണ്ട് കേരളകത്തോലിക്കാസഭാചരിത്രത്തിൽ കരിനിഴൽ വീഴ്ത്തിയ വ്യക്തിയായിത്തീർന്നു അതിലൂടെ കുടക്കച്ചിറ.[17]

കുടക്കച്ചിറയോടൊപ്പം സജീവമായി കുടെ നിന്നിരുന്നു ആനക്കല്ലുകാരനായ തൊണ്ടനാട്ടു അന്തോനി കത്തനാരും. ബാഗ്ദാദിൽ പോയ കുടക്കച്ചിറ അവിടെവച്ചു മരണമടഞ്ഞു. കുടക്കച്ചിറയുടെ മരണശേഷം മെത്രാനെ കൊണ്ടുവരാനുള്ള ശ്രമങ്ങൾ വീറോടെ തുടർന്നതു തൊണ്ടനാട്ട് കത്തനാരായിരുന്നു. അവരുടെ നിർബന്ധപ്രകാരം കേരളത്തിലേക്കയയ്ക്കാൻ വേണ്ടി മാത്രം മെത്രാനാക്കിയ റോക്കോസിനെയും കൂട്ടി കൊച്ചിയിലെത്തിയ തൊണ്ടനാട്ടു വലിയഘോഷത്തോടെ പ്രചരണമാരംഭിച്ചു. *റോക്കോസ് ശീശ്മ*യ്ക്കു പക്ഷെ ദീർഘായുസ്സ് ഉണ്ടായില്ല. *ശീശ്മാ*തരംഗം അവസാനിച്ചതോടെ അദ്ദേഹം മാനസാന്തരപ്പെടുകയുംചെയ്തു. എന്നാൽ അനുകൂല സാഹചര്യങ്ങൾ വന്നതായി ഭ്രമിച്ചപ്പോൾ സ്വാർത്ഥമോഹങ്ങൾ വീണ്ടും തലപൊക്കി ബാഗ്ദാദിനുപോയ തൊണ്ടനാട്ടു അന്തോനിക്കത്തനാർ തിരിച്ചുവന്നത് *അവുദീശോ* മെത്രാപ്പോലീത്ത എന്ന പേരിലാണ്. ആ നിലയിൽ തന്റേതായ പല ശ്രമങ്ങളും ജനങ്ങളുടെ ഇടയിൽ നടത്തിയെങ്കിലും മുമ്പുവന്നുപോയ റോക്കോസ് മെത്രാന്റെ വ്യാജ അവകാശങ്ങളും പ്രചരണങ്ങളും നടപടികളും തിരിച്ചറിഞ്ഞു. ആ നാട്യങ്ങളിൽ വിശ്വാസം നഷ്ടപ്പെട്ടുകഴിഞ്ഞ ജനം അദ്ദേഹത്തോടു സഹകരിച്ചില്ല. അങ്ങിനെ നിൽക്കക്കള്ളിയില്ലാതെ അവിടെയും

ഇവിടെയുമില്ലാതെ ഉഴറുമ്പോഴാണ് ചാവറയച്ചന്റെ അലിവോടെയുള്ള ഇട പെടലുകൾ അദ്ദേഹത്തെ വീണ്ടും മാനസാന്തരത്തിലേക്കു നയിക്കുന്നത്. മാന്നാനത്തു കുറച്ചുനാൾ താമസിപ്പിക്കയും അദ്ദേഹത്തിനു കൊടുത്ത മുട ക്കുകൾ നീക്കാൻ സഹായിക്കുകയും അതിനകം എമ്പാടും വച്ചുവരുത്തിയ പല കടങ്ങളും വീട്ടാൻ സഹായിക്കുകയും ചെയ്തു, ചാവറയച്ചൻ.[18]

വികാരി ജനറൽ സ്ഥാനം ഉപയോഗിച്ചുകൊണ്ട് അതിനയഃപൂർവ്വവും ക്ഷമ യോടെയും കരുതലോടെയും വിശ്വാസദൃഢതയോടെയും ചാവറയച്ചനും അനുയായികളും നടത്തിയ സന്ധിയില്ലാസമരത്തിന്റെ വിജയഗാഥയാണ് *റോക്കോസ് ശീശ്മ*യുടെ പതന ചരിത്രം. സഭാതലവനായ പരിശുദ്ധ പിതാ വിനോടു നേരിട്ടു നടത്തിയ അന്വേഷണത്തിൽ ലഭിച്ച സത്യാവസ്ഥകളെ ക്കുറിച്ചുള്ള ആധികാരിക സൂചനകൾ ആയുധമാക്കിക്കൊണ്ട് സുവിശേഷ വചനങ്ങളുടെ ചുവടുപിടിച്ചായിരുന്നു പ്രതിരോധ സമരം. അക്കാലത്ത് നേരി ട്ടുനുഭവിച്ചതും ആ മനോഃനിലയിൽ ഇടപെട്ടതുമായ കാര്യങ്ങളെ ചിത്രത്തി ലെന്നപോല അദ്ദഹം വിവരിച്ചിട്ടുണ്ട്.[19] *റോക്കോസ് ശീശ്മ*യുടെ തുടക്കം മുതൽ അവസാനം വരെ ഇതിലുൾപ്പെട്ട എല്ലാ വ്യക്തികളുമായി ചാവറയ ച്ചനോളം നേരിട്ടിടപെട്ടവർ മറ്റാരുമില്ലായിരുന്നല്ലോ. അധികാരി സ്ഥാനത്തു നിന്നും അല്ലാതെയും അദ്ദേഹമാണു നിരന്തരം എല്ലാതലത്തിലും ഇടപെ ട്ടത്. *ശീശ്മ*യ്ക്കെതിരായി പ്രവർത്തിക്കാൻ എല്ലാ പള്ളികളുമായി നേരിട്ടു ബന്ധപ്പെടേണ്ടിവന്നതുകൊണ്ട് വസ്തുനിഷ്ഠമായി ഇതു സംബന്ധമായി എല്ലാ കാര്യങ്ങളും ചാവറയച്ചനെപ്പോലെ നേരിട്ടു അറിഞ്ഞവരും വെറെ യാരുമില്ല. അതുകൊണ്ടുതന്നെ ഈ കാലഘട്ടത്തിന്റെ ചരിത്രം ഇത്ര സമ്പൂർ ണ്ണമായി മറ്റാരും എഴുതിയിട്ടില്ല. തിരുഃസഭയെ സ്വന്തം അമ്മയായിക്കണ്ട ചാവറയച്ചൻ കേരളകത്തോലിക്കാസഭയ്ക്കുവേണ്ടി എന്തു ത്യാഗവും സഹി ക്കാനും വേണ്ടിവന്നാൽ സ്വന്തം ജീവൻവരെ ബലികഴിക്കാനും തയ്യാറായി.

ഭരണാധികാരികളുടെ ദുർഃഭരണവും അധികാരമത്സരങ്ങളും അതിൽ നിന്നുണ്ടായ അസന്തുലിതകളും വർദ്ധിച്ചു വന്നപ്പോൾ വിശ്വാസികൾക്കു ണ്ടായ അസ്വാസ്ഥ്യം കണ്ടില്ലെന്ന് നടിക്കുവാനാകുമായിരുന്നില്ല. വിശ്വാസത്തിലും വിശുദ്ധിയിലും തുടരുമ്പോഴും അന്ധമായി അധികാരികളെ അനുസരിക്കുവാൻ മനസ്സു വരാതെ ഖിന്നമാകുന്ന സഭയുടെ ഹൃദയവികാര ങ്ങളെ നിഷേധിക്കുവാൻ ചാവറയച്ചനു കഴിയുമായിരുന്നില്ല. എന്നാൽ പരസ്യ മായ വിമർശനത്തിനൊരുങ്ങാനോ സഭാവിധേയത്വത്തിനു വിരുദ്ധമായി തുറ ന്നെതിർക്കുവാനോ അദ്ദേഹം തയ്യാറല്ലായിരുന്നു. അധികാരികളുടെ നില പാടുകളെ ന്യായീകരിക്കുവാനാകുന്നിടത്തെല്ലാം സഭാവിധേയത്വത്തോടെ പിൻതാങ്ങുവാൻ അദ്ദേഹം ശ്രമിച്ചു. അവർക്കെതിരെ നൂറ്റാണ്ടുകളിലൂടെ വളർന്നു പെരുകിയ അനിഷ്ടംമൂലം അവർ ചെയ്യുന്ന നന്മ പ്രവർത്തികൾ അംഗീകരിക്കപ്പെടാതെപോകുന്നതു അദ്ദേഹം തിരിച്ചറിഞ്ഞു. അതിലൂടെ

അവർക്കുണ്ടാകുന്ന മാനസിക സംഘർഷങ്ങൾ അവരുടെ ഭാഗത്തുനിന്നു വരുന്ന ഉപവിക്കുറവുകൾക്കു കാരണമാകുന്നു എന്നു ചൂണ്ടിക്കാട്ടി ന്യായീകരിച്ചുകൊണ്ടുപോലുമാണ് അദ്ദേഹം കാര്യങ്ങളെ വിലയിരുത്തിയിട്ടുള്ളത്. എല്ലാവരിലും നന്മകൾ മാത്രം കണ്ടെത്താൻ ശ്രമിച്ച ഒരു വിശുദ്ധന്റെ മനസ്സും ജീവിതവുമാണ് ഈ വാക്കിലും പ്രവർത്തിയിലും കാണാനാകുന്നത്.

അധികാരത്തിനു വിധേയപ്പെട്ടുകൊണ്ട് മേലാധികാരികളോടു സഹകരിക്കുന്നതിലാണ് നന്മയും വിശുദ്ധിയും അടങ്ങിയിരിക്കുന്നതു എന്നും അനുസരിക്കാനും അനുസരിപ്പിക്കാനും ഇരുവശത്തുനിന്നും ഒരേ സമയം സാധിക്കാതെപോയ പിഴവുകൾ കേരളകത്തോലിക്കാസഭയുടെ ആദ്ധ്യാത്മികതയെ വളരെയധികം ദോഷകരമായി ബാധിച്ചു എന്നും ഈ കാരണങ്ങളാൽത്തന്നെ *മാർ തോമ്മാശ്ലീഹായാൽ തന്നെ സത്യവേദം കൈക്കൊണ്ട ഈ മലയാളം മച്ചി ആയിരിക്കയും അതിൽപ്പിന്നെ സത്യവേദം കൈക്കൊണ്ട പലനാടുകളിലും ദ്വീപുകളിലും പല പുണ്യവാളന്മാരും ഉണ്ടായിരിക്കുന്നു* എന്നുമുള്ള ദുഃഖസത്യം അദ്ദേഹം വേദനയോടെ അനുസ്മരിക്കുന്നുണ്ടല്ലോ.

റോക്കോസ് മെത്രാനു ലഭിച്ച സ്വാഗതവും അനുകൂലാന്തരീക്ഷവും കുറച്ചുനാൾകൂടി ഇവിടെ നീണ്ടുനിന്നിരുന്നെങ്കിൽ സുറിയാനി കത്തോലിക്കരുടെയിടയിൽ തുടർന്നു കത്തോലിക്കരായി ആരും അവശേഷിക്കുകയില്ലായിരുന്നു എന്ന് *ശീശ്മ*യ്ക്കു ആദ്യത്തെ രണ്ടുമൂന്നു മാസത്തിനുള്ളിൽ ഉണർത്തുവാൻ കഴിഞ്ഞ ആവേശതരംഗവും അതു സൃഷ്ടിച്ച വിനകളും തെളിയിക്കുന്നു. എന്നാൽ സമർപ്പിതവും ദൃഢബോദ്ധ്യത്തോടുകൂടിയതുമായ ഇടപെടലുകളിലൂടെ ചുരുങ്ങിയ നാൾകൊണ്ട് എല്ലാം നിയന്ത്രണത്തിൽ കൊണ്ടുവരാൻ സാധിച്ചു ചാവറയച്ചന്. തന്റെ അനുഭവങ്ങളുടെ വെളിച്ചത്തിൽ പിന്നീട് *പ്രൊപ്പഗന്ത* തിരുഃസംഘത്തിന് അദ്ദേഹം എഴുതി നൽകിയ പ്രായോഗിക നിർദ്ദേശങ്ങൾ പരിഗണിച്ചിരുന്നെങ്കിൽ കേരളകത്തോലിക്കാസഭയിൽ അതിന്റെ തുടർച്ചയിൽ മറ്റൊരു *മേലൂസ് ശീശ്മ*യ്ക്ക് മുളയെടുക്കവാൻ അവസരമുണ്ടാകില്ലായിരുന്നു.[20]

താൻ വരുംതലമുറകളുടെ മുമ്പിൽ അറിയപ്പെടണം എന്ന ഉദ്ദേശത്തോടെ ചാവറയച്ചൻ ഒന്നും ചെയ്തിട്ടില്ലെങ്കിലും അന്നന്നു നടക്കുന്ന സംഭവങ്ങൾ രേഖപ്പെടുത്തി വെച്ചാൽ വരും തലമുറകൾക്ക് അത് മുതൽക്കൂട്ടായിത്തീരും എന്ന ചിന്ത അദ്ദേഹത്തിൽ വളരെ ശക്തമായിരുന്നു എന്നതിന്റെ തെളിവു കൂടിയാണ *നാളാഗമ*ങ്ങൾ.

## ജീവചരിത്രകാരനായ ചാവറ

വരാപ്പുഴയിൽ നിന്ന് ബർണർദീനോസ് മെത്രാന്റെ നിർദ്ദേശപ്രകാരം ചാവറയച്ചന്റെ താമസം മാന്നാനത്തുനിന്ന് 1864ൽ കൂനമ്മാവിലെ കൊവേന്തയിലേയ്ക്കു മാറ്റി. അവിടെ സുപ്പീരിയർ സ്ഥാനത്തു ദലഗാദും

നവഃസന്യാസികളുടെ ഗുരുവും ആയിരുന്ന ലയോപ്പോൾദ് മൂപ്പച്ചനും ഉണ്ടായിരുന്നു. ഫെബ്രുവരി 12-ാം തീയതി രാവിലെ എട്ടുമണിക്ക് ചാവറയച്ചനെ അദ്ദേഹം മുറിയിലേക്ക് വിളിപ്പിച്ചു. അല്പം ആശങ്കയോടെ കടന്നുചെന്ന ചാവറയച്ചനെ ഒപ്പം ഇരുത്തിയിട്ട് തന്റെ സഭയിൽ നാളിതുവരെ ചേർന്ന അംഗങ്ങളുടെയും മരിച്ചുപോയവരുടെയും പേര്, നാട്, ഇടവക മുതലായ വിവരങ്ങൾ അന്വേഷിച്ചു. ആ കൂട്ടത്തിൽ സഭയുടെ തുടക്കക്കാരിൽ ഒരാളായ പാലയ്ക്കൽ മല്പാനച്ചന്റെ കാര്യം കൂടുതൽ ചർച്ചാവിഷയമായി, അദ്ദേഹത്തെക്കുറിച്ച് പല കാര്യങ്ങളും വിശദമായി ചോദിച്ചറിഞ്ഞ മൂപ്പച്ചൻ നിർദ്ദേശിച്ചു:

*"നമ്മുടെ കാരണവൻ ആയിരിക്കയാലും അദ്ദേഹം ഏറിയ വേല ഒക്കെയും ചെയ്തിരിക്കകൊണ്ടും പിൻവരുന്നവർക്കു ഉണ്ടാകുവാനായിട്ട് ഈ ആളിന്റെ വർത്തമാനങ്ങൾ അറിയുന്നതൊക്കെയും ഒന്നു എഴുതിവെക്കണമെന്നും ആയതിനുവേണ്ട ഒത്താശകൾ ഒക്കെയും ഞാൻ ചെയ്യാമെന്നും പെ.ബ: മൂപ്പച്ചൻ കല്പിച്ചു.*[21]

മൂപ്പച്ചന്റെ നിർദ്ദേശത്തിനു മുൻപിൽ ചാവറയച്ചന്റെ മനസ്സിൽ തന്റെ ഗുരുവായ മല്പാനച്ചനെകുറിച്ചുള്ള ഓർമ്മകൾ നിറവാർന്നൊഴുകി:

*പൈതൽ പ്രായം മുതൽ ആത്മത്തിനടുത്തതും ശരീരത്തിനടുത്തതുമായ രണ്ടു സംഗതികളിലും അദ്ദേഹം തന്നെ അന്വേഷിച്ചു നടത്തി പഠിപ്പിച്ചു വളർത്തി അദ്ദേഹത്തിന്റെ മരണം വരെയും മാംസത്തിനടുത്ത സംബന്ധക്കാരിലും അരൂപിയ്ക്കടുത്ത മക്കളായ ശിഷ്യരിലും അധികമായിട്ടുള്ള താല്പര്യവും എന്റെ മേൽ വച്ചു. അദ്ദേഹത്തിന്റെ സമ്പത്തിനവകാശി എന്നതുപോലെ താൻ താല്പര്യം വെച്ചു സ്നേഹിച്ചു എന്ന സമ്പത്തായ ഈ കൊവേന്തയുടെ വേലയ്ക്കും എന്നെ ചുമതലപ്പെടുത്തിയും വെച്ച് മരിക്കുകയും ചെയ്തു.*[22]

പാലയ്ക്കലച്ചന്റെ ജീവിതത്തിലെ മാതൃകാപരമായ വിശേഷങ്ങൾ കേട്ട മൂപ്പച്ചൻ വീണ്ടും നിർബ്ബന്ധിച്ചു:

*ഇദ്ദേഹത്തിനെ ഓർപ്പാനും മറ്റവരുടെ കണ്ടുപഠിത്തത്തിനും ഇദ്ദേഹത്തിന്റെ വർത്തമാനങ്ങളെ എഴുതിയിടണം.*[23]

സഭയിൽ ചേർന്നവരുടെയും മരിച്ചവരുടെയും വിവരങ്ങൾ കൂടി അക്കൂട്ടത്തിൽ എഴുതി സൂക്ഷിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

തൽഫലമായി ചാവറയച്ചൻ ഒരു ജീവചരിത്രകാരനായി മാറി. ജീവചരിത്രമെന്നു പറയുമ്പോൾ അതിൽ ഉൾപെടേണ്ടതായ പല ഘടകങ്ങൾ ഉണ്ട്. ആരെക്കുറിച്ചെഴുതുന്നുവോ ആ ആളുകളുടെ ജീവിത പശ്ചാത്തലം, മാതാപിതാക്കൾ, വളർന്ന സാഹചര്യങ്ങൾ, അന്നത്തെ നാട്ടുനടപ്പ്, ആചാരങ്ങൾ, സാമൂഹിക പശ്ചാത്തലം, മതപരമായ കാഴ്ചപ്പാടുകൾ, ആ വ്യക്തിത്വത്തിന്റെ സവിശേഷതകൾ, അദ്ദേഹവുമായി ഇടപെട്ടിട്ടുള്ള ആളുകൾ,

സാഹചര്യങ്ങൾ, തനതായ സംഭാവനകൾ, മരണകാരണങ്ങൾ, സന്ദർഭ മരണാനന്തര ശുശ്രൂഷകൾ, മറ്റുള്ളവരുടെ വിലയിരുത്തലുകൾ... എന്ന ങ്ങനെ പലതും ചേർന്നുള്ള സത്യസന്ധമായ വിലയിരുത്തലാണ് ജീവ ചരിത്രം.[24] പാലയ്ക്കലച്ചന്റെ ചരിത്രം എഴുതിയ നാളുകളിലോ അതിന്റെ അടുത്ത നാളുകളിലോ പുസ്തകരൂപത്തിൽ പ്രകാശനം ചെയ്യുവാൻ കഴി ഞ്ഞിരുന്നു എങ്കിൽ ചാവറയച്ചൻ മലയാളത്തിലെ ലക്ഷണമൊത്ത ജീവിച രിത്രാഖ്യാതാക്കളിൽ ഒന്നാമനാകുമായിരുന്നു.

മലയാള ഭാഷയിൽ എഴുതിയ ആദ്യത്തെ ജീവചരിത്രമായി കണക്കാ ക്കപ്പെട്ടുന്നത് മലയാള വ്യാകരണകർത്താവു കൂടിയായ ഹെർമൺ ഗുണ്ടർട്ട് വിശുദ്ധ പൊലിക്കാർപ്പിനെക്കുറിച്ചെഴുതിയ '*പൊലിക്കാപ്പൻ*' എന്ന കൃതി യാണ്. എന്നാൽ നമ്മുടെ നാട്ടിൽ ജീവിച്ച ഒരു വ്യക്തിയെക്കുറിച്ച് മലയാള ത്തിൽ മലയാളി എഴുതിയ ആദ്യജീവചരിത്രം ചാവറയച്ചനെഴുതിയ പാല യ്ക്കലച്ചന്റെ ജീവചരിത്രമാണെന്നതിൽ തർക്കമില്ല. ആ സ്ഥാനം സാഹിത്യ ചരിത്രത്തിൽ അദ്ദേഹത്തിനു നൽകപ്പെട്ടിട്ടുണ്ടോ എന്നതു അന്വേഷണവി ധേയമാക്കേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ച നാലു ചരിത്രാവലോകനങ്ങൾ കൂടാതെ *നാളാഗമ* ത്തിൽ പല ഭാഗങ്ങളിലായിക്കാണുന്ന ചില പ്രത്യേക വിവരങ്ങളും കൗതു കരമായി ശ്രദ്ധയെ ആകർഷിക്കുന്നു.

തിരുവിതാംകൂർ ഇളയരാജാവിന്റെ ഏറ്റുമാനൂർ എഴുന്നള്ളത്തിന് മാന്നാ നത്തു നിന്നും ചാവറയച്ചന്റെ നേതൃത്വത്തിൽ ഒരു സംഘം പോവുകയും വാദ്യമേളങ്ങളോടെ സ്വീകരണത്തിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തതിന്റെ വിവരണങ്ങൾ ആണ് ഒന്ന്.[25] മറ്റൊരവസര ത്തിൽ തിരുവിതാംകൂർ രാജാവ് ആലുവായിൽ വന്നപ്പോൾ ചാവറ പിതാവ് അർപ്പിച്ച തിരുമുൽക്കാഴ്ചയെക്കുറിച്ചാണ് വേറൊന്ന്.[26] മറ്റൊന്ന് ടിപ്പു സുൽത്താന്റെ കേരള ആക്രമണത്തെക്കുറിച്ചുള്ള സൂചനകളാണ്.[27] കൊച്ചി യിൽ നിന്നു ബോംബെയിൽ പോയി താമസിച്ചിരുന്ന അനന്തരവകാശികളി ല്ലാത്ത ഒരു മദാമ്മയുടെ സഹായത്തെക്കുറിച്ചും, അവർക്ക് കൂനമ്മാവിൽ ഒരുക്കിക്കൊടുത്ത താമസ സൗകര്യങ്ങളെകുറിച്ചുമാണ് ഇനിയൊരു വിവ രണം.[28] പരിശുദ്ധ മാതാവിന്റെ തിരുന്നാളിൽ ഒരു കൊങ്ങിണി സ്ത്രീ പൂമാല അർപ്പിച്ചതും അവർക്ക് പരിശുദ്ധ മാതാവിന്റെ ദർശനമുണ്ടായതും, പ്രതി സന്ധികളെ അഭിമുഖീകരിച്ചുകൊണ്ട് അവർ മാനസാന്തരപ്പെട്ടതുമായ കഥ യാണ് വേറൊരു വിവരണം.[29]

ഒന്നാം വത്തിക്കാൻ കൗൺസിലിൽ പങ്കെടുത്തവരെക്കുറിച്ചും അതിന്റെ ചിലവുകൾ വഹിക്കാൻ ചാവറയച്ചൻ പിരിച്ചുകൊടുത്ത 32007 രൂപയെ ക്കുറിച്ചും, പരിശുദ്ധ പിതാവിനു കൊടുത്തയച്ച കത്തുകളെക്കുറിച്ചും മറ്റു മുള്ള വിവരണങ്ങളാണ് ഒരിടത്തു കാണുന്നത്.[30] കുറേനാളുകളായി നടന്ന

ഇതാ ഞാൻ അവിടത്തെ ദാസൻ
ഇതാ ഞാൻ അവിടത്തെ ദാസൻ

സൂര്യഗ്രഹണത്തിന്റെ വിശേഷങ്ങൾ പോലും നാളാഗമത്തിൽ കുറിക്കാൻ ശ്രദ്ധവച്ച ചരിത്രകാരനാണ് ചാവറയച്ചൻ.

ചാവറയച്ചന്റെ *നാളാഗമങ്ങളിലെ* ഓരോ സംഭവവിവരണങ്ങളും ചരിത്രകാരന്റെ കാപട്യമില്ലാത്ത എളിമയുടെയും സഭാധികാരികളോടുള്ള വിധേയത്വം അനുസരണം, ദൈവപരിപാലനയിലുള്ള ആശ്രയബോധം, ക്ഷമാശീലം, ദീർഘവീക്ഷണം, സത്യസന്ധത, ആർദ്രത, നിർഭയത്വം, പരസ്നേഹം, ശത്രുസ്നേഹം, വ്യക്തിബഹുമാനം, മതസഹിഷ്ണുത, സൗഹൃദം തുടങ്ങിയ സുകൃതങ്ങളുടെയും സാക്ഷ്യങ്ങളായി നമുക്കനുഭവപ്പെടുന്നു.

## സാഹിത്യകൃതികൾ

*സാഹിത്യകൃതികൾ* എന്ന പേരിൽ ഉള്ള രണ്ടാം വാല്യത്തിൽ മൂന്നു പദ്യസമാഹാരങ്ങളാണുള്ളത്. *ആത്മാനുതാപം, മരണവീട്ടിൽ പാടുന്നതിനുള്ള പാന (പർവ്വം), അനസ്താസ്യായുടെ രക്ഷസാക്ഷ്യം* എന്നിവയാണവ. കൃത്യമായി എന്നാണീ കൃതികൾ എഴുതിയതെന്നുറപ്പില്ലെങ്കിലും അതിലെ ഉള്ളടക്കത്തിന്റെ പ്രത്യേകതകൾ കൊണ്ടും കവിയുടെ ഉദ്ദേശലക്ഷ്യങ്ങൾ പരിഗണിക്കുമ്പോഴും 1862-നും 1870-നും ഇടയ്ക്കാണ് ഇവ പൂർത്തിയാക്കിയത് എന്നനുമാനിക്കാം. ആത്മാനുതാപത്തിന്റെ കാര്യത്തിൽ ചാവറയച്ചന്റെ ആദ്യ ജീവചരിത്രകാരനായ ലെയോപ്പോൾദ് മിഷനറി തരുന്ന സൂചന ചാവറയച്ചൻ തന്റെ വിശ്രമത്തിന്റെ അവസാനഘട്ടത്തിൽ അതെഴുതി എന്നാണ്. 1870 സെപ്റ്റംബറിൽ അദ്ദേഹം ശയ്യാവലംബനായി 1871 ജനുവരി 3ന് മരിക്കയും ചെയ്തു. ചാവറയച്ചൻ മരിച്ച് അധികം താമസിയാതെ ആത്മാനുതാപം പ്രകാശനം ചെയ്യാൻ നടപടികൾ എടുത്തതും ഒരു ലഘുജീവചരിത്രത്തോടു കൂടിയ ആമുഖം എഴുതിച്ചേർത്തതും ലയോപോൾദ് അച്ചനാണ്.[31]

ദൈവത്തിൽ വിശ്വസിക്കുന്ന ഏതു വ്യക്തിയെ സംബന്ധിച്ചും, മരണാനന്തര ജീവിതത്തിന് പ്രാധാന്യം ഉണ്ട്. മരണം എന്നത് നിത്യതയിലേയ്ക്ക് കടക്കാനുള്ള കവാടമാണെന്നും ജീവിച്ചിരിക്കുമ്പോൾ ചെയ്യുന്ന സുകൃതങ്ങളാണ് ഭയം കൂടാതെ മരണത്തെ സമീപിക്കാൻ സഹായിക്കുന്നത് എന്നും മനസ്സിലാക്കിയാൽ ജീവിതം സുകൃതപൂർണ്ണമാക്കുവാൻ എളുപ്പമായി. കേരളകത്തോലിക്കാസഭ ആത്മീയതയിൽ ഒന്നിനൊന്നു താഴ്ന്നുപോകുന്നു എന്ന ഖേദബോദ്ധ്യം ചാവറയച്ചനും കൂട്ടാളികൾക്കും ഉണ്ടായിരുന്നതുകൊണ്ടാണ് സന്യാസസമൂഹജീവിതം ആരംഭിച്ചപ്പോൾ മുതൽ ഇടവകധ്യാനങ്ങൾക്കും കുടുംബനവീകരണ പ്രവർത്തനങ്ങൾക്കും കൂടുതൽ പ്രാധാന്യം കൊടുത്തത്.

## അർണ്ണോസു പാതിരിയുടെ മാതൃകയിൽ

എഴുത്തച്ഛന്റെയും നിരണം കവികളുടെയും കാവ്യകൃതികൾ കേരളത്തിലെ ഹൈന്ദവരിൽ ഉറങ്ങിക്കിടന്നിരുന്ന ആദ്ധ്യാത്മിക ചൈതന്യം തട്ടിയുണർത്താൻ പര്യാപ്തമായി എന്നു മനസ്സിലാക്കിയ വ്യക്തിയാണ് ജർമ്മൻ

കാശ്ധ്യായ മിഷനറി അർണോസു പാതിരി (1699-1732). ക്രൈസ്തവമത തത്വങ്ങൾ ഹൃദ്യമായ കവിതകളിലൂടെ പ്രകാശിപ്പിക്കുവാൻ കഴിഞ്ഞാൽ കേരളീയരുടെ ആത്മീയോൽക്കർഷത്തിന് അതുപകരിക്കും എന്നദ്ദേഹം വിശ്വസിച്ചു. ക്രിസ്തുവിന്റെ ജീവിതകഥയ്ക്ക് അദ്ദേഹം *'പുത്തൻപാന'* എന്ന പേരിൽ ദ്രാവിഡശീലുകളിൽ കാവ്യാവിഷ്ക്കാരം നടത്തി. പുത്രന്റെ പീഡാനുഭവത്തിൽ വ്യണിതഹൃദയനായി കുരിശിൻ ചുവട്ടിൽ ദുഃഖസാഗരമായി നിലകൊണ്ട പരിശുദ്ധ അമ്മയെ അവതരിപ്പിച്ചുകൊണ്ട് *'ഉമാപർവ്വ'*വും അദ്ദേഹം എഴുതി. കേരളക്രൈസ്തവരുടെ ഇടയിൽ ഈ രണ്ടു കൃതികൾക്കും പ്രചുരപ്രചാരം ലഭിച്ചു. *ഉമാപർവ്വം* സന്യാസികൾക്ക് മനപാഠമായി.

വർഷംതോറും ആചരിക്കുന്ന പീഡാനുഭവവാരത്തിൽ

*'അമ്മ കന്നിമണി തന്റെ നിർമ്മലദുഃഖങ്ങളിപ്പോൾ*
*ഒൺമയാലെ മനസ്സുറ്റു കേട്ടുകൊണ്ടാലും'*

എന്നിങ്ങനെ *ഉമാപർവ്വ*ത്തിലെ ഈരടികൾ ക്രൈസ്തവ ഗൃഹങ്ങളിൽ ഉണർവ്വുപാട്ടായി.

കാവ്യരചനകൾക്ക് മനുഷ്യഹൃദയങ്ങളിൽ വലിയ തരംഗങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്ന് എഴുത്തച്ഛനിൽ നിന്നും അർണ്ണോസു പാതിരിയിൽ നിന്നുമെല്ലാം മനസ്സിലാക്കിയ ചാവറയച്ചൻ കവിതകൾ എഴുതിത്തുടങ്ങി. ആത്മീയതയിലൂടെ ദൈവസായുജ്യം പ്രാപിക്കാൻ വെമ്പൽ പൂണ്ട ഒരു മിസ്റ്റിക്കായിരുന്നു അദ്ദേഹം. ശ്രവണ, മനന, നിധിത്യാസത്തിലൂടെ തന്റെ ഉള്ളിൽ ഉറഞ്ഞുകൂടിയ ആത്മീയ വികാരങ്ങൾ ഉറപൊട്ടി ഒഴുകി രചിതമായവയാണ് അദ്ദേഹത്തിന്റെ സാഹിത്യകൃതികൾ.

## മരണവീട്ടിൽ പാടുവാനുള്ള പാന

*ഉമാപർവ്വ*ത്തോടു ചേർന്നുപോകത്തക്ക വിധമായിരിക്കാം, *മരണവീട്ടിൽ പാടുന്നതിനുള്ള 'പർവ്വം'* എന്ന കാവ്യം അദ്ദേഹം എഴുതിയത്. *'പർവ്വം'* എന്നായിരുന്നു ചാവറയച്ചൻ ആദ്യം തന്റെ കൃതിക്ക് പേരു നൽകിയത്. എന്നാൽ മാന്നാനത്തുനിന്ന് ഈ കൃതി പ്രസിദ്ധീകരിച്ചപ്പോൾ *'മരണവീട്ടിൽ പാടുന്നതിനുള്ള പാന'* എന്നു മാറ്റുകയും പിന്നീട് കൃതി ആ പേരിൽ അറിയപ്പെടുകയും ചെയ്തു. മരണത്തോടു അനുബന്ധിച്ച വിശ്വാസസത്യങ്ങൾ സ്വതഃസിദ്ധമായ ശൈലിയിൽ വർണ്ണിക്കുന്ന ഈ കൃതി 1868ന് മുമ്പ് രചിക്കപ്പെട്ടതാകണം.

ഒരാൾ മരണമടഞ്ഞാൽ അന്തിമശുശ്രൂഷകളുടെ സമയംവരെ മൃതദേഹം വീട്ടിൽ സൂക്ഷിക്കണം. വേർപാടിന്റെ വിയോഗദുഃഖ വികാരങ്ങൾ തളംകെട്ടി നിൽക്കുന്ന ഈ സമയം അയൽവാസികളും ബന്ധുമിത്രാദികളും മൃതദേഹത്തിനു ചുറ്റുംകൂടി വട്ടമിട്ടിരിക്കുന്നു: അത് പ്രാർത്ഥനയുടെയും വിചിന്തനത്തിന്റെയും സമയമാണ്; ഹൃദയപരിവർത്തനത്തിന് പ്രചോദനം ഉൾക്കൊള്ളാനും

പറ്റിയ സമയം. ഇതു മനസ്സിൽ കണ്ടാകണം ചാവറയച്ചൻ മനുഷ്യന്റെ ശാശ്വതന മൂല്യങ്ങളായ ലോകം, വിധി, സ്വർഗ്ഗം, നരകം എന്നിവയെ വരച്ചുകാട്ടാൻ ഈ രചനയിലൂടെ ശ്രമിക്കുന്നത്.

ഒരു വ്യക്തിയുടെ ജനനം നശ്വരമായ ഈ ലോകത്തിലേയ്ക്കുള്ള പ്രവേശം ആണെങ്കിൽ മരണം നിത്യതയിലേയ്ക്കുള്ള പ്രവേശനകവാടമാണ്. ദൈവത്തിൽനിന്നും പുറപ്പെട്ട ആത്മാവ് ദൈവത്തിൽ വീണ്ടും വിലയം പ്രാപിക്കുന്നതിലാണ് പൂർണ്ണത അടങ്ങിയിരിക്കുന്നത്. പ്രഭാഷകന്റെ പുസ്തകത്തിൽ നിന്നും ഈ ആശയം കടം എടുത്തുകൊണ്ടാണ് ചാവറയച്ചൻ ഖണ്ഡകാവ്യം ആരംഭിക്കുന്നത്. കാവ്യഭംഗിയോടെ തുടങ്ങുന്നതി പ്രകാരവും:

*ജന്മദിനത്തേക്കാൾ മരണദിനം നല്ലു*
*ജന്മാഘോഷത്തേക്കാൾ മരണാഘോഷം*
*കല്യാണപന്തലിൽ പോകുന്നതിനേക്കാൾ*
*കണ്ണോക്കിൻ കേതത്തിൽ പോകു നന്നു*

(സഭാപ്രസംഗകൻ 7:2,3)

*എന്നുള്ളോരീവാർന്നു ഇന്നുള്ളതല്ലഹോ*
*മുന്നുള്ള ബുദ്ധിമാൻ രാജസുതൻ*
*മാന്യനാം കൊഹ്ലസാൽ ചൊല്ലപ്പെടുന്നതും*
*ധന്യരാം മേ ജനം കേട്ടിടണം*[32]

1162 വരികളിലൂടെ പൂർത്തിയാകുന്ന കാവ്യത്തിൽ, ജീവിതത്തിൽ ഒന്നിച്ചു കളിച്ചുല്ലസിച്ചു നടന്നിരുന്ന കൂട്ടുകാരോടു ശവമഞ്ചത്തിൽ മൃതനായിക്കിടക്കുന്നയാൾ സംസാരിക്കും വിധമാണ് ആഖ്യാനം. അതുകൊണ്ടുതന്നെ കേൾവിക്കാർക്ക്, വായനക്കാർക്ക് അത് നാടകീയവും കൂടുതൽ ആകർഷകവും നവീനവുമായിരിക്കുന്നു. മനുഷ്യജീവിതത്തെക്കുറിച്ചുള്ള സഭാ പഠനങ്ങളോടു ചേർന്നുനിന്നുകൊണ്ട് പ്രയോഗികജീവിതത്തിൽ സഭാതനയർക്ക് ഉണ്ടാകേണ്ട മൂന്നു കാര്യങ്ങൾ അദ്ദേഹം ഇവിടെ സ്ഥാപിക്കുന്നു.

ജിവിതകാലത്തെ സന്തതസഹചാരികളായ മൂന്നു കൂട്ടുകാരെക്കുറിച്ചാണ് പ്രതിപാദനം. ലോകം, ശരീരം, സ്വാർത്ഥതയും സ്വന്തക്കാരും. ഇവരെ അമിതമായി സ്നേഹിക്കുകയും അവർക്കുവേണ്ടി മാത്രം ജീവിക്കയും ചെയ്താൽ മരണസമയത്ത് വിധിയാളന്റെ മുമ്പിൽ നിൽക്കേണ്ടിവരുമ്പോൾ ഇവർ സഹായിക്കാൻ തയ്യാറാകില്ല എന്നും അതുകൊണ്ടു ജീവിച്ചിരിക്കുമ്പോൾ നാലാമതൊരു കൂട്ടുകാരനെ കണ്ടെത്തണമെന്നും, അതു നമ്മുടെ സുകൃതജീവിതം ആണെന്നും സ്വാനുഭവപാഠങ്ങളായി ശരീരം വേർപെട്ട ആത്മാവ് വെളിപ്പെടുത്തുന്നു:

*പ്രഥമ സ്നേഹിതനാരെന്നു കേൾക്കുവിൻ*
*പ്രധാനി ഭൂലോകം തന്നെയല്ലോ...*
*രണ്ടാമതായുള്ള സ്നേഹിതൻ സ്വജനം*
*കുണ്ഠിതമെഴുവർക്കായി,...*
*മൂന്നാമനാകുന്ന സ്നേഹിതൻ സ്വദേഹം*
*അന്നത്തിലുമിവൻ ഒന്നിച്ചല്ലോ.*
*ഈ മൂവരിൽ മമ ക്ലേശമതെങ്കിലും*
*നാലാമതായൊരാ പുണ്യത്തേയും*
*സ്നേഹമവനിൽ ഞാൻ കാണിച്ചു കാരണം*
*സ്നേഹത്താൽ ചാരെയിരുത്തി കൊണ്ടു*[33]

സുവിശേഷത്തിലെ ധനവാന്റെയും ലാസറിന്റെയും ഉപമയെ ഓർമ്മപ്പെടുത്തുന്ന ഈ ഭാഗം ഹൃദയസ്പർശിയാണ്. മനുഷ്യന്റെ നാല് അന്ത്യങ്ങളായ മരണം, വിധി, മോക്ഷം, നരകം എന്നിവയിലോർമ്മവെച്ച് ജീവിച്ചാൽ ജീവിതം സുകൃതപൂർണ്ണമാകും എന്ന് ചാവറയച്ചൻ ഇവിടെ ഓർമ്മിപ്പിക്കുന്നു.[34]

കൃതിയിലെ രണ്ടാമത്തെ മുഖ്യപ്രതിപാദ്യ വിഷയം ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്കു സഹായമെത്തിക്കുവാനുള്ള ഒരുക്കകടമകളെക്കുറിച്ചാണ്. ലോകത്തോടും ശരീരത്തോടും സ്വാർത്ഥത്തോടും മല്ലടിച്ചു മുന്നേറേണ്ട മനുഷ്യനെ കളങ്കത്തിലേയ്ക്കു വ്യതിചലിപ്പിക്കുവാനുള്ള പ്രലോഭനങ്ങൾ എമ്പാടുമുണ്ട്. ദൈവീകപൂർണ്ണതയാവട്ടെ പരിശുദ്ധിയിലൂടെ മാത്രം പ്രാപ്യവും. ചെറിയ കളങ്കംപോലും ദൈവീകപരിശുദ്ധിയുടെ മുമ്പിൽ കുറവും അതിനാൽ ദൈവത്തോടു ലയിക്കുവാൻ തടസ്സവുമാണ്. ഈ തടസ്സത്തിൽ കഴിയുന്നവരാണ്, സ്വയം രക്ഷാകര പ്രവർത്തികൾ ചെയ്യാൻ കഴിവില്ലാതെ ശുദ്ധീകരണസ്ഥലത്തെത്തുന്ന ആത്മാക്കൾ. ജീവിച്ചിരിക്കുന്നവരുടെ സുകൃതാർപ്പണം വഴി നിത്യസൗഭാഗ്യത്തിലേയ്ക്ക് ഇവരെ കടത്തിവിടാൻ സഹായിക്കണമെന്ന ശവമഞ്ചത്തിൽ നിന്നുള്ള നിർദ്ദേശാഭ്യർത്ഥന മനുഷ്യഹൃദയങ്ങളെ ഉത്തരവാദിത്വപൂർണ്ണമാക്കുന്നു.

*തന്നുടെ നീതിദയയായ് പകർത്തുവാൻ*
*നിങ്ങൾക്കീ നേരത്തിൽ സാദ്ധ്യമല്ലോ.*
*എന്നുടെ വേലയിൽ നേരം കഴിഞ്ഞുപോയ്*
*ഇന്നെന്റെ രോദനം കേൾക്കുന്നില്ലാ*
*നിങ്ങളെനിക്കായി പ്രാർത്ഥിക്കുമെങ്കിലോ*
*അമ്പൊടനുകൂലമുണ്ടാമെന്നിൽ.*[35]

മൂന്നാമതായി അദ്ദേഹം പ്രതിപാദിക്കുന്നത് തിരുഃസഭാ കൂട്ടായ്മയെക്കുറിച്ചാണ്. സ്വർഗ്ഗത്തിലെ വിജയസഭയും ഭൂമിയിലെ സമരസഭയും ശുദ്ധീകരണസ്ഥലത്തിലെ സഹനസഭയും പരസ്പരം ബന്ധിതവും അതിനാൽ അന്യോന്യം സഹായിക്കേണ്ടവയുമാണെന്നും സമർത്ഥിക്കുന്നു.

'പുണ്യവാളന്മാരുടെ ഒരുമ്പാടുമ്മേൽ
പുണ്യാമായുള്ളൊരു വിശ്വാസത്താൽ
ജയവിരുതു ധരിച്ചുള്ള പള്ളിയും
ജഗതിയിലുള്ള യുദ്ധക്കാരും
ശുദ്ധീകരണത്തിലെ ദുഃഖജനങ്ങളും
ശുദ്ധമായ് മൂന്നു ജനപള്ളികൾ
അന്യോന്യമായുള്ള പുണ്യസഹായത്താൽ
അങ്ങിങ്ങുമുണ്ടാകും സർവ്വം ഗുണം.[36]

കൃതിയിലെ ദൈവഃശാസ്ത്രപരമായ വശം പരിഗണിക്കുമ്പോൾ കവി തിരുഃസഭയുടെ പഠനങ്ങളിൽ ആഴമായി ഊന്നിനിൽക്കുന്നതായികാണാം. യുഗാന്ത്യോന്മുഖമായ ഒരു മാനം മനുഷ്യനു ഉണ്ടെന്നും അതിനെ ലക്ഷ്യം വെച്ചുകൊണ്ടുവേണം മനുഷ്യൻ ഈ ലോകത്തിൽ ജീവിക്കുവാൻ എന്നും പല സംഭവങ്ങളും കഥകളും ഉദാഹരണങ്ങളാക്കി സമർത്ഥിച്ചുകൊണ്ടു *'മരണവീട്ടിൽ പാടുവാനുള്ള പാന'* മാർഗ്ഗദർശകമായി വർത്തിക്കുന്നു.

## അനസ്താസ്യായുടെ രക്തസാക്ഷ്യം

*അനസ്ത്യാസ്യായുടെ രക്തസാക്ഷ്യം* എന്ന കൃതിയുടെ ഇതിവൃത്തം കവിയുടെ സ്വന്തമല്ല. ക്രിസ്തുസഭയുടെ ചരിത്രത്തിലെ മതപീഡനകാലത്തു പൗരസ്ത്യസഭകളിൽ ആദ്യകാലം മുതലെ വണങ്ങപ്പെട്ടിരുന്ന രണ്ടു വേദസാക്ഷികളാണു അനസ്ത്യാസ്യയും സിറില്ലോസും. ഇവരുടെ ചരിത്രം തിരുഃസഭാചരിത്രത്തിൽ നിന്നും തേടിയെടുത്തു ഒരു സുന്ദരകാവ്യമായി അവതരിപ്പിക്കുവാൻ ചാവറയച്ചനെ പ്രേരിപ്പിച്ചതു കേരളകത്തോലിക്കാസഭയ്ക്കു പ്രത്യാശാനിർഭരമായ ഒരതിജീവന സ്ഥൈര്യം ഉത്തേജനമായി നൽകുവാനുള്ള അദമ്യമായ മോഹമായിരുന്നു. മതപീഡനത്തിനു തുല്യമായിരുന്നു ഒരർത്ഥത്തിൽ *റോക്കോസ് ശീശ്മ!* സമാനങ്ങളായ വിപത്തുകളെ നേരിടാൻ, വേണ്ടിവന്നാൽ സഭയ്ക്കുവേണ്ടി വീരചരമം പ്രാപിക്കുവാനും ജനങ്ങളെ പ്രേരിപ്പിക്കുകയായിരുന്നു ആത്യന്തിക ലക്ഷ്യം. 1861നും 1862നുമിടയിലാണ് ഈ കൃതി വിരചിതമായത്. 182 വരികളുള്ള ഈ കൃതിയുടെ കഥാസൂചിക ഇപ്രകാരമാണ്:

എ.ഡി. മൂന്നാം നൂറ്റാണ്ടിൽ വലേരിയൻ റോമിലെ ചക്രവർത്തിയായിരുന്നു. ക്രൈസ്തവവിരോധിയായിത്തീർന്ന അദ്ദേഹം ക്രിസ്തു വിശ്വാസികളെ നശിപ്പിക്കുവാനും ജനങ്ങളെ *ജോവ് (ജൂപ്പിറ്റർ)* എന്ന ദേവന്റെ ആരാധകരാക്കി മാറ്റാനും തീരുമാനിച്ചു. ചക്രവർത്തിയുടെ വിശ്വാസമർദ്ദന നടപടികൾക്കും വിഗ്രഹപൂജാ സമ്മർദ്ദത്തിനും നേതൃത്വം നൽകിയിരുന്നത് പ്രോബ എന്ന മന്ത്രി ആയിരുന്നു. സോഫിയ എന്ന കന്യാസ്ത്രീ സുപ്പീരിയറായിരുന്ന മഠത്തിലെ സുന്ദരിയും ഉന്നതകുലജാതയുമായ ഒരു കൊച്ചു

കന്യകയായിരുന്നു അനസ്ത്യാസ്യാ. അവളെ സ്വന്തമാക്കണമെന്ന് ആഗ്രഹിച്ചും അവളെക്കൊണ്ട് ക്രിസ്തുമതം ഉപേക്ഷിപ്പിക്കണം എന്ന ഉദ്ദേശത്തോടെയും അവളെ രാജകൊട്ടാരത്തിലേയ്ക്കു കൂട്ടിക്കൊണ്ടു ചെല്ലുവാൻ പ്രോബാ ഭടന്മാരെ അയച്ചു. *ദിവ്യമണവാളനുവേണ്ടി രക്തസാക്ഷ്യം വഹിക്കേണ്ടിവരുമെന്നും അധൈര്യ ആകരുതെന്നും, നിനക്കുവേണ്ടി ചോര ചിന്തി ജീവനെ ഹോമിച്ച സ്നേഹരാജൻ നിന്നെ കാത്തിരിക്കുകയാണെന്നും അതുകൊണ്ട് ശങ്കകൾ കൂടാതെ മുന്നേറുകയെന്നുമുള്ള* ഉപദേശത്തോടെ സോഫിയാ അവളെ പടയാളികൾക്ക് വിട്ടുകൊടുക്കുന്നു. മന്ത്രി പ്രോബാ അവളെ വശീകരിച്ച് സ്വന്തമാക്കാൻ പല ശ്രമങ്ങളും നടത്തി പരാജിതനായി. ക്രിസ്തീയ വിശ്വാസം ത്യജിക്കയില്ലെന്ന് അനസ്ത്യാസ്യാ ശഠിച്ചു. പലവിധ പീഡനങ്ങൾക്ക് അവളെ വിധേയയാക്കി; പൊള്ളലേല്പിച്ചു; സ്തനങ്ങൾ അറുത്തെടുത്തു; നഖങ്ങൾ പിഴുതുമാറ്റി; പല്ലുകൾ അടിച്ചുകൊഴിച്ചു. കരങ്ങൾ വെട്ടിമാറ്റി... മരണാസന്നയായ അവൾ അടുത്തുനിന്നിരുന്ന യുവാവിനോടു ദാഹജലം ആവശ്യപ്പെട്ടു. സിറില്ലോസ് എന്നായിരുന്നു അവന്റെ പേര്. ശത്രുക്കളെ ഭയപ്പെടാതെ അവൻ അവൾക്ക് വെള്ളം പകർന്നുകൊടുത്തു. അതുകണ്ടു കുപിതനായ ചക്രവർത്തിയുടെ ആജ്ഞപ്രകാരം അവർ രണ്ടുപേരേയും ക്രൂരമായി വധിച്ചു. അനസ്ത്യാസ്യായും സിറില്ലോസും രക്തസാക്ഷിമകുടം ചൂടി.

ആദ്യ നൂറ്റാണ്ടു മുതൽ ക്രിസ്തീയ വിശ്വാസം സ്വീകരിച്ച കേരളകത്തോലിക്കാസഭയുടെ പ്രതീകമാണ് മൂന്നാം നൂറ്റാണ്ടിലെ കഥാപാത്രമായ അനസ്ത്യാസ്യാ. തിരുസഭയുടെ പ്രതീകവും കൂടിയാണല്ലോ സ്ത്രീ. റോക്കോസ് *ശീശ്മ*യിലൂടെ വിശ്വാസം പരീക്ഷിക്കപ്പെട്ട കേരളകത്തോലിക്കാസഭ എന്ന കഥാപാത്രത്തെ അവൾ അവതരിപ്പിക്കുന്നു. അനസ്ത്യാസ്യാ എന്ന പദത്തിന്റെ അർത്ഥം *ഉയർത്തപ്പെട്ടവൾ* എന്നാണ്. അവൾ പാപത്തിന്റെയും മോഹത്തിന്റെയും അഹത്തിന്റെയും ചെളിക്കുണ്ടിലേയ്ക്ക് നിപതിക്കുന്നില്ല. അവയിൽ നിന്നെല്ലാം ഉയർത്തപ്പെട്ട ജീവിതമാണ് അവളുടേത്. വിജ്ഞാനമെന്നാണ് സോഫിയ എന്ന സംജ്ഞയുടെ അർത്ഥം. സോഫിയ എന്ന മഠാധിപ തിരുസഭാമാതാവിനെ പ്രതിനിധാനം ചെയ്യുന്നതിനോടൊപ്പം മാർഗ്ഗനിർദ്ദേശം തരുന്ന തിരുസഭാതലവനായ പരിശുദ്ധ മാർപ്പാപ്പായുടെയും പ്രതീകമാണ്. *ശീശ്മ*യുടെ പ്രതിസന്ധിയിൽ വിശ്വസിക്കേണ്ടതും സ്വീകരിക്കേണ്ടതും എന്തെന്ന് അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്നു. അനസ്ത്യാസ്യായ്ക്ക് ധൈര്യം പകരുകയും ശത്രുഭയം കൂടാതെ കൃത്യനിർവ്വഹണത്തിന് തയ്യാറാവുകയും ചെയ്ത സിറില്ലോസ്, *ശീശ്മ*യുടെ കാലത്ത് വിശ്വസ്തതയോടെ നിലകൊള്ളുകയും, ജനങ്ങളെ ഉത്തേജിപ്പിച്ച് നിലനിൽത്തുകയും ചെയ്ത കേരളകത്തോലിക്കാസഭാതനയരാണ്. സിറില്ലോസ് സുറിയാനിയിൽ കുര്യാക്കോസ് ആണ്; കേരളസഭയെ *ശീശ്മ*യിൽ നിന്നു രക്ഷിച്ച ചാവറയച്ചൻ

തന്നെ! തിന്മയുടെ പ്രതീകമായി കൂടുതൽ അവതരിപ്പിക്കപ്പെടുന്ന പ്രോബാ എന്ന മന്ത്രി റോക്കോസ് മെത്രാനെയും, വലേരിയൻ ചക്രവർത്തി ബാബേൽ പാത്രിയാർക്കീസിനെയും വ്യംഗ്യമായി അവതരിപ്പിക്കുന്നു. രക്തസാക്ഷി മകുടം ചൂടി സ്വർഗ്ഗപ്രാപ്തി വരിച്ച അനസ്ത്യാസ്യായും സിറില്ലോസ്സും ശീശ്മ എന്ന തിന്മയ്ക്കെതിരെ വിജയം വരിച്ച കേരളകത്തോലിക്കാസഭതന്നെ.

അനസ്ത്യാസ്യായുടെ രക്തസാക്ഷ്യം എന്ന കൃതിയിലൂടെ ചാവറയച്ചൻ വൈദേശിക രൂപങ്ങളെ മാതൃകയാക്കി കവിത രചിക്കുവാൻ മലയാളിക്ക് ആദ്യത്തെ മാതൃകാപാഠം നൽകി. മലയാളത്തിലെ ഒന്നാമത്തെ ഖണ്ഡ കാവ്യം എന്നു ആ കൃതിയെ കരുതാമെങ്കിൽ ഖണ്ഡകാവ്യരൂപത്തെപ്പറ്റി മലയാളിയെ മാതൃകയിലൂടെ പഠിപ്പിച്ച പ്രഥമാദ്ധ്യാപകൻ ചാവറയച്ചനാ ണെന്ന് സമ്മതിക്കേണ്ടിവരും: ഡോ. സുകുമാർ അഴീക്കോടിന്റെ വാക്കുക ളാണിവ.[37]

സമഗ്രമായ ജീവിതത്തിന്റെ എല്ലാ ഭാഗങ്ങളിലുമായി ചിതറുന്നതിനു പകരം അതിന്റെ ഒരു ഭാഗത്ത് കവിയുടെ പ്രതിഭ ഉറച്ചുനിൽക്കുമ്പോൾ ഖണ്ഡകാവ്യം രൂപമെടുക്കും. ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ അരുണോ ദയമായി സാഹിത്യവേദികൾ വാഴ്ത്തുന്നത് ഏ. ആർ. രാജരാജവർമ്മയുടെ 'മലയാളവിലാസ'മാണ്; ഇത് വിരചിതമായത് 1895ലും. ലക്ഷണങ്ങൾകൊണ്ട് ആധുനിക ഖണ്ഡകാവ്യ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച ഒന്നാമത്തെ കൃതി യായ അനസ്ത്യാസ്യായുടെ രക്തസാക്ഷ്യം, ഏ.ആറി.ന്റേതിനു 33 വർഷം മുമ്പ് ഉദയം കൊണ്ടിരുന്നു എന്ന് അധികമാരും അറിഞ്ഞിരുന്നില്ല.[38]

**ആത്മാനുതാപം**

4021 വരികളിലൂടെ 12 കാണ്ഡങ്ങളും (അദ്ധ്യായങ്ങൾ) അന്ത്യപാദവും കടശ്ശിഅപേക്ഷയും ചേരുന്ന ആത്മാനുതാപം എന്ന മിസ്റ്റിക്ക് കവിത ആത്മ കഥാംശം അലിയിപ്പിച്ചു ചേർത്ത്, പശ്ചാത്താപജന്യമായ ഹൃദയ നവീകരണംകൊണ്ടു മാത്രമേ ഒരുവന് സമഗ്രമനുഷ്യത്വത്തിന്റെ ഉടമ യാകാനാകൂ എന്ന ചിന്താധാരയെ ദൈവമാതൃഭക്തിയിൽ നിർലീനമാക്കി അവതരിപ്പിക്കുന്ന ക്രിസ്തുഗാഥയാണ് ഇത്. ക്രിസ്തുവിന്റെയും കന്യകാ മറിയത്തിന്റെയും ജീവിതത്തിലെ ശോകസങ്കല്പരംഗങ്ങൾ ആഴത്തിൽ വർണ്ണത്തിൽ വരച്ചുകാട്ടുന്ന കവി അവയ്ക്കെല്ലാം കാരണഭൂതൻ താൻ തന്നെ യാണെന്ന് കാണുന്നു. ഭാരതത്തിന്റെ ആത്മസാക്ഷാത്കാരത്തിന് തൂവൽസ്പർശമേകിയ രാമാനുജൻ, കബീർ, ഗുരുനാനാക്ക്, തുളസീദാസൻ, സൂർദാസ്, മാണിക്യവാചകർ, പൂന്താനം തുടങ്ങിയവരുടെ നിരയിലാണ് സാഹിത്യരംഗത്ത് ചാവറയച്ചൻ ഈ കൃതിയിലൂടെ സ്ഥാനം നേടുന്നത്.

ഒന്നും രണ്ടും കാണ്ഡങ്ങൾ അദ്ദേഹത്തിന്റെ സ്വയംകൃത ചരിതമാണ്.

*ആദിനായകനായ സർവ്വേശ്വരൻ*
*ആദരത്തിൽ സുതനായിച്ചമച്ചെന്നെയും*
*ആയതിനു കാരണം ദൈവമേ!*
*ആദ്യഹീനനാം നിന്റെ ദയ തന്നെ.*[39]

എന്നാരംഭിക്കുന്ന കവിതയിൽ വിശേഷബുദ്ധിയുള്ള മനുഷ്യനായി തന്നെ സൃഷ്ടിക്കയും സന്യാസ-പൗരോഹിത്യജീവിതത്തിലേയ്ക്ക് വിളിക്കുകയും ചെയ്ത സ്നേഹസമ്പന്നനായ ദൈവത്തോട് നന്ദിപറഞ്ഞുകൊണ്ട് തന്റെ ശൈശവത്തിലേയ്ക്ക് തിരിഞ്ഞുനോക്കുമ്പോൾ ലഭിച്ച അനുഗ്രഹങ്ങൾക്കു തക്കവിധം പ്രതിനന്ദി പ്രകാശിപ്പിക്കാൻ കഴിയാത്തതിലുള്ള തന്റെ അനുതാപം കവി പ്രകടിപ്പിക്കുന്നു:

*പാപിയാം മമപൈതൽ പ്രായത്തിൻ കുറ്റങ്ങളും*
*താപത്താൽ പൊറുതിയേക്കേണം പ്രാർത്ഥിക്കുന്നേൽ.*[40]

മൂന്നാം കാണ്ഡത്തിൽ ലോകരക്ഷകനായ യേശുവിന്റെ ജനനം മുതൽ മരണംവരെയുള്ള സംഭവങ്ങളെ ആത്മീയകണ്ണുകൾകൊണ്ടു നോക്കിക്കാണുകയാണ്. ഈ കാഴ്ചയ്ക്കു തെളിമ കൈവരുവാൻ വേണ്ട പാപവിമോചനവും വിശുദ്ധിയും തരണമേ എന്നദ്ദേഹം യാചിക്കുന്നു.

*എത്രയും ചിത്രമാം നിൻമുഖപത്മത്തെ*
*യേകാന്ത പ്രേമത്താൽ പാർക്കുന്നഹം*
*ഏകേശനാഥനെ നിന്നുടെ ദാസൻമേ-*
*യേകദാ നിന്നെ ഞാൻ കാണാകേണം*
*പാപിയാമെന്നുടെ പാപത്തെ പോക്കി നിൻ-*
*പാദേയടിയനെ ചേർത്തിടേണം.*[41]

പൂർണ്ണ ഗർഭിണിയായ കന്യകാമാതാവിന്റെ ബത്‌ലഹേം യാത്രയും, തിരസ്ക്കരണവും, നിസ്സഹായാവസ്ഥയും നാലാം കാണ്ഡത്തിന്റെ വിവരണ വിഷയമെങ്കിൽ അഞ്ചാം കാണ്ഡത്തിലുള്ളത് പരിശുദ്ധമാതാവിന്റെയും വിശുദ്ധ യൗസേഫിന്റെയും സന്തോഷകരമായ അനുഭവങ്ങളുടെയും തിരുവവതാരത്തിന്റെയും, സ്വർഗ്ഗീയദൂതരുടെ ഗാനാലാപനത്തിന്റെയും, ആട്ടിടയരുടെ സന്ദർശനത്തിന്റെയും ലയപൂർണ്ണമായ ആഖ്യാനമാണ്.

തിരുവവതാരത്തെ തുടർന്ന് ഛേദനാചാരംവരെയുള്ള സംഭവങ്ങളെ അനാവരണം ചെയ്യുകയാണ് ആറാംകാണ്ഡത്തിൽ. ഇതിൽ കന്യാകാമാതാവും ശാന്തി എന്ന ഇടയസ്ത്രീയുമായുള്ള ഒരു സങ്കല്പസംവാദഭാഗം കാണാം. മിശിഹായുടെ രണ്ടാമത്തെ ആഗമനം, ലോകാവസാനം, പൊതുവിധി തുടങ്ങിയ വിശ്വാസങ്ങളെക്കുറിച്ചുള്ള ക്രൈസ്തവ സങ്കൽപങ്ങളാണതിൽ ചർച്ചവിഷയം. സ്വതഃസിദ്ധമായ വിശ്വാസപ്രസരണപ്രാപ്തിയോടെ തന്നെ അദ്ദേഹം ആഖ്യാനം നിവർത്തിച്ചിരിക്കുന്നു.

ഏഴും എട്ടും കാണ്ഡങ്ങളിലെ വിവരണങ്ങൾ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. പൂജരാജാക്കന്മാരുടെ ആഗമനവും, തിരുമുൽകാഴ്ചസമർപ്പണവും, നാല്പതാം ദിവസം ശിശുവിനെ ദേവാലയത്തിൽ കാഴ്ച വെയ്ക്കുന്നതും ശിമയോൻ ഹന്നാമാരുടെ പ്രവചനാഭിവാദനങ്ങളും യഥാവിധി വർണ്ണിച്ചശേഷം മാതാവിന്റെ വ്യാകുലങ്ങൾക്ക് കാരണമായ കർത്താവിന്റെ പീഡാനുഭവങ്ങളെ ധ്യാനവിഷയമാക്കുകയാണ് കവി. കുരിശിൽ കിടന്നുകൊണ്ടുള്ള ഏഴു തിരുവാക്യങ്ങൾ സമാഹരിച്ചവതരിച്ചുകൊണ്ടാണ് എട്ടാംകാണ്ഡം അവസാനിപ്പിക്കുന്നത്.

കുരിശിലെ മരണത്തെ തുടർന്നുള്ള സംഭവങ്ങളാണ് ഒൻപതാം കാണ്ഡത്തിലെ പ്രതിപാദനം. അത്ഭുതകരമായി കാഴ്ചശക്തി ലഭിക്കുന്ന ലൊഞ്ചീനോസ്സിന്റെ കൃതജ്ഞതാ സ്തുതിയും, പുത്രന്റെ തിരുമേനി മടിയിൽ കിടത്തിക്കൊണ്ടുള്ള മാതൃവിലാപവും, മാതാവിനെ ആശ്വസിപ്പിക്കാൻ എത്തുന്ന പത്രോസിന്റെ പശ്ചാത്താപവും ആകർഷകമായി അവതരിപ്പിച്ചിരിക്കുന്നു.

കർത്താവിന്റെ പുനരുത്ഥാനം, മാതൃസന്ദർശനം, സ്വർഗ്ഗാരോഹണം തുടങ്ങിയവയാണ് പത്താം കാണ്ഡത്തിന്റെ തുടക്കത്തിൽ. പരിശുദ്ധാത്മഗമനം, തിരുഃസഭയുടെ ആരംഭം, വികസനപ്രവർത്തനങ്ങൾ, പൗലോസിന്റെ മാനസാന്തരം, യാക്കോബിന്റെ രക്തസാക്ഷിത്വം, മാതാവിന്റെ സാന്നിദ്ധ്യത്തിലുള്ള ജറുസലേം സമ്മേളനം തുടങ്ങിയ സംഭവങ്ങളിലൂടെ ആഖ്യാനം തുടരുന്നു. പരിശുദ്ധമാതാവിന്റെ മരണംവരെയുള്ള ദിനങ്ങളിൽ അനുഭവവേദ്യമായ ആ പുണ്യപ്രാപ്യമായ നേതൃത്വവും സാന്നിദ്ധ്യവും ഹദയസ്പർശിയാംവിധം പതിനൊന്നാം കാണ്ഡത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ദിവ്യജനനിയുടെ മരണവും സ്വർഗ്ഗാരോഹണവുമാണ് പന്ത്രണ്ടാം കാണ്ഡത്തിലെ പ്രമേയം. മാതൃഭക്തനായ തന്റെ ഭക്തിപാരവശ്യം മദ്ധ്യസ്ഥയാചനയിലൂടെ കവി വ്യക്തമായി പ്രകടിപ്പിക്കുന്നു. അന്ത്യപാദങ്ങളിൽ പരിശുദ്ധമാതാവു വഴി ലഭിച്ച അനുഗ്രഹങ്ങളെക്കുറിച്ചും മാതാവിന്റെ മാദ്ധ്യസ്ഥശക്തിയെക്കുറിച്ചും പരാമർശിച്ചശേഷം കടശ്ശിയപേക്ഷയിലൂടെ പൈശാചികശക്തികളിൽ നിന്നും രക്ഷപ്പെടുവാനുള്ള കൃപയും അമ്മ വഴി യാചിച്ചുകൊണ്ടാണ് 'ആത്മാനുതാപം' ഉപസംഹരിച്ചിട്ടുള്ളത്.

*തെളിവു സ്നേഹദയയിനാലെ പാർപ്പതിനു ദാസിയെ*
*അരുളിടേണമമ്മാ നിന്റെ ശരണമെന്റെ ശിരസ്സതിൽ*
*മരണനേരമതിനു മുമ്പിൽ കരുണവച്ചു ദാസിയെ*
*ക്കരുതിക്കാത്തു രക്ഷചെയ്ത കരുണയുള്ള നാഥയെ*[42]

മാതൃഭക്തനായ ചാവറയച്ചൻ, പരിശുദ്ധമാതാവിനെക്കുറിച്ചുള്ള തിരുഃസഭയുടെ എല്ലാ പഠനങ്ങളെയും, പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള എല്ലാ വിശ്വാസസത്യങ്ങളെയും അവസരോചിതമായി ഉൾചേർത്തുകൊണ്ട് ഈ കൃതിയെ

ഒരു മാതൃസ്തവം ആക്കിമാറ്റിയിട്ടുണ്ട്. *ആത്മാനുതാപ*ത്തിലെ ഓരോ വരികളും ദൈവത്തിൽ വിലയം പ്രാപിക്കേണ്ട മനുഷ്യന്റെ ആത്മദാഹത്തിന്റെ വാക്യാവതരണമായിരിക്കുന്നു. ദൈവമനുഷ്യബന്ധത്തെ സ്വയം ധ്യാനിച്ചു കണ്ടെത്താൻ ആരെയും ഇതു സഹായിക്കുന്നു. ചാവറയച്ചന്റെ ആത്മാവസ്ഥയെ ഇതു വെളിപ്പെടുത്തുന്നു.

ബൈബിളിനു പുറമെ മറ്റു ചില പ്രശസ്ത കൃതികളും രചനയിൽ സഹായിച്ചിട്ടുണ്ടാകാം. മരിയ ദെ അഗ്രാദ സ്പാനിഷ് ഭാഷയിൽ രചിച്ച *ദൈവനഗരം* പ്രത്യേകിച്ചും. മൂന്നാം കാണ്ഡത്തിൽ ഒരു ഭാഗത്തും അഞ്ചുമുതൽ അവസാനം വരെയുള്ള കാണ്ഡങ്ങളിൽ മാതൃദുഃഖം ഒഴികെയുള്ള ബാക്കി ഭാഗങ്ങളിൽ കൂടുതലായും *ദൈവനഗര*ത്തിന്റെ സ്വാധീനം വ്യക്തമാണ്. എന്നാലോ പദാനുപദവിവർത്തനമെന്ന പറയാനാവാത്തവിധം സ്വന്തം അറിവിലും അനുഭവത്തിലും ഭാവനയിലുമുള്ള നിരവധി കാര്യങ്ങൾ ഇതിൽ ചേർത്തിട്ടുമുണ്ട്.

മരണത്തിന് ഏതാനും നാൾ മുമ്പ് എഴുതി പൂർത്തിയാക്കിയ ഈ കൃതിയിൽ അദ്ദേഹത്തിന്റെ ആദ്ധ്യാത്മികജീവിതത്തിന്റെ പരിണാമം വ്യക്തമായും സ്പഷ്ടമായും കാണാൻ കഴിയും. ആത്മീയ ജീവിതത്തെ *ശുദ്ധീകരണകാലം, പ്രകാശിതകാലം, സംയോജനകാലം* എന്നിങ്ങനെ മൂന്നു ഘട്ടങ്ങളായി വിഭജിക്കാമെങ്കിൽ *ആത്മാനുതാപ*ത്തിലെ ആദ്യ രണ്ടു കാണ്ഡങ്ങൾ സ്വന്തം പരിമിതികളെ തിരിച്ചറിയുന്ന *ആത്മശുദ്ധീകരണ*ത്തെ സൂചിപ്പിക്കുന്നതായി കാണാം (Purgative Way). മൂന്നു മുതൽ എട്ടുവരെയുള്ള കാണ്ഡങ്ങൾ ക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനങ്ങളെ പരിശുദ്ധമാതാവിന്റെ സഹായത്തോടെ നോക്കിക്കണ്ടു പ്രചോദനം ഉൾക്കൊള്ളുന്നു *പ്രകാശിതകാല*മാണ് (Illuminative Way). ഒൻപതു മുതൽ പന്ത്രണ്ടുവരെയുള്ള കാണ്ഡങ്ങൾ പരിശുദ്ധ അമ്മയോടു ചേർന്ന് ആദ്യശിഷ്യന്മാർ തിരുഃസഭയിലൂടെ അനുഭവിച്ചു സ്വന്തമാക്കിയ *രക്ഷാഫലകാല*മത്രെ. ഇതു സഹരക്ഷകയും മദ്ധ്യസ്ഥയുമായ പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോഹണത്തിൽ പൂർണ്ണമാകുന്ന ക്രിസ്തീയജീവിതത്തിന്റെ പൂർണ്ണതയായ *സംയോജനകാലം* തന്നെ (Unitive way).

സാഹിത്യ നിരീക്ഷകർ ഈ കൃതിയെ വിലയിരുത്തിയിട്ടുള്ളത് ഇപ്രകാരമാണ്.

*മലയാള വാങ്മയമാകെ രതിഭാവപ്രളയത്താൽ സാഹിത്യത്തേയും ജീവിതത്തേയും ശൃംഗാരക്കളരിയാക്കി മാറ്റിയ കാലത്താണ് ആത്മൗന്നത്യത്തിന്റെ ധവളശൃംഗത്തിൽ നിന്ന് ചാവറയച്ചൻ സർവ്വപാപഹരയായ കാവ്യഗംഗ ചുരത്തിയത്. സാഹിത്യത്തേയും ജീവിതത്തേയും ജീർണ്ണതാപങ്കയങ്ങളിൽ നിന്നും ഉദാത്തവൽക്കരിച്ചുയർത്തിക്കൊണ്ടുവന്ന ഭേദിപ്യമാനമായ ആത്മനിയന്ത്രണങ്ങളാകാൻ ആ വാണിജാലങ്ങൾക്കു കഴിഞ്ഞുവെന്നതാണ് സർവ്വപ്രധാനം.*[43]

## ധ്യാനസല്ലാപങ്ങൾ

ധ്യാനസല്ലാപങ്ങൾ എന്ന കൃതി ഗ്രന്ഥകാരന്റെ ആദ്ധ്യാത്മികജീവിതത്തിലെ ഡയറിക്കുറിപ്പുകളാണ്. ഈ ചെറുഗ്രന്ഥത്തെ ധ്യാനസല്ലാപങ്ങൾ, ധ്യാനക്കുറിപ്പുകൾ, ചാവറയച്ചൻ ചൊല്ലിയിരുന്ന ചില പ്രാർത്ഥനകൾ, നാല്പതുമണി ആരാധനയുടെ ക്രമചട്ടങ്ങളും നിർദ്ദേശങ്ങളും എന്നിങ്ങിനെ നാലായി സമീപിക്കാവുന്നതാണ്.

മനുഷ്യന് ദൈവത്തെ പ്രാപിക്കുവാനുള്ള മാർഗ്ഗം വിശുദ്ധിയാണ് എന്ന അടിസ്ഥാനത്തിന്മേലാണ് ചാവറയച്ചൻ തന്റെ ആദ്ധ്യാത്മികതയെ കെട്ടിപ്പടുക്കുന്നത്. പാപമുള്ള ഹൃദയത്തോടു ദൈവം ചേരുകയില്ല. പ്രത്യാശ, ഹൃദയവിശുദ്ധി, ആത്മനിയന്ത്രണം എന്നിവയിലൂടെ അഹങ്കാരത്തെ കീഴടക്കി, ധ്യാനത്താൽ ദൈവത്തോട് ഒന്നുചേരുവാൻ കഴിയണം. ഇതിന് ചില തിരിച്ചറിവുകളാവശ്യമത്രെ. ദൈവവിളി ദൈവത്തിന്റെ വലിയ ദാനമാണ് എന്നതും ഈ വലിയ ദാനത്തിന് പ്രതിസ്നേഹം കാണിക്കാൻ ബാദ്ധ്യസ്ഥരാണ് എന്നതും മനുഷ്യന്റെ പാപാവസ്ഥയാണ് ഇതിനു തടസ്സമായി നിൽക്കുന്നത് എന്നതും മനസ്താപവും, പാപമോചനവും ദൈവത്തിന്റെ കരുണയുടെ ഫലമാണ് എന്നതും ഈ കാരുണ്യം പ്രാപിക്കാനായി ദൈവസന്നിദ്ധിയിലേയ്ക്കുള്ള മനുഷ്യന്റെ പ്രയാണമാണ് പ്രാർത്ഥന അഥവാ ധ്യാനം എന്നതും ആണവയിൽ മുഖ്യം.[44]

ധ്യാനത്തിൽ അതീന്ദ്രിയാനുഭവത്തിലൂടെ കടന്നുപോന്നിട്ടുള്ള ചാവറയച്ചൻ, നീതിമാനായ ദൈവത്തിന്റെ കരുണയുടെ കണ്ണുകൾ തന്നിൽ പതിക്കുന്നതിന് രണ്ടു മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത്. ഒന്ന്, ദൈവസന്നിധിയിൽ പ്രിയങ്കരരായ പരിശുദ്ധ അമ്മയുടെയും മറ്റു വിശുദ്ധരുടെയും പുണ്യയോഗ്യതകൾ തന്റേതാക്കി അവയിലൂടെ സ്വയം സമർപ്പിക്കുക; രണ്ടാമത് സ്നേഹപിതാവിന്റെ സന്നിദ്ധിയിലേയ്ക്ക് തിരിച്ചുവരാൻ ധൈര്യം കാട്ടിയ ധൂർത്തപുത്രനെപ്പോലെ, തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞുകൊണ്ട് കർത്താവിന്റെ സന്നിദ്ധിയിലേയ്ക്കണയുക.

ആശ്രമത്തിലെ പ്രാർത്ഥനാമുറിയെ സിംഹാസനസ്ഥനായിരിക്കുനന ദിവ്യവിധിയാളനായ പുത്രൻ തമ്പുരാന്റെ ഇരിപ്പിടമായി ചാവറയച്ചൻ ദർശിക്കുന്നു. ധ്യാനത്തിലെ മിസ്റ്റിക് അനുഭവത്തിലൂടെ കടന്നുപോകുന്ന അദ്ദേഹത്തിന്റെ ഈ സാധർമ്മ്യ ദർശനത്തിന് വാക്കുകൾ കൊടുത്തതാണ് ധ്യാനസല്ലാപത്തിന്റെ ആദ്യതാളുകൾ. ദൈവവുമായി സംഭാഷണം നടത്തുവാൻ താൻ യോഗ്യനല്ല എന്നതുകൊണ്ട് പശ്ചാത്താപവിവശനായി നിൽക്കുന്ന അദ്ദേഹം ക്രിസ്തു സിംഹാസനത്തിന്റെ ഇരുവശത്തുമായി ഇരിപ്പിടം സ്വീകരിച്ചിരിക്കുന്ന പരിശുദ്ധമാതാവിന്റെയും വിശുദ്ധ യൗസേഫിന്റെയും മാധ്യസ്ഥം തേടുകയാണ്. അവർക്കരികിലായി വണങ്ങി മുട്ടിന്മേൽ ആദരപൂർവ്വം ധ്യാന

നിമഗ്നനായി നിൽക്കുന്ന വിശുദ്ധ അമ്മ ത്രേസ്യയേയും കുറച്ചകലെയായി നിൽക്കുന്ന തന്റെ പ്രത്യേക മദ്ധ്യസ്ഥരായ മഗ്ദലനമറിയത്തേയും, ഈജിപ്തിലെ മറിയത്തേയും, മർഗ്ഗരീത്ത കോർത്തോണേയും അദ്ദേഹം ദർശിക്കുന്നു. ഇവർ മൂവരും അനുതാപത്തിന്റെ വലിയ മാതൃകകളാണ്. ഇവരുടെയെല്ലാം പുണ്യയോഗ്യതകളെ തന്റേതാക്കി അവയിൽ ലയിക്കുവാൻ സുകൃതം നൽകി തന്നെ ദൈവത്തിന് സമർപ്പിക്കുവാൻ അദ്ദേഹം യാചിക്കുന്നു.

തുടർന്ന് ധൂർത്തപുത്രനെപ്പോലെ മാപ്പപേക്ഷിക്കുവാനായി ധൈര്യമവലംബിക്കുകയാണ് കവി. *സ്നേഹമെന്നത്രെ അവിടുത്തെ നാമം* എന്ന ഉൾതെളിവാണിവിടെ പിൻബലം. ആ ധൈര്യത്തിൽ സിംഹാസനത്തിന്റെ പക്കലേയ്ക്കു അടുക്കുന്നു. യേശുവാകട്ടെ സിംഹാസനത്തിൽ നിന്നെഴുന്നേറ്റ് പുറത്തേയ്ക്ക് വരുന്നു. യേശുതൃപ്പാദത്തിൽ സാഷ്ടാംഗം വീണു നമിച്ച ചാവറയച്ചനെ രക്ഷകൻ താങ്ങി ഉയർത്തുന്നു. വീണ്ടും സിംഹാസനസ്ഥനായ യേശുസവിധമണയുന്ന അദ്ദേഹം *എന്റെ അപ്പാ, എന്റെ അപ്പാ* എന്നു വിളിച്ചുകൊണ്ട് ആ കാൽക്കൽ കെട്ടിപ്പിടിക്കുകയും തന്നോടു സമസ്തവും ക്ഷമിച്ചു എന്നുറപ്പു കിട്ടുന്നതുവരെ സാഷ്ടാംഗം ആ കാൽക്കൽ വീണുകിടക്കുകയുമാണ്. സാവകാശം കണ്ണുയർത്തി തിരുഃമുഖത്തു നോക്കുന്ന അദ്ദേഹം കർത്താവിന്റെ പീഡാനുഭവങ്ങൾക്കത്രയും കാരണക്കാരൻ താൻ തന്നെ എന്ന് ഏറ്റുപറഞ്ഞ് മാപ്പപേക്ഷിക്കുകയാണ്. സ്വീകരിച്ചിരിക്കുന്ന സന്യാസ പൗരോഹിത്യത്തിന്റെ മഹനീയതയേയും ഉത്തരവാദിത്വത്തേയും ബോദ്ധ്യപ്പെട്ടു. അതിലൂടെ ധ്യാനമനനങ്ങൾക്കായി സ്വയം സമർപ്പിക്കുകയും ചെയ്യുന്നു. ഈ വലിയ തിരിച്ചറിവാണ് *ധ്യാന സല്ലാപം* എന്ന കൃതിയിലെ ആദ്യ പാദത്തിലെ പ്രതിപാദനം. ധ്യാനം എന്നത് ദൈവത്തോട്, സ്നേഹിതനോടുള്ള അടുത്ത സംഭാഷണമാണ് എന്നും, മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും സൗഭാഗ്യകരമായ അനുഭവമാണെന്നും അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു.[45]

ദൈവവുമായുള്ള ഒരഭേദ്യബന്ധം അതീന്ദ്രിയ ധ്യാനത്തിലൂടെ വളർത്തിയെടുത്ത ആദ്ധ്യാത്മികതവഴി ഭാരതത്തിലെ ക്രൈസ്തവ മിസ്റ്റിക്കുകളിൽ പ്രഥമ ഗണനീയനായി ചാവറയച്ചൻ മാറുന്നു എന്നതിന് അദ്ദേഹം രചിച്ച ആദ്ധ്യാത്മിക കൃതികളായ *ആത്മാനുതാപവും, ധ്യാനസല്ലാപവും* സാക്ഷ്യം വഹിക്കുന്നു.

രണ്ടാംഭാഗത്തിലേയ്ക്കു കടക്കുമ്പോൾ കാണുന്നത് സന്യാസ-പൗരോഹിത്യ ദൈവവിളികളെക്കുറിച്ചുള്ള ധ്യാനക്കുറിപ്പുകളാണ്. അഞ്ചു ധ്യാനങ്ങളാണ് പ്രധാനമായുള്ളത്. ദൈവവിളിയിന്മേലുള്ള ധ്യാനവും, ദൈവമനോഗുണങ്ങളിലുള്ള ധ്യാനവും ചാവുദോഷത്തിന്മേലുള്ള ധ്യാനവും, രണ്ടച്ചന്മാരുടെ വെല എന്നതിന്മേലുള്ള ധ്യാനവും, ഭക്തിയില്ലാത്ത പട്ടക്കാരന്റെ മരണം എന്നിവയുമാണവ.

നലം തികഞ്ഞ വാഗ്മിയും ധ്യാനപ്രാസംഗികനുമായിരുന്നു ചാവറയച്ചൻ. ദൈവാനുഭവത്തിന്റെ സാക്ഷ്യമായിരുന്ന അദ്ദേഹത്തിന്റെ ജീവിതലക്ഷ്യങ്ങളിൽ മുഖ്യമായിരുന്നു കേരളകത്തോലിക്കാസഭയുടെ ആത്മീയ നവോത്ഥാനത്തിന് നേതൃത്വമെടുക്കേണ്ട വൈദികരെയും സന്യസ്തരേയും അവരുടെ ഉത്തരവാദിത്വങ്ങളിൽ പ്രോത്സാഹിപ്പിച്ച് ഉറപ്പിച്ചു നയിക്കുക എന്നത്. അതിനായി ഇവരെ ആത്മീയ ഉണർവ്വുള്ളവരാക്കി മാറ്റണം എന്നതായിരുന്നു അദ്ദേഹത്തിനു ലഭിച്ച ദർശനം. വൈദികർക്കു വേണ്ടിയുള്ള വാർഷികധ്യാനം അന്നുവരെ ഇന്നാട്ടിൽ പതിവില്ലായിരുന്നു. അത് ഇതിനു സഹായകമായ വഴിയാണെന്നദ്ദേഹം മനസ്സിലാക്കി; അതു നടപ്പിലാക്കി. സ്വയം ധ്യാനിക്കുവാൻ ഉപയോഗിച്ചതും വൈദികരെ ധ്യാനിപ്പിക്കുവാൻ ഉപകരിച്ചതുമായ ധ്യാനചിന്തകളാണ് ഈ ഭാഗത്തെ ഉള്ളടക്കം. വിഷയങ്ങൾക്കു കൊടുത്ത തലവാചകങ്ങളിൽ നിന്നു തന്നെ സ്പഷ്ടമാണ് അവതരിപ്പിച്ചിരിക്കുന്ന ചിന്തകളുടെ ലക്ഷ്യം.[46]

ആറു പ്രാർത്ഥനകളാണ് പ്രധാനമായും ഇതിൽപ്പെടുന്നത്: ധ്യാനാരംഭം, മാതാവിനോടുള്ള ജപം, ഉഷഃകാലജപം, വൈകീട്ടത്തെ നമസ്ക്കാരം, കണ്ണടക്കം കിട്ടുന്നതിനുള്ള അപേക്ഷ, പട്ടക്കാർ ദിനംതോറും അപേക്ഷിക്കേണ്ടുന്ന നമസ്ക്കാരം. ഈ പ്രാർത്ഥനകളെ വിലയിരുത്തുമ്പോൾ തന്റെ ജീവിതത്തിലെ എല്ലാ നിമിഷങ്ങളും ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ടുള്ള ആ ജീവിതത്തിന്റെ ചിത്രം തന്നെയാണ് തെളിഞ്ഞുകാണുന്നത്. മരണത്തെ മുന്നിൽ കണ്ടുകൊണ്ടും അതിനെ അഭിമുഖീകരിക്കാൻ ഒരുങ്ങിക്കൊണ്ടുമുള്ളതായിരുന്നു ആ ജീവിതം. ആ പ്രാർത്ഥനകൾ ആത്മപരിശോധനകൾ തന്നെ ആയിരുന്നു. ദൈവത്തെ സമീപിക്കാനുള്ള ആത്മബലത്തിനുള്ള ഉത്തമ നിദാനം പരിശുദ്ധ അമ്മയാണെന്നും, ആ പുണ്യയോഗ്യതയാണ് സ്വർഗ്ഗപ്രാപ്തിക്കുള്ള പ്രധാന സമ്പത്ത് എന്നും ചാവറയച്ചൻ മാതാവിനോടുള്ള പ്രാർത്ഥനയിലൂടെ ഏറ്റുപറയുന്നു.[47]

1866ൽ കൂനമ്മാവു കൊവേന്തയിലാണ് നാല്പതുമണി ആരാധന ആദ്യമായി ആരംഭിച്ചത്. നാല്പതുമണി ആരാധന നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട നടപടിക്രമങ്ങളും നിർദ്ദേശങ്ങളുമാണ് ഇതു സംബന്ധിച്ച കുറിപ്പിലെ പ്രതിപാദ്യവിഷയം. ഈ ക്രമങ്ങൾ എഴുതിയ കൈയ്യെഴുത്തുപ്രതിയുടെ ആദ്യ പ്രസാധനത്തിൽ *ഈ ക്രമങ്ങൾ ചാവറ പ്രിയോരച്ചൻ തന്നെ, ക്ലമന്റു പാപ്പായാൽ വിരചിതമായ നിയമസംഹിതയിൽ നിന്ന് എടുത്തിട്ടുള്ളതാണ്* എന്ന അടിക്കുറിപ്പോടെയാണ് ചേർത്തിട്ടുള്ളത്. ഇവിടത്തെ പരിതസ്ഥിതികൾക്കനുസരിച്ചാണ് അദ്ദേഹം അവ നടപ്പിലാക്കിയിരുന്നത്. കൂനമ്മാവിൽ ആരംഭിച്ച ഈ ഭക്ത്യാനുഷ്ഠാനം പിന്നീടു മറ്റു കൊവേന്തകളിലും മറ്റു പല പ്രധാന ഇടവക പള്ളികളിലും തുടർന്നു നടത്തിയിരുന്നു. അനേകായിരങ്ങൾ ദിവ്യകാരുണ്യഭക്തിയിലും ജീവിതനവീകരണത്തിലും വളരുവാൻ ഇതു

വഴിയൊരുക്കി. ഇന്നും ഈ ഭക്ത്യാനുഷ്ഠാനം പ്രധാന കൊവേന്തകളിൽ തുടരുന്നുണ്ട്.[48]

ചാവറയച്ചന്റെ ആദ്ധ്യാത്മിക രചനകളിൽ ചില കാര്യങ്ങൾ സ്പഷ്ടമാകുന്നുണ്ട്. അദ്ദേഹത്തിന്റെ തന്നെ ആത്മീയതയെ അളക്കുവാനുള്ള ഒരളവുകോലാണത്. അനവധി പ്രാവശ്യം *എന്റെ അപ്പാ...* എന്നഭിസംബോധന ചെയ്തുകൊണ്ട് യേശുസന്നിധിയിൽ തനിക്കുള്ള പുത്രതുല്യമായ സ്ഥാനവും അതിൽ ലഭ്യമായ സ്നേഹവും സ്വാതന്ത്ര്യവും അദ്ദേഹം പ്രകാശിപ്പിക്കുന്നു. ആത്മാക്കളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണത, പ്രത്യേകിച്ചു സഭയ്ക്ക് നേതൃത്വം കൊടുക്കേണ്ട സന്യാസ-പൗരോഹിത്യപദവികൾ സ്വീകരിച്ചിരിക്കുന്നവർ തങ്ങളുടെ ദൈവവിളിയുടെ ആഴം മനസ്സിലാക്കി കൂടുതൽ വിശ്വസ്തരായിത്തീരേണ്ടതാണ് എന്ന ബോദ്ധ്യം, ഇവ സ്വയം പറയുന്നതോടൊപ്പം മറ്റുള്ളവരിലേയ്ക്കു പ്രസരിപ്പിക്കുകകൂടി അദ്ദേഹം ലക്ഷ്യമാക്കിയിരുന്നു.

ഈ ചെറുഗ്രന്ഥം പഴയ നിയമത്തിലേയും പുതിയ നിയമത്തിലേയും ആശയങ്ങളും തിരുവചനങ്ങളുംകൊണ്ടു സമൃദ്ധമാണ്. ബൈബിൾ മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തു തുടങ്ങുന്നതിന് ഏതാണ്ട് അരനൂറ്റാണ്ടു മുൻപുതന്നെ അദ്ദേഹത്തിനിതു സാധിച്ചുവെങ്കിൽ, അന്ന് ലഭ്യമായി ഉണ്ടായിരുന്ന സുറിയാനി ബൈബിളിലും ഭാഷയിലും എത്ര വലിയ പണ്ഡിതനായിരുന്നിരിക്കണം അദ്ദേഹം എന്നത് നമ്മെ വിസ്മയിപ്പിക്കുന്നു.

## കത്തുകൾ

ചാവറയച്ചന്റെ കത്തുകൾ ഇതരരേഖകളിൽനിന്ന് വിഭിന്നമാണ്; കൂടുതൽ വ്യക്തിപരമാണ്. ഒരു വ്യക്തിയുടെ ഹൃദയത്തുടിപ്പുകളാണതിൽ കാണാനാവുക. വ്യക്തിപരമായതുകൊണ്ട് അതു വ്യക്തിത്വത്തെ വെളിപ്പെടുത്തുന്നു. കത്തുകളിൽ നിർദ്ദേശങ്ങൾ സ്വാഭാവികമായും ഉൾക്കൊള്ളുന്നതുകൊണ്ട് എഴുതുന്ന ആളിന്റെ ആദർശങ്ങളും ഉൾക്കാഴ്ചകളും അതിൽ പ്രതിഫലിക്കും. വ്യക്തിപരതയിൽ നിന്ന് അങ്ങിനെ ആന്തരികതയും പ്രകാശിതമായി പുറത്തുവരുന്നു.

ഇടവക വൈദികൻ, സന്യാസശ്രേഷ്ഠൻ, ഏതദ്ദേശീയമായ ആദ്യത്തെ രണ്ടു സന്യാസസഭകളുടെ സ്ഥാപകൻ, മലബാർസഭയുടെ ആദ്യത്തെ വികാരിജനറൽ, സെമിനാരിമല്പാൻ, ആദ്ധ്യാത്മികോപദേഷ്ടാവ്, സാമൂഹികപരിഷ്ക്കർത്താവ് എന്നീ തലങ്ങളിലെല്ലാം നിന്നുകൊണ്ട് ചാവറയച്ചൻ വളരെയധികം കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റേത് എന്ന് വ്യക്തമായി അവകാശപ്പെടാവുന്ന 86 കത്തുകളാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. അവ ഇന്നും സൂക്ഷിക്കപ്പെട്ടിരിക്കുന്നവയുമാണ്. ഇതിൽ 19 എണ്ണം കത്തുകളുടെ ആദ്യപതിപ്പിൽ ചേർക്കുവാൻ കഴിഞ്ഞില്ല.

ചാവറയച്ചന്റെ കത്തുകൾ എന്നു കേൾക്കുമ്പോൾ, അദ്ദേഹം എഴുതി പോസ്റ്റുചെയ്ത കത്തുകൾ എന്നോ, അകലങ്ങളിൽ കഴിയുന്നവർക്കു കൊടുത്തുവിട്ട കത്തുകൾ എന്നോ മാത്രം മനസ്സിലാക്കണമെന്നില്ല. കൂനമ്മാവിൽ ചാവറയച്ചൻ താമസിച്ചിരുന്ന ആശ്രമത്തിന് തൊട്ടടുത്തു തുടങ്ങിയ മഠത്തിലേയ്ക്ക് എന്തെങ്കിലും വിവരങ്ങൾ അറിയിച്ചുകൊണ്ട് കൊടുത്തുവിട്ട കുറിപ്പുകളും ഇതിൽപെടുന്നു.

1843 മുതൽ 1870 വരെയുള്ള 27 വർഷങ്ങളിൽ പരിശുദ്ധ പിതാവ് ഒമ്പതാം പീയുസ് മാർപ്പാപ്പയ്ക്ക് എഴുതിയ കത്തുകൾ മുതൽ തയ്യിൽ കൊച്ചു പോത്തനും പെരുമാലിൽ കുര്യൻ തകരനും കൊടുത്ത രസീതുവരെ ഇതിൽപ്പെടുന്നു.[49] ഇവയിലോരോന്നും ആ വ്യക്തിത്വത്തിന്റെ പ്രത്യേകതകളെയും പരസ്പരബന്ധങ്ങളെയും വിളിച്ചറിയിക്കുന്നവയാണ്. ആർക്കെല്ലാം വേണ്ടി എഴുതിയ കത്തുകളായിരുന്നു എന്ന് അതിന്റെ ഔദ്യോഗിക പ്രസക്തിയോടു ചേർത്തു പരിഗണിക്കുമ്പോൾ മതസാമൂഹികതലങ്ങളിൽ ചാവറയച്ചനുണ്ടായിരുന്ന സ്ഥാനത്തേയും ബന്ധങ്ങളേയും അതിൽനിന്ന് വിലയിരുത്തുവാൻ കഴിയും.

86 കത്തുകൾ ആർക്കുവേണ്ടി എഴുതി എന്നൊറ്റ നോട്ടത്തിൽ പരിശോധിക്കാം.

പരിശുദ്ധ മാർപ്പാപ്പയ്ക്ക് എഴുതിയ കത്തുകൾ രണ്ടും, *പ്രൊപ്പഗാന്ത* തിരുസംഘത്തിന്റെ തലവനയച്ച കത്തുകൾ ആറും, മെത്രാന്മാർക്കുള്ള കത്തുകൾ പത്തും, റോമിലെ കർമ്മലീത്ത നിഷ്പാദുകസഭാധികാരികൾക്ക് അയച്ച കത്തുകൾ രണ്ടും, C.M.I. സഭാംഗങ്ങൾക്ക് എഴുതിയ കത്തുകൾ പത്തൊൻപതും, C.M.I. സഭാംഗങ്ങൾക്ക് എഴുതിയ പൊതു സർക്കുലറുകൾ അഞ്ചും, C.M.C. സന്യാസിനികൾക്കെഴുതിയ കത്തുകൾ ഇരുപത്തിരണ്ടും, ഇടവക വൈദികർക്കെഴുതിയ കത്തുകൾ ആറും, വൈദികർക്കും ജനങ്ങൾക്കുമുള്ള പൊതുസർക്കുലറുകൾ പതിനൊന്നും, വ്യവഹാരസംബന്ധമായ കത്തുകൾ മൂന്നും അങ്ങിനെ 86 കത്തുകളാണ് വീണ്ടെടുക്കപ്പെട്ടിട്ടുള്ളത്. ഈ കത്തുകൾ അദ്ദേഹം വ്യാപരിച്ചിരുന്ന തലങ്ങളെ അടിസ്ഥാനമാക്കിയും തരംതിരിക്കാനാകും; മേലാധികാരികൾക്കെഴുതിയ ഇരുപതു കത്തുകളും, താൻ സ്ഥാപിച്ച രണ്ടു സന്യാസസഭകളിലെ അംഗങ്ങൾക്ക് എഴുതിയ കത്തുകളും, സർക്കുലറുകളും ആയി 46 എണ്ണവും, ഇടവക വൈദികർക്കും ജനങ്ങൾക്കും വ്യക്തികൾക്കും എഴുതിയ കത്തുകളും, സർക്കുലറുകളും, ലേഖനങ്ങളും ആയി മറ്റൊരു 20 എണ്ണവും.

ഈ കത്തുകൾ, ഒരു വ്യക്തിയ്ക്ക് കുറേപ്പേരുമായുണ്ടായിരുന്ന വ്യക്തിബന്ധങ്ങളെ മാത്രമല്ല, ഒരു കാലഘട്ടത്തിലെ കേരളകത്തോലിക്കാസഭയുടെ ചരിത്രത്തെക്കൂടി വെളിപ്പെടുത്തുന്നവയാണ്.

ചാവറയച്ചന്റെ കത്തുകളിലൂടെ കടന്നുപോകുമ്പോൾ, അദ്ദേഹത്തിന് തിരുഃസഭയോടുണ്ടായിരുന്ന സമ്പൂർണ്ണ വിധേയത്വവും സഭാപഠനങ്ങളിലുള്ള വിശ്വാസദാർഢ്യവും സംശയാതീതമായി പ്രകടമായി കാണാം. റോക്കോസ് ശീശ്മ ആരംഭിച്ചപ്പോൾ പരിശുദ്ധ പിതാവിനോട് വിധേയത്വം പ്രഖ്യാപിച്ചു കൊണ്ട് സത്യാവസ്ഥ അറിയുവാൻ അദ്ദേഹവുമായി നേരിട്ടു എഴുത്തിലൂടെ അന്വേഷിക്കുവാൻ തന്നെ ചാവറ പിതാവ് ഒരുങ്ങിയല്ലോ.

*അതിനാൽ പരിശുദ്ധ പിതാവേ, എളിമയോടുക്കൂടി ഞങ്ങൾ, കണ്ണുകളിൽ നിറഞ്ഞുനിൽക്കുന്ന കണ്ണുനീരോടുകൂടി അങ്ങേപക്കൽ അഭ്യർത്ഥിക്കുന്നു: ഈ വസ്തുതകളുടെ സത്യാവസ്ഥ ഞങ്ങളെ അറിയിക്കണമെന്ന്... പ്രശ്നം നിറഞ്ഞ ഈ കലഹാന്തരീക്ഷത്തിൽ നല്ലതെന്നു അങ്ങു കാണുന്ന വഴിയിലൂടെ ഞങ്ങളെ നയിക്കേണമെ..*[50]

സഭയുടെ അഖണ്ഡതയും ഐക്യവും എന്നത് ചാവറയച്ചനെ സംബന്ധിച്ചിടത്തോളം ജീവസ്പന്ദനമായിരുന്നു. പരിശുദ്ധ പിതാവിനുവേണ്ടി കേരളസഭയുടെ ഐക്യത്തിനുതകുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളും കൊടുക്കുവാൻ ആത്മപ്രചോദിതനായ ആ ദൈവികമനുഷ്യനു കഴിഞ്ഞു.

*...അവിടുത്തെ മക്കളും സഭയിലെ ശുശ്രൂഷകരുമായ ഞങ്ങൾ ഗൊവേന്തകളുടെ പ്രിയോരായ കുര്യാക്കോസ് ഏലിയാസും ഒരുമിച്ച് വലിയ മനോവേദനയോടെ താഴെ പറയുന്ന കാര്യം അങ്ങയുടെ സന്നിധിയിൽ അറിയിക്കുന്നു... അവസാനത്തെ ഈ തിന്മ ആദ്യത്തേതിലും ഗുരുതരമാകുമെന്ന് ഞങ്ങൾ ശങ്കിക്കുന്നു; അതിനാൽ പരിശുദ്ധ പിതാവേ, ഞങ്ങൾ അങ്ങയുട പക്കൽ വിനയപൂർവ്വം അപേക്ഷിക്കുന്നു, ഇപ്പോൾ റോമിൽ താമസിക്കുന്ന കൽദായ പാത്രിയാക്കീസിന് സഭാശിക്ഷയക്ക് വിധേയനാക്കിക്കൊണ്ട് നേരിട്ട് ഒരു കല്പന കൊടുക്കണമെന്ന്; മേലാൽ പാത്രിയാർക്കീസിന്റെ എഴുത്തോടുകൂടിയോ അനുവാദത്തോടുകൂടിയോ മെത്രാനാകട്ടെ, വൈദികനാകട്ടെ, അവിടെ നിന്ന് ഞങ്ങളുടയിടയിലേയ്ക്ക് ആരെയും അയയ്ക്കരുതെന്ന്. ഇത് അവരോടുള്ള വെറുപ്പുകൊണ്ടോ വിരോധംകൊണ്ടോ അല്ല. പിന്നെ ഇപ്രകാരം അയയ്ക്കപ്പെടുന്നവരുടെ സാന്നിദ്ധ്യം ചിലരുടെ ആത്മനാശത്തിനും ക്രിസ്ത്യാനികളുടെയിടയിൽ വഴക്കിനും പിളർപ്പിനും ഇടംകൊടുത്തു കൊണ്ടു ഉതപ്പിനും കാരണമായിത്തീരുന്നതുകൊണ്ടാണ്...*[51]

പ്രൊപ്പഗാന്താ തിരുഃസംഘത്തിന്റെ അദ്ധ്യക്ഷനായിരുന്ന അലക്സാണ്ടർ ബർണബായ്ക്ക് എഴുതിയ ഒരു കത്തിന് സ്വന്തറീത്തിൽ ഒരു മെത്രാൻ ഉണ്ടാകുന്നതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി കേരളകത്തോലിക്കാസഭയിൽ നീറിപ്പുകഞ്ഞുനിൽക്കുന്ന പലപ്രശ്നങ്ങൾക്കു അതുവഴി പരിഹാരമുണ്ടാകും എന്ന് വ്യക്തമായി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നുണ്ട്. പ്രശ്നങ്ങൾ അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം എഴുതി.:

*അതുകൊണ്ട് അത്യുന്നതതിരുമേനി നല്ലതെന്ന് എനിക്കു തോന്നുന്ന ഒരു സംഗതി അറിയിക്കയാണ്. ഇവിടെ രണ്ടു മെത്രാന്മാർ ഉണ്ടാകുന്നത് നല്ലതാണ്. ഒന്ന് ലത്തീൻ സഭയ്ക്കും മറ്റത് സുറിയാനി സഭയ്ക്കും. ഇങ്ങനെ സ്വന്തം മെത്രാൻ ഉണ്ടാകണമെന്നുള്ള ആഗ്രഹത്തിന് പരിഹാരമാകും. അങ്ങനെ ബാബേലുമായുള്ള ബന്ധം അവസാനിക്കും... ഇത് ഉപകാരപ്രദമായിരിക്കുമെന്നു മാത്രമല്ല, യാക്കോബായക്കാരെന്നറിയപ്പെടുന്ന അകത്തോലിക്കർ ഞങ്ങളുടെ രക്തസംബന്ധികളും ബന്ധുക്കളുമായി അനേകരുണ്ട്. തങ്ങളുടെ ശീശ്മ ഉപേക്ഷിച്ച് കത്തോലിക്ക ഐക്യത്തിലേയ്ക്ക് തിരിച്ചുവരാനും ഇതു വളരെ സഹായിക്കും.*[52]

സുറിയാനി റീത്തിൽ വികാരിയാത്തു രൂപവൽക്കരിക്കാനും നാട്ടുമെത്രാന്മാരെ നിശ്ചയിക്കുന്നതിനും ഈ എഴുത്ത് പ്രൊപ്പഗാന്തതിരുഃസംഘത്തെ സ്വാധീനിച്ചിട്ടുണ്ട് എന്നുള്ളതിൽ സംശയമില്ല.

സഭയോടു ചേർന്നു നിന്നുകൊണ്ട് തന്നെയാണ് ചാവറയച്ചൻ എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം കണ്ടിരുന്നത് എന്നും തന്റെയും മറ്റുള്ളവരുടെയും ആദ്ധ്യാത്മികതയെ കെട്ടിപ്പടുത്തിരുന്നതു എന്നും വ്യക്തമാക്കുന്ന ധാരാളം സൂചനകൾ അദ്ദേഹത്തിന്റെ കത്തുകളിൽ സുലഭമാണ്.

വൈദികപരിശീലനരംഗത്തും, വൈദികരെക്കുറിച്ചുള്ള അവലോകനങ്ങൾ നടത്തി നൽകുമ്പോഴും ചാവറയച്ചന്റെ നിർദ്ദേശങ്ങളും നടപടികളും പക്ഷപാതരഹിതവും വിലപ്പെട്ടതുമായിരുന്നതുകൊണ്ടാണ്, മാറ്റങ്ങൾ വരുത്താതെ അവ അതേപടി സ്വീകരിച്ച് മെത്രാന്മാർ അനുവാദം നൽകിപ്പോന്നത് എന്ന് മെത്രാന്മാർക്കുള്ള കത്തുകളും അതിനുള്ള മറുപടികളും സാക്ഷ്യപ്പെടുത്തുന്നു.[53]

താൻ വളർത്തിയെടുത്ത രണ്ടു സന്യാസസഭകളെക്കുറിച്ച് അദ്ദേഹത്തിന്റെ വിഭാവനവും സങ്കല്പവും എന്തെന്ന് വ്യക്തമാക്കുന്നവയാണ് സന്യസ്തർക്കുള്ള പല കത്തുകളും സർക്കുലറുകളും.

### ചാവരുൾ

ചാവറച്ചൻ തന്റെ ഇടവകക്കാരും രക്തബന്ധികളുമായ കൈനകരിക്കാർക്കെഴുതിയ രണ്ടു ലേഖനങ്ങൾ ഇക്കൂട്ടത്തിൽ പ്രത്യേകമായി വിലയിരുത്തേണ്ടതുണ്ട്.[54] 1868ലും 69ലുമായി എഴുതിയ ഈ ലേഖനങ്ങൾ വ്യത്യസ്തമായ രണ്ടു കാര്യങ്ങളാണ് പ്രതിപാദിക്കുന്നത്. ആദ്യത്തേത് കുടുംബജീവിതക്കാർക്കുള്ള ഒരു മാർഗ്ഗരേഖയാണ്. മാതാപിതാക്കളുടെയും മക്കളുടെയും കടമകളോടു ബന്ധപ്പെടുത്തിയുള്ള നാല്പതിന പരിപാടികളാണ് ഇതിൽ നിർദ്ദേശിക്കുന്നത്. രണ്ടാമത്തേത് അവ വഴി നടപ്പിലാക്കേണ്ട വലിയ രണ്ടു സേവനരംഗങ്ങളേക്കുറിച്ചു പരാമർശിച്ചുകൊണ്ട് പാവപ്പെട്ടവരും, ആരും

സംരക്ഷിക്കാനില്ലാത്തവരും, മരണാസന്നരുമായ ആളുകളെ സംരക്ഷിക്കുന്നതിനുണ്ടാക്കേണ്ട ഉപവിശാലതയേക്കുറിച്ചും അതു നടത്തുവാൻ ഉണ്ടാക്കേണ്ട സംഘടനയെക്കുറിച്ചുമാണ്. രണ്ടു ലേഖനങ്ങൾക്കും ചാവറയച്ചൻ കൊടുത്തിരിക്കുന്ന പേര് *ചാവരുൾ* എന്നാണ്. *ഒരു നല്ല അപ്പന്റെ ചാവരുൾ* എന്ന പേരും അദ്ദേഹത്തിന്റെ ശിഷ്യർ ഈ ലേഖനങ്ങൾക്കു നൽകിക്കാണുന്നു.

കുടുംബനവീകരണരംഗത്ത് തിരുപ്പട്ടം സ്വീകരിച്ച 1829 മുതൽ നാല്പതുവർഷത്തിലേറെക്കാലം പ്രവർത്തിച്ച ചാവറയച്ചൻ അതുവരെയുള്ളു അനുഭവങ്ങളുടെ വെളിച്ചത്തിൽ, തന്റെ മരണത്തോടടുത്തപ്പോൾ എഴുതി ഏല്പിച്ച ജീവിതാഭിലാഷങ്ങളാണ് ഇവ രണ്ടും. ഇതിന്റെ പ്രാധാന്യവും ഇതിൽ നിന്നു തന്നെ സ്പഷ്ടമാകുന്നു. ഇത്ര വിലപ്പെട്ട രണ്ടു ഉത്തരവാദിത്വങ്ങൾ സ്വന്തം ഇടവകക്കാരേയും വീട്ടുകാരേയും ഏല്പിച്ചു എന്നതിൽ നിന്ന് അദ്ദേഹം അനുധാവനം ചെയ്യുന്ന ഒരു തത്വചിന്തകൂടി അതിലൂടെ വെളിവാകുന്നു; *വീടു നന്നായാൽ നാടു നന്നാകും* എന്ന തത്വം തന്നെ. എപ്പോഴും എല്ലാ കാര്യങ്ങളിലും മാതൃകയായി ജീവിച്ച അദ്ദേഹം സ്വന്തം ഇടവകക്കാരേയും അതിനു പ്രേരിപ്പിക്കുകയാണ്. മനുഷ്യർ ദൈവമക്കളായി, മഹത്വമുള്ളവരായി ജീവിക്കയും മരിക്കയും ചെയ്യണമെന്ന് അദ്ദേഹത്തിന് നിർബ്ബന്ധമുണ്ടായിരുന്നു.

പരിശുദ്ധ ത്രിത്വത്തെയും തിരുക്കുടുംബത്തെയും മാതൃകയായി സ്വീകരിച്ച് കുടുംബജീവിതം നയിക്കാൻ അദ്ദേഹം നിർദ്ദേശിക്കുന്നു. പരിശുദ്ധ ത്രിത്വം സ്നേഹത്തിന്റെയും ഐക്യത്തിന്റെയും, പങ്കുവയ്ക്കലിന്റെയും പ്രതീകമാണ്. അതുകൊണ്ടാണ് *നല്ല ഒരു ക്രിസ്ത്യാനികുടുംബം സ്വർഗ്ഗത്തിനു സദൃശമാണ്* എന്നദ്ദേഹം സ്ഥാപിക്കുന്നത്.[55] പരിശുദ്ധ ത്രിത്വത്തിലെ ഗുണവിശേഷങ്ങൾക്കു മനുഷ്യരൂപം കൊടുത്തതാണ് ഭൂമിയിലെ തിരുക്കുടുംബം. ഈ കുടുംബത്തിന്റെ പതിപ്പായിരിക്കണം ഓരോ കുടുംബവും. തിരുഃ കുടുംബത്തിന്റെ മാതൃകയിലുള്ള ക്രിസ്തീയകുടുംബത്തിന് അദ്ദേഹം കൊടുക്കുന്ന നിർവ്വചനം ശ്രദ്ധേയമാണ്.

*കുടുംബത്തിന്റെ ന്യായം എന്തെന്നാൽ, ചോരയാലും, സ്നേഹത്താലും തമ്മിൽ തമ്മിൽ കെട്ടപ്പെട്ട പല ആളുകൾ, കാരണവന്മാരുടെ നേരെ ആചാരവും കീഴ്‌വഴക്കവും അനുസരിച്ച് തമ്പുരാനോടും മനുഷ്യരോടും സമാധാനമായി നടക്കുകയും, അവരുടെ അന്തസ്സിനു തക്കതിൻ വണ്ണം നിതാഗതിയെ പ്രാപിക്കുന്നതിന് പ്രയത്നം ചെയ്ത് കൂട്ടമായി ജീവിക്കുകയും ചെയ്യുന്നതാകുന്നു.*[56]

ഈ വാചകത്തിൽ കുടുംബത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ദർശനം വ്യക്തവും വാചാലവുമാണ്. കുടുംബത്തെക്കുറിച്ച് ഒറ്റവാചകത്തിൽ നൽകുന്ന നിർവ്വചനം, നൂറുവർഷങ്ങൾക്കുശേഷം നടന്ന രണ്ടാം വത്തിക്കാൻ

കൗൺസിലിൽ പോലും, അതേ ആശയപുഷ്ടിയോടെ അവതരിപ്പിച്ചിട്ടില്ല എന്ന മനസ്സിലാക്കുമ്പോൾ കുടുംബത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ദർശനവും ദൈവശാസ്ത്രവും എത്ര ആഴത്തിലുള്ളതും ദീർഘദർശനപ്രാപ്തവുമായിരുന്നു എന്നു നാം തിരിച്ചറിയുകയാണ്.

അഞ്ചു വ്യവസ്ഥകൾ പാലിക്കുമ്പോഴാണ് കുടുംബം സ്വർഗ്ഗതുല്യമാകുന്നത് എന്നദ്ദേഹം പറയുന്നു: ചോരയാലും സ്നേഹത്താലും ബന്ധിതരായി, കാരണവന്മാരുടെ നേരെ ആദരവും അനുസരണയും ഉള്ളവരായി, ദൈവത്തോടും മനുഷ്യരോടും സമാധാനത്തോടെ സമപ്പെട്ടു ജീവിക്കുന്നവരായി, ഓരോരുത്തരും സ്വീകരിക്കുന്ന ജീവിതാന്തസ്സിനനുസരിച്ച് നിത്യഗതിയെ പ്രാപിക്കാൻ ശ്രമിക്കുന്നവരായി തന്നെ വേണം സ്വർഗ്ഗസമാനപ്രാപ്തി വരിക്കുവാൻ.

ജീവിതദുഃഖങ്ങളിൽ പ്രത്യാശയും, സമാധാനവും ഉപവിയും, ക്രമവും കുടുംബബന്ധങ്ങൾക്ക് ഇളക്കം വരുത്താത്ത ആണിക്കല്ലുകളാണ് എന്നു വിശ്വസിച്ചുകൊണ്ട് ഇവയെ വളർത്തി എടുക്കുവാൻ മാതാപിതാക്കളും മക്കളും നിർവ്വഹിക്കേണ്ട കടമകളെക്കുറിച്ച് അക്കമിട്ടു പ്രതിപാദിക്കയാണ് ആദ്യലേഖനത്തിൽ. വ്യക്തിബന്ധങ്ങളിൽ ഉണ്ടാകേണ്ട ആത്മീയവും, ധാർമ്മികവും മനഃശാസ്ത്രപരവും, സാമൂഹികവുമായ വശങ്ങളെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ ഒന്നര നൂറ്റാണ്ടു പിന്നീടുമ്പോഴും മങ്ങലേൽക്കാതെ ഒളിതൂകി നിൽക്കുന്നു.

നിരവധി സംഭവങ്ങളിലൂടെയും കഥകളിലൂടെയും *നന്മരണസംഘവും ഉപവിശാലയും* സംവിധാനം ചെയ്തു ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അതിന്റെ പ്രവർത്തനശൈലികളെക്കുറിച്ചും രണ്ടാമത്തെ ലേഖനത്തിൽ നിർദ്ദേശിക്കുന്നു. ഇവ രണ്ടും അദ്ദേഹത്തിന്റെ മരണത്തിനു മുമ്പു തന്നെ നടപ്പിലാക്കിത്തുടങ്ങി എന്നതിന്റെ സാക്ഷ്യമായാണ് ലേഖനത്തിന്റെ അവസാനത്തിൽ ഭാരവാഹികൾ പേരെഴുതി ഒപ്പിട്ടിരിക്കുന്നത്.[57]

ഭാരതക്രൈസ്തവ ചരിത്രത്തിലെ രണ്ടു മഹാപ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിക്കുകയായിരുന്നു ഇതിലൂടെ; അൽമായരുടെ നേതൃത്വത്തിൽ നടത്തേണ്ട അഗതികൾക്കുള്ള അനാഥശാലയ്ക്കും അവർ തന്നെ നയിക്കുന്ന ഭക്തസംഘടനയായ വിശുദ്ധ യൗസേപ്പിന്റെ നന്മരണ സഖ്യത്തിനും 1843ൽ അപ്രകാരം തുടക്കമിട്ട ചാവറയച്ചൻ 1869-ൽ കൈനകരിയിൽ അവയ്ക്കു രൂപം കൊടുത്തപ്പോൾ സംഘടിതമായ ഉപവി പ്രവർത്തനങ്ങൾക്ക് ക്രൈസ്തവകുടുംബങ്ങളെ പ്രേരിപ്പിക്കുകയായിരുന്നു. *അന്യർക്ക് വല്ല ഉപകാരവും ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല*[58] എന്ന താക്കീതോടെയാണദ്ദേഹം പ്രേരകവൃത്തിയിൽ വ്യാപൃതനായത്.

സ്വന്തം ഇടവകക്കാർക്കും വീട്ടുകാർക്കും വേണ്ടി പ്രത്യേകമായി ഒന്നും ചെയ്തിട്ടില്ല എന്നും ആ കുറവു പരിഹരിക്കാൻ *കുടുംബചട്ടവും നന്മരണ സഖ്യം* എന്ന സംഘടനയേയും അവരെ ഏൽപ്പിക്കുന്നു എന്നും, താൻ മരിച്ചാലും തന്നെ ഓർക്കുവാനുള്ള ഉപാധിയായി *കുടുംബച്ചട്ടം* വായിച്ച് പഠിച്ച് ജീവിക്കുകയും, സംഘടനയിലൂടെ *ഉപവിശാല*യെ നിലനിർത്തുകയും ചെയ്യണമെന്നും തനിക്കുവേണ്ടി മറ്റൊന്നും ചെയ്യേണ്ടതില്ലെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു.[59]

നിഷ്ക്കളങ്കതയുടെയും ദൈവസ്നേഹത്തിന്റെയും പരഃസ്നേഹത്തിന്റെയും പ്രതീകമായി ഇസ്രായേൽ ജനത്തിന് മോശ എന്നപോലെ ചാവറയച്ചൻ കേരളകത്തോലിക്കാസഭയിൽ അമരത്വം നേടി നിലകൊള്ളുന്നു.

കൈനകരി ഇടവകക്കാർക്കായെഴുതിയ *നല്ല അപ്പന്റെ ചാവരുൾ* ക്രിസ്തീയകുടുംബജീവിതർക്കുള്ള *മാഗ്നാക്കാർട്ട*യായി ഫലഭവിച്ചുമിരിക്കുന്നു.

ചാവറയച്ചൻ എഴുതിയ കൃതികളെ സമാഹരിച്ച് നാലു വാല്യങ്ങളിലാക്കിയതാണല്ലോ *സമ്പൂർണ്ണകൃതികൾ.* എന്നാൽ ഇതിൽ മൂന്നു കൃതികൾ പെടുത്തിയിട്ടില്ല. *തൂക്കാസ* എന്ന പേരിലുള്ള ബലിയർപ്പണക്രമങ്ങളും, മരിച്ചവർക്കുവേണ്ടിയുള്ള ക്രമങ്ങളും എക്ലോഗുകൾ എന്ന പേരിലുള്ള ഇടയനാടകങ്ങളുമാണവ. 1866-ൽ പ്രസിദ്ധീകരിച്ച *തൂക്കാസ*യിൽ ബലിയർപ്പണത്തിനായി തിരുഃവസ്ത്രങ്ങളണിയാൻ എത്തുന്ന സമയം മുതൽ ബലിയർപ്പണം കഴിഞ്ഞു തിരുഃവസ്ത്രങ്ങൾ അഴിച്ചുമാറ്റുന്നതുവരെ പുരോഹിതൻ ശ്രദ്ധിക്കേണ്ട ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചുള്ള വിശദീകരണങ്ങളാണുള്ളത്. 1962 വരെ ബലിയർപ്പണവേളയിൽ ഈ നിർദ്ദേശങ്ങൾ അനുസരിച്ചാണ് സുറിയാനി ഭാഷയിൽ ചടങ്ങുകൾ നടത്തിയിരുന്നത്.[60] കുർബ്ബാനക്രമം പിന്നീട് മലയാളഭാഷയിലാക്കുകയും പരിഷ്ക്കരിക്കുകയും ചെയ്തപ്പോൾ ആചാരാനുഷ്ഠാനങ്ങളിൽ വളരെയധികം മാറ്റം വരുത്തിയിരിക്കയാലും *തൂക്കാസ*യിലെ നിഷ്ഠകൾ അതേവിധം ഇപ്പോൾ ഉപയോഗത്തിലില്ലാത്തതുകൊണ്ടും ആണ് അവ അക്കൂട്ടത്തിൽ ചേർത്തു പ്രസിദ്ധീകരിക്കാതിരുന്നത്.

അതുപോലെ, ചാവറയച്ചൻ എഴുതിയ എക്കലോഗുകൾ (ഇടയനാടകങ്ങൾ) മലയാള ഭാഷയിലെ ആദ്യകാല ഏകാങ്കങ്ങളായി പരിഗണിക്കാവുന്നതാണ്. ഈ കൃതി എഴുതിയത് ഇറ്റാലിയൻ മൂപ്പച്ചന്മാരിൽ നിന്നു കിട്ടിയ അറിവു വെച്ചിട്ടാണ്. ക്രിസ്തുവിന്റെ ജനനത്തെ കേന്ദ്രീകരിച്ചുള്ളതാണ് ഇതിലെ ഇതിവൃത്തം. ക്രിസ്തുമസ് കാലത്തു ദനഹാതിരുനാൾ വരെയുള്ള ദിവസങ്ങളിൽ സെമിനാരികളിൽ വൈദികവിദ്യാർത്ഥികൾക്കു വലിയ വേഷവിധാനങ്ങളും ഒരുക്കങ്ങളും കൂടാതെ അവതരിപ്പിക്കുവാനുള്ള ലഘുനാടക

ങ്ങളാണിവ. 1965 വരെയുള്ള കാലങ്ങളിൽ ഇപ്രകാരം സി.എം.ഐ. സെമിനാരികളിൽ ഈ ഇടയനാടകങ്ങൾ അവതരിപ്പിച്ചിരുന്നു. സി.എം.സി. ധാരകളിലും അവതരണം പതിവായിരുന്നു എന്ന് സിസ്റ്റർ ലിയോനില സി.എം.സി. സാക്ഷ്യപ്പെടുത്തുന്നു. 10 ഇടയനാടകങ്ങൾ അദ്ദേഹം എഴുതിയിരുന്നു. അവ പ്രത്യേകം നവഭാഷാന്തരത്തോടും ചരിത്രത്തോടു ചേർത്തുള്ള അന്വേഷണത്തോടുമൊപ്പം സമഗ്രമായ ഒരു പഠനമായി പ്രസിദ്ധപ്പെടുത്തുവാൻ *ബേസ്റൗമ*യുടെ ആഭുമുഖ്യത്തിൽ പ്രഗത്ഭനാടക സൈദ്ധാന്തികനായ ടി.എം. എബ്രഹാം ശ്രമങ്ങൾ നടത്തിവരികയാണ്. ഇന്ത്യൻ ഭാഷാ നാടകവഴിയിലെതന്നെ ആദ്യപാദമായി ചരിത്രത്തിൽ തെളിയാവുന്ന[61] ഈ ചാവററചനകൾ അത്തരമൊരു ഗൗരവപൂർണ്ണമായ അടയാളപ്പെടുത്തൽ അർഹിക്കുന്നുണ്ട്. ഇവ മാത്രമല്ല അദ്ദേഹത്തിന്റെ എല്ലാ രചനകളും തന്നെ തുടർപഠനങ്ങൾ ആവശ്യപ്പെടുന്ന അക്ഷരശുശ്രൂഷകളാണ്. ആ പഠനങ്ങളോടു ചേർന്നും ചേർത്തും മാത്രമേ ചാവറ സംസ്കൃതിയെക്കുറിച്ചുള്ള അവബോധം പൂർണ്ണമാവുകയുള്ളൂ.

■

## പരാമർശ സൂചിക


1. *Herald of the East*, Published by the General Secretariate for Pastoral Ministry, Vol. III. No. 3, 1994, 91
2. *ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ* (എ.ഡി), Vol.-1; നാളാഗമങ്ങൾ, പബ്ലിഷിങ്ങ് കമ്മിറ്റി, മാന്നാനം, 1981, iii.
3. *ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ* വാല്യം-1, നാളാഗമങ്ങൾ, 1981, P. 60.
4. *നാളാഗമങ്ങൾ*
5. *നാളാഗമങ്ങൾ*, 160-167,177
6. *നാളാഗമങ്ങൾ*, 26
7. *നാളാഗമങ്ങൾ*, 4, 27
8. *നാളാഗമങ്ങൾ*, 28-32
9. *നാളാഗമങ്ങൾ*, 46-50
10. *നാളാഗമങ്ങൾ*, 77-144
11. *നാളാഗമങ്ങൾ*, 173-174
12. *നാളാഗമങ്ങൾ*, 60-66
13. *നാളാഗമങ്ങൾ*, 174-176
14. *നാളാഗമങ്ങൾ*, 93
15. *നാളാഗമങ്ങൾ*, 93, 174-187
16. *നാളാഗമങ്ങൾ*, 93, 94; 179-187
17. *നാളാഗമങ്ങൾ*, 34-37N 86-88; 93-94; 183-187
18. *നാളാഗമങ്ങൾ*, 93-126
19. *നാളാഗമങ്ങൾ*, 92-126; 177-208
20. *നാളാഗമങ്ങൾ*, 28,29
21. *നാളാഗമങ്ങൾ*, 59
22. *നാളാഗമങ്ങൾ*, 59
23. *നാളാഗമങ്ങൾ*, 59
24. *നാളാഗമങ്ങൾ*, 60-76
25. *നാളാഗമങ്ങൾ*, 42
26. *നാളാഗമങ്ങൾ*, 137
27. *നാളാഗമങ്ങൾ*, 61
28. *നാളാഗമങ്ങൾ*, 148-153
29. *നാളാഗമങ്ങൾ*, 148-151
30. *നാളാഗമങ്ങൾ* pp. 158, 159
31. വർക്കിയച്ചൻ, പാറപ്പുറത്ത്, *നാളാഗമം* (കൈയ്യെഴുത്ത്), 1467, 69
32. ചാവറയച്ചൻ, സമ്പൂർണ്ണകൃതികൾ, ആത്മാനുതാപം Vol-2, 1981, 135, 1-10
33. ആത്മാനുതാപം 177-190,140
34. ആത്മാനുതാപം 205-208,141

35. ആത്മാനുതാപം 319-329,145
36. ആത്മാനുതാപം 1063-1075,169
37. സെഡ്. എം. മൂഴൂർ, ചാവറയച്ചൻ വിവിധ വീക്ഷണങ്ങളിൽ (ed.) *ചാവറയച്ചന്റെ കവനരീതി.* ഡോ. സുകുമാർ അഴിക്കോട്, തേവര, 1989, P. 63 (*ആത്മാനുതാപം*, 175-180)
38. ചാവറയച്ചൻ, *ആത്മാനുതാപം* 1-4, 1
39. *ആത്മാനുതാപം* 1-4,1
40. *ആത്മാനുതാപം* 363-364, 16
41. *ആത്മാനുതാപം* 55-68, 22
42. *ആത്മാനുതാപം* 73-76, 127
43. *ആത്മൗന്നത്യംചുരത്തിയ കവിതാഗംഗ:* സി.പി. ശ്രീധരൻ ചാവറചരമശതാബ്ദി 1871-1971, പ്രകാശം, ആലപ്പുഴ, 1971, 76-77. *ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ* Vol.3.
44. ചാവറയച്ചൻ *ധ്യാനസല്ലാപങ്ങൾ*, മാന്നാനം 1981, 13,14,15.
45. *ധ്യാനസല്ലാപങ്ങൾ*, 13,14.
46. *ധ്യാനസല്ലാപങ്ങൾ*, 48-65
47. *ധ്യാനസല്ലാപങ്ങൾ*, 66-76
48. *ധ്യാനസല്ലാപങ്ങൾ*, 78-83
49. ചാവറയച്ചൻ, കത്തുകൾ, ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, Vol. IV. മാന്നാനം, 1982
50. *കത്തുകൾ*, 136-163.
51. കത്തുകൾ, മാന്നാനം, 1986, 133 (ആദ്യ എഡിഷനിൽ വിട്ടുപോയ ഈ ഭാഗം രണ്ടാം എഡിഷനിൽ നിന്നിവിടെ ചേർത്തിരിക്കുന്നു.)
52. *കത്തുകൾ*, 1986, 133
53. *കത്തുകൾ*, 163
54. *കത്തുകൾ*, 142
55. *കത്തുകൾ*, 152
56. *കത്തുകൾ*, 5-7
57. *കത്തുകൾ*, 10-11
58. *കത്തുകൾ*, 28-29
59. *കത്തുകൾ*, 33-48
60. കാർഡിനൽ പാറേക്കാട്ടിൽ, *ലിറ്റർജി എന്റെ ദൃഷ്ടിയിൽ*, എറണാകുളം, 1987, 31.
61. ദീനദയാൽ മിശ്രയുടെ *നീലദർപ്പൺ* എന്ന ബംഗാളി രചനയാണു ഇന്ത്യൻ ഭാഷാനാടകവഴിയിലെ ആദ്യ കൃതി എന്നാണ് ചരിത്രം രേഖപ്പെടുത്തുന്നത്. 1961ലായിരുന്നു ആ രചന. ഇടയനാടകങ്ങൾ ചാവറയച്ചൻ എഴുതുന്നതാവട്ടെ 1855-56 കാലഘട്ടത്തിലാണ്. 1857-58ൽ അവയ്ക്കു സെമിനാരിയിൽ അവതരണസൗഭാഗ്യം ലഭിക്കുകയും ചെയ്തു.

പിന്നുര

# തുടർച്ചകൾക്കൊരു പ്രവേശികയായി മാത്രം

ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

സന്യാസ സഭയുടെ സ്ഥാപനവും വളർച്ചയും വിശദമായ പഠനവിഷയമാകേണ്ട കാലപർവ്വമാണ്. ചാവറ പിതാവിന്റെ ജീവിത കാണ്ഡത്തിലെ മദ്ധ്യഘട്ടം ഇതോടു ചേർത്തു നാം വായിക്കുന്നു. പൂർവ്വാശ്രമ ഘട്ടത്തിന്റെ മേൽ പരാമർശിച്ച ഭൂമികയിൽ നിന്നുതന്നെ നടത്തേണ്ട ആ ചർച്ചയും അവലോകനവും ഈ ഗ്രന്ഥപരമ്പരയുടെ രണ്ടാം ഭാഗത്തിലേയ്ക്കായി നീക്കിവയ്ക്കുകയാണ്. അതിന്റെ തുടർച്ചയിൽ വേണ്ടിയിരിക്കുന്ന ആ ജീവിതത്തിന്റെ ഉത്തരാശ്രമകഥയുടെ ചുരുളഴിക്കുവാനും ഇവ മൂന്നിന്റേയും മുന്നാമ്പുറത്തു നിന്നുകൊണ്ടേ ചാവറ ദർശനത്തിന്റെ സമഗ്രമായ അപഗ്രഥന പഠനം പൂർണ്ണമാകൂ. ചാവറ സംസ്കൃതിയുടെ തുടർവ്യാപനം പഠനവിധേയമാക്കുവാനും ഈ പശ്ചാത്തല പരിജ്ഞാനം ആവശ്യമാകയാൽ ഈ വിധം ഘട്ടങ്ങളായാണ് ഈ ഗ്രന്ഥപരമ്പര വിഭാവനം ചെയ്യുന്നത്. ഇന്നലെകളിൽ നിന്നും ഇന്നിന്റെ പരിവൃത്തത്തിലേയ്ക്കു വ്യാപിച്ച് നാളെകളിലേയ്ക്കു പ്രവേശിക്കുവാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ദർശനം, ഒരു സംസ്കൃതി, അവ്വിധം സൂക്ഷ്മവും വിശദമായി ഒരു അടയാളപ്പെടുത്തൽ ആവശ്യപ്പെടുന്നു; അർഹിക്കുന്നു. ആ തുടർച്ചകൾക്കൊരു പ്രവേശിക മാത്രമാണ്. നന്ദി.

■

# അനുബന്ധം ഒന്ന്

## ചാവറ കുര്യാക്കോസ് ഏലിയാസ്
## ജീവിതരേഖ

- 1805
  ഫെബ്രുവരി 10ന് ആലപ്പുഴയിലെ കൈനകരിയിൽ ജനനം
- 1818
  സെമിനാരി പ്രവേശനം
- 1829
  പൗരോഹിത്യ സ്വീകരണം
- 1831
  മെയ് 11. ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശീയ സന്യാസസഭാ സ്ഥാപനം (C.M.I.)
- 1833
  സുറിയാനി കത്തോലിക്കരുടെ ആദ്യത്തെ പൊതു സെമിനാരി മാന്നാനത്ത് ആരംഭിക്കുവാൻ നേതൃത്വം കൊടുക്കുന്നു.
- 1846
  സുറിയാനി കത്തോലിക്കരുടെയിടയിലെ ആദ്യത്തെ പ്രസ്സും പ്രസിദ്ധീകരണ കേന്ദ്രവും മാന്നാനത്തു സ്ഥാപിച്ചു.
- 1846
  ആദ്യത്തെ കത്തോലിക്ക സംസ്കൃത സ്കൂൾ മാന്നാനത്തു സ്ഥാപിച്ചു.
- 1853
  സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ വിശ്വാസ പരിശീലന കേന്ദ്രം മാന്നാനത്തു ആരംഭിക്കുന്നു.
- 1855
  ഇന്ത്യൻ ജനതയിൽ നിന്നും ആദ്യ ക്രൈസ്തവ പുരോഹിതൻ സന്യാസവ്രത സമർപ്പണം ചെയ്യുന്നു.
- 1857–58
  ഇന്ത്യൻ ഭാഷാനാടകവഴിയിലെ ആദ്യരചനയായി ഗണിയ്ക്കേണ്ട ഇടയനാടകങ്ങളുടെ (എക്ളോഗുകൾ) രചന ചാവറ പിതാവു നിർവ്വഹിച്ചു. തുടർന്ന് അവ സെമിനാരിയിൽ അവതരിപ്പിക്കപ്പെടുവാൻ ആരംഭിച്ചു.

- 1861

  ആർച്ചു ഡീക്കന്മാരുടെ സ്ഥാനത്ത് സുറിയാനി കത്തോലിക്ക രുടെ ആദ്യ വികാരി ജനറാൾ ആയി നിയമിതനാകുന്നു.

- 1861

  റോക്കോസ് ശീശ്മയുടെ തരംഗത്തിൽ നിന്നും കേരളസഭയെ രക്ഷിക്കുവാനുള്ള പ്രതിരോധത്തിനു നേതൃത്വം നൽകി.

- 1862-69

  കേരള സുറിയാനി കത്തോലിക്കാ സഭയുടെ ആരാധനാക്രമ ങ്ങളെ നവീകരിച്ചു.

- 1862

  മലയാളത്തിലെ ആദ്യഖണ്ഡകാവ്യമായ *അനസ്താസ്യായുടെ രക്തസാക്ഷ്യം* രചിച്ചു.

- 1864

  *ഒരു പള്ളിയ്ക്കു ഒരു പള്ളിക്കൂടം* എന്ന നിഷ്ഠ വികാരി ജന റാൾ എന്ന നിലയിൽ നടപ്പിലാക്കി.

- 1865

  കത്തോലിക്ക പ്രൈമറി സ്കൂൾ മാന്നാനത്തു സ്ഥാപിച്ചു.

- 1866

  കേരളത്തിലെ പ്രഥമ ഏതദ്ദേശീയ സന്യാസിനീ സമൂഹം *നിഷ്പാദുക കർമ്മലീത്ത മൂന്നാംസഭ* (T.O.C.D) എന്ന പേരിൽ ലിയോപ്പോൾദ് മിഷനറിയോടു ചേർന്നു സ്ഥാപിച്ചു. ഈ സഭ പിന്നീട് ഔദ്യോഗികമായി രണ്ടായി സി.എം.സി., സി.റ്റി.സി. എന്നീ പേരുകളിൽ അറിയപ്പെടുകയും പ്രവർത്തനം തുടരുകയും ചെയ്യുന്നു.

- 1868

  ലെയോപോൾഡ് മിഷനറിയോടു ചേർന്ന് പെൺകുട്ടികൾക്ക് ആദ്യത്തെ ബോർഡിംഗ് ഹൗസും സ്കൂളും കൂനമ്മാവിൽ ആരംഭിച്ചു.

- 1868

  *ഒരു നല്ല അപ്പന്റെ ചാവരുൾ* എന്ന കുടുംബ നവീകരണ ക്രമം നൽകി.

- 1869

  അനാഥർക്കും രോഗികൾക്കും വൃദ്ധർക്കുമായി ആദ്യത്തെ ക്രൈസ്തവ അഗതിമന്ദിരം, *ഉപവിശാല* കൈനകരിയിൽ സ്ഥാപിച്ചു.

- 1869

  19-ാം നൂറ്റാണ്ടിലെ കത്തോലിക്കാസഭയിലേയ്ക്കുള്ള പുന രൈക്യ പ്രസ്ഥാനത്തിനു പ്രേരണ നൽകി.

- 1871

  ജനുവരി 3ന് കൂനമ്മാവിൽ നിര്യാതനായി. ജനുവരി 4ന് സെന്റ് ഫിലോമിന ആശ്രമത്തിൽ സംസ്ക്കാരം നടത്തി.

- 1889

  മെയ് 24. അദ്ദേഹത്തിന്റെ പൂജ്യാവശിഷ്ടങ്ങൾ കൂനമ്മാവ് ആശ്രമ ദേവാലയത്തിൽ നിന്നെടുത്തു മാന്നാനം ആശ്രമ ദേവാലയത്തിൽ സ്ഥാപിച്ചു.

- 1984

  ഏപ്രിൽ 7. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ റോമിൽ വച്ചു ധന്യനായി പ്രഖ്യാപിച്ചു.

- 1986

  ഫെബ്രുവരി 8. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ കോട്ടയത്തു വച്ചു ഭാരതത്തിലെ ആദ്യ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു.

- 1987

  അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം കേന്ദ്രഗവർമ്മെന്റ് തപാൽ സ്റ്റാമ്പു പുറത്തിറക്കി. രാഷ്ട്രപതി ആർ. വെങ്കിട്ടരാമൻ തിരുവനന്തപുരത്തു വച്ചു സ്റ്റാമ്പ് റിലീസ് ചെയ്തു.

- 2006

  മലയാള സാഹിത്യ സംഭാവനകളെ പരിഗണിച്ച് കേരള സർക്കാർ തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ അദ്ദേഹത്തിന്റെ ഛായാചിത്രം അനാച്ഛാദനം ചെയ്തു.

## ചാവറ കുര്യാക്കോസ് ഏലിയാസിന്റെ രചനകൾ

*നാളാഗമങ്ങൾ (CHRONICLES)*

• സി.എം.ഐ., സി.എം.സി. സന്യാസിസഭകളുടെ സ്ഥാപനം, വളർച്ച • 19-ാം നൂറ്റാണ്ടിലെ പദ്രോവാദോ, പ്രൊപ്പഗാന്ത സഭാസംവിധാനങ്ങളിലെ ഭരണാധികാരികളും മിഷനറിമാരും • 19-ാം നൂറ്റാണ്ടിലെ കേരളസഭയിലെ പ്രധാന സംഭവങ്ങളും വ്യക്തികളും • പാലയ്ക്കൽ തോമാ കത്തനാരുടെ ജീവചരിത്രം: *മലയാളിയെക്കുറിച്ചു മലയാളി എഴുതിയ ആദ്യ ജീവചരിത്രം*

*ആത്മാനുതാപം*

*മരണവീട്ടിൽ പാടുന്നതിനുള്ള പാന*

(പർവ്വം എന്നായിരുന്നു ആദ്യം. പിന്നീടു പുനഃപ്രകാശനവേളയിൽ അതു പാന എന്നു മാറ്റുകയായിരുന്നു)

*അനസ്താസിയായുടെ രക്തസാക്ഷ്യം*

(മലയാളത്തിലെ ആദ്യഖണ്ഡകാവ്യം)

*ധ്യാനസല്ലാപങ്ങൾ*
(ധ്യാന സംഭാഷണങ്ങളും ധ്യാന വിചാരങ്ങളും ധ്യാനപ്രാർത്ഥനകളും)


*ചാവറയച്ചന്റെ കത്തുകൾ*

*തൂക്കാസ*
(തിരുക്കർമ്മാചാരാനുഷ്ഠാനങ്ങൾ)

*ലിറ്റർജിക്കൽ കലണ്ടർ*
*(ആരാധനക്രമത്തിലെ കാലവ്യത്യാസങ്ങൾ)*

*മരിച്ചവർക്കുള്ള ഒപ്പീസ്*

*ഇടയ നാടകങ്ങൾ*
(Ecologues: Shepherd plays: സെമിനാരികളിൽ ക്രിസ്തുമസ്സ് വേളകളിൽ അവതരിപ്പിക്കുവാൻ വേണ്ടി എഴുതിയിരുന്ന ലഘുനാടകങ്ങൾ. മലയാളത്തിലെ മാത്രമല്ല, ഇന്ത്യയിലെതന്നെ നാടകവഴിയിലെ ആദ്യശ്രമങ്ങൾ ഇതായിരുന്നു എന്നു കണ്ടെത്തിയിട്ടുണ്ട്. ചാവറ കുര്യാക്കോസ് ഏലിയാസ് എഴുതിയ ആദ്യ ഇടയനാടകങ്ങളുടെ കൈയ്യെഴുത്തുപ്രതികൾ ലഭ്യമായിട്ടുണ്ട്. ആധുനിക മലയാളഭാഷ്യത്തോടൊപ്പം അവയുടെ ആദിമരൂപം, വ്യാഖ്യാന പഠനമുൾക്കൊള്ളിച്ചു കൊണ്ടു പ്രസിദ്ധപ്പെടുത്തുവാനുള്ള ശ്രമങ്ങൾ ബേസ്റൗമ നടത്തിവരുന്നു.)



# ഇതാ ഞാൻ
# അവിടത്തെ ദാസൻ

ഫാ.തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

## ചാവറ പിതാവിന്റെ
## സമഗ്രമായ ജീവിതരേഖ

ഒന്നാം ഭാഗം

ഒരു ബേസ് റൗമ പ്രസിദ്ധീകരണം
ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ്

സി.എം.ഐ. പ്രിയോർ ജനറാൽ ഹൗസ്
ചാവറ ഹിൽസ്, കാക്കനാട്, കൊച്ചി - 682030